മൂന്നാം വാർഷികപ്പതിപ്പ്

യോഗക്ഷേമസഭ

# ഉണ്ണിനമ്പൂതിരി

ത്രൈമാസിക

2020

ജനുവരി

പുസ്തകം 4 ലക്കം 1

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ പ്രസിദ്ധീകരണം



**10** ഇ–നമ്പൂതിരിമാരും അവരുടെ ഡിജിറ്റൽ ലോകവും

**95** വയസ്സ് പിന്നിട്ട സി പ്രോഗ്രാമറുടെ വിശേഷങ്ങൾ

**14** വയസ്സുകാരനായ റോബോട്ടിക് വിദഗ്ദ്ധൻ

**70** വയസ്സുകാരിക്ക് ഫേസ്ബുക്കിലുണ്ടായ ദുരനുഭവം

**പൂങ്കുടിൽ: മനസ്സിന്റെ മന**

**അറിയേണ്ട നമ്പൂതിരി**

**സന്യാസത്തിന് മുമ്പ് ഒരു കരാർ**

N A M B O O D I R I   I N   T H E   D I G I T A L   W O R L D

**കുട്ടിക്കൂട്ടത്തിൽ ഇവർ**

ശ്രീഭദ്ര മംഗലപ്പിള്ളി (ആലുവ ) / രഘു ശങ്കർ കോടിതലപ്പണ (കണ്ണിപറമ്പ്) / അക്ഷത് നാരായൺ വൈത്തല എടക്കാട് (കണ്ണിപറമ്പ്)
രേവന്ദ് കൃഷ്ണൻ മുളമംഗലം(ഗുരുവായൂർ) / ശ്രീദേവി നെല്ലിയോട് (പൂജപ്പുര) / ദേവിക വീട്ടിക്കാട് (കണ്ണിപറമ്പ്)
പാർവതി നരിയിങ്ങൽ തലപ്പണ (കണ്ണിപറമ്പ്) / ശ്രേയ പി. വാസുദേവ്, പേരൂർ (കണ്ണിപറമ്പ് ) /യദുറാം വീട്ടിക്കാട് (കണ്ണിപറമ്പ്) /
സാന്ദ്ര വൈത്തല എടക്കാട്(കണ്ണിപറമ്പ്) വരദ.കെ.ദാസ് കടയ്ക്കാവട്ടം (കൊരട്ടി) / ഹൃദ്യ കുനിയില്ലം (വടകര) /അഭിവന്ദ് കടുക്കശ്ശേരി (പേരൂർക്കട)

പുതുവത്സരാശംസകളോടെ....










# O.T CATERERS

Vinod O.T (Manikuttan) Ozhukil Thattayoor Illam

Neeleswaram P.O, Kozhikode-673582

MOB : 9947166663, 9447951344, 9562166663



പുസ്തകം 4 ലക്കം 1

# 2020 ജനുവരി


**Email: swasthitrimonthly@gmail.com**

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ
കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5121 പൗഷം
കൊല്ലവർഷം 1195 മകരം
ഹേമന്ത ഋതു

## ടീം സ്വസ്തി

ചീഫ് എഡിറ്റർ:
**കൊയ്ത്തൊടി ചെറുമുക്കു പരമേശ്വരൻ** 9072383651
അസോസിയേറ്റ് എഡിറ്റർ:
**പാനാട് പദ്മനാഭൻ നമ്പൂതിരി** 9400992823
മാനേജിംഗ് എഡിറ്റർ:
**വിനോദ് മങ്ങത്തായ** 9895621493

അംഗങ്ങൾ:
ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി,
വി.ഇ. നാരായണൻ നമ്പൂതിരി

മാനേജിംഗ് കമ്മിറ്റി
പ്രിന്റർ ആന്റ് പബ്ലിഷർ
കെ.ഐ.വിഷ്ണു നമ്പൂതിരി 9496925471

ധനകാര്യം: നാറണിയാട് ദാമോദരൻ നമ്പൂതിരി
പരസ്യം & സർക്കുലേഷൻ:
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

സംസ്ഥാന വൈസ് പ്രസിഡന്റ്
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി 8113904840

ജില്ലാ പ്രസിഡന്റ്
മധു അരീക്കര 9947196571
ജില്ലാ സെക്രട്ടറി
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337

ഡിസൈനിംഗ്
റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ
ബസാർ, കോഴിക്കോട് -673001,
മൊബൈൽ: 9847941277, 9847907630
വര: കൃഷ്ണൻ പാതിരിശ്ശേരി

Printed & Published by
K.I. Vishnu Namboodiri


# അഭിമാനനിമിഷം!

അക്കിത്തത്തിനു ജ്ഞാനപീഠം ലഭിച്ചതിൽ അഭിമാനിക്കാത്തവരില്ല.നമുക്കിടയിൽ നിന്ന് ആദ്യമായി ഒരാൾക്ക് ലഭിച്ച ഏറ്റവും വലിയ സാഹിത്യ ബഹുമതി. തീർച്ചയായും നമുക്കുമുണ്ട് ഏറെ അഭിമാനിക്കാൻ.സ്വസ്തി പ്രവർത്തകർ ഒന്നിലേറെ തവണ അദ്ദേഹത്തെ ചെന്നു കാണുകയും പ്രവർത്തനങ്ങൾക്ക് അനുഗ്രഹം തേടുകയും ചെയ്തിട്ടുണ്ട്. നമ്മുടെയെല്ലാം മുതിർന്ന കാരണവർ കൂടിയാണ് അദ്ദേഹം.

സ്വസ്തി നാലാം വർഷത്തേക്ക് കടക്കുകയാണ്.അഭിമാനിക്കേണ്ട മറ്റു ചിലതു കൂടിയുണ്ട് ഈ ലക്കത്തിൽ.

ആഢ്യൻ ആസ്യൻ ആശ്വലായനൻ തുടങ്ങി കുറെ അകാരാദികൾ നമുക്ക് പരിചിതമാണ്. എന്നാൽ നമ്പൂതിരിയുടെ ഇ - വെർഷൻ അത്ര പരിചിതമല്ല.ഡിജിറ്റൽ യുഗത്തിലെ ഇ - നമ്പൂതിരിയെ. അത്തരം ചിലരുടെ വിശേഷങ്ങളാണ് ഇത്തവണ. ഡിജിറ്റൽ പ്ളാറ്റ്ഫോമിൽ വലിയ കാര്യങ്ങൾ ചെയ്യുന്നവർ.വലിയ പദവികൾ വഹിക്കുന്നവർ.സൈബർ വിപ്ളവങ്ങൾ നടത്തുന്നവർ.പേറ്റന്റുകൾ സ്വന്തമാക്കുന്നവർ. സേവനത്തിന് സോഷ്യൽ മീഡിയയെ മാധ്യമമാക്കുന്നവർ. ലോകപ്രശസ്തങ്ങളായ ഇലക്ട്രോണിക് മീഡിയകളിൽ പ്രവർത്തിക്കുന്നവർ... അങ്ങനെയങ്ങനെ.കുട്ടികൾ മാത്രമല്ല നവതി കഴിഞ്ഞവർ പോലും.

ഹോമത്തിന് പരിധി വയ്ക്കുമ്പോൾ കിഴക്ക് ചമതക്കോലല്ല,ആദിത്യനാണല്ലോ പരിധി.ഏതാണ്ട് ആ നിലവാരത്തിൽ പരിധിയില്ലാത്തതാണ് ഇ - ലോകം.

1944ൽ യോഗക്ഷേമസഭയുടെ ഓങ്ങല്ലൂർ സമ്മേളനത്തിൽ ഇ.എം.എസ് ആശംസിച്ചത് ഐൻസ്റ്റീൻമാരും സി.വി രാമൻമാരും നമ്മുടെ സമുദായത്തിലും ധാരാളം ഉണ്ടാവട്ടെ എന്നാണ്.അതു പറഞ്ഞിട്ട് എത്രയോ വർഷം കഴിഞ്ഞു. ഇപ്പോഴും ജാതിസംവരണം ഇല്ലാത്തതു കാരണം ഗവർമെണ്ടുദ്യോഗം കിട്ടാത്തതിലാണ് പലരും വേവലാതി കൊള്ളുന്നത്.അബ്രാഹ്മണർ ശാന്തിപ്പണി അപഹരിക്കുന്നതിലാണ് ആശങ്കപ്പെടുന്നത്.

പുതിയ കാലത്ത് ഏറ്റവുമധികം തൊഴിൽ സ്വകാര്യമേഖലയിലാണ്.മികവല്ലാതെ മറ്റൊന്നും അവിടെ പരിഗണിക്കുന്നില്ല.ആകെയുള്ള ഒരു ലക്ഷം നമ്പൂതിരിയെ ഏറ്റവും ഉയർന്ന പദവിയിൽ പ്രതിഷ്ഠിച്ചാൽപ്പോലും ലോകത്തെ ഉന്നതപദവികൾ ബാക്കിയായിക്കിടക്കും. സംവരണത്തെപ്പറ്റിയുള്ള ആകുലതകൾ അസ്ഥാനത്താവുന്നതാണ് പുതിയ ലോകക്രമം. അവിടെ നാം മത്സരസജ്ജരാണോ എന്നതാണ് ചോദ്യം. അതിനാണ് ഉത്തരം തേടേണ്ടത്.ഉത്തരം കണ്ടെത്തിയ ചിലരെ പരിചയപ്പെടുത്തുകയാണ് ഇവിടെ.

മറ്റൊന്നു കൂടി. ഒരു ലക്കത്തിനു പോലും ആളും അർത്ഥവും ഇല്ലാതെയാണ് മൂന്നു വർഷം മുമ്പ് സ്വസ്തി തുടങ്ങിയത്.പ്രവർത്തനം സഫലമാവുന്നതിലുമുണ്ട് അഭിമാനം.ജില്ലാ കമ്മിറ്റിയുടെ ആസ്ഥാനമന്ദിര നിർമ്മാണത്തിലേക്ക് ചെറുതെങ്കിലും 50000 രൂപയുടെ ആദ്യഗഡു നൽകാൻ സ്വസ്തിക്ക് കഴിഞ്ഞു.ഇത് സ്വസ്തിയെ സ്നേഹിക്കുന്നവർക്കു കൂടി അവകാശപ്പെട്ടതാണ്.

മുൻ ലക്കങ്ങളെപ്പോലെ ഇതും സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ.
ഐശ്വര്യപൂർണ്ണമാവട്ടെ പുതുവർഷം !
എല്ലാ വായനക്കാർക്കും പുതുവർഷാശംസകൾ

**പത്രാധിപർ**


Yogakshema Sabha Swasthi Trimonthly | Asthana Mandiram | Near Kovoor Vishnu temple | Chevayur P.O | Kozhikode -673017
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only

Contact: City 8075104181 | Perumanna 9495892653 | Kakkodi 9447484904 | Uchakkavu 0495 2208095 |
Chathamangalam 9946438951 | Mukkom 9447468956 | Kanniparamba 9495611629 | Thamarasseri 9747950225 | Koyilandy 9846698489 |
Vatakara 9446779191 | Balusseri 8281984397 | Feroke 9447332611 | Areacode 9539926654 | Chevayur 7293751990 | Ramallur 9847564517 |

# ആരൊക്കെ എന്തൊക്കെ

**03 ഇ – പ്രീമിയർ**
1969ൽ കമ്പ്യൂട്ടർ പഠനത്തിന്
തിരഞ്ഞെടുക്കപ്പെട്ട
ആദ്യ രണ്ടുപേരിൽ ഒരാൾ
**എടപ്രാമ്പിള്ളി രാമൻ നമ്പൂതിരിപ്പാട്**

**05 ഇ –മുത്തശ്ശൻ**
വെറും എട്ടാം ക്ളാസുകാരൻ
പക്ഷേ, സി പ്രോഗ്രാമർ
95കാരനായ ന്യൂജെൻ
**കാഞ്ഞൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്**

**13 ഇ – ഫാക്കൽട്ടി**
ബിർളയുടെ ഇൻസ്റ്റിട്യൂട്ടിൽ
ഫാക്കൽട്ടിയായ
അക്കൂരത്ത് മനയ്ക്കലെ
**ഡോ.എ.എം. അനീഷ്**

**15 ഇ –എന്റർപ്രണർ**
കാലിഫോർണിയയിൽ ആർട്ടിഫിഷ്യൽ
ഇന്റലിജൻസ് കമ്പനി സി.ഇ.ഒ ആയ
**കോയില്യം പരമേശ്വരൻ നമ്പൂതിരി**

**18 ഇ – റോബോട്ടിക്സ്**
കാർഗിൽ ഭടന്മാർക്ക് വേണ്ടി
വിർച്വൽ റിയാലിറ്റി
തയ്യാറാക്കിയ
**പഴയം നാരായണൻ**

**21 ഇ –മീഡിയ**
താലിബാൻ ഭീകരനെയും
തമിഴ് പുലിയെയും നേരിൽ കണ്ട
അനുഭവവുമായി
**പി.എം.നാരായണൻ**

**24 ഇ –ഉണ്ണിനമ്പൂതിരി**
ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിൽ
ക്യാമറാ ആപ്പ് വികസിപ്പിച്ച
ഒമ്പതാം ക്ളാസുകാരൻ
**പെരിങ്ങോട് ദേവനാരായണൻ.**

**26 ഇ –ഷോപ്പിംഗ്**
ആമസോണിനെപ്പോലെ
ഒറ്റ ക്ളിക്കിൽ
എല്ലാമെത്തിക്കുന്ന
**ഇളമന ഇല്ലത്ത് കൃഷ്ണൻ**

**28 ഇ –ഇലക്ട്രിക്**
കെ.എസ്.ഇ.ബിയിലെ
സോഫ്റ്റ് വെയറായ
ഒരുമയ്ക്ക് പിന്നിലെ
**പുല്ലൂർ ഹരി**

**33 ഇ – പാണിഗ്രഹണം**
ഒരു വർഷംകൊണ്ട് എൺപതിലേറെ
വിവാഹം നടത്തിയ ഫേസ് ബുക്ക്
കൂട്ടായ്മയെപ്പറ്റി അഡ്മിൻ
**എം.ആർ. രതീഷ്**




## കവർ സ്റ്റോറിയിൽ 10 ഇ–നമ്പൂതിeമാർ

ഡിജിറ്റൽ ലോകത്ത് വിവിധ മേഖല
കളിൽ പ്രവർത്തിക്കുന്ന പഴയതും
പുതിയതുമായ തലമുറയിലെ
മികച്ച പത്തു വ്യക്തികളെ പരിചയ
പ്പെടുത്തുന്നു


**37 വെളിച്ചം ദുഃഖമല്ലാതാവുന്നു**
ജ്ഞാനപീഠത്തിലേ
റിയ അക്കിത്തത്തി
ന് സ്വസ്തിയുടെ
ആദരം
തയ്യാറാക്കിയത്
**കെ.ആർ ഉമ**





**46 ചാറ്റ് വിത്ത് ദ ലീഡർ**
സഭ സംസ്ഥാന
ജനറൽ സെക്രട്ടറി
എം.വി സുബ്രഹ്മ
ണ്യൻ നമ്പൂതിരി
യുമായി വാട്സ്
ആപ് ഇന്റർവ്യൂ
തയ്യാറാക്കിയത്:
**പദ്മനാഭൻ
നമ്പൂതിരി**

**അറിയേണ്ട നമ്പൂതിരി**
ഇൻഫോപാർ
ക്കിലെ ജോലി
രാജിവച്ച് ശാ
ന്തിക്കാരനായ
ഉണ്ണികൃഷ്ണൻ
നാരായണൻ ത
യ്യാറാക്കിയത്:
**വിനോദ്
മങ്ങത്തായ**



50

**52 ചരിത്രരേഖ**
സന്യാസത്തിനൊരുങ്ങിയ ഒരു നമ്പൂ
തിരി ഭാര്യയെയും മക്കളെയും സംര
ക്ഷിക്കാൻ ഉണ്ടാക്കിയ കരാർ. ഒരു
നൂറ്റാണ്ടു പഴക്കമുള്ള ഈ ചരിത്രരേഖ
അവതരിപ്പിക്കുന്നു
**കെ.എം .പരമേശ്വരൻ**

**38 ഇല്ലപ്പെരുമയിൽ**
## മനസ്സിന്റെ മന
പ്രമുഖ മനോരോഗ ചികിത്സാലയമായ
മഞ്ചേരി വള്ളിക്കാപ്പറ്റപൂങ്കുടിൽ മനയെ
പ്പറ്റി ടീം സ്വസ്തി തയ്യാറാക്കിയ ഫീച്ചർ

**കവിതകൾ**
**34** ശാന്തിക്കാരൻ
**(ശ്രീപാദം ഈശ്വരൻ നമ്പൂതിരി)**
**35** ദ ഇട്ട്യാസു ഹൈഡെക്
**(സതീശൻ കാരശ്ശേരി)**
**44** സന്ദേഹം
**(ഗീത അരീക്കര)**
**45** അഭയാർത്ഥി
**(ഡോ. വീട്ടിക്കാട് പരമേശ്വരൻ)**

**3 ഇ– അനുഭവങ്ങൾ**

ഫേസ്ബുക്ക്
**8** നമ്പൂതിരി ആയതിൽ അഭിമാനിക്കു
ന്നുവെന്ന് ഫേസ് ബുക്കിനോട് പറഞ്ഞ
തിനു ഒരു അന്തർജനത്തിനുണ്ടായ
ദുരനുഭവംഎഴുതുന്നു.
**കെ.പി.ശൈലജ**

വാട്സ് ആപ്പ്
**17** സഹവർത്തിത്വം എന്ന പേരിൽ
ഉണ്ടാക്കിയ വാട്സ് ആപ് കൂട്ടായ്മയി
ലൂടെ നടക്കുന്ന ന്യൂജെൻ പ്രക്രിയകൾ
എഴുതുന്നു.
**വിനീത് കണ്ടമംഗലം**

വെബ്സൈറ്റ്
**30** നമ്പൂതിരി ഡോട്ട് കോം ഇരുപത്
വർഷം പിന്നിടുമ്പോൾ അതിന്റെ രൂപീ
കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ
എഴുതുന്നു
**ഡോ.പി.വിനോദ് ഭട്ടതിരിപ്പാട്**

**62** സഭാവാർത്തകൾ കത്തുകൾ
അനുമോദനങ്ങൾ ആദരാഞ്ജലികൾ
തുടങ്ങി പതിവു പംക്തികൾ

**1969ൽ കമ്പ്യൂട്ടർ പഠിക്കാൻ കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട**

# ആദ്യത്തെ രണ്ടു പേരിലൊരാൾ





**ഇ- പ്രീമിയർ**

**താമരക്കുളം ദിവാകരൻ നമ്പൂതിരി**

**ഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ 120 പേരെ എഴുത്തുപരീക്ഷക്ക് വിളിച്ചു. അതിൽ നിന്ന് 25 പേരെ ഇൻറർവ്യൂ ചെയ്തു. 5 പേരെ തിരഞ്ഞെടുത്തു. അതിൽ രണ്ടുപേർ കേരളത്തിൽ നിന്ന്. രാമൻ നമ്പൂതിരിയും ജോൺ എന്നൊരാളും. ആ രാമൻ നമ്പൂതിരിയാണ് ഈ രാമൻ നമ്പൂതിരി!**

1973ൽ ഇന്ത്യയിൽ രണ്ടു കമ്പ്യൂട്ടർ കമ്പനികളാണ് ഉണ്ടായിരുന്നത്. ഇന്റർ നാഷണൽ ബിസിനസ് മെഷീനും( ഐ.ബി.എം )ഇന്റർ നാഷണൽ കമ്പ്യൂട്ടർ ലിമിറ്റഡും(ഐ.സി,എൽ). രണ്ടും വിദേശ കമ്പനികൾ. കേരളത്തിലാകട്ടെ രണ്ടേ രണ്ടു കമ്പ്യൂട്ടറുകളേ ഉണ്ടായിരുന്നുള്ളൂ .കൊച്ചിയിലെ ഫാക്ടിലും തിരുവനന്തപുരത്ത് തുമ്പയിലും.

അക്കാലത്ത് തുമ്പയിലെ ബഹിരാകാശ കേന്ദ്രത്തിൽച്ചെന്ന് കമ്പ്യൂട്ടർ ഉപയോഗിച്ച അപൂർവം പേരിലൊരാളാണ് ഇക്കാണുന്ന നമ്പൂതിരി. അതിനു കാരണവുമുണ്ട്. അതിനും നാലു കൊല്ലം മുമ്പ് 1969ൽ കേരളത്തിൽ നിന്ന് കമ്പ്യൂട്ടർ പഠിക്കാൻ തിരഞ്ഞെരുക്കപ്പെട്ട രണ്ടേ രണ്ടുപേരിൽ ഒരാളാണ് ഇദ്ദേഹം. ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് ഇന്ത്യ മുഴുക്കെ നടത്തിയ ടാലൻഡ് ഹണ്ടിനൊടുവിൽ ഈ നമ്പൂതിരിയെ പിടികൂടിയത്. അവർക്ക് വേണ്ടത് പുത്തൻ ടെക്നോളജി പഠിക്കാൻ കഴിവും താല്പര്യവുമുള്ള ബുദ്ധിശാലികളെയായിരുന്നു.

1969ൽ കാലടി കോളേജിൽ നിന്ന് 77% മാർക്കോടെ ഫിസിക്സിൽ ബിരുദമെടുക്കുമ്പോൾ ( അന്നത്തെ റാങ്ക് 80 %) എടപ്രാമ്പിള്ളി രാമൻ നമ്പൂതിരിയും ആഗ്രഹിച്ചത് മാസ്റ്റേഴ്സ് ബിരുദം.കേരള യൂണിവേഴ്സിറ്റിയുടെ കൊച്ചിൻ കാമ്പസിൽ (ഇപ്പോഴത്തെ കുസാറ്റ്) എം.എസ്.സിക്ക് ചേരുകയും ചെയ്തു. അപ്പോഴാണ് നേരത്തെ പറഞ്ഞ ആസ്ഥാനമായുള്ള ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മിടുക്കന്മാരെ തേടിയിറങ്ങിയത്.

സയൻസിൽ ഉന്നതവിജയം നേടിയ ബിരുദക്കാരെയാണ് അവർക്ക് വേണ്ടത്. സയൻറിഫിക്

അസിസ്റ്റൻറ് തസ്തികയിലേക്ക്. ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിന്റെ പ്രൊഡക്ഷൻ യൂനിറ്റായിരുന്നു ഇ.സി.ഐ. അതിന്റെ കമ്പ്യൂട്ടർ വിഭാഗത്തിലേക്കാണ് നിയമനം.കമ്പ്യൂട്ടർ വിഭാഗമെന്നാൽ കമ്പ്യൂട്ടറിനെപ്പറ്റി പഠിക്കുന്നവരുടെ വിഭാഗം. അല്ലാതെ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്ന വിഭാഗമല്ല. (പ്രവർത്തിപ്പിക്കണമെങ്കിൽ ആ സാധനം ഉണ്ടാവണമല്ലൊ)

ഡിഗ്രി മാർക്കിന്റെ അടിസ്ഥാനത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ 120 പേരെ എഴുത്തുപരീക്ഷക്ക് വിളിച്ചു. അതിൽ നിന്ന് 25 പേരെ ഇൻറർവ്യൂ ചെയ്തു. 5 പേരെ തിരഞ്ഞെടുത്തു. അതിൽ രണ്ടുപേർ കേരളത്തിൽ നിന്ന്. രാമൻ നമ്പൂതിരിയും ജോൺ എന്നൊരാളും.

ആ രാമൻ നമ്പൂതിരിയാണ് ഈ രാമൻ നമ്പൂതിരി!

1969 ൽ കേരളത്തിൽ നിന്ന് ആദ്യമായി കമ്പ്യൂട്ടർ പഠിച്ച രണ്ടുപേരിൽ ഒരാൾ

ഇനിയും പറയാം ചിലത്.

വാണിജ്യാടിസ്ഥാനത്തിൽ വിജയിച്ച ആദ്യത്തെ കമ്പ്യൂട്ടറാണ് അമേരിക്കയിലെ ഡിജിറ്റൽ എക്യുപ്മെന്റ് കോർപറേഷൻ എന്ന കമ്പനി നിർമ്മിച്ച പി.ഡി.പി – 8 ഇനത്തിൽപ്പെട്ടവ. വെറും 12 ബിറ്റ് കപ്പാസിറ്റിയുള്ളത്. അതിനെപ്പറ്റി പഠിച്ച് ഇന്ത്യയ്ക്കു വേണ്ടി സ്വന്തമായി കമ്പ്യൂട്ടർ വികസിപ്പിക്കലാണ് ഇവർ ചെയ്യേണ്ട ജോലി. ചില്ലറയല്ല പണിയെന്നർത്ഥം. ടി.ഡി.സി (ട്രോംബെ ഡിജിറ്റൽ കമ്പ്യൂട്ടർ) – 12 എന്ന പേരിൽ ഇന്ത്യയുമുണ്ടാക്കി 12 ബിറ്റ് കപ്പാസിറ്റിയുള്ള കമ്പ്യൂട്ടർ!.

ഒന്നരക്കൊല്ലത്തെ പരിശീലനം. മെഷീൻ ലാംഗ്വേജ്, അസംബ്ലി ലാംഗ്വേജ്, ഫോർട്രാൻ, ടി.ഡി.സി – 12 എന്ന കമ്പ്യൂട്ടർ ഇവയായിരുന്നു പഠന വിഷയങ്ങൾ. കൺസോളിൽ കൂടി മാന്വലായി അടിച്ചു കൊടുക്കുന്ന പ്രോഗ്രാം.അന്ന് ബിസിനസ് ആവശ്യങ്ങൾക്ക് ഐ.ബി.എമ്മിന്റെ ഓട്ടോകോഡർ ലാംഗ്വേജും സയൻസിന്റെ ആവശ്യങ്ങൾക്ക് ഫോർട്രാൻ ലാംഗ്വേജും ആയിരുന്നു ഉപയോഗിച്ചിരുന്നത്.കൊബോൾ തുടങ്ങിയവയെല്ലാംപിന്നീട് വന്നവയാണ്.

3 വർഷം അവിടെ ജോലി ചെയ്തു. ആ പരിചയം വെച്ചാണ് കൊച്ചിൻ ഷിപ്പ് യാർഡിലെ കമ്പ്യൂട്ടർ വിഭാഗത്തിലേക്ക് അപേക്ഷിക്കുന്നതും അവിടെ ജോലി ലഭിക്കുന്നതും.1973 ലാണ് കൊച്ചിൻ ഷിപ്പ് യാർഡിൽ കംബ്യൂട്ടർ പ്രോഗ്രാമറായി ചേരുന്നത് . ഒരു കൺസോൾ ഓപ്പറേറ്റർ, ഒരു പ്രോഗ്രാമർ , മൂന്ന് ഡാറ്റ പഞ്ച് ഓപ്പറേറ്റർ എന്നിവരേ ഉണ്ടായിരുന്നുള്ളൂ. ഷിപ്പ് യാർഡും ഫാക്റ്റുമായി എഗ്രിമെന്റ് ധാരണയുള്ളതിനാൽ ഫാക്ടിലെ കമ്പ്യൂട്ടർ ഷിപ്പ് യാർഡിന് ഒരു നിശ്ചിത സമയം ഉപയോഗിക്കാമായിരുന്നു. എന്നാൽ തൊഴിലാളി യൂനിയനുകൾ എതിർത്തതിനാൽ അതു പ്രാവർത്തികമായില്ല. അക്കാലത്ത് തൊഴിലാളികൾ കമ്പ്യൂട്ടർ വിരുദ്ധരായിരുന്നു. കമ്പ്യൂട്ടർ വന്നാൽ തൊഴിൽ നഷ്ടമാവും എന്നായിരുന്നു അക്കാലത്തെ വാദം. അങ്ങിനെയാണ് കൊച്ചിൻ ഷിപ്പ് യാർഡ് തുമ്പയിലെ കമ്പ്യൂട്ടർ ഉപയോഗിക്കാൻ തുടങ്ങിയത്.

**സയൻസിൽ ഉന്നതവിജയം നേടിയ ബിരുദക്കാരെയാണ് അവർക്ക് വേണ്ടത്. സയൻറിഫിക് അസിസ്റ്റൻറ് തസ്തികയിലേക്ക്. ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിന്റെ പ്രൊഡക്ഷൻ യൂനിറ്റായിരുന്നു ഇ.സി.ഐ. അതിന്റെ കമ്പ്യൂട്ടർ വിഭാഗത്തിലേക്കാണ് നിയമനം.കമ്പ്യൂട്ടർ വിഭാഗമെന്നാൽ കമ്പ്യൂട്ടറിനെപ്പറ്റി പഠിക്കുന്നവരുടെ വിഭാഗം. അല്ലാതെ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്ന വിഭാഗമല്ല. ( പ്രവർത്തിപ്പിക്കണമെങ്കിൽ ആ സാധനം ഉണ്ടാവണമല്ലൊ)**

അന്ന് തുമ്പയിൽ കുറച്ചുകൂടി മുന്തിയ ഇനം കമ്പ്യൂട്ടറായിരുന്നു. ഐ.ബി.എം 360 മോഡൽ . ഫോർട്രാൻ, കൊബോൾ, എന്നിവയ്ക്ക് പുറമേ പുതിയ ബേസിക് ഭാഷയും ഉപയോഗിക്കാൻ പറ്റിയതായിരുന്നു. എന്നാൽ വലിപ്പം കൊണ്ട് പഴഞ്ചൻ തന്നെ.

ഒരു വലിയ അലമാറയുടെ അത്രയും വരും ബേസിക് യൂനിറ്റ്. പിന്നെ ഒരു വലിയ മേശയുടെ അത്ര വലിപ്പമുള്ള കാർഡ് റീഡർ .ചെയിൻ ഉപയോഗിച്ച് ടൈപ്പ് റൈറ്റർ പോലെ പ്രിന്റ് ചെയ്യാവുന്ന പ്രിൻറർ യൂനിറ്റ്. 80 കോളം പഞ്ച് കാർഡ് ബേസിക് ഇൻപുട്ട് യൂനിറ്റ്.9 ട്രാക്ക് സ്പൂൾ സ്റ്റോറേജ് യൂനിറ്റ്. അങ്ങനെ അന്നത്തെ ഏറ്റവും പുതിയതും വലിയതും ആയിരുന്നു അന്ന് തുമ്പയിൽ ഉണ്ടായിരുന്നത്.കമ്പ്യൂട്ടറിന് മാത്രമായി ഒരു വലിയ മുറി തന്നെ വേണ്ടി വന്നു. ഇന്ന് ഇതിന്റെ ആയിരം മടങ്ങ് ശേഷിയുള്ള കമ്പ്യൂട്ടർ കീശയിലൊതുങ്ങും അക്കാലത്ത് അത്തരമൊരു കമ്പ്യൂട്ടർ മറ്റൊന്നുണ്ടായിരുന്നത് കോയമ്പത്തൂരിലാണ്.

ഷിപ്പ് യാർഡിൽ നിന്നും കാർഡിൽ പഞ്ച് ചെയ്ത ഡാറ്റയെടുത്ത് കൊണ്ടുപോയി തുമ്പയിൽ ച്ചെന്ന് പ്രോസസ് ചെയ്ത് പ്രിന്റെടുക്കുക എന്നതായിരുന്നു അന്നത്തെ രീതി. ടെക്നിക്കൽ ഉപയോഗങ്ങൾക്ക് മാത്രമായി അക്കാലത്ത് തുമ്പയിൽ ഒരു റഷ്യൻ കമ്പ്യൂട്ടറും ഉണ്ടായിരുന്നു.

1969ൽ ജോലിയിൽ പ്രവേശിക്കുമ്പോൾ 230 രൂപയായിരുന്നു സ്റ്റൈപ്പന്റ്. സ്വർണ്ണത്തിന് പവന്140 രൂപയായിരുന്ന കാലം. ഒന്നര വർഷത്തെ ട്രെയിനിംഗ്. ഷിപ്പ് യാർഡിലെ കമ്പ്യൂട്ടർ ഡിവിഷന്റെ ഹെഡ്ആയി 2008 ൽ പിരിയുമ്പോൾ ഒരു സെർവറും, സ്റ്റാന്റ് ബൈ സെർവറും 170 കമ്പ്യൂട്ടറുകളുടെ നെറ്റ് വർക്കും നൂറോളം ജോലിക്കാരുമൊക്കെയായി ഒരു വലിയ വിഭാഗമായിക്കഴിഞ്ഞിരുന്നു കമ്പ്യൂട്ടർവിംഗ് .

ടെക്നോളജിയുടെ ഓരോ അപ്ഡേഷനും സ്വന്തം നിലയിൽ പഠിച്ചെടുത്താണ് ജോലിയിൽ മുന്നേറിയത്. കോബോളും ബേസികും ഫോർട്രാനും പഠിച്ചതിനുശേഷം 80 കളിൽ യുനിക്സ്. പിന്നെ സി.പ്ളസ് പ്രോഗ്രാമിംഗ് എന്നിവ പഠിച്ചു. ഷിപ്പ് യാർഡിൽ എന്റർപ്രൈസ് റിസോഴ്സ് പ്രോഗ്രാമിംഗ് നടപ്പാക്കിയത് രാമൻ നമ്പൂതിരിയുടെ നേതൃത്വത്തിലാണ്.

ഇതൊക്കെയാണെങ്കിലും ആൾ പഴയ നമ്പൂതിരി തന്നെ. മുറുക്കിച്ചുവപ്പിച്ച് ഒരു സാധാരണ മുണ്ടും ഷർട്ടും. കയ്യിലൊരു ചെറിയ ബാഗും മുറുക്കാൻ പൊതിയും.

പാറക്കടവ് ഇല്ലത്തെ സത്യവതി അന്തർജനമാണ് ഭാര്യ. മകൻ ദാമോദരൻ ബി.ടെക് കഴിഞ്ഞ് എറണാകുളത്തെ ഐ.ടി.കമ്പനിയിൽ . മകൾ ദിവ്യജീവൻ ചെന്നൈയിലാണ്. രാമൻ നമ്പൂതിരി തൃപ്പൂണിത്തുറയിൽ താമസിക്കുന്നു. മൊബൈൽ. 8921590419

●



ഇ- മുത്തശ്ശൻ

ഡോ. പി. വിനോദ് ഭട്ടതിരിപ്പാട്



# ഉ നമ്പൂതിരി C പ്രോഗ്രാമർ 95–വയസ്സ്

**കമ്പ്യൂട്ടർ ഭാഷയായ സി-യിൽ പ്രാവീണ്യമുള്ളവർക്കറിയാം എം അലോക്കും ഡൈനാമിക് മെമ്മറി അലോക്കേഷനും ഒക്കെ എത്ര ദുർഗ്രഹമാണെന്ന്. എന്നാൽ നമ്പൂതിരിപ്പാടിന് ഇതൊക്കെ കുട്ടിക്കളി.**

കാഞ്ഞൂർ കൃഷ്ണൻ നമ്പൂതിരിപ്പാടിന് ഇപ്പോൾ വയസ്സ് 95. പക്ഷെ, C പ്രോഗ്രാമിങ്ങിലെ എം അലോക്ക് (m alloc) എന്ന ഫങ്ഷന്റെ വിവിധ സാദ്ധ്യതകളെക്കുറിച്ച് ചോദിച്ചാൽ അദ്ദേഹം വാചാലനാകും. ആ ഫങ്ഷൻ പ്രാവർത്തികമാക്കാനുള്ള വിവിധ പ്രോഗ്രാമിംഗ് ലോജിക്കുകൾ പഠിപ്പിച്ചു തരും. പ്രോഗ്രാമിലെ തെറ്റുകൾ തിരുത്തി തരികയും ചെയ്യും.

കമ്പ്യൂട്ടർ ഭാഷയായ സി-യിൽ പ്രാവീണ്യമുള്ളവർക്കറിയാം എം അലോക്കും ഡൈനാമിക് മെമ്മറി അലോക്കേഷനും ഒക്കെ എത്ര ദുർഗ്രഹമാണെന്ന്. എന്നാൽ നമ്പൂതിരിപ്പാടിന് ഇതൊക്കെ കുട്ടിക്കളി.

ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. എൺപതുകളുടെ മദ്ധ്യത്തിൽ, അറുപതാം വയസ്സിൽ, തൃശൂർ നഗരത്തിലേയ്ക്ക് താമസം മാറ്റിയ കാലത്ത് തുടങ്ങിയതാണ്.

അക്കാലത്താണ് സിൻക്ലേയർ സ്പെക്ട്രം എന്ന കളിപ്പാട്ടം പോലൊരു കമ്പ്യൂട്ടർ കയ്യിൽ കിട്ടിയത്. ഇതിൽ സ്പെക്ട്രം ബേസിക്ക് എന്നൊരു കമ്പ്യൂട്ടർ ഭാഷയുണ്ടായിരുന്നു. അതുപയോഗിച്ചാണ് പ്രോഗ്രാമിംഗ് ലോജിക്ക് പഠിച്ചെടുത്തത്.

താമസിയാതെ ഒരു വ്യവസ്ഥാപിത കമ്പ്യൂട്ടർ വാങ്ങി. പിന്നെയാണ് സി- ലാംഗ്വേജിലേയ്ക്ക് കടന്നത്. ഏതാനും മാസങ്ങൾ കൊണ്ട് അതിൽ ഏതാണ്ടെല്ലാ തരത്തിലുമുള്ള പ്രോഗ്രാമുകളും എഴുതി ശീലിച്ചു. കമ്പ്യൂട്ടർ പ്രോസസറിന്റെ ഇന്ററപ്റ്റ് (Interrupt) വിദ്യയുപയോഗിച്ച് കമ്പ്യൂട്ടറിന്റെ ബയോസിൽ (BIOS-ൽ) കയറി BIOS ഫങ്ഷൻസുപയോഗിച്ച് കമ്പ്യൂട്ടറിനെ കൊണ്ട് പണിയെടുപ്പിക്കുവാൻ പാകത്തിലുള്ള സി-പ്രോഗ്രാം എഴുതുകയെന്നത് ഒരു ഹോബിയായിരുന്നു.

അതിന്റെ ഒരുദാഹരണം മാത്രം ഇവിടെ കുറിക്കാം. 4000 വർഷത്തേയ്ക്ക് ഉപയോഗിക്കാവുന്ന ഒരു കലണ്ടർ പ്രോഗ്രാം അദ്ദേഹം അക്കാലത്ത് എഴുതിയുണ്ടാക്കി. അതിന്റെ കോഡ് ഓപ്റ്റിമൈസ് ചെയ്യാനായി സി-ഫങ്ഷൻസിനു പകരം മേൽപ്പറഞ്ഞ രീതിയിൽ ഇന്ററപ്റ്റ് സൗകര്യം വഴി ബയോസ് ഫങ്ഷൻസ് ഉപയോഗപ്പെടുത്തി. അതു വഴി ആ പ്രോഗ്രാമിന്റെ കോഡ് ഓപ്റ്റിമൈസ് ചെയ്ത് 10 കെബി മാത്രമാക്കി ചുരുക്കി. അതായത് 4000 കൊല്ലത്തെ കലണ്ടർ തരുന്ന പ്രോഗ്രാം വെറും 10 കെബി വലിപ്പത്തിൽ ഉൾക്കൊള്ളിച്ചു. (ഇന്ന് വാട്സാപ്പിൽ വരുന്ന ഒരു കൊച്ചു ഫോട്ടോ പോലും അതിൽ കൂടുതൽ വലുപ്പം കാണും.) അതുവഴി, പ്രോഗ്രാം അതിവേഗതയിൽ പ്രവർത്തിക്കുക എന്നതും സാദ്ധ്യമാക്കി. ഇത് വെറുമൊരു ഉദാഹരണം മാത്രം.

ഇതെല്ലാം മിടുക്കരായ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ അക്കാലത്ത് (1990-കളിൽ) അവരു

ടെ യുവത്വത്തിന്റെ ബുദ്ധികൂർമ്മത ഉപയോഗിച്ച് ചെയ്തിരുന്നതാണ്. എന്നാൽ, അതേ കാലത്ത് ഇതെല്ലാം സ്വയം പഠിച്ച് ചെയ്തിരുന്ന നമ്പൂതിരിപ്പാടിന് പ്രായം എഴുപതിനോടടുത്തായിരുന്നു.

അധികം താമസിയാതെ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ കാണുന്നത് തൊട്ടടുത്ത തൃശൂർ ഗവേൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ നമ്പൂതിരിപ്പാടിന്റെ വീട്ടിൽ വന്ന് തങ്ങളുടെ സി പ്രോഗ്രാമിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. എഞ്ചിനീയറിംഗ് സിലബസിൽ ഫോർട്രാൻ മാറി സി വന്ന കാലമാണത്. ഉദ്ദേശം നൂറ്റിമുപ്പതോളം വിദ്യാർത്ഥികളാണ് അക്കാലത്ത് നമ്പൂതിരിപ്പാടിന്റെ സഹായത്താൽ അവരുടെ പ്രോഗ്രാമിംഗ് ലോജിക്ക് സി-യിൽ ശരിയാക്കിയെടുത്തത്. എഞ്ചിനീയറിംഗ് പോയിട്ട് കോളേജിന്റെ പടി പോലും കാണാത്ത ആളോടാണ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ സി പ്രോഗ്രാമിൽ സഹായം ചോദിച്ചെത്തിയിരുന്നത് എന്നറിയുക.

അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് അതായത് 1940കളിൽ, സ്വന്തം ഇല്ലമായ കാഞ്ഞൂർ മനയിൽ അളവറ്റ സ്വത്തുണ്ടായിരുന്നു. പെരുവനം നമ്പൂതിരി ഗ്രാമത്തിലെ യജുർവേദി-ബൗദ്ധായന ആഢ്യൻ നമ്പൂതിരികുടുംബങ്ങൾക്ക് പറഞ്ഞിട്ടുള്ള നിത്യവെള്ളയടക്കം എല്ലാ ആചാരങ്ങളും പുലർത്തുന്ന കാരണവന്മാർ. ഇല്ലത്തെ സമപ്രായക്കാരിൽ പലരും മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ രംഗത്തേയ്ക്ക് തിരിയുന്നു. എന്നാൽ, കൃഷ്ണൻ നമ്പൂതിരിപ്പാട് മാത്രം കർണ്ണാടക സംഗീത വിദ്യാർത്ഥിയായി. ഗുരുക്കന്മാരായി സംഗീതജ്ഞരായ കാഞ്ഞൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടും കാഞ്ഞൂർ നാരായണൻ നമ്പൂതിരിപ്പാടും മുണ്ടായ



*കൃഷ്ണൻ നമ്പൂതിരിപ്പാട് ചെറുപ്പകാലത്തെ ഫോട്ടോ.*

**ഉദ്ദേശം നൂറ്റിമുപ്പതോളം വിദ്യാർത്ഥികളാണ് അക്കാലത്ത് നമ്പൂതിരിപ്പാടിന്റെ സഹായത്താൽ അവരുടെ പ്രോഗ്രാമിംഗ് ലോജിക്ക് സി-യിൽ ശരിയാക്കിയെടുത്തത്. എഞ്ചിനീയറിംഗ് പോയിട്ട് കോളേജിന്റെ പടി പോലും കാണാത്ത ആളോടാണ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ സി പ്രോഗ്രാമിൽ സഹായം ചോദിച്ചെത്തിയിരുന്നത് എന്നറിയുക.**

രാമഭാഗവതരും. പിന്നെ, കലാമണ്ഡലം നീലകണ്ഠൻ നമ്പീശന്റെ കൂടെ അൽപകാലം കഥകളി സംഗീതവും പഠിച്ചു.

നമ്പീശന്റെ അഭാവത്തിൽ അൽപ്പകാലം കലാമണ്ഡലത്തിൽ മോഹിനിയാട്ടത്തിനു പാടി കൊടുത്തു. മഹാകവി വള്ളത്തോൾ കലാമണ്ഡലത്തിന്റെ അധിപനായിരിക്കുന്ന കാലമാണത്.

അക്കാലത്താണ് നൃത്തത്തിന്റെ സൗന്ദര്യശാസ്ത്രത്തിലേക്ക് ശ്രദ്ധ പോകുന്നത്. അതായത് ഗതി-സ്ഥിതി തത്വമനുസരിച്ച് നൃത്തത്തെ ചലിക്കുന്ന ഒരു ത്രിമാന ശിൽപ്പമായി കാണാനും, നാലാം ഡയമെൻഷനായി താളം (കാലം) വരുന്നത് പഠിക്കാനും അവയെല്ലാം ചേരുമ്പോളുള്ള നൃത്തത്തിന്റെ സൗന്ദര്യശാസ്ത്രം മനസ്സിലാക്കാനും ശ്രമിക്കുന്നത് അക്കാലത്താണ്. ഒരു മുദ്രയിൽ നിന്ന് തൊട്ടടുത്ത മുദ്രയിലേയ്ക്ക് പോകുമ്പോൾ നർത്തകർ പാലിക്കേണ്ട ചിട്ടകളുടെ ഏയ്സ്തെറ്റിക്ക്സ് ആയിരിക്കും ഒരുപക്ഷെ അദ്ദേഹം ഏറ്റവും ആഴത്തിൽ പഠിച്ചത്. നിരവധി കലാസ്വാദകർ പിന്നീട് നമ്പൂതിരിപ്പാടിൽ നിന്ന് ഈ ശാസ്ത്രീയപാഠങ്ങൾ പഠിച്ച് തങ്ങളുടെ ആസ്വാദനശേഷി വർദ്ധിപ്പിച്ചു.

നൃത്തത്തിലേതു പോലെ തന്നെ, താളവുമായി ബന്ധപ്പെട്ടു വരുന്ന ഗണിതശാസ്ത്രതത്വങ്ങളെല്ലാം അടങ്ങിയ വാദ്യമേളത്തിന്റെ ശാസ്ത്രീയതയെക്കുറിച്ചും അദ്ദേഹം പറയുന്നത് കേൾക്കാനും പഠിക്കാനുമായി കലാസ്വാദകർ അദ്ദേഹത്തെ തേടിയെത്തിയിരുന്നു.

കലാലോകം പുതിയതായി സൃഷ്ടിച്ച സുന്ദരകലാരൂപമായ പഞ്ചാരീപഞ്ചവാദ്യത്തിലെ ചില അശാസ്ത്രീയതകൾ അദ്ദേഹം ചൂണ്ടികാണിച്ചപ്പോൾ ആദ്യം അത് വിവാദമായിയെങ്കിലും പിന്നീട് 'സമകാലിക മലയാള'ത്തിൽ സ്വയം ഒരു ലേഖനമെഴുതി തന്റെ അഭിപ്രായം അരക്കിട്ടുറപ്പിച്ച് ആ വിവാദത്തിന്റെ തീയണച്ചു. മേളത്തിന്റെ ശാസ്ത്രീയതയിൽ മേളക്കാരേക്കാൾ ഉയരത്തിൽ മേളാസ്വാദകൻ എത്തുന്നതിന്റെ അത്യപൂർവ്വകാഴ്ച്ചയാണ് അന്ന് കലാലോകത്തിന് ഒരുക്കികൊടുത്തത്.

കലയുടെ ശാസ്ത്രീയതയെക്കുറിച്ചുള്ള ഇത്തരം ചിന്തകളാണ് പതി

Shop : 0495 - 2704189, Mob : 9539559683

അതുല്യ ജ്വല്ലറി
ടൂൾസ് & ഡൈ വർക്ക്സ്
കമ്മത്ത് ലെയ്ൻ, കോഴിക്കോട്

തങ്കം, സ്വർണ്ണം, വെള്ളി, ചെമ്പ് എന്നിവയുടെ തകിടുകളും ഏലസ്സുകളും ആൾരൂപങ്ങൾ (ചെറുതും വലുതും), പ്രതിമകൾ, സുദർശനചക്രം, ശ്രീചക്രം, നവഗ്രഹം, സ്വയംവരചക്രം, അഷ്ടലക്ഷ്മി, പഞ്ചശിരസ്സ്, വെള്ളിമാലകൾ, രുദ്രാക്ഷം, രക്തചന്ദനം, തുളസി, ചന്ദനം, സ്ഫടികം എന്നിവയുടെ മാലകൾ, ലോക്കറ്റുകൾ, മറ്റ് എല്ലാ വഴിപാട് സാധനങ്ങളും മൊത്തമായും ചില്ലറയായും വിൽക്കപ്പെടുന്ന പ്രശസ്ത സ്ഥാപനം. സ്വർണ്ണപ്പണിക്ക് ആവശ്യമായ പണിസാധനങ്ങളും വിൽക്കപ്പെടുന്നു. കൂടാതെ ഓട്, ചെമ്പ്, പിച്ചള എന്നിവയിലുള്ള പാത്രങ്ങളും ആഭരണങ്ങളും വിഗ്രഹങ്ങളും പോളീഷ് ചെയ്തുകൊടുക്കുന്നു.

ക്ഷേത്രങ്ങളിലേക്കും മറ്റും വെള്ളിവിഗ്രഹങ്ങൾ ഉണ്ടാക്കിക്കൊടുക്കും.
സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ ആഭരണങ്ങൾ ഡ്രം പോളീഷ് ചെയ്തുകൊടുക്കും



**ഇതെല്ലാം മിടുക്കരായ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ അക്കാലത്ത് (1990-കളിൽ) അവരുടെ യുവത്വത്തിന്റെ ബുദ്ധികൂർമ്മത ഉപയോഗിച്ച് ചെയ്തിരുന്നതാണ്. എന്നാൽ, അതേ കാലത്ത് ഇതെല്ലാം സ്വയം പഠിച്ച് ചെയ്തിരുന്ന നമ്പൂതിരിപ്പാടിന് പ്രായം എഴുപതിനോടടുത്തായിരുന്നു.**

യെ ഫോട്ടോഗ്രഫിയിൽ എത്തിച്ചത് നന്നായി ഇംഗ്ലീഷ് കൈകാര്യം ചെയ്തിരുന്നതിനാൽ ഫോട്ടോഗ്രാഫിയിലെ അന്നത്തെ ആധുനിക സാങ്കേതികവിദ്യ വിവരിക്കുന്ന പുസ്തകങ്ങൾ വരുത്തി പഠിച്ചു പ്രാവർത്തികമാക്കിയിരുന്നു. മാത്രമല്ല, റേഡിയോ എഞ്ചിനീയറിംഗ് സ്വയം പഠിച്ച് സ്വന്തമായി ഹാം റേഡിയോ സെറ്റപ്പ് ചെയ്ത് ലോകത്തെ നാനായിടങ്ങളിലുള്ളവരുമായി സംവദിക്കുമായിരുന്നു.

ഇതെല്ലാം ചെയ്തിരുന്നത് 1940–കൾ മുതൽ 80–കൾ വരെയുള്ള കാലത്ത് ഒറ്റപ്പാലത്തിനടുത്ത് ചുനങ്ങാട് എന്ന ഗ്രാമത്തിലിരുന്നാണ് എന്നോർക്കണം. എസ് റ്റി ഡി, ഐ എസ് ഡി സൗകര്യങ്ങളും മൊബൈൽ ഫോണുകളും ഇന്റർനെറ്റും ഗൂഗിളും ഓൺലൈൻ ലൈബ്രറികളും ഒക്കെ പിറക്കുമ്മുമ്പുള്ള കാലമാണത്. അറിവു നേടാൻ തന്റെ മുന്നിൽ പ്രതിബന്ധമായി നിൽക്കുന്ന സ്ഥലം, ഭാഷ, ടെക്നോളജി തുടങ്ങിയവയുടെ മേൽ ആദ്യം സ്വാധീനമുറപ്പിച്ച ശേഷം അതിലൂടെ അറിവ് സ്വയം നേടുക എന്നത് അദ്ദേഹത്തിന്റെ ഒരു പഠനരീതിയായിരുന്നു. (ഈ തൊണ്ണൂറ്റഞ്ചാം വയസ്സിലും അതിനൊരു മാറ്റമില്ല. വാട്സാപ്പും യൂ ട്യൂബും ഒക്കെ വഴങ്ങും.)

എൺപതുകളുടെ മദ്ധ്യത്തിൽ, തന്റെ അറുപത് വയസ്സിനു ശേഷം, ഹാം റേഡിയോ ബന്ധങ്ങൾ കുറച്ചുകൊണ്ടു വന്ന് കമ്പ്യൂട്ടർ സയൻസിൽ ശ്രദ്ധ കേന്ദ്രീകരിച്ചു തുടങ്ങിയതു മുതൽ ബുദ്ധിമാന്മാരായ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളുമായായി അദ്ദേഹത്തിന്റെ ചങ്ങാത്തം. അന്നുതൊട്ട് ഇഷ്ടവിഷയം പ്രോഗ്രാമിംഗ് ലോജിക്. ചിന്ത മുഴുവൻ (പഴയ അനലോഗ് ടെക്നോളജി വിട്ട് അത്യാധുനിക ഡിജിറ്റൽ ടെക്നോളജിയിൽ. അത് ബൗദ്ധിക വ്യായാമം കൂടിയായിരുന്നു.


എൺപതു വയസ്സിനു ശേഷം, കാഴ്ച പതിയെ നശിച്ചു തുടങ്ങിയപ്പോൾ പ്രോഗ്രാമുകൾ സ്വന്തമായി എഴുതി കംപൈൽ ചെയ്ത് റൺ ചെയ്യുവാൻ ബുദ്ധിമുട്ടായിത്തുടങ്ങി. വലിയ ലെൻസുപയോഗിച്ച് സ്ക്രീനിൽ നോക്കിയും മറ്റുള്ളവരെ കൊണ്ട് പ്രോഗ്രാം കീ ബോർഡിൽ ടൈപ്പ് ചെയ്യിച്ചുമൊക്കെ കുറെ നാൾ കടന്നുപോയി. പ്രോഗ്രാം കംപൈലേഷനു ശേഷം സ്ക്രീനിൽ തെളിയുന്ന എറർ (error) ലിസ്റ്റ് ശക്തിയേറിയ ലെൻസ് ഉപയോഗിച്ച് വായിച്ച് പ്രോഗ്രാമിൽ തിരുത്ത് നിർദ്ദേശിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അക്കാലത്തെ രീതി. ലെൻസ് ഉപയോഗിച്ച് പ്രോഗ്രാം വായിച്ച് സെമാന്റിക് എററുകളും തിരുത്തി കൊടുക്കും.

ഈ ഒരു രീതിയിലാണ് അക്കാലത്ത് തന്റെ പേരക്കുട്ടിയുടെ കമ്പ്യൂട്ടർ സയൻസ് ബിരുദാനന്തരബിരുദ പ്രോജക്റ്റിൽ തിരുത്തുകൾ നിർദ്ദേശിച്ചിരുന്നത്. പുഴയിലൂടെ ഒഴുകുന്ന വെള്ളം ഡാം കെട്ടി നിർത്തി വർഷം മുഴുവൻ ജലസേചനത്തിനും കുടിക്കാനും മറ്റും സമയാസമയം എത്തിക്കുന്ന ഒരു ഗണിതശാസ്ത്ര മോഡലിന്റെ കമ്പ്യൂട്ടർ സിമുലേഷനായിരുന്നു പേരക്കുട്ടി ചെയ്തിരുന്നത്. പേരക്കുട്ടി സി -യിൽ എഴുതിയ ഈ പ്രോജക്റ്റിലാണ് അന്ന് എൺപതു കഴിഞ്ഞ, കണ്ണു കാണാതായി തുടങ്ങിയിരുന്ന നമ്പൂതിരിപ്പാട് തിരുത്തലുകൾ നിർദ്ദേശിച്ചിരുന്നത്. ഈ പ്രോജക്റ്റിൽ അദ്ദേഹം നിർദ്ദേശിച്ച പ്രോഗ്രാമിംഗ് ലോജിക്കുകളും മാറ്റങ്ങളും പേരക്കുട്ടി കൃത്യമായി പഠിച്ച് പ്രാവത്തികമാക്കുകയും ചെയ്തു. (ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് അദ്ദേഹം ചെയ്തതിനെല്ലാം ഈ ലേഖകൻ നേർസാക്ഷിയാണ്.)

വയസ്സ് തൊണ്ണൂറായപ്പോഴേയ്ക്കും കാഴ്ചശക്തി മിക്കവാറും ഇല്ല എന്ന അവസ്ഥയിലായി. എന്നിട്ടും പ്രോഗ്രാമിംഗ് ലോജിക്ക് എന്ന മാസ്മര ലോകത്തു നിന്ന് അദ്ദേഹം പിന്മാറിയില്ല. പ്രോഗ്രാം വായിച്ചു കൊടുത്താൽ അതിലെ ദുർഗ്രഹമായ ലോജിക്കിലെ തെറ്റുകൾ തിരുത്താൻ വേണ്ട നിർദ്ദേശം അദ്ദേഹം കൊടുക്കുമായിരുന്നു.

ഇപ്പോൾ വയസ്സ് തൊണ്ണൂറ്റിയഞ്ച് അധികനേരം ഇരിക്കാൻ വയ്യാതായി. മിക്കപ്പോഴും കിടപ്പ് മൊബൈലിൽ കച്ചേരി കേൾക്കുക, കഥകളി (കാണാൻ വയ്യെങ്കിലും) കേട്ട് ആസ്വദിക്കുക, കോറിയോഗ്രാഫിയെക്കുറിച്ചും ഏയ്സ്തെറ്റിക്ക്സിനെക്കുറിച്ചും പ്രോഗ്രാമിംഗ് ലോജിക്കിനെക്കുറിച്ചും സംസാരിക്കുക ഇതെല്ലാമാണ് ഇപ്പോഴത്തെ ഹോബി. ബുദ്ധിശക്തിക്കും ഓർമ്മശക്തിക്കും സംവേദനശേഷിക്കും ഒരു ലോപവും സംഭവിച്ചിട്ടില്ല. അറിവ് അനുസ്യൂതം ആ തലച്ചോറിൽ നിന്ന് ഒഴുകി വരും. ഇംഗ്ലീഷിലും മലയാളത്തിലും. കുറച്ചു നേരം സംസാരിക്കുമ്പോളേയ്ക്കും ക്ഷീണിതനാവും എന്ന് മാത്രം.

പൊൽപ്പായ ഉദയൻ ഭട്ടതിരിപ്പാടിന്റെ മകൾ ആര്യയാണ് പത്നി. മുൻ മുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റ് ആചാര്യനുമായ ഇ എം എസ് നമ്പൂതിരിപ്പാടിന്റെ സഹോദരീപുത്രിയാണ് ആര്യ. ഈ ദമ്പതിമാർക്ക് രണ്ട് മക്കൾ: ദേശമംഗലം മനയിലെ സുധാ അന്തർജ്ജനവും അകവൂർ മനയിലെ മിനി അന്തർജ്ജനവും. ദീർഘമാംഗല്യത്തിനു ശേഷം കഴിഞ്ഞ വർഷം ആര്യാ അന്തർജ്ജനം ഈ ലോകത്തോട് വിടവാങ്ങി. ഇപ്പോൾ മക്കളുടെ സംരക്ഷണയിലാണ് കൃഷ്ണൻ നമ്പൂതിരിപ്പാട്. ●



ഇ – ഫേസ്ബുക്ക്

കെ.പി.ശൈലജ

## നമ്പൂതിരിയായതിൽ അഭിമാനിക്കുന്നു എന്ന് ഫേസ് ബുക്കിനോട് പറഞ്ഞതിന്

# ഒരു അന്തർജനം അനുഭവിച്ചത്

**ഞാൻ പറഞ്ഞത് ഇതാണ്.**
**"മനസ്സിൽ ഒരുപാടുണ്ട് എന്റെ ഫെയ്സ്ബുക്കേ. ആദ്യം തന്നെ ഒന്നു പറയട്ടെ. ഞാൻ ബ്രാഹ്മണകുലത്തിലാണ് ജനിച്ചത് ട്ടോ.നല്ല ഒന്നാന്തരം നമ്പൂതിരി കുടുംബത്തിൽ. വിവാഹം കഴിച്ചതും ഒരു ആഢ്യബ്രാഹ്മണനെ.അതിൽ ഞാൻ വളരെ അഭിമാനിക്കുന്നു. എന്താണെന്നോ ഫെയ്സ്ബുക്കേ.കേരളത്തിലെ നമ്പൂതിരിമാർ വളരെ ശുദ്ധരാണ് പൊതുവേ.ഞങ്ങളുടെ കഴിഞ്ഞ തലമുറ പ്രത്യേകിച്ചും."**

എന്റെ പ്രിയപ്പെട്ട വായനക്കാരേ,സ്വസ്തി! എന്റെ ഇ അനുഭവത്തെക്കുറിച്ചു ചോദിച്ച പശ്ചാത്തലത്തിലാണ് ഈ കുറിപ്പ്.

ഞാൻ ആരെന്നറിയേണ്ടേ? പേര് ശൈലജ .തൃശ്ശൂർ ചേർപ്പിലുള്ള കുന്നത്തൂർ പടിഞ്ഞാറേടത്തു മനയ്ക്കൽ ജനിച്ചതിനാൽ കെ.പി ശൈലജ .1952 ലാണ് ജനനം.68 ആയി പ്രായം. ആത്മകഥ വിസ്തരിച്ചാൽ മുഷിയുമോ? (സാരല്യ.വാഷിങ്പൗഡർ നിർമ്മ....)

പ്രീഡിഗ്രി രണ്ടാം വർഷത്തിലെത്തിയപ്പോൾ പാഞ്ഞാളിലെ മാത്തൂർ മനയ്ക്കലെ നാരായണൻ നമ്പൂതിരിപ്പാട് വിവാഹം കഴിച്ചു. അപ്പോൾ വയസ്സ് 17.രണ്ട് ആൺ കുട്ടികളുണ്ടായി.ചെറിയ മകന് 4 വയസ്സുള്ളപ്പോൾ ടി.ടി.സി ചെയ്തു.1980 ൽ പെരിങ്ങോടു സ്കൂളിൽ എൽ.പി ടീച്ചറായി. പിന്നെ 1988ൽ സെഷണൽ ബി.എഡ് ചെയ്തു.1994 ൽ എച്ച്.എസ്എആയി. 2007 ൽ വിരമിച്ചു. ഇത് നെല്ലിക്കാ പ്രമാണത്തിൽ ഒരു ജീവചരിത്രം.

എന്റെ വായനക്കാരേ, ഒരു ഇ അനുഭവം പറയാനാണ് ഈ കുറിപ്പ്.

ഞാൻ എഫ്.ബി യിൽ അത്ര ആക്ടീവ് ഒന്നുമല്ലാട്ടോ.മറ്റുള്ളവരുടെ പോസ്റ്റുകൾ നോക്കും.അപൂർവ്വമായി ചില അനുഭവങ്ങൾ എഴുതും. അന്ന് ഭയങ്കര മഴയങ്ങനെ തകർത്തു കൊണ്ടിരുന്നപ്പോൾ...., എന്ന മട്ടിൽ ചിലത്. നല്ല കയ്യടിയായിരുന്നൂട്ടോ. എഫ്.ബി യിലെ മഴയല്ലേ. ആരും നനയില്ലല്ലൊ.

ഇനി എഴുതുന്നതാണ് സാക്ഷാൽ ഇ അനുഭവം.

നമ്പൂതിരിമാരെപ്പറ്റി എനിയ്ക്കു തോന്നുന്ന ചില കാര്യങ്ങൾ പറയാം.

പണ്ട് നമ്പൂതിരിമാർ മാനസികമായും ബുദ്ധിപരമായും ഉന്നത നിലവാരമുള്ളവരായിരുന്നു. ധനത്തോട് ആർത്തി ഇല്ലാത്തവർ. ലളിത ജീവിതം. സ്വാർത്ഥത കുറഞ്ഞവർ.ശുണ്ഠി വന്നാൽ ശുംഭാ, വിഡ്ഢീ ,ഏട്ടേ എന്നു രണ്ടു ചാട്ടം ചാടാൻ മാത്രം അറിയുന്നവരായിരുന്നു.

അപൂർവ്വമായി ദുഷ്ടന്മാരില്ല എന്നല്ല.പക്ഷേ, ഇന്ന് നമ്മുടെ കുട്ടികൾക്കു പോലും നമ്മൾ ആരായിരുന്നു എന്നറിയില്ല. ബഹുഭാര്യാത്വം – പല സമുദായക്കാരിലും ഒന്നിലധികം ഭാര്യമാർ ഉണ്ടായിരുന്നു .പക്ഷേ, അധിക്ഷേപം കേട്ടത് നമ്പൂതിരിമാർ മാത്രം. പല സമുദായങ്ങളിലേയും സ്ത്രീകൾ കഷ്ടപ്പെട്ടിരുന്നു.പക്ഷേ, പ്രതിക്കൂട്ടിലായത് നമ്പൂതിരിമാർ മാത്രം .

ഇങ്ങനെ ഒരുപാടു ചിന്തകൾ അലട്ടുമ്പോഴാണ് ബ്രാഹ്മണനായതിൽ ലജ്ജിയ്ക്കുന്നു എന്ന് ചിലരുടെ പ്രസ്താവന. അതും നല്ല തറവാട്ടിൽ പിറന്ന നമ്പൂതിരിയുടെ വക.എനിക്ക് വല്ലാതെ തോന്നി. അതുശരിയല്ലല്ലൊ.

ഞാൻ ഫേസ് ബുക്കിൽ എഴുതി.ഞാൻ ഒട്ടും ലജ്ജിക്കുന്നില്ല. അഭിമാനിക്കുന്നതേയുള്ളൂ. ഈ ഒരു കാര്യം ഞാൻ എഫ്.ബിയോടു പറഞ്ഞു പോയി.

എന്റെ അച്ഛന്റെ, ഏട്ടന്മാരുടെ, ഒക്കെ ദിനചര്യ– കാലത്ത് മൂന്നര മണിക്കെണീറ്റ് കുളി, തേവാരം, ഓത്തു ചൊല്ലൽ അങ്ങനെ പോകുന്ന ഉൽകൃഷ്ടമായ ജീവിതരീതി – അതിനെക്കുറിച്ചൊക്കെ ഞാൻ എഴുതി.

നമ്പൂതിരി സ്ത്രീകൾക്ക് വിശേഷാൽ ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നതായി

എനിയ്ക്കിപ്പോഴും തോന്നുന്നില്ല. കുടുംബത്തിൽ മുത്തശ്ശിയ്ക്കും അമ്മമാർക്കുമൊക്കെ നല്ല ഒരു സ്ഥാനമുണ്ടായിരുന്നു. അതൊക്കെ ഓർത്ത്ചിലത് കുറിച്ചു. ചിലരുടെ ആരാധനാലയങ്ങളിൽ സ്ത്രീകളെ പ്രവേശിപ്പിക്കുമോ?

അത്രയ്ക്കു വേണ്ട ടീച്ചറേ. അവിടെ തൊട്ടു പോകരുത്.കല്പനയാണ്. പാവം ഞാൻ അത്രക്കൊന്നും വിചാരിച്ചില്ല.

തുടങ്ങീലോ കമന്റുകളുടെ പ്രവാഹം. ആയിരക്കണക്കിന്.അതുവരെ നല്ല ടീച്ചർ എന്ന് എന്നെ പറഞ്ഞിരുന്ന ചിലരൊക്കെ ഞാൻ ഒരു വിഷപ്പാമ്പാണ് എന്നു പോസ്റ്റിട്ടു.ഇവരല്ലേ ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചത് എന്നു ഖേദിച്ചു.ഇവർ എന്നെ പഠിപ്പിച്ചില്ലല്ലോ എന്ന് വേറെ ചിലർ സമാധാനിച്ചു. ഇവരെപ്പോളുള്ള വർഗീയവാദികളാണല്ലൊ പുറത്തു മറ്റൊരു മുഖവുമായി നടക്കുന്നത് എന്ന് കുറ്റപ്പെടുത്തി. എഫ്.ബിയാണ്.

**സംഗതി വൈറലായി. മത തീവ്രവാദിയായ ശൈലജ ടീച്ചർ താടിയ്ക്കു കയ്യും കൊടുത്തിരിപ്പായി.അനുകൂലിച്ചും ഒരു പാടു കമന്റു വന്നൂ ട്ടൊ. പക്ഷേ, മനസ്സിൽ കൊള്ളുക ചീത്ത പറയുമ്പോഴല്ലേ. ഒരു പാടു കേട്ടു ചീത്ത. ഈ വയസ്സിനിടയിൽ ഇതു വരെ കേൾക്കാത്ത വിധം. ലോകത്ത് ഇടപെടുമ്പോൾ കുറച്ചധികം ശ്രദ്ധിക്കണം ന്ന് എനിക്ക് മനസ്സിലായി.**

അതിൽ പലരും പലരെയും കുറ്റപ്പെടുത്തുന്നതും വിമർശിക്കുന്നതും എതിർക്കുന്നതും ചെളിവാരിയെറിയുന്നതും ഒക്കെ കണ്ടിട്ടുണ്ട്. സഭ്യമല്ലാത്ത ഭാഷയിൽ ചീത്ത വിളിക്കുന്നത് കണ്ടിട്ടുണ്ട്. തെറിയഭിഷേകം കേട്ടിട്ടുണ്ട്. അതെല്ലാം ആരെയെങ്കിലും എതിർത്തതിനും കഠിനമായി വിമർശിച്ചതിനും ക്രൂരമായി പരിഹസിച്ചതിനും മറ്റുമായിരുന്നു.

എന്നാൽ ഇതിപ്പോൾ ഒരാളെയും കുറ്റം പറയാതെ തന്നെ ഇതാ എന്റെ നേർക്ക് ചീത്തപറച്ചിലും ആക്രമണവും. ചെയ്തത് ഒന്നു മാത്രം .ബ്രാഹ്മണകുലത്തിൽ ജനിച്ചതിൽ ഞാനഭിമാനിക്കുന്നു എന്ന് എഫ്ബിയിൽ പോസ്റ്റു ചെയ്തു. അത്രമാത്രം.

ഞാൻ പറഞ്ഞത് ഇതാണ്.

''മനസ്സിൽ ഒരുപാടുണ്ട് എന്റെ ഫെയ്സ്ബുക്കേ. ആദ്യം തന്നെ ഒന്നു പറയട്ടെ. ഞാൻ ബ്രാഹ്മണകുലത്തിലാണ് ജനിച്ചത് ട്ടോ.നല്ല ഒന്നാന്തരം നമ്പൂതിരി കുടുംബത്തിൽ. വിവാഹം കഴിച്ചതും ഒരു ആഢ്യബ്രാഹ്മണനെ.അതിൽ ഞാൻ വളരെ അഭിമാനിക്കുന്നു. എന്താണെന്നോ ഫെയ്സ്ബുക്കേ.കേരളത്തിലെ നമ്പൂതിരിമാർ വളരെ ശുദ്ധരാണ് പൊതുവേ.ഞങ്ങളുടെ കഴിഞ്ഞ തലമുറ പ്രത്യേകിച്ചും. ''

സംഗതി വൈറലായി. മതതീവ്രവാദിയായ ശൈലജ ടീച്ചർ താടിയ്ക്കു കയ്യും കൊടുത്തിരിപ്പായി.അനുകൂലിച്ചും ഒരു പാടു കമന്റു വന്നൂ ട്ടൊ. പക്ഷേ, മനസ്സിൽ കൊള്ളുക ചീത്ത പറയുമ്പോഴല്ലേ. ഒരു പാടു കേട്ടു ചീത്ത. ഈ വയസ്സിനിടയിൽ ഇതു വരെ കേൾക്കാത്ത വിധം. ലോകത്ത് ഇടപെടുമ്പോൾ കുറച്ചധികം ശ്രദ്ധിക്കണം ന്ന് എനിക്ക് മനസ്സിലായി. ചിരകാല സുഹൃത്തുക്കളാണ് ഇതിന്റെ പേരിൽ മുഖം കറുപ്പിച്ചത്. എന്നെ അമ്മയെപ്പോലെ സ്നേഹിച്ച പ്രിയപ്പെട്ട ശിഷ്യന്മാർ പോലും വിഷപ്പാമ്പെന്നും വർഗ്ഗീയ വാദിയെന്നും വിളിച്ചപ്പോൾ സഹിക്കാനായില്ല.

വേറെയും ചിലരുണ്ട് ട്ടോ. ദുബായിയിൽ നിന്ന് ഒരു ശിഷ്യൻ വിളിച്ചു - ടീച്ചറേ, ആ പോസ്റ്റ് പേഴ്സണൽ ആക്കൂ .ടീച്ചറെ ഇങ്ങനെ ചീത്ത പറയുന്നത് കേൾക്കാൻ വയ്യ.ഇതാണ് ആ കുട്ടി പറഞ്ഞത്.

ഏട്ടന്റെ മകൻ ബറോഡയിൽ നിന്നു വിളിച്ചു - ഇച്ചമ്മേ, അതു ഡിലീറ്റാക്കൂ.വയ്യ ഇതു കാണാൻ... എന്നെ ആളുകൾ ചീത്ത പറയുന്നത് കാണാനും കേൾക്കാനും അവന് വയ്യ.

ഒരു സ്നേഹിതൻ എഫ്ബി അക്കൗണ്ടേ ക്ളോസ് ചെയ്തുവത്രെ എന്നെ ചീത്ത പറയണതു കേട്ടിട്ട്.

അവരെ വേദനിപ്പിക്കണ്ട. ഞാനാ പോസ്റ്റ് ഡിലീറ്റാക്കി.ഇതൊക്കെ അഞ്ചാറു ദിവസത്തിനുള്ളിൽ കഴിഞ്ഞു.....

അതിനിടെ ആയിരക്കണക്കിന് ആളുകളാണ് എഫ്.ബിയിൽ വന്ന് ചീത്ത പറഞ്ഞ് പോയത്. ഞാൻ മുഴുവൻ കമൻറുകളും വായിച്ചില്യാട്ടോ. അതു വായിച്ചാലറിയാലോ എഴുതിയവരുടെ സംസ്കാരം. അടുത്ത വീട്ടുകാരും അറിയുന്ന നാട്ടുകാരും ഒന്നും ആക്ഷേപിച്ചില്ല. ബന്ധുക്കളും അനുകൂലമായിരുന്നു.പക്ഷെ ഈ വയ്യാവേലിക്കൊന്നും പോണ്ട എന്ന് സ്നേഹമുള്ളവർ പറഞ്ഞു. പറയാൻ കൊള്ളാത്ത വിശേഷണങ്ങൾ ചേർത്താണ് ചിലർ പോസ്റ്റിട്ടത്.

ദൂരെയുള്ളവരാണ് അധികം പ്രതികരിച്ചത്.പഠിച്ചിച്ചവരിൽ റസാക്ക് എന്നൊരു കുട്ടി പറഞ്ഞു - ടീച്ചറെപ്പറ്റി ഇങ്ങനെയല്ല വിചാരിച്ചത് .റസാക്കേ എന്നു ടീച്ചർ വിളിയ്ക്കുമ്പോൾ ഉമ്മയുടെ സ്നേഹം അനുഭവിച്ചിരുന്നു എന്ന്.


ഞാൻ മറുപടി എഴുതി.എഫ്.ബി വഴി തന്നെ. ഇന്നും ഞാൻ അങ്ങനെ തന്നെ നിന്നെ സ്നേഹിക്കുന്നുണ്ടല്ലോ റസാക്കേ. എന്ന്.

പിന്നെ വേറൊരു ശിഷ്യനും വളരെ ശക്തമായ രീതിയിൽ പ്രതികരിച്ചു. അതെന്നെ വളരെ ദുഃഖിപ്പിക്കുകയും ചെയ്തു. എന്റെ ഏറ്റവും പ്രിയശിഷ്യനായിരുന്നു അയാൾ.

## കെ.പി.ശൈലജ

ഗൃഹലക്ഷ്മി വനിതകൾക്കായി നടത്തിയ ചെറുകഥാ മത്സരത്തിൽ ഒന്നാം സ്ഥാനം. എൻ.ബി.എസ് ഇറക്കിയ യശോദ മൂന്ന് കവിതാ സമാഹാരങ്ങൾ.ഒരു ശ്ലോകസമാഹാരവും ഇറക്കി. ഏതാണ്ട് രണ്ടരക്കൊല്ലമായിഎന്നും പലർക്കും സുപ്രഭാത ശ്ലോകങ്ങൾ അയക്കാറുണ്ട്. വാട്ട് സാപ്പിലൂടെ നല്ല പ്രതികരണമാണ് കിട്ടുന്നത്.

മാതൃഭൂമി ആഴ്ചപ്പതിപ്പ്. മലയാള മനോരമയുടെ വാരാന്ത്യപ്പതിപ്പ്, ദേശാഭിമാനി, ജനയുഗം മുതലായ ചില വാരികകൾ എന്നിവയിൽ കവിതകളെഴുതി. ഈയിടെ മകൻ ജോലി ചെയ്യുന്ന ബോത്സ്വാന എന്ന ആഫ്രിക്കൻ നാട്ടിലേക്ക് പോയതിന്റെ യാത്രാ വിവരണം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഇറക്കി.
https://www.facebook.com/100002311600628/posts/1713288835424820/?app=fbl
ഫേസ് ബുക്ക് ലിങ്ക് ഇതാണ്
മൊബൈൽ : 9946331863



കെ.പി.ശൈലജയുടെ ഒരു പുസ്തകം



'' അന്നും ഇന്നും എന്നും എത്രയും പ്രിയപ്പെട്ട ടീച്ചറോട്...ആദ്യമേ പറയട്ടെ.

ടീച്ചറുടെ പോസ്റ്റിനോട് വൈകാരികമായി തന്നെ പ്രതികരിച്ചതിനെ കുറിച്ച്.ആ പ്രതികരണം തികച്ചും രാഷ്ട്രീയ കാരണങ്ങളാലാണ്.ബോധപൂർവ്വം ചില അപരത്വങ്ങൾ സൃഷ്ടിച്ചെടുക്കുക.എന്നിട്ട് അതിനോട് കലഹിക്കുക എന്നത് ക്ലാസിക്കൽ ഫാസിസത്തിന്റെ കാലത്ത് ഇറ്റലിയിൽ മുസോളിനിയും ജർമ്മനിയിൽ ഹിറ്റ്ലറും സ്പെയിനിൽ ഫ്രാങ്കോയും പയറ്റിയ തന്ത്രമാണെന്നു വായിച്ചിട്ടുണ്ട് .ഇന്ത്യയിൽ ഇതേ തന്ത്രം പയറ്റുന്നത് സംഘപരിവാറാണ്.പാക്സ്ഥാൻ എന്ന അപരത്വം.മുസ്ലീം എന്ന അപരത്വം.പള്ളികളുടേയും ചർച്ചുകളുടേയും കണക്കുകൾ.അങ്ങിനെയങ്ങനെ പലതും.പലപ്പോഴും ഈ പ്രചരണത്തിൽ വീണു പോയിട്ടുള്ളത് ടീച്ചറുൾപ്പെടെയുള്ള സാധുക്കളാണ്.അത് കൊണ്ടാണു ടീച്ചർക്ക് പെട്ടെന്നു മുസ്ലീം പള്ളികളുമായി താരതമ്യം ചെയ്യാൻ തോന്നുന്നത് എന്നാണു ഈ പ്രിയ ശിഷ്യന്റെ രാഷ്ട്രീയ വായനയിൽ തോന്നിയിട്ടുള്ളത്..

നമ്മുടെ പൊതു ഇടങ്ങളെല്ലാം മത ചിഹ്നവിമുക്തമാവുകയും മുഴുവൻ ജനതയും മതേതരാവുകയും ചെയ്യണം എന്നാഗ്രഹിക്കുന്ന ഈ ശിഷ്യന് മലയാളം മാഷും ശൈലജ ടീച്ചറും ഒക്കെ ഏതെങ്കിലും മതാചാരങ്ങൾ മാത്രം സംരക്ഷിക്കാൻ ഇറങ്ങി പുറപ്പെടുന്നത് സങ്കൽപ്പിക്കാൻ കഴിയുന്നതായിരുന്നില്ല..അത് കൊണ്ടാണ് ടീച്ചർ പ്രതികരിച്ചത്.

വീണ്ടും പറയാനുള്ളത് രാഷ്ട്രീയം തന്നെയാണു ടീച്ചർ. ഇന്ത്യൻ സാഹചര്യത്തിൽ ഒന്നാമതായി എതിർക്കേണ്ടത് സംഘപരിവാറിന്റെ സവർണ്ണ വർഗ്ഗീയത തന്നെയാണെന്നതിൽ യാതൊരു സംശയവുമില്ല.സവർണ്ണ വർഗ്ഗീയതക്ക് കിട്ടുന്ന 'സാംസ്കാരിക സഹായം' ഇന്ത്യയിൽ മറ്റൊന്നിനും ലഭിക്കുന്നില്ലെന്നും സവർണ്ണ വർഗ്ഗീയത അത്രക്ക് വേരോടികഴിഞ്ഞെന്നും ഞാൻ പറഞ്ഞ് തരേണ്ട ആവശ്യമില്ലല്ലൊ ടീച്ചർ..

ടീച്ചറോട് വാദിച്ച് ജയിക്കാനല്ല ഇത്രയും നീട്ടി വലിച്ച് എഴുതിയത്..ടീച്ചർ പകർന്നു തന്ന അക്ഷരമാകുന്ന അഗ്നിയെ എന്നും ബഹുമാനിക്കുന്നു..ആ അക്ഷരങ്ങൾ പകർന്നു തന്ന യുക്തിചിന്തയെ സ്നേഹിക്കുന്നു..ഇന്നും പുതിയത് പഠിച്ച് കൊണ്ടേ ഇരിക്കുന്നു..ഒരുപാട് ഗുരുക്കന്മാരിലൂടെ. എന്ന്, കടുത്ത രാഷ്ട്രീയ വിയോജിപ്പോടെ, തികഞ്ഞ സ്നേഹത്തോടെ, പ്രിയ ശിഷ്യൻ.

ഇങ്ങനെ പോവുന്നു ആ ശിഷ്യന്റെ പ്രതികരണം.

**സാധാരണ ഞാൻ എഴുതുന്നതിന് നല്ല പ്രതികരണമാണ് ഉണ്ടാവാറ്. ഇത് ഞാൻ ഒട്ടും വിചാരിക്കാത്ത രീതിയിലായിപ്പോയി. എന്നെ ഒരു മതതീവ്രവാദിയാക്കി മുദ്ര കുത്തും വരെ കാര്യങ്ങളെത്തി.**
**എനിക്ക് അത്തരം ചിന്തകളില്ലെന്ന് എന്നെ അടുത്തറിയുന്ന എന്റെ നാട്ടുകാർക്കും ശിഷ്യന്മാർക്കും അറിയാമെന്നായിരുന്നു എന്റെ വിശ്വാസം. എന്നാൽ ആ വിശ്വാസം പോലും അസ്ഥാനത്തായി.**

സാധാരണ ഞാൻ എഴുതുന്നതിന് നല്ല പ്രതികരണമാണ് ഉണ്ടാവാറ്. ഇത് ഞാൻ ഒട്ടും വിചാരിക്കാത്ത രീതിയിലായിപ്പോയി. എന്നെ ഒരു മതതീവ്രവാദിയാക്കി മുദ്ര കുത്തും വരെ കാര്യങ്ങളെത്തി.

എനിക്ക് അത്തരം ചിന്തകളില്ലെന്ന് എന്നെ അടുത്തറിയുന്ന എന്റെ നാട്ടുകാർക്കും ശിഷ്യന്മാർക്കും അറിയാമെന്നായിരുന്നു എന്റെ വിശ്വാസം. എന്നാൽ ആ വിശ്വാസം പോലും അസ്ഥാനത്തായി.

എഫ്.ബി ഇപ്പോഴും ഉണ്ട്.പക്ഷേ അതിൽ ചുരുക്കമായേ എഴുതാറുള്ളൂ. വാട്സാപ്പിൽ അനവധി സുഹൃത്തുക്കളുണ്ട്. അതൊരു സന്തോഷമാണ്. യുട്യൂബ് ഉപയോഗിയ്ക്കണമെന്നുണ്ട്. കവിത ചൊല്ലാൻ. ഒരു സ്റ്റാർട്ടിംഗ് ട്രബിൾ.. ഞങ്ങൾക്ക് പ്രിയപ്പെട്ട ഒരു കുട്ടിയുണ്ട്.നിരഞ്ജൻ.അസ്സലായി പാടും.അവൻ യൂ ട്യൂബിൽ പാടിയ പാട്ടുകൾക്ക് ഞാൻ ഒരു അവതരണം കൊടുക്കുകയുണ്ടായി.

എഫ്.ബി യാവുമ്പോൾ നാം വിചാരിയ്ക്കാത്ത മാനങ്ങൾ വന്നുചേരാം. അതു കൊണ്ട് വലിയ ശ്രദ്ധ വേണം. ഞാൻ ഒരു ടീച്ചറായിരുന്നു എന്നു പറഞ്ഞുവല്ലൊ.എനിക്ക് വലിയൊരു ശിഷ്യസമ്പത്തും സുഹൃദ് വലയവുമുണ്ട്. അവരുമായി സംവദിക്കാൻ സഹായിക്കുന്നത് ലോകമാണ്. അതു കൊണ്ട് എനിക്കതിനെ വലിയ ഇഷ്ടമാണ്. സമയം കുറെ വേണമെന്നു മാത്രം.

ഇ ലോകത്തെ വിഷമം എന്താണെന്നു വെച്ചാൽ പബ്ളിക് ആയാൽ ആർക്കും കയറി എന്തും പറയാം എന്നൊരു മട്ടുണ്ടല്ലോ.ഫ്രണ്ട് റികസ്റ്റ് ഒക്കെ വളര ശ്രദ്ധിച്ചുചെയ്യേണ്ടതാണല്ലൊ.

ഞങ്ങളെപ്പോലെ കുഴിയിലേക്കു കാലും നീട്ടിയിരിക്കുന്നവർക്ക് അതൊരു പൊല്ലാപ്പാണ്.

ചെറുപ്പക്കാരായ കുട്ടികൾ വളരെ ശ്രദ്ധിച്ചുപയോഗിക്കുകയും വേണമല്ലൊ .പ്രേമത്തിനും തീവ്രവാദത്തിനും പരസ്യത്തിനും ചുക്കിനും ചുണ്ണാമ്പിനുമൊക്കെ ഒരു വിരൽത്തുമ്പു മതിയല്ലോ.

പലരും വായിക്കാനും ഇ തന്നെ തിരഞ്ഞെടുക്കുന്നു. എനിക്കതു വയ്യേ! പുത്തൻ പുസ്തകത്തിന്റെ ആ വാസന അറിഞ്ഞുള്ള വായന– കൈകളിലെ കടലാസ്സിന്റെ തൊട്ടുരുമ്മൽ – ഇ വായന ആ വായനയോളം വരില്ല ●



ബുക്കേ.ആദ്യം തന്നെ ഒന്നു പറയട്ടെ.ഞാൻ ബ്രാഹ്മണ കുലത്തിലാണ് ജനിച്ചത് ട്ടോ. നല്ല ഒന്നാന്തരം നമ്പൂതിരി കുടുംബത്തിൽ .വി വാഹം കഴിച്ചതും ഒരു ആഢ്യ ബ്രാഹ്മണനെ. അതിൽ ഞാൻ വളരെ അഭിമാനിയ്ക്കുന്നു. എന്താണെന്നോ ഫെയ്സ് ബുക്കേ.കേരളത്തിലെ നമ്പൂതിരിമാർ വളരെ ശുദ്ധരാണ് പൊതുവെ .
ഞങ്ങളുടെ കഴിഞ്ഞ തലമുറ പ്രത്യേകിച്ചും. കുളി, തേവാരം, ഊണ് ,ഉറക്കം -അവരുടെ ദിവസങ്ങൾ അങ്ങനെ പോയി.കാലം കൊണ്ടുണ്ടായ അനാചാരങ്ങൾ ഉണ്ടായിരുന്നു ട്ടോ.സംബന്ധം, തീണ്ടല്, തൊടീല്, ബഹുഭാര്യാത്വം എന്നിങ്ങനെ. അതൊക്കെ എല്ലാ ജാതിയിലും മതത്തിലും ഉണ്ടായിരുന്നു എന്നു തോന്നുന്നു. എന്റെ FB യേ നീ ആ അരനാഴികനേരം ഒന്നു

*ഇതാണ് വിവാദകരമായ ആ ഫേസ് ബുക്ക് പോസ്റ്റ്*

# ചോദിയ്ക്കൂ പറയാം



*സഹവർത്തിത്വം ഗ്രൂപ്പ് പ്രവർത്തകർ*





## ഇ- സഹവർത്തിത്വം



**കണ്ടമംഗലം വിനീത്**

പവിത്രം മോതിരവിരലിൽ ഇടുന്നതിന്റെ ഉദ്ദേശ്യമെന്താണ് ? ആരെങ്കിലും ചോദിച്ചു എന്നു വയ്ക്കുക.കൃത്യമായി അറിയില്ല അന്വേഷിച്ചിട്ട് നാളെ പറയാമെന്ന് പറയേണ്ടി വരും.

ഇനി അങ്ങനെ വേണ്ട. സഹവർത്തിത്വം വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ഇതു പോലുള്ള എല്ലാ സംശയങ്ങളും പോസ്റ്റാം. ഒട്ടും വൈകാതെ ആധികാരികമായി മറുപടി കിട്ടും.

ആരൊക്കെയാ അതിന്റെ അഡ്മിൻ പാനൽ ? എന്താ ഗ്രൂപ്പിന്റെ ഉദ്ദേശം ?എങ്ങനെയാ ഗ്രൂപ്പ് ആരംഭിച്ചത് ?

ഇങ്ങനെ ഗ്രൂപ്പിനെപ്പറ്റിയാവും ഇനി സംശയമെങ്കിൽ അതിന് ഇവിടെ മറുപടി നൽകാം.

രണ്ടു വർഷം മുമ്പാണ്. അത്താഴപൂജ കഴിഞ്ഞ് നട അടച്ച് ഇല്ലത്തേക്ക് പോരുന്ന വഴിക്കാണ് ചെങ്ങൽപാറ മന ഉണ്ണി കണ്ടമംഗലത്തിനെയും ചെറുവള്ളിയെയും കാണുന്നത് .

'അതേ ഇന്ന് ഒരു വിദ്വാൻ ചോദിക്ക്യാ .അല്ല തിരുമേനി നിങ്ങള് ഈ അമ്പലത്തിൽ മണി മുട്ടി തട്ടി മറിക്കുന്നതിലൊക്കെ വല്ല കാര്യവുമുണ്ടോ ?നിരീശ്വരവാദിയാണ് ന്ന് തോന്നുന്നു ആ വിദ്വാൻ?'

'അല്ല ചെറുവള്ളി, ആള് നിരീശ്വരവാദിയാണങ്കിലും പറഞ്ഞതിൽ ഒരു കാര്യമില്ലേ ?

പൂജ ചെയ്യാറുണ്ടെങ്കിലും അതിന്റെയൊക്കെ തത്ത്വം മുഴുവൻ നമുക്കറിയില്ലല്ലോ '

ഇക്കാലത്തു നമ്പൂരിയ്ക്കിട്ട് രണ്ടടി കൂടുതൽ കൊടുക്കുന്നവരല്ലേ എല്ലാരും. കാര്യമാക്കണ്ട എന്ന് കരുതി വിട്ടു. എന്നാലും ഇതിനെ കുറിച്ച് മൂന്നാളും രണ്ടു മൂന്ന് ദിവസം നന്നായി ആലോചിച്ചു.

അങ്ങനെ വീണ്ടും കണ്ടുമുട്ടി. ഒരു പോംവഴിയാലോചിച്ചു. ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് തുടങ്ങാം. അതിൽ നമുക്കറിയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം. അറിവുള്ളവരെ ചേർത്താൽ പോരേ? പഠിക്കുകയുമാവാം സംശയവും തീർക്കാം .

അതാണ് സഹവർത്തിത്വം


കുറച്ച് ദിവസങ്ങൾക്ക് ശേഷം ....

ഗ്രൂപ്പൊക്കെ ആയി. അറിയാത്ത കാര്യങ്ങൾ പറഞ്ഞ് തരാൻ ആചാര്യൻമാർ വേണ്ടേ ?പിന്നെ അതിനെ കുറിച്ചായി ആലോചന.ഒന്ന് രണ്ട് പേരെ വിളിച്ചു. സമ്മിശ്ര പ്രതികരണമാണ് കിട്ടിയത്.

മന്ത്രങ്ങളൊക്കെ വാട്സാപ്പിലൂടെയോ?.ഇത് കൊണ്ടെക്കെ വല്ല കാര്യമുണ്ടോ?ഇത്തരം കാര്യങ്ങളൊക്കെ പാരമ്പര്യമായിട്ടെ പഠിക്കാവൂ ... നന്നായി അറിവിന്റെ വേദിയാകട്ടെ ഈ ഗ്രൂപ്പ്.എന്നെയും ചേർത്തോളൂ. കൂടുതലായിട്ടൊന്നും അറിയില്ല അറിയുന്നത് പറയാം .

സമൂഹത്തിൽ പ്രവർത്തിക്കുന്ന സംഘടന ലക്ഷ്യം വക്കേണ്ടത് വരും തലമുറയെയാണ്. അതിന് ആധുനിക വിദ്യാഭ്യാസം മാത്രം പോരാ.മറ്റു ചിലത് കൂടി വേണം. അവിടെയാണ് സഹവർത്തിത്വത്തിന്റെ പ്രസക്തി. നമുക്ക് സ്പിരിച്വാലിറ്റിക്ക് ഒരു കുറവുമില്ല.എന്നാൽ സ്പിരിറ്റ് (ആത്മശക്തി) യാണ് നമ്മുടെ ചെറുപ്പക്കാർക്ക് വേണ്ടത്.

**– പൂമുള്ളി നാരായണൻ നമ്പൂതിരിപ്പാട്.**



നെഗറ്റീവ് അഭിപ്രായങ്ങൾ തുടക്കത്തിൽ ഉള്ളതാ അത് കാര്യമാക്കേണ്ട നമുക്ക് സഹവർത്തിത്വതോടെ മുന്നോട്ട് പോകാം ...

എന്നാൽ ,ഗ്രൂപ്പിന്റെ പേര് സഹവർത്തിത്വം എന്നാക്കാം .

മാസങ്ങൾ മുന്നോട്ട് പോയി. യാദൃച്ഛികമായി ഒരു ഗ്രൂപ്പിൽ ബലിക്കല്ലുകളെ പറ്റി പറയുന്ന ഒരു മാസ്റ്റർ ബ്രെയിൻ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹത്തിന്റെ ഫോൺ നമ്പറും തപ്പിയെടുത്തു. ഒന്ന് രണ്ടു ദിവസത്തെ പരിശ്രമത്തിനൊടുവിൽ ലൈനിൽ കിട്ടി. ആൾ ഫുൾ ടൈം വിദേശത്താണത്രേ. എന്നാലും വട്സപ്പിനു ബുദ്ധിമുട്ട് ഉണ്ടാകില്ലല്ലോ.

അങ്ങനെ പ്രവീൺ പാലക്കോളിന്റെ ഷഡ് പീഠപൂജ തത്ത്വ വിശകലനം ഗ്രൂപ്പിൽ ആരംഭിച്ചു. എട്ട് മാസത്തോളം വേണ്ടി വന്നു കഴിയാൻ .എന്നിട്ടും മുഴുവൻ ചർച്ച ചെയ്യാൻ കഴിഞ്ഞില്ല എന്നാ അംഗങ്ങളുടെ അഭിപ്രായം .

ഗ്രൂപ്പ് നിറഞ്ഞു ഇനിയും കുറച്ച് പേരെ ചേർക്കാനുണ്ട് എന്ത് ചെയ്യും ? ഒരു കാര്യം ചെയ്യാം ഇത് വരെ മൗനവ്രതമനുഷ്ഠിച്ചവരെ ക്രിയാപണം നൽകി മടക്കി അയക്കാം .ചർച്ചയ്ക്കിടെ ഹായ്... ഭായ്... കൂയ് ... ഫോർവേഡ് എല്ലാം വരുന്നുണ്ട് അവർക്കും കൂടി ദക്ഷിണ നൽകാൻ മറക്കേണ്ട.

വാമൊഴിയിലൂടെ പകർന്നു വന്ന മന്ത്രാർത്ഥങ്ങൾ വാട്സാപ്പിലൂടെ എത്രത്തോളം പറ്റുമെന്ന സംശയമായിരുന്നു പലർക്കും .

മറ്റൊരു പ്രതിസന്ധി പ്രായമായ പലർക്കും വാട്സ് ആപ്പ് ഇല്ലെന്നതാണ് . ദിവസവും ഒരോ വിഷയങ്ങൾ അവതരിപ്പിച്ചു. ചിലത് അറിയാവുന്നത്. മറ്റു ചിലത് പുതിയത്. വേറെ ചിലത് ഇപ്പോഴും അന്വേഷിച്ചു കൊണ്ടിരിക്കുന്നു .

ഷോഡശ സംസ്ക്കാരത്തെ കുറിച്ച് ഉള്ള ചർച്ചയ്ക്ക് ശേഷം ഒരു ആശയം ഉണ്ടായി വേളി നടക്കുന്ന സ്ഥലങ്ങളിൽ വേളി ക്രിയകളുടെ തത്ത്വങ്ങൾ ഡിജിറ്റൽ പ്രിന്റ് ആയി പ്രദർശിപ്പിക്കുക.എന്നാൽ പലർക്കും പ്രയോജനമാവും. ഇങ്ങനെ പുതിയ ആശയങ്ങളും ചർച്ചക്കു വരുന്നു.

പൂജാതത്ത്വം ,പ്രായശ്ചിത്തങ്ങൾ ,പരശുരാമ കല്പ സൂത്രം ,ഹോമ തത്ത്വങ്ങൾ ,ഷോഡശ സംസ്ക്കാരങ്ങൾ, പ്രപഞ്ചസാര സംഗ്രഹം ,ക്ഷേത്ര കലകൾ ,നിത്യാനുഷ്ഠാനങ്ങൾ ,അന്തർജ്ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ തുടങ്ങി പലതും ഇത് വരെ ഗ്രൂപ്പിൽ ചർച്ചയായി.

സഹവർത്തിത്വം എന്ന പ്രധാനഗ്രൂപ്പിന് ഉപഗ്രൂപ്പുകളുമുണ്ട്.

അന്തർജ്ജനം ഗ്രൂപ്പിൽ സന്ധ്യാസമയത്ത് നാമം ജപം കേൾക്കാം.



*സഹവർത്തിത്വം രണ്ടാം വാർഷികത്തിൽ ചെറുതയൂർ വാസുദേവൻ നമ്പൂതിരിക്ക് ഓണവില്ല് നൽകി ആദരിച്ചപ്പോൾ*

## ഗ്രൂപ്പിൽ ചേരാൻ എന്തു ചെയ്യണം

പേര് ,വേദം, ഗോത്രം ,ഇല്ലം അമ്മാത്ത് തുടങ്ങിയ വിവരങ്ങൾ സഹവർത്തിത്വത്തിന്റെ പേരിൽ ഓൺലൈൻ ഫോമിലൂടെയോ ,അല്ലങ്കിൽ അഡ്മിൻ മാരുടെ വാട്സ് ആപ്പ് നമ്പറിലേക്ക് മേൽ പറഞ്ഞ ഫോർമാറ്റിൽ മെസേജ് അയക്കുകയോ ചെയ്യുക വെരിഫിക്കേഷൻ ചെയ്താൽ ഗ്രൂപ്പിൽ അംഗമാക്കും




പരികർമ്മം ഗ്രൂപ്പിലാണെങ്കിൽ ശാന്തിക്കാരെ അന്വേഷിച്ചുള്ള സന്ദേശങ്ങളാണ് .

എല്ലാവരും പരിചയമില്ലെങ്കിലും സഹവർത്തിത്വത്തോടെ ഒരു കുടുംബമെന്നോണം ചർച്ചകളിൽ പങ്കെടുക്കുന്നു

പാറമന ഉണ്ണിയേട്ടന്റെ സൗഹൃദ സംഭാഷണത്തിൽ തുടങ്ങിയ ആശയം നമ്പൂതിരിമാരെ ഹൈടെക് ആക്കി മാറ്റി .ഒടുവിൽ ട്രസ്റ്റ് ആയി മാറി .2016ൽ ഇൻസ്റ്റാൾ ചെയ്ത സഹവർത്തിത്വം പ്രോഗ്രാം ഡെവലപ്പർമാരായി ചെങ്ങൽ പാറമന ഉണ്ണികൃഷ്ണൻ നമ്പൂതിരി,ഇളമ്പക്കാട് പരമേശ്വരൻ നമ്പൂതിരി, ചെറുതയ്യൂർ വാസുദേവൻ നമ്പൂതിരി,പാലക്കോൾ പ്രവീൺ നമ്പൂതിരി,കണ്ടമംഗലം വിനീത് നമ്പൂതിരി,വാക്കാട് ഗിരീഷ് മാധവൻ നമ്പൂതിരി,ഹോരക്കാട് വിഷ്ണു നമ്പൂതിരി,വിനോദ് കുമാർ നമ്പൂതിരി,കണ്ണൻ പോറ്റി,ചെറുവള്ളി ശ്രീകുമാർ നമ്പൂതിരി എന്നിവർ നിയോഗിക്കപ്പെട്ടു .

ആ മോതിര വിരലിനുള്ള സംശയം ഗ്രൂപ്പിൽ പോസ്റ്റിയപ്പോൾ വന്ന മറുപടി ഇതാണ്:

അമൃതിന്റെ സ്ഥാനം മോതിരവിരലിനാണ്, അതുകൊണ്ട് ആണ് ജല മുദ്ര ആയി മോതിരവിരൽ കണക്കാക്കുന്നത്. അതുകൊണ്ട് ആണ് മോതിരവിരൽ തൊട്ട് വലതു കിണ്ടിയിലെ ജലം സംസ്കരിക്കുന്നത് (അമൃതീകരിക്കുന്നത് ) പവിത്രമായ അമൃതവർഷം ആ വിരലിലൂടെ മറ്റു ഭൂതങ്ങളെയും ചേർത്ത് ഒഴുകുന്നത് (ഒഴുകാനുള്ള കഴിവ് ജലത്തിനെ ഉള്ളൂ )കൊണ്ടാകാം പവിത്രം മോതിരവിരലിൽ ഇടുന്നത് എന്ന് തോന്നുന്നു.

വാട്ട്സ്അപ്പ് ഗ്രൂപ്പ് ഇല്ലാത്തപ്പോഴും ഇത്തരം സംശങ്ങൾ ഉണ്ടാവും . എന്നാൽ ഉത്തരം കിട്ടണമെങ്കിൽ ഉചിതമായ ഒരു പണ്ഡിതനെ കണ്ടെത്തേണ്ടി വരും. എന്നാൽ ഇപ്പോൾ വേഗത്തിലും ആധികാരികയമായും ഒരു സംശയത്തിനു മറുപടി കിട്ടുന്നു. ക്വോറ പോലുള്ള ഓൺലൈൻ ലോകങ്ങൾക്ക് സമാനമാണ് നമ്പൂതിരമാർക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഈ വാട്ട്സ് ആപ്പ് ഗ്രൂപ്പ്. ഇതിൽ തന്ത്രിമാരും വൈദികരും ഓയ്ക്കൻമാരും എല്ലാമുണ്ട്. ഒരു വിധത്തിലുള്ള എല്ലാ സംശയങ്ങൾക്കും ഓൺലൈൻ മറുപടിയും കിട്ടും.

മൊബൈൽ 84650 79001

●






ഇ- ഫാക്കൽട്ടി

സജിത മങ്ങത്തായ


**ബി.ടെക് : സ്വശ്രയ കോളേജായ അൽ അമീൻ**

**എം.ടെക്: സി.ഇ.ടി തിരുവനന്തപുരം**

**അസി.പ്രൊഫസർ: എൻ.ഐ.ടി കോഴിക്കോട്**

**പി.എച്ച്.ഡി: ഐ.ഐ.ടി മുംബയ്**

**ഇപ്പോൾ : ബിറ്റ്സ് പിലാനിയിൽ ഫാക്കൽട്ടി**

## സ്വാശ്രയത്തിൽ പഠിച്ചാലും ഇങ്ങനെയൊക്കെ ആവാം

# ടെക്നോളജിയുടെ ടെക്നിക്

ഡോ. എ.എം.അനീഷ്, അസി. പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മെക്കാനിക്കൽ എൻജിനിയറിംഗ്, ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി ആന്റ് സയൻസ്, പിലാനി.

വെബ്സൈറ്റിൽ നിന്നു കിട്ടിയ വിവരങ്ങൾ വച്ച് ഡോ.എ.എം. അനീഷിനെ വിളിച്ചപ്പോൾ മറുപുറത്തു നിന്ന് ഓപ്പോളേ എന്ന മറുപടി.അതോടെ സംഭാഷണം ഹൃദ്യമായി.ആ ഒരു വിളി നമ്പൂതിരിക്കാർക്ക് അടുപ്പം കൂട്ടുമല്ലോ.

ഇന്ത്യയിലെ ആദ്യ പത്തിനുള്ളിൽ വരുന്ന എഞ്ചിനീയറിങ്ങ് സ്ഥാപനമാണ് ബിറ്റ്സ് പിലാനി.ആറു ലക്ഷത്തോളം വിദ്യാർത്ഥികൾ എഴുതുന്ന പരീക്ഷയിൽ നിന്ന് 1100 പേർക്കു മാത്രം പ്രവേശനം ലഭിയ്ക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനം.അവിടത്തെ ഫാക്കൽട്ടിയാണ് അനീഷ്.

ചില്ലറക്കാരനല്ല.പോരാത്തതിന് മുംബയ് ഐ.ഐ.ടിയിൽ നിന്ന് പി.എച്.ഡിയും.

ഒരുപാടുണ്ട് അനീഷിന് പറയാൻ. പ്രത്യേകിച്ച് പഠിക്കുന്ന കുട്ടികളോട്.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ഒരിയ്ക്കലും പാഴായിപ്പോകുന്ന ഒന്നല്ല. പണ്ടത്തേതു പോലെ ഒരു സ്ട്രീമിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥിയുടെ പഠനം. വിജ്ഞാനത്തിന്റെ ആവശ്യങ്ങളുടെ അനന്ത സാധ്യതകളിലേയ്ക്ക് മനസ്സിനെ / ബുദ്ധിയെ തുറന്നു വിടുന്ന ഒരനുഭവമാണ് നല്ല എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥിയ്ക്കു ലഭിയ്ക്കുന്നത്. പണ്ടത്തെപ്പോലെ ഒരു ശാഖയിൽ ബിരുദം ലഭിയ്ക്കുന്ന വിദ്യാർത്ഥിയക്ക് ആ വിഷയത്തിൽ മാത്രമല്ല പ്രാവീണ്യം ലഭിയ്ക്കുന്നത്. കോഴ്സ് കഴിയുമ്പോഴേയ്ക്കും വിദ്യാർത്ഥി ഇന്റർ ഡിസിപ്ളിനറി ആയി മാറും. മൈനർ ഡിഗ്രി, ഇൻട്രാ ആന്റ് ഇന്റർ ഡിപ്പാർട്ട്മെൻറൽ ഇലക്ടീവ് കോഴ്സസ് എല്ലാം അതിനായി ഡിസൈൻ ചെയ്യപ്പെട്ടവയാണ്. ഉദാ:- മെക്കാനിക്കൽ എഞ്ചിനീയറിംഗിനു ചേരുന്ന ഒരാൾ മൂന്നാം വർഷം മുതൽ പഠിയ്ക്കുന്നത് അതേ സ്ട്രീമിലെ അഡ്വാൻസ്ഡ് കോഴ്സുകൾ, അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് കോഴ്സസ് ആവാം അല്ലെങ്കിൽ ഫിസിക്സ്, കെമിസ്ട്രി പോലുള്ള സയൻസും ആവാം. എഞ്ചിനീയറിംഗിന്റെ കൂടെ കലയും ശാസ്ത്രവും ആവാം. എവിടെപ്പോയാലും അയാൾ/ അവൾ അടിസ്ഥാനപരമായി ഒരു എഞ്ചിനീയർ ആയിരിയ്ക്കും. അതേ സമയം മറ്റു ശാഖകളിൽ നിന്നും ലഭിയ്ക്കുന്ന വിവരങ്ങൾ ജ്ഞാനത്തെ സമ്പുഷ്ടമാക്കും. പണ്ട് ഒരു മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് കഴിഞ്ഞിറങ്ങുന്ന 100 കുട്ടികളും 4-5 തരക്കാരായിരുന്നെങ്കിൽ ഇന്ന്.. ഓരോരുത്തരും യുണീക് ആയ മെക്കാനിക്കൽ എഞ്ചിനീയർമാരായാണ് പുറത്തു വരുന്നത്.

പട്ടാമ്പിയ്ക്കടുത്ത് ഞാങ്ങാട്ടിരിയിൽ അക്കൂരത്തു മനയിൽ ഡോക്ടർ നാരായണൻ നമ്പൂതിരിയുടെയും പെരിങ്ങോടു സ്കൂളിൽ നിന്നു പ്രധാനാധ്യാപികയായി വിരമിച്ച ഭാവന ടീച്ചറുടെയും രണ്ടാമത്തെ മകനാണ് അനിഷ്. ഏട്ടൻ, ഡോക്ടർ അനൂപ്.എ.എം. വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ അസി.പ്രൊഫസർ. (യഥാർത്ഥ പേരു പോലും വിദ്യാർത്ഥികൾ ഓർമ്മിയ്ക്കാത്ത ഞാങ്ങാട്ടിരിയുടെ 'കൈവേല മാഷ്'ന്റെ പേരക്കുട്ടികൾ മെക്കാനിക്കൽ എഞ്ചിനീയർമാർ ആയില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ )

മൂന്നോ നാലോ വയസ്സുകാരനായ എന്നെയും കൊണ്ട് പാടത്തൊക്കെ പോയിരുന്ന ഇല്ലത്തെ മുത്തച്ഛനെക്കുറിച്ച് വളരെ അവ്യക്തമായ ഓർമ്മകൾ മാത്രം. എന്നാൽ മുത്തശ്ശി കുറേ സ്വാധീനിച്ചിട്ടുണ്ട്.ഒരു പാട് പുരാണ കഥകൾ ഒക്കെ പറഞ്ഞു തന്നിട്ടുണ്ട്. നന്നായി പഠിക്കണം എന്നും പറയും. വികൃതിയൊക്കെ കാണിയ്ക്കുമ്പോൾ അച്ഛനമ്മമാരിൽ നിന്നും രക്ഷിയ്ക്കുന്ന ഒരത്താണിയായിരുന്നു.

ഇല്ലത്തിരുന്നു കൊണ്ടു തന്നെ നാട്ടിൽ വിപുലമായ സൗഹൃദവലയം തീർത്തിരുന്ന മുത്തശ്ശിയെ ആശ്ചര്യത്തോടെ നോക്കിക്കണ്ടിട്ടുണ്ട്. അമ്മാത്തെ മുത്തശ്ശനും മുത്തശ്ശിയും ഊഷ്മളമായ ഓർമ്മകൾ സമ്മാനിച്ചവരാണ്.

പ്രാഥമിക വിദ്യാഭ്യാസം രൂപപ്പെടുത്തിയത് അമ്മയാണ്.അമ്മ അദ്ധ്യാപികയായ പെരിങ്ങോട് സ്കൂളിലാണ് ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിച്ചത്. കണക്കു നന്നായി പഠിപ്പിച്ചിരുന്ന അമ്മയുടെ ക്ലാസിൽ രണ്ടു വർഷം പഠിച്ചിട്ടുണ്ട്. ഇല്ലത്ത് വായിക്കാനായി അമ്മ വാങ്ങി വച്ചിരുന്ന ഐതിഹ്യമാല, ഗ്രീക്ക് പുരാണ സാഗരം, പഞ്ചതന്ത്രം കഥകൾ, കൂടാതെ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കുറച്ചു പുസ്തകങ്ങൾ, ശസ്ത്രകൗതുകം,എങ്ങനെ എങ്ങനെ എങ്ങനെ? തുടങ്ങിയ കുറച്ചു പുസ്ത



*അനീഷ് ഭാര്യ സൗമ്യയുമൊത്ത്*

കങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഈ പുസ്തകങ്ങളൊക്കെ ചെറുപ്രായത്തിൽ തന്നെ വായിച്ചു.സ്കൂളിൽ നിന്നും കുറേ പുസ്തകങ്ങൾ സമ്മാനമായി കിട്ടിയിട്ടുണ്ട്. എല്ലാം പെട്ടെന്നു തന്നെ വായിച്ചു തീരും.എന്നെ ഒരു നല്ല വിദ്യാർത്ഥിയാക്കാൻ ഈ വായന സഹായിച്ചതായി തോന്നിയിട്ടുണ്ട്.

അച്ഛൻ സാധാരണയായി പഠന കാര്യത്തിൽ ഒരുപാടൊന്നും ഇടപെടാറില്ല.എന്നാൽ ജീവിതത്തിൽ വഴിത്തിരിവായ നിർണ്ണായക തീരുമാനമെടുത്തത് അച്ഛനും ഏട്ടനും കൂടിയാണ്.2004 ൽ പ്ലസ്ടു കഴിഞ്ഞ സമയം. എൻട്രൻസ് റാങ്കിൽ വളരെ പിന്നിലായിപ്പോയി. പ്ലസ്ടുവിന് മാർക്കുണ്ടായിരുന്നതു കൊണ്ട് ബി എസ് സി ഫിസിക്സ്, മാത്സ് എന്നിവയൊക്കെ കിട്ടും. ചില കോളേജുകളിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും ചെയ്തു. ആ സമയത്ത് കുറച്ചൊക്കെ കഷ്ടപ്പാടുകൾ സഹിച്ചു തന്നെയാണ് അച്ഛൻ എന്നെ 'അൽ അമീൻ' എന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ

**എഞ്ചിനീയറിംഗ് കോളേജിൽ പഠിപ്പിക്കുന്ന സമയത്താണ് മുംബൈ ഐ.ഐ.ടിയിൽ പ്രവേശനം ലഭിച്ചത്. ഐ.ഐ.ടി. ലൈഫ് ചിന്താഗതിയാൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരുപാട് നല്ല കോഴ്സുകൾ പഠിയ്ക്കാനും അക്കാദമികവും, സാമൂഹികവുമായ ഒരു പാട് അടിസ്ഥാന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അവസരം കിട്ടിയിട്ടുണ്ട്.**

ചേർത്തത്. ക്ലാസിൽ ഞാനൊരു നല്ല വിദ്യാർത്ഥി ആയിരുന്നു.

2009-ൽ ഒന്നാം ക്ലാസോടെ കാലിക്കറ്റ് സർവകലാശാലയിൽ നിന്നും ബിടെക് ബിരുദം ലഭിച്ചു.

തുടർന്ന് ഗേറ്റ് എഴുതി കോഴിക്കോട് എൻ.ഐ.ടിയിൽ മെറ്റീരിയൽ സയൻസിനും സി.ഇ.ടി തിരുവനന്തപുരത്ത് തെർമൽ സയൻസിനും അഡ്മിഷൻ ലഭിച്ചു.എഞ്ചിനീയറായ വല്യച്ഛൻ നിർദ്ദേശിച്ചത് മെറ്റീരിയൽ സയൻസിനു ചേരാനായിരുന്നെങ്കിലും ബി.ടെക്കിനു പഠിക്കുമ്പോൾ, പ്രിൻസിപ്പലായിരുന്ന നാരായണൻ സാറിന്റെ തെർമോ ഡയനമിക്സ് ക്ലാസ് തെർമൽ സയൻസിലുണ്ടാക്കിയ താൽപ്പര്യം അതിൽ തന്നെ എം.ടെക് എടുക്കാൻ പ്രേരിപ്പിച്ചു.അന്ന് ഏട്ടനും സപ്പോർട്ട് ചെയ്തു.

അതിനു ശേഷം കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജിൽ പഠിപ്പിക്കുന്ന സമയത്താണ് മുംബൈ ഐ.ഐ.ടിയിൽ പി.എച്ച്. ഡിയ്ക്ക് പ്രവേശനം ലഭിച്ചത്. ഐ.ഐ.ടി. ലൈഫ് ചിന്താഗതിയിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒരുപാട് നല്ല കോഴ്സുകൾ പഠിയ്ക്കാനും അക്കാദമികവും, സാമൂഹികവുമായ ഒരു പാട് അടിസ്ഥാന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അവസരം കിട്ടിയിട്ടുണ്ട്. പക്ഷേ റിസർച്ച് മുഴുമിപ്പിക്കാൻ ഏകദേശം 6 വർഷം തന്നെ എടുത്തു.


അതിനിടയിൽ വിവാഹിതനായി. റിസർച്ച് സബ്മിറ്റ് ചെയ്തതിനു ശേഷം 'എങ്ങനെയെങ്കിലും നാട്ടിൽ എത്തണം എന്നായി ചിന്ത.എന്റെ സാമീപ്യം സൗമ്യയ്ക്ക് ഏറ്റവും ആവശ്യമുള്ള സമയം കൂടിയായിരുന്നു അപ്പോൾ. അന്നു കാലിക്കറ്റ് എൻ.ഐ.ടിയിൽ അഡ്ഹോക് ഫാക്കൽട്ടി ഒഴിവുണ്ടായിരുന്നു. അപേക്ഷിച്ചപ്പോൾ ജോലി കിട്ടി. 6 മാസത്തിനു ശേഷം ബിറ്റ്സിലും. 2018 ഡിസംബർ മുതൽ ഇവിടെ ജോലിയും ഗവേഷണവും തുടരുന്നു. ഇപ്പോഴത്തെ റിസർച്ച് ഏരിയ 'ഹൈ ടെംപറേച്ചർ ഹീറ്റ് എക്സ്ചേഞ്ചേഴ്സിൽ' ആണ്. 'മൈക്രോസ്കേയിൽ ഹീറ്റ് ട്രാൻസ്ഫറിലും' 'കമ്പ്യൂട്ടേഷണൽ ഫ്ലൂയ്ഡ് ഡയ്നാമിക്സിലും' കുറച്ചു വർക്കുകൾ ചെയ്യുന്നുണ്ട്.

പുത്തൂർ മുതുമന സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ഗീത അന്തർജ്ജനത്തിന്റെയും മകൾ ഡോക്ടർ. സൗമ്യയാണ് പത്നി. കോട്ടയം മെഡിക്കൽ കോളേജിൽ ഇ.എൻ.ടിയിൽ മാസ്റ്റേഴ്സിനു പഠിയ്ക്കുന്നു.( കുഞ്ഞിനെ അമ്മയുടെ സഹായത്തോടെ പരിചരിച്ചു കൊണ്ട് ). മഞ്ചേരി മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റ്ഷിപ്പും ലഭിച്ചിട്ടുണ്ട്. രണ്ടു പേരും ദൂരെയാണെങ്കിലും പരസ്പരം മനസ്സിലാക്കുന്നതിനും ജീവിതം അതിനനുസരിച്ച് പാകപ്പെടുത്തുന്നതിന്നും ഇപ്പോൾ പ്രയാസം തോന്നുന്നില്ല. സൗമ്യയുടെ അറിവ് എന്റെ റിസർച്ച് വർക്കിലും കുറച്ചൊക്കെ സ്വാധീനിക്കുന്നുണ്ട്.

സൗമ്യയ്ക്ക് ഇ.എൻ.ടി യിൽ മാസ്റ്റേഴ്സിനു കിട്ടിയപ്പോൾ ഞാൻ പി.എച്ച് .ഡി ചെയ്തു കൊണ്ടിരിയ്ക്കുകയായിരുന്നു. ആ വിഷയം കുറച്ചു ആഴത്തിൽ മനസ്സിലാക്കാൻ ഞാൻ അക്കൗസ്റ്റിക്സ് ആൻഡ് ഹിയറിംഗിന്റെ ഒരു കോഴ്സ് അറ്റന്റ് ചെയ്തിട്ടുണ്ട്. ബയോ എഞ്ചിനീയറിംഗ് കൂടുതൽ പഠിയ്ക്കണമെന്നുണ്ട്. ഉദാ: ഹൃദയ വാൾവിന്റ നിർമ്മാണത്തിൽ ഫ്ലൂയിഡ് എഞ്ചിനീയറിംഗിന്റെ സാധ്യതകളെക്കുറിച്ച്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിയിൽ നിന്നും ഇന്ത്യയിലെ ഏറ്റവും നല്ല എഞ്ചിനീയറിംഗ് കോളേജിലെ ആചാര്യനിലേയ്ക്കുള്ള വളർച്ചയ്ക്ക് കഠിനാദ്ധ്വാനത്തിന്റെയും സ്നേഹോഷ്മളതയുടെയും ലാളിത്യത്തിന്റെയും ത്യാഗത്തിന്റെയും കഥയാണ് പറയാനുള്ളത് അനുഭവസമ്പന്നനായ ഈ ആചാര്യന്..... 'മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ പരം നമിക്കുന്നു ഘനം നവാംബുവാൽ'

കുട്ടിക്കാലത്ത് ചെറിയ മുത്തച്ഛൻ പൂജ പഠിപ്പിച്ചിട്ടുണ്ട്. എല്ലാ അനുഷ്ഠാനങ്ങളേയും ബഹുമാനത്തോടെ കാണുന്നു. നമ്പൂതിരി എന്നുള്ള വിവേചനമില്ലാതെ, അന്ധമായി വിശ്വസിയ്ക്കാതെ അവയുടെ ചരിത്രപരമായ ബന്ധവും ശാസത്രീയമായ അടിത്തറയും അറിയുകയാണ് വേണ്ടതെന്ന് കരുതുന്നു. അനീഷിന്റെ മൊബൈൽ : 9769522595 .ബന്ധപ്പെടാം വാട്സ് അപ്പിലൂടെ.

(സജിത മങ്ങത്തായ
മൊബൈൽ:9995883493 )



**സായ്പന്മാർ ഉൾപ്പെടെ നിരവധിപ്പേരെ നയിക്കുന്ന ഒരു കമ്പനിയുടെ സി.ഇ.ഒ ആണ് ഈ പരം നമ്പൂതിരിയെന്ന പരമേശ്വരൻ. സെൻ എ.ഐ എന്ന നിർമ്മിത ബുദ്ധിയുടെ കമ്പനി. ഏതു മേഖലയിലെ നിർമ്മിത ബുദ്ധി പ്രശ്നങ്ങൾക്കും സൊല്യൂഷൻ നൽകുന്ന ടീമിന്റെ അധിപനാണ് പരം.**

## ഒരു അതിജീവന യാത്ര

# മുക്കത്ത് നിന്ന് സിലിക്കോൺ വാലിയിലേക്ക്



ഇ- എന്റർപ്രണർ

താമരക്കുളം ദിവാകരൻ നമ്പൂതിരി

XEN .AI (Website: http://xen.ai/) എന്നൊരു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്റ്റാർട്ട്അപ് കമ്പനി കാലിഫോർണിയയിലുണ്ട്. ഇതിന്റെ സി.ഇ.ഒയും ഫൗണ്ടറും ഒരു പരമേശ്വരൻ നമ്പൂതിരിയാണ്.കഴിഞ്ഞ 19വർഷമായി അമേരിക്കയിലാണെങ്കിലും അദ്ദേഹത്തിന്റെ വേര് ഇവിടെ കോഴിക്കോട്ടാണ്. മുക്കത്ത്. ഇല്ലപ്പേര് കോയിലൃം. അമ്മാത്ത് എടവലൃവും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഗവേഷണവും ഡെവലപ്പ്മെന്റുമാണ് കമ്പനി നടത്തുന്നത്. ഈ മേഖലയിൽ സൊല്യൂഷനുകളും അപ്ളിക്കേഷനുകളും ഉണ്ടാക്കുകയും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുകയുമാണ് പ്രധാന ലക്ഷ്യങ്ങൾ. പതിനഞ്ചോളം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് , മെഷീൻ ലേണിംഗ് എഞ്ചിനീയർമാരെയും ഗവേഷകരെയും ഡാറ്റാ സയിന്റിസ്റ്റുകളെയും നയിക്കുന്ന ടീമിന്റെ ലീഡറാണ് പരമേശ്വരൻ. ഏതു മേലഖയിലെ നിർമ്മിത ബുദ്ധി പ്രശ്നങ്ങൾക്കും സൊല്യൂഷൻ നൽകുയാണ് കമ്പനി ചെയ്യുന്നത്.

ഒരു ഉദാഹരണം പറയാം. അമേരിക്കയിലെ ലോസ് ആഞ്ചലസിലെ ഒരു ആശുപത്രിയുമായി സഹകരിച്ച് ചെയ്യുന്നത് ഐ.സി.യു ഡാറ്റാ അനലിറ്റിക്സ് സൊല്യൂഷനാണ്. ഐ.സി.യുവിലുള്ള രോഗികളുടെ എല്ലാ വിവരങ്ങളും പല ഡാറ്റാ ബേസിൽ നിന്നും ശേഖരിച്ച് അനാലിസിസ് നടത്തി അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കീ പെർഫോമൻസ് ഇൻഡിക്കേറ്റർ ഡോക്ടർ, നഴ്സ്, ആശുപത്രി മാനേജ്മെന്റ് എന്നിവരെ യഥാസമയം അറിയിക്കുകയാണ് അവിടെ വേണ്ടത്. ഡോക്ടർമാർക്ക് സമയം ലാഭിക്കാം . ആശുപത്രിക്കാകട്ടെ ചിലവ് കുറയ്ക്കാനുമാവും.

അതുപോലൊന്നാണ് മെഡിക്കൽ ട്രാൻസ്ക്രിപ്ഷന് മേഖല. മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ കമ്പനികൾ സാധാരണയായി ഡോക്ടർമാർ റിക്കോർഡ് ചെയ്ത് അയച്ചു കൊടുക്കുന്ന വോയ്സ് മെസേജ് കേട്ട് അവയെ ജോലിക്കാരെ വെച്ച് ടെക്സ്റ്റ് മെസേജാക്കി മാറ്റുകയാണ് ചെയ്യുന്നത്. വേണ്ടത്ര പരിശീലനം കിട്ടിയ ജോലിക്കാരെ കിട്ടാൻ പ്രയാസം നേരിടുന്ന മേഖലയാണ് മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ . ഈ മേഖലയിൽ Xen.AI ഒരു മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ കമ്പനിയുമായി സഹകരിച്ച് ഒരു ഓട്ടോമേറ്റഡ് ട്രാൻസ്ക്രിപ്ഷൻ ആപ്പ് വികസിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ ആപ്പുപയോഗിച്ച് കമ്പനികൾക്ക് കൂടുതൽ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ എളുപ്പത്തിൽ നടത്താനാവും. സമയവും ചെലവും ലാഭിക്കാനാവും . ഡോക്ടർമാരുടെ ചികിത്സ കൂടുതൽ കൃത്യമാവുകയും ചെയ്യും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ വിഷൻ, നാചറൽ ലാംഗ്വേജ് പ്രോസസിംഗ് തുടങ്ങി ഒരു പാട് ഉപമേഖലകളുണ്ട്. ഇതെല്ലാം ബുദ്ധിയുള്ള കമ്പ്യൂട്ടറിന് മാത്രമേ ചെയ്യാനാവൂ. അതായത് കമ്പ്യൂട്ടറിന് സ്വന്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും വേണ്ട പ്രത്യുല്പന്നമതിത്വം വേണം. പഠിപ്പിച്ചത് പാടുന്ന തത്തമ്മയായാൽ പോരാ. യന്ത്രം എന്ന അവസ്ഥ മാറി ഒരു ബുദ്ധിയുള്ള ജീവിയായി അത് മാറണം .അതാണ് നിർമ്മിത ബുദ്ധിയുടെ വിഷമംപിടിച്ച ഇടപാട്. ഇന്ത്യയിലും

അമേരിക്കയിലും ഒരേ സമയം ഓപ്പറേറ്റ് ചെയ്യുന്ന XEN .AI യിൽ നിരവധി പി.എച്ച്.ഡിക്കാരും ഉന്നത ബുദ്ധിജീവി കളുമുണ്ട്.

ഇനിപ്പറയാം പരമേശ്വരൻ നമ്പൂതിര യെപ്പറ്റി . ആരാണിയാൾ. എങ്ങനെയെ ത്തി ഈ നിലയിൽ.

കാൻസർ വന്ന് 1990 ൽ അച്ഛൻ മരിക്കുമ്പോൾ മുക്കം ആനയാംകുന്ന് സ്കൂളിൽ എട്ടാം ക്ളാസിൽ. ഇല്ല ത്തുള്ളവർ സാമ്പത്തികമായി നല്ല ബുദ്ധിമുട്ടിലായിരുന്നു. അന്ന് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന അബ്ദുൾ റസാ ക്ക് മാസ്റ്ററും ടീച്ചർമാരും ചേർന്ന് പിരി വെടുത്താണ് പരമേശ്വരനെ പഠിപ്പിച്ചത്. അവർ മാസം തോറും നൽകുന്ന നൂറു രൂപ വളരെ വലുതായിരുന്നു.

ട്യൂഷനില്ല, വൈദ്യുതിയില്ല, മണ്ണെ ണ്ണ വിളക്കത്തിരുന്ന് പഠിച്ച് ക്ലാസുക ളിലെല്ലാം ഒന്നാമനായി. 1992 ൽ എസ് എസ് എൽ സി ക്ക് 600 ൽ 541 മാർക്കു നേടിയപ്പോൾ സ്കൂളിൽ ഫസ്റ്റായി.

ഇല്ലത്ത് സാമ്പത്തികസ്ഥിതി മോശമായതിനാൽ പെട്ടെന്ന് ഒരു ജോലി കിട്ടണം.അച്ഛൻ കൃഷ്ണൻ നമ്പൂതിരിക്ക് പലതായിരുന്നു ജോലി. ദേശക്ഷേത്രമായ രവിപുരം അമ്പല ത്തിൽ ശാന്തി, പിന്നെ തൃക്കുടമണ്ണ അമ്പലത്തിൽ. പലചരക്കുകടയിൽ സാധനങ്ങൾ എടുത്തു കൊടുക്കൽ, റബ്ബർ കടയിൽ ജോലി, ഒരു ഹാർഡ് വേർ കടയിൽ, മുക്കം അഭിലാഷ് തി യേറ്ററിൽ സിനിമയ്ക്ക് ടിക്കറ്റ് മുറിച്ചു കൊടുക്കൽ... അങ്ങിനെ പലതും ചെയ്തു.അതിന്റെ കൂടെ കാൻസറും ചേർന്നപ്പോൾ അകാലത്തിൽ ആയു സ്സൊടുങ്ങി. അതിനു ശേഷം അമ്മ ശ്രീദേവി അന്തർജനം വളർത്തിയിരുന്ന പശുവിൽ നിന്നുള്ള ആദായമായിരുന്നു കുടുംബത്തിന്റെ അവലംബം.

ടെക്നിക്കൽ കോഴ്സ് എന്തെങ്കിലും പഠിച്ചാൽ പെട്ടെന്ന് ജോലി കിട്ടും എന്ന ഉദ്ദേശത്തിലാണ് പോളിടെക് നിക്കിൽ ചേരാൻ തീരുമാനിച്ചത്. അങ്ങനെ വടകര മോഡൽ പോളിടെക് നിക്കിൽ ഇലക്ട്രോണിക്സ് ഡിപ്ളോമ യ്ക്ക് ചേർന്നു . വടകരയിലാവുമ്പോൾ അമ്മാത്തായ എടവല്യത്ത് നിന്ന് പോകാം. പഠനച്ചെലവിന് കുറൂർ ഉണ്ണി നമ്പൂതിരിപ്പാട് സ്കോളർഷിപ്പും ലഭിച്ചു. അത് അനുഗ്രഹമായി. അങ്ങനെ 95 ൽ ഡിപ്ളോമ കഴിഞ്ഞ ഉടൻ തന്നെ എച്ച്.സി.എൽ ഇൻഫോസിസ്റ്റത്തിൽ മദ്രാസിലേക്ക് കാമ്പസ് സെലക്ഷൻ കിട്ടി. ഹൈദരബാദിൽ ട്രെയിനിംഗ്. 4 വർഷം എച്ച്.സി.എല്ലിൽ ഹാർഡ് വേർ സെഗ്മൻറിൽ കസ്റ്റമർ സപ്പോർട്ട് എഞ്ചിനീയർ. ആദ്യത്തെ ജോലി. സ്വ ന്തം കാലിൽ നിൽക്കാറായ ആശ്വാസം.

അത് കഴിഞ്ഞ് അഡ്വാൻസ്ഡ് ടെക്

---

1992 SSLC with541 marks out of 600 Â Mukkom Anayam kunnu Hs
1993 1995 Diploma in Electrical Engi. Vadakara Poly technic
1995-1999 HCL infosystems Chennai
1999-2000 ATL (Advance Technology Labs) Server Administrator
2001-2005 University of Phoenix BS
2006 - 2008 San Jose State University MS & MBA .
2011 - 2013 Senior system architech in F - Secure Corporation
2013- 2014 Chegg. Inc
2014- 2015 Amazon Cloud Operation (AWS) Principal Systems Administrater
2015 -2016 Director Symphony - Secure Seamless Communication
2016 മാർച്ച് NetEnrich, Inc ൽ Director Cloud Operation Services
2016ൽ CEO and Founder of Xen.ai

---



പരമേശ്വരൻ നമ്പൂതിരിയുടെ
അച്ഛനമ്മമാർ

നോജളി ലാബിൽ ഹാർഡ് വേർ ആന്റ് സോഫ്റ്റ് വേർ സെർവർ അഡ്മിനിസ് ട്രേറ്റർ ആയി ഒരു വർഷം. ട്രെയിനിംഗു കൾ കൊടുക്കുന്ന ഒരു കമ്പനിയായി രുന്നു .

ആ സമയത്താണ് അമേരിക്കയിൽ ജോലിക്ക് അപേക്ഷിച്ചത്. വെറും ഡി പ്ളോമയേയുള്ളൂ.ഡിഗ്രിയില്ല.റെസ്യൂ മെയിൽ എഴുതിച്ചേർക്കാൻ വമ്പൻ യോഗ്യതകളില്ല. എന്തിന് പാസ്പോർട്ട് പോലുമില്ല. അന്ന് ഡൽഹിയിലായി രുന്നു ജോലി.അവിടെ നിന്നു പാസ് പോർട്ട് എടുത്തു. വിസ ആദ്യം റിജക്റ്റ് ആയി , പിന്നീട് അതിന്റെ പിഴവുകൾ പരിഹരിച്ച് ഒകെ ആയി.

അമേരിക്കയിലെത്തിയപ്പോഴാണ് കുഴങ്ങിയത്. നേരിട്ട് ജോലി നൽകുന്ന കമ്പനിയായിരുന്നില്ല അത്. റിക്രൂട്ടിം ഗ് കൺസൾട്ടിംഗ്കമ്പനിയായിരുന്നു. രണ്ടു മാസത്തോളം വേണ്ടി വന്നു ഒരു ജോലി ശരിയാവാൻ.അറിയാത്ത ലോക ത്ത് സഹായിക്കാനാളില്ലാതെ സാമാ ന്യം നന്നായി ബുദ്ധിമുട്ടി.

പിന്നെ ഒരു ചെറിയ കമ്പനിയിൽ ഒരു പ്രൊജക്റ്റ് കിട്ടി . പിന്നെയാണ് സിലിക്കോൺ വാലിയിലെ സൺ മൈ ക്രോ സിസ്റ്റത്തിൽ എത്തിയത്. ജാവ പ്രോഗ്രമിംഗ് ലാംഗ്വേജും യുനീക്സ് സെർവർ ഹാർഡ് വെയറുമൊക്കെ ഉ ണ്ടാക്കിയ കമ്പനി. അവിടെ സീനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്ററായി 9 വർ ഷം. പിന്നീട് ആ കമ്പനിയെ ഒറാക്കിൾ എന്ന കമ്പനി ഏറ്റെടുത്തു .ഒറാക്കിളിൽ പ്രിൻസിപ്പൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ആയി. അതിന്റെ ഐ.ടി.ഡെവലപ്മെന്റ് വിഭാഗത്തിൽ പ്രൊഡക്റ്റുകളുടെയും യുനിക്സ് സിസ്റ്റത്തിന്റെയും ചുമതല. അന്നത്തെ സാമാന്യം നല്ല ഒരു വാർ ഷിക പാക്കേജിൽ .

അവിടെ മിടുക്കരായവർക്ക് കമ്പനി കൾ പഠനത്തിന് സാമ്പത്തിക സഹാ യം ചെയ്യുന്ന പതിവുണ്ട്. ട്യൂഷൻ ഫീ റീഇമ്പേഴ്സ് ചെയ്യുന്ന പദ്ധതിയനുസരി ച്ച് കമ്പനിസഹായത്തോടെ പഠനവും തുടർന്നു. യൂനിവേഴ്സിറ്റി ഓഫ് ഫീനിക് സിൽ നിന്നും 2001–2005 കാലത്ത് ഇൻ ഫർമേഷൻ ടെക്നോളജിയിൽ ബാച്ചി ലർ ബിരുദമെടുത്തു. അതിനു ശേഷം കാലിഫോർണിയയിലെ സിലിക്കൺ വാലിയിൽ ഉള്ള സാൻ ഹോസെ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയിൽ നിന്ന് 2006 – 2008 ൽ സിസ്റ്റംസ് എഞ്ചിനീയറിംഗിൽ മാ സ്റ്റേഴ്സും എം.ബി.എ യും നേടി.

വടകരയിൽ ഇലക്ട്രോണിക്സിലാ യിരുന്നു പഠനം. എന്നാൽ അമേരിക്ക യിൽ എത്തിയപ്പോൾ ഭാവിയിലെ സാ ദ്ധ്യതകൾ മുന്നിൽക്കണ്ടുകൊണ്ടായി യാത്ര. അങ്ങിനെയാണ് ആമസോൺ വെബ് സർവീസസ് ക്ളൗഡ് ഓപ്പ റേഷൻ പോലുള്ള മേഖലകളിലേക്കും പിന്നീട് നിർമ്മിത ബുദ്ധിയിലേക്കും കടന്നത്.

അത് സ്വന്തം ബുദ്ധിയെ വേറൊരു വഴിക്ക് തിരിച്ചു വിട്ടു. മറ്റുള്ളവരുടെ കഴീൽ ജോലി ചെയ്യുന്നതിനു പകരം സ്വന്തമായി കമ്പനി തുടങ്ങുകയും മി കച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കയും എന്ന ആശയത്തിലേക്ക്. പിന്നീടാണ്,

2016ലാണ്, സ്വന്തം കമ്പനി തുടങ്ങുന്നത്.

2001 ൽ, പാഞ്ഞാൾ വയ്ക്കാക്കര മനയിലെ (ഇരിങ്ങാലക്കുടയിൽ താമസിക്കുന്ന ) നാരായണൻ നമ്പൂതിരിയുടെ ഏക മകൾ സരിതയെ വിവാഹം കഴിച്ചു. നാരായണൻ നമ്പൂതിരി ഡൽഹിയിൽ പോളിടെക്നിക്കിൽ ലക്ചറർ ആയിരുന്നതിനാൽ കുടുംബസമേതം അക്കാലത്ത് അവിടെ തന്നെയായിരുന്നു താമസം. 2001 ലെ വിവാഹ സമയമാകുമ്പോഴേക്കും പരമേശ്വരൻ നാട്ടിലൊരു വീടുണ്ടാക്കി. ജ്യേഷ്ഠ സഹോദരി സതിയുടെ പെൺകൊട നടത്തി. തൃശ്ശൂർ പുന്നയൂർകുളത്തെ കരുവാട്ടില്ലത്തെ കൃഷ്ണൻ ഭട്ടതിരിക്ക്. അനിയൻ മണിക്കുട്ടനെന്ന ഉണ്ണി ക്യഷ്ണനെ ബി.ടെക്കിന് പഠിപ്പിച്ചു. അങ്ങനെ ഉത്തരവാദിത്തങ്ങൾ ഒന്നൊന്നായി പൂർത്തിയാക്കി.

പരമേശ്വരനും സരിതയ്ക്കും കുട്ടികൾ രണ്ട്. എട്ടാം ക്ലാസുകാരി സ്നേഹയും രണ്ടാം ക്ലാസുകാരൻ അദ്വൈതും . ഇപ്പോൾ കോഴിക്കോട്ടെ സദ്ഭാവന സ്ക്കൂളിലാണ് ഇരുവരും പഠിയ്ക്കുന്നത്. അമേരിക്കയിൽ ജനിച്ചതിനാൽ അവിടത്തെ പൗരന്മാരാണ് കുട്ടികൾ.പരമേശ്വരനും സരിതയുമാകട്ടെ യു.എസിൽ ഗ്രീൻ കാർഡ് ഹോൾഡേഴ്സുമാണ്.

ഇതിനിടെ കാലിഫോർണിയയിൽ ബാങ്ക് ലോണെടുത്ത് ഒരു വീട് വാങ്ങി. അമേരിക്കയിൽ എവിടെയാണെങ്കിലും വീട് വലിയൊരു ഇൻവെസ്റ്റ്മെന്റാണ്.സ്വന്തമായി കമ്പനി തുടങ്ങുമ്പോൾ ഫണ്ട് കണ്ടെത്താൻ ആ വീട് സഹായിച്ചു.

ജോലിയോടൊപ്പം പഠനം തുടർന്ന് സ്വന്തമായി ഒരു സംരംഭം തുടങ്ങുക എന്നത് ഒരു സ്വപ്നസാക്ഷാത്കാരം തന്നെയാണ്. അതാകട്ടെ സ്വന്തം



പരമേശ്വരൻ നമ്പൂതിരി കുടുംബവുമൊത്ത്

നിലയിലുള്ള അദ്ധ്വാനത്തിന്റെ ഫലം കൂടിയാവുന്നത് കൂടുതൽ ഹൃദ്യവുമാണ്. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് , മെഷീൻ ലേണിംഗ് മേഖലയിൽ സ്റ്റാർട്ട് അപ് കമ്പനി തുടങ്ങിയതും സ്വന്തം നിലയിൽത്തന്നെ. പുറമേ നിന്ന് വലിയ തോതിലുള്ള ഫണ്ട് സ്വീകരിച്ചാൽ അത് നമ്മുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാവുകയോ കമ്പനിയുടെ നിയന്ത്രണം പോലും നഷ്ടപ്പെടുകയോ ചെയ്യുന്ന അവസ്ഥയിലേക്ക് എത്തുമെന്നതിനാൽ പരമാവധി സ്വന്തം ഫണ്ട് എന്ന ആശയത്തോടെയാണ് കമ്പനി രൂപീകരിച്ചത്.

പിന്നിട്ട വഴികൾ ഒരു വലിയ അനുഭവം തന്നെയായിരുന്നു. കുട്ടിക്കാലത്ത് അനുഭവിച്ച കൊടിയ ദാരിദ്ര്യവും സഹായിക്കാനും നയിക്കാനും ആളില്ലാതിരുന്നതും പരമേശ്വരനെ കൂടുതൽ വിനയാന്വിതനാക്കുന്നു. പഠിക്കാൻ സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവർക്ക് കൈത്താങ്ങാകുന്നത് ആ പഴയ സ്വാനുഭവത്തിന്റെ പശ്ചാത്തലത്തിലാണ്. 7012619339 എന്ന പരമേശ്വരന്റെ നമ്പറിലേക്ക് ഒരു വാട്സ് അപ് .അത് പാഴാവില്ല. കഴിയാവുന്ന സഹായങ്ങൾ പ്രതീക്ഷിക്കാം.

ഒരു സ്റ്റാർട്ട് അപ് വിജയിപ്പിക്കാൻ കൃത്യമായ പ്ലാനിംഗും കഠിനാധ്വാനവും മനുഷ്യവിഭവവും അനുഭവസമ്പത്തും റിസ്കെടുക്കാനുള്ള വിൽപവറും ഫണ്ടും എല്ലാം വേണം . നല്ല ക്വാളിഫിക്കേഷനും പ്രൊഫഷണലിസവും ഉള്ള ടീമും കൂടെ വേണം. ഇതെല്ലാം പരമേശ്വരന്റെ ടീമിലുണ്ട്. പരമേശ്വരനും വളർന്നു വരുന്ന Xen. AI യ്ക്കും എല്ലാവിധ ഭാവുകങ്ങളും! ●



## ഇന്റേൺഷിപ്പിന് താല്പര്യമുണ്ടെങ്കിൽ

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡീപ് ലേണിംഗ്, മെഷീൻ ലേണിംഗ്, ഡാറ്റ സർവീസ്, ഡാറ്റ അനലിറ്റിക്സ്, പൈത്തൺ എന്നീ മേഖലകളിൽ പഠിക്കുന്ന കുട്ടികൾക്ക് തൊഴിൽ ഇന്റേൺഷിപ്പിന് താല്പര്യമുണ്ടെങ്കിൽ param@xen.ai എന്ന ഇ മെയിലിൽ ബയോഡാറ്റ അയക്കാം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരായ മെന്റർമാർക്കൊപ്പം സഹകരിച്ച് പ്രവർത്തിക്കാം.



ഇ - ഇൻസ്റ്റിട്യൂട്ട്

രൂപ കരുമാരപ്പറ്റ

**കാർഗിൽ യുദ്ധസമയത്ത് നാരായണനടങ്ങിയ സംഘത്തെ അന്ന് ഡി.ആർ.ഡി.ഒ. തലവനായിരുന്ന ഡോ. എ.പി.ജെ അബ്ദുൾ കലാം ഒരു വലിയ ദൗത്യമേൽപ്പിച്ചു. സിയാച്ചിനിൽ പോകുന്ന സൈനികർക്ക് അവിടെഅഭിമുഖീകരിക്കേണ്ടി വരുന്നതിനെക്കുറിച്ച് ഒരു വിർചൽ റിയാലിറ്റി. ഡെമോ കലാമിന് കാണിച്ചുകൊടുത്തു. ഏറെ ഇഷ്ടമായി. അങ്ങനെയാണ് കലാമുമായി അടുത്തത്.**



*ഐ.ഐ.ഐ.ടിയിലെ ഒരു ചടങ്ങിൽ രത്തൻ ടാറ്റയുമൊന്നിച്ച് പഴയം നാരായണൻ*

## കാർഗിൽ യുദ്ധസമയത്ത് വിർച്വൽ റിയാലിറ്റി തയ്യാറാക്കിക്കൊടുത്ത ടീമിൽ

# ഈ നാരായണനുമുണ്ട്

ഇലക്ട്രോണിക് എൻജിനീറിങ് പഠിക്കാനാണ് പോയത്. ഖരഗപൂർ എന്ന ദേശവും അവിടുത്തെ ജനങ്ങളും ഭാഷയും എല്ലാം ആ ചെറുപ്പക്കാരന് പുതിയതായിരുന്നു. അവിടെ വച്ച് പരിചയപ്പെട്ട സീനിയർ മലയാളി വിദ്യാർത്ഥി ഒരിക്കൽ കമ്പ്യൂട്ടർ സയൻസെന്ന പുതിയ മേഖലയെകുറിച്ചു പറഞ്ഞു. ആ വിവരണത്തിൽ ആകൃഷ്ടനായി ഇലക്ട്രോണിക്സിൽ നിന്ന് കമ്പ്യൂട്ടർ സയൻസിലേക്ക് മനസ്സു മാറ്റി.

ഇന്ന് ഇന്ത്യയിലെ എണ്ണം പറഞ്ഞ ഐ ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ ഐ ഐ ഐ ടി (ട്രിപ്പിൾ ഐടി) ഹൈദരാബാദിന്റെ ഡയറക്ടർ. രാജ്യത്തെ ഐ ടി വിചക്ഷണന്മാർക്കിടയിൽ സുപരിചിതനാണ് പി.ജെ.എൻ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പി ജെ നാരായണൻ.

1984 ലാണ് പി.ജെ.എൻ. ഐ.ഐ.ടി.യിലെത്തിയത്. രണ്ടു വർഷത്തിന് ശേഷം പലരെയും പോലെ മറ്റു ശാഖകളിൽ നിന്ന് കമ്പ്യൂട്ടർ സയൻസിലേക്ക് മാറി. കമ്പ്യൂട്ടറും ഐടിയുമൊന്നും അന്ന് നാട്ടിലുള്ളവർക്ക് വലിയ പിടിയില്ലാത്ത വിഷയങ്ങളാണ്. അതുകൊണ്ടു തന്നെ 20 സീറ്റുകളും ആദ്യം ഒഴിഞ്ഞു കിടക്കുകയായിരുന്നു. പിന്നീട് വിവിധ ശാഖകളിൽനിന്ന് കമ്പ്യൂട്ടർ സയൻസിലേക്ക് 19 പേർ എത്തി. കമ്പ്യൂട്ടറിന്റെ ലോകത്തെക്കുറിച്ചറിയാൻ തുടങ്ങിയതോടെ അതാണ് തന്റെ മേഖലയെന്ന് തിരിച്ചറിഞ്ഞു.

**ഇന്ന് ഇന്ത്യയിലെ എണ്ണം പറഞ്ഞ ഐ ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ ഐ ഐ ഐ ടി (ട്രിപ്പിൾ ഐടി) ഹൈദരാബാദിന്റെ ഡയറക്ടർ. രാജ്യത്തെ ഐ ടി വിചക്ഷണന്മാർക്കിടയിൽ സുപരിചിതനാണ് പി.ജെ.എൻ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന പി ജെ നാരായണൻ. 1984 ലാണ് പി.ജെ. എൻ. ഐ.ഐ.ടി.യിലെത്തിയത്.**

അഞ്ചുവർഷത്തെ കോഴ്സിൽ അവസാന കൊല്ലമായപ്പോഴേക്കും മിക്ക വിദ്യാർഥികളും ഉന്നതപഠനത്തിനായി അമേരിക്കയിലേക്ക് പറക്കാനുള്ള തയ്യാറെടുപ്പിലായി. എന്നാൽ നാരായണന്റെ മനസിൽ നല്ലൊരു ജോലി നേടണമെന്നായിരുന്നു. ഹൈദരാബാദിലെ കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷനിൽ ( സി.എം.സി. ലിമിറ്റഡ് )ക്യാമ്പസ് സെലക്ഷനിലൂടെ ജോലി കിട്ടി. കമ്പനിക്ക് ഇന്ത്യൻ ഭാഷകൾക്കായി വേഡ് പ്രോസസറിനായി ഹാർഡ് വെയർ ഡിസൈൻ ചെയ്യലും അതിന്റെ പ്രവർത്തനങ്ങളുമെല്ലാമായി രണ്ടുവർഷം. കാലക്രമേണ ജോലി വിരസവും യാന്ത്രികവുമാണെന്ന് തോന്നിത്തുടങ്ങി. അങ്ങനെയാണ് വീണ്ടും പഠിക്കാൻ തീരുമാനിച്ചത്. അമേരിക്കയിലെ മേരിലാൻഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര

## ട്രിപ്പിൾ ഐ.ടി

ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫമേഷൻ ടെക്നോളജിയാണ് ട്രിപ്പൾ ഐ.ടി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തുടങ്ങിയതാണ് ഈ സ്വാശ്രയ സർവകലാശാല. പ്രധാനമായും ഇൻഫമേഷൻ ടെക്നോളജിയുടെ ഭാഗമായ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എന്നിവയാണ് ഇവിടെ പഠിപ്പിക്കുന്നത്. 1998 ലാണ് സ്ഥാപനം തുടങ്ങിയത്. സംസ്ഥാന സർക്കാരിന്റെ ഗ്രാൻഡ് വഴിയാണ് സ്ഥലം വാങ്ങിയതും കെട്ടിടം പണിതതും. കമ്പ്യൂട്ടർ മേഖലയിലെ ഏറ്റവും ഉന്നതമായ പുരസ്കാരം ട്യൂറിങ് അവാർഡ് ലഭിച്ച രാജ് റെഡ്ഡി നേതൃത്വം നൽകുന്ന ഒരു കൗൺസിലാണ് സ്ഥാപനം മുന്നോട്ട് കൊണ്ടുപോകുന്നത്. ട്യൂറിങ് അവാർഡ് ജേതാവ് വിന്റ് സെർഫ്, നരേന്ദ്ര അഹൂജ തുടങ്ങിയ പ്രമുഖർ ഭരണസമിതിയിൽ അംഗങ്ങളാണ്. പ്രൊഫ. രാജീവ് സംഗൽ ആണ് ആദ്യ സിലബസ് ഡിസൈൻ ചെയ്തത്. 66 ഏക്കർ സ്ഥലത്തു സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിൽ സിലബസിനു പുറമെ സാമൂഹിക പ്രവർത്തനങ്ങൾക്കും ഉന്നൽനൽകുന്നു. തെലങ്കാനയിലെ സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകാനായി സർക്കാരിന്റെ നേതൃത്വത്തിലുള്ള ടി-ഹബ് എന്ന സെന്ററും ഈ ക്യാമ്പസിൽ പ്രവർത്തിക്കുന്നു.

ബിരുദവും പി.എച്ച്.ഡിയും നേടി.

പഠനശേഷം 1992 മുതൽ അമേരിക്കയിലെ പിറ്റ്സ്ബർഗിലെ കാർണിഗി മെലൺ യൂണിവേഴ്സിറ്റിയിലെ റോബോട്ടിക്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് ഫാക്കൽറ്റിയായി ചേർന്നു. ചലനാത്മകമായ സംഭവങ്ങൾ വിവിധ കോണുകളിൽനിന്ന് ത്രീഡി കാഴ്ചകളിലൂടെ ഒപ്പിയെടുക്കാനുള്ള സംവിധാനം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു.

അമേരിക്കയിൽ ജോലി ചെയ്യുന്നതിനിടെയാണ് വിവാഹം. മാടശ്ശേരി ഇല്ലത്തെ ആശയാണ് ഭാര്യ. മറുനാട്ടിൽ ജോലി ചെയ്യുമ്പോഴും സ്വന്തം രാജ്യവും നാടും നാരായണന് ഏറെ പ്രിയപ്പെട്ട തായി. അതുകൊണ്ടുതന്നെ കൂറ്റനാടുള്ള തന്റെ തറവാടായ പഴയത്തു മനയിൽ നിന്ന് അകലെയല്ലാത്ത അമ്മാത്തോടു (മുണ്ടായ തെക്കിണിയേടത്തു ) ചേർന്നൊഴുകുന്ന ഭാരതപ്പുഴയുടെ പേരാണ് ഏകമകൾക്കിട്ടത്, നിള! മകളിപ്പോൾ അമേരിക്കയിൽ ഗവേഷണം നടത്തുന്നു.

മകൾ ജനിച്ച് ഏറെ താമസിയാതെ നാരായണനും കുടുംബവും ഇന്ത്യയിലെത്തി.

നാലുവർഷത്തെ അമേരിക്കൻ സേവനത്തിനുശേഷം ബെംഗളൂരുവിലെ സെന്റർ ഫോർ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് റോബോട്ടിക്സ് (സി.എ.ഐ.ആർ) എന്ന സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു. ഇന്ത്യൻ സൈന്യത്തിന്റെ ഗവേഷണപ്രവർത്തനങ്ങൾക്ക് ചുമതലയുള്ള കേന്ദ്രസർക്കാർ ഏജൻസിയായ ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് ഓർഗനൈസേഷന്റെ

**അമേരിക്കയിൽ ജോലി ചെയ്യുന്നതിനിടെയാണ് വിവാഹം. മാടശ്ശേരി ഇല്ലത്തെ ആശയാണ് ഭാര്യ. മറുനാട്ടിൽ ജോലി ചെയ്യുമ്പോഴും സ്വന്തം രാജ്യവും നാടും നാരായണന് ഏറെ പ്രിയപ്പെട്ട തായി. അതുകൊണ്ടുതന്നെ കൂറ്റനാടുള്ള തന്റെ തറവാടായ പഴയത്തു മനയിൽ നിന്ന് അകലെയല്ലാത്ത അമ്മാത്തോടു (മുണ്ടായ തെക്കിണിയേടത്തു ) ചേർന്നൊഴുകുന്ന ഭാരതപ്പുഴയുടെ പേരാണ് ഏകമകൾക്കിട്ടത്, നിള! മകളിപ്പോൾ അമേരിക്കയിൽ ഗവേഷണം നടത്തുന്നു.**



*പി.ജെ. നാരായണനും കുടുംബവും. പിതാവ് പി.ജെ. നമ്പൂതിരിയുടെ തൊണ്ണൂറാം പിറന്നാളിന് എടുത്തത്*

(ഡി.ആർ.ഡി.ഒ.) ഒരു ലാബാണ് സി.എ.ഐ.ആർ. അവിടെ കമ്പ്യൂട്ടർ വിഷൻ ആന്റ് വിർച്ചൽറിയാലിറ്റി എന്ന വിഭാഗത്തിന്റെ തലവനായി. മതുകുമല്ലി വിദ്യാസാഗർ എന്ന ഡയറക്ടറുടെ കീഴിലാണ് നാരായണൻ സി.എ.ഐ.ആറിൽ ജോലിയെടുത്തത്. വ്യക്തിപരമായ കാരണങ്ങളാൽ അദ്ദേഹം ആ സ്ഥാപനം വിട്ടതോടെ നാരായണനും സഹപ്രവർത്തകനായ സി.വി. ജവഹറും (ചീരക്കുഴി മന) പുതിയൊരു വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് ചേക്കേറി.

റോബോട്ടിക്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടറായ രാജ് റെഡ്ഡിയുടെ നേതൃത്വത്തിൽ തുടങ്ങിയ

സ്ഥാപനമാണ് ട്രിപ്പൾ ഐ.ടി. ഹൈദരാബാദ്. അമേരിക്കയിൽ നിന്നുള്ള പരിചയം കൊണ്ട് അദ്ദേഹം നാരായണനെ ഹൈദരാബാദിലെ തന്റെ സ്ഥാപനത്തിലേക്ക് ക്ഷണിക്കുകയായിരുന്നു. അസോസിയേറ്റ് പ്രൊഫസറായാണ് തുടക്കം. 2002 വരെ നരേന്ദ്ര അഹൂജയും പിന്നീട് രാജീവ് സംഗലും ഡയറക്ടറായി. 2013 ലാണ് അന്നു ഡീനായിരുന്ന നാരായണനെ ഡയറക്ടറായി നിയമിച്ചത്. കമ്പ്യൂട്ടർ വിഷൻ, ഗ്രാഫിക്സ്, മെഡിക്കൽ ഇമേജ് പ്രൊസസിങ് എന്നിവയിൽ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഗവേഷണമേഖലയായി മാറിയ സെന്റർ ഫോർ വിഷ്വൽ ഇൻഫമേഷൻ ടെക്നോളജി സ്ഥാപിക്കാൻ മുൻകൈയെടുത്തത് നാരായണനാണ്.

തന്റെ സേവന കാലയളവിൽ പ്രമുഖരായ പല വ്യക്തികളെയും ആ സ്ഥാപനത്തിൽ അതിഥികളായി എത്തിക്കാൻ കഴിഞ്ഞെന്ന് പി.ജെ. എൻ. പറയുന്നു. സൈനിക മേഖലയിലടക്കം സഹകരിച്ച് പ്രൊജക്ടുകൾ ചെയ്യുന്നുണ്ട്.

2006 ൽ ഏഷ്യൻ കോൺഫറൻസ് ഓൺ കമ്പ്യൂട്ടർ വിഷൻ ഹൈദരാബാദിൽ നടത്താൻ മുൻകൈയെടുത്തു. കമ്പ്യൂട്ടർ സയൻസ് രംഗത്തു പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മയായ അസോസിയേഷൻ ഫോർ കമ്പ്യൂട്ടിങ് മെഷിനറിയുടെ (എ.സി.എം.) ഇന്ത്യൻ ശാഖയിലെ ആദ്യ പ്രസിഡന്റാണ്. 2014 മുതൽ എ.സി.എം. ഇന്ത്യയുടെ റിസർച്ച് ബോർഡിന്റെ ചെയർമാനാണ്. മികച്ച സംഭാവനകൾക്കുള്ള എ.സി.എം. അവാർഡിന്റെ കമ്മിറ്റിയിലംഗമാണ്. എല്ലാവർഷവും ഇന്ത്യക്കകത്തും പുറത്തുമായി നിരവധി സെമിനാറുകളിൽ പങ്കെടുക്കുകയും പേപ്പർ അവതരിപ്പിക്കുകയും ചെയ്യാറുണ്ട്.

ഇത്രയൊക്കെ അംഗീകാരങ്ങളും ഉന്നതസ്ഥാനങ്ങളും വഹിക്കുന്ന ആളാണെങ്കിലും കേരളത്തിലെത്തിയാൽ തനി നാട്ടിൻപുറത്തുകാരനായിരിക്കാനാണ് ഇഷ്ടം. ആലുവയിലെ എഫ്.എ.സി.ടിയിൽ എൻജിനീയറായിരുന്ന പരേതരായ പഴയം ജാതവേദൻ നമ്പൂതിരിയുടെയും വീട്ടമ്മയായ ലീല അന്തർജനത്തിന്റെയും മകനാണ് എന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ കാര്യമായി അദ്ദേഹം കാണുന്നത്. ജോലി സമ്മർദ്ദം അധികമാകുമ്പോൾ പി.ജെ.എൻ. കോഴിക്കോട് തിരുവച്ചിറയിൽ അച്ഛൻ പണിത ആവണിയെന്ന വീട്ടിലെത്തും. ഇപ്പോൾ സഹോദരി സാവിത്രിയും ഭർത്താവ് പ്രൊഫ. കെ. നാരായണനുമാണ് അവിടെ താമസിക്കുന്നത്. ഇവിടെയെത്തിയാൽ കഥകളിയും സാഹിത്യവുമൊക്കെയായി ഏതാനും ദിനങ്ങൾ. ഇടയിൽ ലാപ്ടോപ്പ് വഴി ഹൈദരാബാദിലെ കാര്യങ്ങൾ നിയന്ത്രിക്കും. എന്തൊക്കെ ഒഴിവാക്കിയാലും, ഏതു നാട്ടിലായാലും അച്ഛന്റെയുമമ്മയുടെയും ശ്രാദ്ധമൂട്ടാൻ നാട്ടിലെത്തും.


(പഴയം നാരായണൻ മൊബൈൽ: 9949544088, രൂപ കരുമാരപ്പറ്റ മൊബൈൽ: 9947533474)

## ഡയറക്ടർ ജനറൽ കലാം

മതുകുമല്ലി വിദ്യാസാഗർ എന്ന ഡയറക്ടറുടെ കീഴിലാണ് സി.എ.ഐ.ആറിൽ ജോലിയെടുത്തത്. അദ്ദേഹം എ.പി.ജെ. അബ്ദുൾകലാമുമായി നല്ല അടുപ്പത്തിലായിരുന്നു. കലാം അന്ന് ഡി.ആർ.ഡി.ഒ. തലവനാണ്. ഒരിക്കൽ വിദ്യാസാഗറിന്റെ കൂടെ കലാമിനെ സന്ദർശിച്ചു. പരിചയപ്പെടുന്ന ഓരോ വ്യക്തിയെയും കലാം ഓർത്തിരിക്കുമെന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. പിന്നീട് കാർഗിൽ യുദ്ധസമയത്ത് നാരായണനടങ്ങിയ സംഘത്തിനായി കലാം ഒരു വലിയ ദൗത്യമേൽപ്പിച്ചു. സിയാച്ചിനിൽ പോകുന്ന സൈനികർക്ക് അവിടെയെന്തെല്ലാം അഭിമുഖീകരിക്കേണ്ടി വരുമെന്നതിനെക്കുറിച്ച് ഒരു വിർചൽ റിയാലിറ്റി രൂപത്തിൽ കാണിക്കണം. മൂന്നാഴ്ചയെടുത്ത് ഏകദേശരൂപമാക്കി ഡെമോ കാണിച്ചുകൊടുത്തു. കലാമിന് ഏറെ ഇഷ്ടമായി. അങ്ങനെയാണ് കലാമുമായി അടുത്തത്.

പിന്നീട് കലാം രാഷ്ട്രപതിയായിരുന്നപ്പോൾ ട്രിപ്പൾ ഐ.ടി. ഹൈദരാബാദ് സന്ദർശിച്ചു. തന്നെ മറന്നിട്ടുണ്ടാകുമെന്ന് പി.ജെ.എൻ. കരുതി. പക്ഷേ, യാതൊരു ആമുഖത്തിന്റെയും ആവശ്യമില്ലാതെ കലാം ചോദിച്ചു, 'നാരായണൻ, സുഖമാണോ?'

'അദ്ദേഹത്തിന്റെ മഹത്വംകൊണ്ട് എന്നെപ്പോലെയൊരു സാധാരണക്കാരനെ ഓർമയിൽ സൂക്ഷിച്ചു. അന്ന് എനിക്ക് ഏറെ സന്തോഷവും അഭിമാനവും തോന്നി' – നാരായണൻ പറയുന്നു.



വിർചൽ റിയാലിറ്റി കലാമിന് ഏറെ ഇഷ്ടമായി.


സുവിത ടൂർസ്
കമ്മത്ത് ലെയിൻ, കോഴിക്കോട് – 1 ☎ 2702395 Resi: 2323732
കാവുകളിലേക്കും അമ്പലങ്ങളിലേക്കും നേർച്ച സാധനങ്ങൾ (വഴിപാട്) വിശ്വസനീയ നിരക്കിൽ മൊത്തമായും ചില്ലറയായും നൽകുന്നു.
തങ്കതകിട്, വെള്ളിതകിട്, ചെമ്പ് തകിട്, സ്വർണ്ണ ഏലസ്, വെള്ളി ഏലസ്
(സ്വർണ്ണം 916, വെള്ളി 999.9), തങ്കതകിടിൽ സുദർശനം, വിദ്യാരാജഗോപാലയന്ത്രം, സ്വയംവരം, ശ്രീചക്രം, ത്രിപുര സുന്ദരി എന്നിവ പ്രിന്റ് ചെയ്ത് കൊടുക്കുന്നു.
പ്രൊപ്രൈറ്റർ : പി. സുബ്രഹ്മണ്യൻ, Mob: 9387420688



ഇ- മീഡിയ

പി.എം .നാരായണൻ

*ലോകത്തെ ഏറ്റവും വലിയ ബുദ്ധപ്രതിമ ബോംബു വച്ച് തകർത്ത അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭീകരനൊപ്പം പി.എം . നാരായണൻ*

# തമിഴ് പുലിയുടെ മടയിലും താലിബാന്റെ ഗുഹയിലും

**കാൽ നൂറ്റാണ്ടായി ഇലക്ട്രോണിക് മീഡിയക്ക് വേണ്ടി സാർക്ക് മേഖലയിലെ (ദക്ഷിണേഷ്യ)മുഴുവൻ രാജ്യങ്ങളുംചുറ്റിക്കറങ്ങിയ ഒരു ജേണലിസ്റ്റാണ് ജർമ്മൻ ടെലിവിഷന്റെ ദക്ഷിണേഷ്യൻ ചീഫ് പ്രൊഡ്യൂസറായ പി.എം നാരായണൻ.ദില്ലി കേന്ദ്രമായി പ്രവർത്തിക്കുന്ന വിദേശകാര്യ ലേഖകരുടെ ക്ളബിന്റെ പ്രധാന ഭാരവാഹിയുമാണ്. യുദ്ധവും ഭൂകമ്പവും ഭീകരാക്രമണവും ചാവേറുകളും അടങ്ങുന്ന വല്ലാത്തൊരു ലോകം. അദ്ദേഹം ഇ- മീഡിയയുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയാണ് ഇവിടെ**

ഇപ്പോൾ താലിബാൻ അധീനതയിലുള്ള അഫ്ഗാനിലെ കാണ്ഡഹാർ മഹാഭാരതത്തിലെ ഗാന്ധാരിയുടെ ജന്മസ്ഥലമായ ഗാന്ധാരം ആണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ജർമ്മൻ ടെലിവിഷനു വേണ്ടി അവിടെ റിപ്പോർട്ടിംഗിനു ചെന്നപ്പോഴുണ്ടായ ഒരനുഭവം പറയാം.

ദരിയാണ് അഫ്ഘാനിസ്ഥാനിലെ പ്രമുഖ ഭാഷകളിലൊന്ന്. ദരിയിൽ പാലിന് ക്ഷീരം എന്നും ദാഹത്തിനു തൃഷ്ണ എന്നും ഞങ്ങളുടെ ഡ്രൈവർ മസൂദ് പറയുന്നത് കേട്ടപ്പോൾ പണ്ടെന്നോ ശ്രാദ്ധത്തിനു ക്ഷീരമുദകം.... ചൊല്ലിയതാണ് ഓർമ വന്നത്. അഫ്ഗാനിൽ ഒരു നമ്പൂതിരിയ്ക്ക് ആ ക്ഷീരം നിരവധി ഓർമ്മകൾ സമ്മാനിക്കും.

കോഴിക്കോട്ട് നിന്ന് എത്രയോ കിലോമീറ്ററുകൾക്കപ്പുറം രാജ്യങ്ങൾക്കപ്പുറം സംസ്കാരങ്ങൾക്കപ്പുറം ഇസ്ലാമിക ഭീകരവാദികളുടെ നാട്ടിൽ അവർ പാലിനു പറയുന്നത് ക്ഷീരം! ദാഹത്തിനു തൃഷ്ണ

പിന്നെയും കേട്ടു ചിലത്. സഹോദരൻ ഭ്രാത് ആണ്. ബ്രദർ ആവാം ഭ്രാതാവും ആവാം. നമ്മുടെ എലി അവർക്ക് മൂഷക്.അതേ അത് ഗാന്ധാരം തന്നെയാണെന്നതിന് മറ്റൊരു തെളിവും വേണ്ടായിരുന്നു. കാണ്ഡഹാരം തന്നെ ഗാന്ധാരം.

വലിയ വാർത്ത കളുടെ ഭാഗമാവാൻ സാധിക്കുന്നു എന്നതാണ് പത്രപ്രവർത്തനത്തിന്റെ ത്രിൽ .ടെലിവിഷൻ ജേര്ണലിസത്തിൽ പ്രത്യേകിച്ചും. ചില വാർത്താനുഭവങ്ങൾ ജീവിതത്തിൽനിന്ന് ഒഴിഞ്ഞു പോവില്ല. ചില കാഴ്ചകൾ മനസ്സിൽ നിന്ന് മായില്ല .കൂട്ടിയിട്ട മൃതദേഹങ്ങൾ .അതിനിടയിൽനിന്നും മുഖങ്ങൾ തിരഞ്ഞെടുക്കുന്ന ബന്ധുക്കളുടെ വിഹ്വലത . മറക്കാനാവാത്ത അനുഭവമാണിതെല്ലാം.

പാസ്സ്പോർട്ടിൽ ഏറ്റവും കൂടുതലുള്ളത് അഫ്ഗാനിസ്ഥാൻ വിസയാണ്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടയിൽ നിരവധി തവണ പോയിട്ടുണ്ട്. പാശ്ചാത്യ മാധ്യമങ്ങളുടെ വാർത്താ ഖനിയായിരുന്നു അഫ്ഗാനിസ്ഥാൻ. നാറ്റോ സഖ്യ രാജ്യമായ ജർമനിയുടെ ആർമിയാണ് വടക്കൻ അഫ്ഗാനിസ്ഥാൻ നിയന്ത്രിക്കുന്നത് . ജർമ്മനിയുടെ ഔദ്യോഗിക ടെലിവിഷൻ( നമ്മുടെ ദൂരദർശൻ പോലെ ) ആയതിനാൽ കൂടെക്കൂടെ അവിടെ പോവേണ്ടി വന്നിട്ടുണ്ട്.

വാർ സോൺ റിപ്പോർട്ടിങ്ങിനു പ്രത്യേകം പരിശീലനം വേണം. അതിനായി മൂന്നാഴ്ചയിലധികം ജർമനിയിൽ പോയി താമസിച്ചിട്ടുണ്ട്. തട്ടിക്കൊണ്ടു പോകപ്പെട്ടാൽ എന്തുചെയ്യണം? ബോംബ് പൊട്ടാനിടയുള്ള സ്ഥലങ്ങളിൽ എങ്ങിനെ പെരുമാറണം , സഹപ്രവർത്തകർക്കു എന്തെങ്കിലും സംഭവിച്ചാൽ എങ്ങിനെ പ്രതികരിക്കണം എന്നിങ്ങനെ നിരവധി പാഠങ്ങൾ ഇതിന്റെ ഭാഗമാണ്. ഈ ട്രെയ്നിങ് ഇല്ലാത്തവരെ യുദ്ധമേഖലയിലേക്കു റിപ്പോർട്ടിങ്ങിനു വിടരുത് എന്നാണ് ജർമൻ നിയമം.

താലിബാനെയും കണ്ടിട്ടുണ്ട് നേരിട്ടുതന്നെ. ചില താലിബാൻ നേതാക്കളുമായി അഭിമുഖവും നടത്തിയിട്ടുണ്ട്. അതിലൊരാളാണ് മുത്തവക്കീൽ.നേപ്പാളിൽ നിന്ന് ഇന്ത്യയിലേക്ക് പറക്കുകയായിരുന്ന ഐ.സി 814 എന്ന എയർ ഇന്ത്യ വിമാനം റാഞ്ചിയപ്പോൾ, ഇന്ത്യയുമായി ചർച്ചക്കെത്തിയ താലിബാൻ നേതാവ് മുത്തവക്കീലായിരുന്നു.

അഫ്ഗാനിസ്ഥാനികൾക്കു ഇന്ത്യക്കാരോട് വലിയ സ്നേഹമാണ്.പാക്കിസ്ഥാനികളോട് നേരെതിരിച്ചും. കാബൂളിലെ സെക്യൂരിറ്റി ചെക്പോയന്റുകളിൽ കേൾക്കുന്ന സ്ഥിരം ചോദ്യമാണ് – ഹിന്ദുസ്ഥാനി യാ പാകിസ്താനി ? ഹിന്ദുസ്ഥാനി എന്നാണ് ഉത്തരമെങ്കിൽ □ ബോറോ .. ബോറോ എന്ന് പറഞ്ഞു വേഗം കടത്തിവിടും . പാകിസ്ഥാനിക്കു പ്രത്യേകം ചെക്കിംഗ് ഉണ്ട്.

അഫ്ഗാനിലെ ബാമിയാനിലാണ് ആദ്യം പോയത്. ലോകത്തെ ഏറ്റവും വലിയ ബുദ്ധപ്രതിമ അവിടെയായിരുന്നു. അത് തകർത്തതിന്റെ പത്താം വാർഷികം റിപ്പോർട്ട്



*സൈനൈഡ് താലിയുമായി ചാവറായിരുന്ന തമിഴ് പുലി അരുൾ സെൽവി (മുഖം കാണിക്കുന്നതിന് വിലക്കുണ്ട് )*

ചെയ്യാനാണ് പോയത്. ബുദ്ധപ്രതിമകൾ ബോംബ് വെച്ച് തകർക്കുന്നത് ടെലിവിഷനിൽ കണ്ടവർ അതുമറക്കില്ല . ആരാണ് ആ ബോംബുകൾ പ്രതിമകളിൽ വെച്ചത് എന്ന് അന്വേഷിച്ചുള്ള യാത്ര ചെന്നെത്തിച്ചത് ബാമിയാനിലെ ചെറിയൊരു തെരുവിലെ സൈക്കിൾ റിപ്പയർ ഷോപ്പിലാണ് .

ബുദ്ധപ്രതിമ തകർക്കാൻ തീരുമാനിച്ചപ്പോൾ താലിബാൻ അതിനായി തിരഞ്ഞെടുത്തത് തടവുകാരായ ഇരുപത്തഞ്ചോളം ഹസാരെ വംശജരെയാണ് . അതിലൊരാളാണ് സയ്യിദ് മിർസ ഹുസൈൻ. ബുദ്ധ പ്രതിമ തകർത്ത ഭീകരനാണ് മുന്നിലിരുന്നു സൈക്കിൾ റിപ്പയർ ചെയ്യുന്നത് പ്രതിമയിൽ ബോംബ് വച്ച് കെട്ടിയ ആൾ. ഹുസൈനെ പോലുള്ള ചെറിയ മനുഷ്യരുടെ ജീവിതം ആരും അറിയാറില്ല.ഹുസൈന്റെ കടയിൽനിന്ന് നോക്കിയാൽ 180 അടി ഉയരമുള്ള പ്രതിമ നിന്ന ഇടം കാണാം. ഒട്ടുമാറി റഷ്യൻ പട്ടാളം ഉപേക്ഷിച്ചിട്ടുപോയ തുരുമ്പെടുത്ത ടാങ്കുകളും.

ചരിത്രത്തിന്റെ ത്രിമാനാനുഭവമാണ് ബാമിയാൻ. വെറുതെ നിന്നാൽ മതി, തണുത്ത കാറ്റിനൊപ്പം നൂറ്റാണ്ടുകളുടെ ചരിത്രം നമ്മിലേക്ക് നിറഞ്ഞിറങ്ങാൻ. ബുദ്ധമതം പശ്ചിമേഷ്യയിലേക്കു നടന്നു പോയ സിൽക്ക് റൂട്ട് ഇതിലൂടെയാണ്.

പിന്നീട് ഇസ്ലാം മതം കത്തിപ്പടർന്നപ്പോൾ ബുദ്ധഭിക്ഷുക്കൾ ഉന്മൂലനം ചെയ്യപ്പെട്ടു. ബാക്കിയായത് അവർ ധ്യാനത്തിലിരുന്ന ഗുഹകൾ മാത്രം. ഈ ഗുഹകൾക്കുള്ളിൽ ശ്രീചക്രത്തോട് സമാനമായ ഡിസൈനുകൾ ഇപ്പോഴും കാണാം.

മറക്കാനാവാത്ത അനുഭവങ്ങൾ പലതുണ്ട്.അതിലൊന്നാണ് നേപ്പാൾ ഭൂകമ്പം.

എവറസ്റ്റ് കൊടുമുടി കീഴടക്കുന്ന ധീരന്മാരെ യഥാർത്ഥത്തിൽ കൈപിടിച്ചവിടെ എത്തിക്കുന്നത് ഷെർപ്പകൾ ആണ് .ഒരു സീസണിൽ തന്നെ രണ്ടും മൂന്നും തവണ എവറസ്റ്റ് കീഴടക്കുന്ന ഷെർപ്പകൾ ഉണ്ട് നേപ്പാളിൽ . അവരുടെ അറിയപ്പെടാത്ത ജീവിതങ്ങളെ കുറിച്ച് ഡോക്യുമെന്ററി നിർമാണത്തിനാണ് നേപ്പാളിലെ നാംചെ ബസാറിൽ എത്തിയത്. ജർമൻ ക്യാമറാമാൻ ഹോൾഗർ അക്കർമാൻ, കറസ്പോണ്ടന്റ് ഗബോർ ഹാലസ് , വീഡിയോ എഡിറ്റർ ഫ്ലോറിയാൻ ബ്ലും പിന്നെ ഞാനും. നാംചെ എന്നത് എവറെസ്റ്റിലേക്കുള്ള വഴിയിൽ ബേസ്ക്യാമ്പിനു താഴെ ഉള്ള ഒരിടത്താവളമാണ്.

അവിടെ ഷൂട്ട് ചെയ്തുകൊണ്ടിരിക്കുമ്പോൾ ഭൂമി കുലുങ്ങാൻ തുടങ്ങി. കാലിനടിയില ഭൂമി മാത്രമല്ല , ചുറ്റും ഉയർന്നു കാണുന്ന മലനിരകളും, പാറക്കെട്ടുകളും നിന്ന് കുലുങ്ങുകയാണ്.കൂറ്റൻ പാറകൾ അടർന്നു മലമുകളിൽനിന്നും ഉരുണ്ടു വരുന്നുണ്ട്. ഒന്നല്ല, നിരവധി. മരണവുമായി മുഖാമുഖം. വലിയൊരു പാറക്കെട്ടിന്റെ മറവിൽ പതുങ്ങി നിൽക്കുമ്പോൾ , ഉരുണ്ടു വരുന്ന പാറകൾ അതിൽ തട്ടി തെറിച്ചു പോവുന്ന ശബ്ദം കേൾക്കാം.നൂറു സെക്കന്റിനുള്ളിൽ പതിനായിരത്തിലധികം മനുഷ്യ ജീവനുകളാണ് നേപ്പാളിൽ പൊലിഞ്ഞു പോയത്.ഭൂമിയുടെ അപസ്മാരം നിന്ന് കഴിഞ്ഞപ്പോൾ താമസിച്ച ഹോട്ടൽ അടക്കം നാംചെ ബസാർ പൂർണമായും തകർന്നു തരിപ്പണമായിരുന്നു.

ഒരനുഭവം കൂടി പറയാം, ശ്രീലങ്കയിലേത്. വേലുപ്പിള്ള പ്രഭാകരൻ കൊല്ലപ്പെട്ടതോടെ എൽ.ടി.ടി.ഇ നാമാവശേഷമായി. പഴയ എൽ.ടി.ടി.ഇ കേഡറുകൾ എന്തുചെയ്യുന്നു എന്നറിയാനാണ് ജാഫ്നയിൽ എത്തിയത്.

പുതുകുടിയിരുപ്പു എന്ന ഒരിടത്ത് ശ്രീലങ്ക ആർമി ഒരു മ്യൂസിയം ഉണ്ടാക്കിയിട്ടുണ്ട് . പ്രഭാകരൻ അടക്കമുള്ളവർ ഉപയോഗിച്ച ചെറിയ ബോട്ടുകൾ , തോക്കുകൾ എന്നിവ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട് . അതിനടുത്താണ് മുൻ എൽ.ടി.ടി.ഇ കേഡർ അരുൾ സെൽവി താമസിക്കുന്നത്. മറച്ചുകെട്ടിയ വീട്ടിൽ , ആരോടും ഒന്നും പറയാതെ ഒതുങ്ങി കഴിഞ്ഞു കൂടുകയാണവർ . കോഴിവളർത്തലാണ് ഉപജീവന മാർഗം .

യുദ്ധത്തിന്റെ ഓർമപ്പാടുകൾ സെൽവിയുടെ മുഖത്തു കാണാം. വലതു ചെവിയും , കണ്ണും ഏതോ ഒരു ബോംബ് ബ്ലാസ്റ്റിൽ തകർന്നു പോയിരിക്കുന്നു. അഭിമുഖത്തിനിടയിൽ അറിയാൻ സാധിച്ചു . സെൽവി എൽ.ടി.ടി.ഇ



*ജർമ്മൻ ടെലിവിഷൻ സംഘത്തോടൊപ്പം ദലായ് ലാമയെ കണ്ടപ്പോൾ*

യുടെ ചാവേർ പോരാളികളിൽ ഒരാളായിരുന്നെന്ന്. കഴുത്തിൽ സയനൈഡ് തൂക്കി നടന്ന യുവത്വം. ഇപ്പോൾ ജീവിക്കാൻ കോഴിവളർത്തുന്നു!. മറ്റൊരു മനുഷ്യാവസ്ഥ

ഇനിയുമുണ്ട് ധാരാളം. 2008 ലെ ബോംബെ അറ്റാക്കിനു ശേഷം കത്തിക്കരിഞ്ഞ താജ് ഹോട്ടൽ സന്ദർശിക്കാൻ ആദ്യം അവസരം ലഭിച്ച വിദേശമാധ്യമങ്ങളിൽ ഒന്നാണ് ജർമൻ ടെലിവിഷൻ .അതുപോലെ തന്നെ ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ശ്രീലങ്കയിൽ ഉണ്ടായ ബോംബ് അറ്റാക്കുകൾ പള്ളികൾക്കുള്ളിൽ ചെന്ന് കണ്ടു റിപ്പോർട്ട് ചെയ്തത് മറ്റൊരു മരവിപ്പിക്കുന്ന അനുഭവമാണ്.

എത്തിപ്പെട്ടതാണ് ടെലിവിഷൻ രംഗത്ത്.മറ്റു നമ്പൂതിരിമാരെപ്പോലെത്തന്നെ നാട്ടിൽ അധ്യാപകനാവാം എന്നുദ്ദേശിച്ചാണ് ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ഫിസിക്സ് ബിരുദം കഴിഞ്ഞപ്പോൾ കണ്ണൂരിൽപോയി ബി എഡ് പഠിച്ചത്. എന്നാൽ ഏതെങ്കിലും സ്കൂളിൽ ചേരണമെങ്കിൽ പണമില്ലായിരുന്നു. കേരളത്തിൽ അദ്ധ്യാപകനാവുക എളുപ്പമല്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ ബിഎഡ് അവിടെയിരിക്കട്ടെ എന്നു വച്ചു. കാമരാജ് യൂണിവേഴ്സിറ്റിയിൽ ചേർന്നു ജേർണലിസം പഠിച്ചു ഡൽഹിക്കു വണ്ടികയറി.

ഡൽഹിയിൽ സ്വകാര്യ ചാനലുകൾ മുളച്ചുവരുന്ന കാലമായിരുന്നു അത്. ബിസിനസ് ഇന്ത്യ ടെലിവിഷനിലാണ് ആദ്യം ചേർന്നത്,1995 ൽ. പിന്നെ കൈരളി ടി.വി , ചാനൽ ഫോർ ലണ്ടൺ,റോയിട്ടേഴ്സ് ടെലിവിഷൻ തുടങ്ങിയവയിലൂടെ ജർമൻ ടെലിവിഷനിലെത്തി. ഇപ്പോൾ ദക്ഷിണേഷ്യയാണ് കവർ ചെയ്യേണ്ടത്. ഇന്ത്യയും ശ്രീലങ്കയും നേപ്പാളും പാകിസ്ഥാനും അഫ്ഗാനിസ്ഥാനും എല്ലാം ചേർന്ന മേഖല. ഇലക്ട്രോണിക് മീഡിയയിലെ ജീവിതത്തിന് ഇപ്പോൾ കാൽ നൂറ്റാണ്ടായി.

**പ്രഭാകരൻ അടക്കമുള്ളവർ ഉപയോഗിച്ച ചെറിയ ബോട്ടുകൾ , തോക്കുകൾ എന്നിവ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട് . അതിനടുത്താണ് മുൻ എൽ.ടി.ടി.ഇ കേഡർ അരുൾ സെൽവി താമസിക്കുന്നത്. മറച്ചുകെട്ടിയ വീട്ടിൽ, ആരോടും ഒന്നും പറയാതെ ഒതുങ്ങി കഴിഞ്ഞു കൂടുകയാണവർ. കോഴിവളർത്തലാണ് ഉപജീവന മാർഗം.**

പ്രീഡിഗ്രി കഴിഞ്ഞ കാലത്തു പൂജയും പഠിച്ചിട്ടുണ്ട് , ശാന്തി കഴിച്ചിട്ടുണ്ട്.ഒരു മന്ത്രാനുഭവം പറയാം.കാഠ്മണ്ഡുവിലെ പ്രസിദ്ധമായ അമ്പലമാണ് പശുപതിനാഥ് മന്ദിറിൽ പന്തീരാങ്കാവ് അമൃതമംഗലം ശിവക്ഷേത്രത്തിൽ നിന്നാണ് ആദ്യമായി ചമകം ജപം കേൾക്കുന്നത്. അത് വീണ്ടും പശുപതിനാഥ് മന്ദിരിൽ കേട്ടു. സാംസ്കാരിക പൈതൃകത്തിന്റെ വ്യാപ്തി അനുഭവിപ്പിക്കുന്ന ഒന്നായിരുന്നു അത്.

അതുപോലെത്തന്നെയാണ് അഫ്ഗാനിസ്ഥാൻ. ഒരു താലിബാൻ രാജ്യമായി മാത്രമേ അഫ്ഗാനിസ്ഥാനെ നമ്മളറിയുന്നുള്ളൂ. എന്നാൽ ഇന്ത്യ എന്ന വലിയൊരു സംസ്കാര തുടർച്ചയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും അവിടെ അനുഭവിക്കാം. അഖണ്ഡഭാരതത്തിന്റെ ശേഷിപ്പുകൾ.

കോഴിക്കോട് പന്തീരാങ്കാവിൽ പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളിയാണ് ഇല്ലം. ഭാര്യ കരിയന്നൂർ മനയ്ക്കൽ സവിത ഡൽഹിയിൽ സിവിൽ എൻജിനീയറാണ്. മകൻ ആകാശ് ഡൽഹി ജാമിഅ മില്ലിയ കേന്ദ്രസർവകലാശായിലും മകൾ അർഘ്യ ബെന്നറ്റ് യൂണിവേഴ്സിറ്റിയിലും എൽ.എൽ.ബിയ്ക്കു പഠിക്കുന്നു.

(പി.എം. നാരായണൻ മൊബൈൽ :9899146665)


യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം



## വരിക്കാരുടെ ശ്രദ്ധയ്ക്ക്:

2020 വർഷത്തേക്കുള്ള വരിസംഖ്യ പുതുക്കേണ്ട സമയമായി.200 രൂപ താഴെ കാണുന്ന ബാങ്ക് അക്കൗണ്ടിലടച്ച് സ്വസ്തി അയക്കേണ്ട ആളുടെ പേര് ,വിലാസം ,പിൻകോഡ് ,മൊബൈൽ നമ്പർ, വരിസംഖ്യ അടച്ചതിയ്യതി എന്നിവ 9447332611 എന്ന നമ്പറിലേക്ക് വാട്ട്സ്ആപ്/എസ്.എം.എസ് വഴി അറിയിക്കണം.

Kozhikode Dist Co-operative bank,
Medical College Branch
A/c No : 100041201020018
IFSC: KDCB0000004
A/c holder: Yogakshema sabha
Kozhikode District Committee.

## പരസ്യങ്ങൾക്ക്:

**അഡ്വർടൈസ്മെൻറ് മാനേജർ,**
**ജയൻ പങ്ങോട്ടു പൊറ്റ, 97451370987 എന്ന നമ്പറിൽ ബന്ധപ്പെടുക.**

## രചനകൾ അയക്കാൻ:

**പത്രാധിപർ, യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക, യോഗക്ഷേമസഭ ജില്ലാ ഓഫീസ്, കോവൂർ വിഷ്ണു ക്ഷേത്രത്തിനു സമീപം, പി. ഓ. ചേവായൂർ, കോഴിക്കോട് 673017 എന്ന വിലാസത്തിലോ** swasthithrimonthly@gmail.com **എന്ന ഇ -മെയിലിലോ 94473 37337 എന്ന വാട്ട്സ്ആപ്പിലോ**
**അയക്കുക . രചയിതാവിന്റെ പൂർണമായ അഡ്രസ്, ഫോൺ നമ്പർ ഫോട്ടൊ എന്നിവ നിർബന്ധമാണ്.**



# വെറും ഒമ്പതാം ക്ലാസുകാരൻ



ഇ- ഉണ്ണിനമ്പൂതിരി



പുടയൂർ ജയനാരായണൻ

# ഒരു നമ്പൂതിരി ടെക്ബോയ്

**അടുത്ത കാലത്ത് വ്ളോഗിങ്ങ് എന്ന പുതുകാല സാധ്യതയിലേക്ക് കൂടി കടന്ന ദേവനാരായണന്റെ കോഡ് യാർഡ് (Code Yard) എന്ന യൂട്യൂബ് ചാനൽ പുത്തൻ സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്ന ഒരു ചാനൽ ആണ്. ഏറെ സാങ്കേതിക പരിജ്ഞാനം വേണ്ട ഇത്തരമൊരു ചാനൽ സ്വന്തമായി കൈകാര്യം ചെയ്യുന്ന ഒരു പക്ഷേ ഏറ്റവും പ്രായം കുറഞ്ഞ ടെക്കിയാവും ദേവനാരായണൻ.**


കുറച്ച് കൊല്ലം മുമ്പാണത്. മൂന്ന് വയസ് കഴിയുന്നതേയുള്ളൂ കുഞ്ഞു ദേവന്. പാരാമിലിട്ടറി സേനയായ സി.ആർ.പി.എഫിലെ സബ് ഇൻസ്പെക്ടർ തസ്തികയിലുള്ള ടെക്നീഷ്യൻ പെരിങ്ങോട് മണികണ്ഠൻ നമ്പൂതിരിക്ക് ജോലിത്തിരക്ക് കാരണം അന്ന് നേഴ്സറിയിൽ നിന്ന് മകനെയും കൂട്ടി വീണ്ടും ഓഫീസിലേക്ക് തന്നെ തിരകെ ചെല്ലേണ്ടി വന്നു. വയർലസ്, കമ്പ്യൂട്ടർ, ടെലിഫോൺ, മറ്റ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിച്ച് പുനർ സജ്ജീകരിക്കുന്ന ടെക്നിക്കൽ ഡിപ്പാർട്ട്മെൻറിലാണ് അദ്ദേഹത്തിന് ജോലി. ചെയ്ത് തീർക്കാനേറ്റ ജോലി എളുപ്പം തീർത്ത് പോകാം എന്ന് കരുതിയാണ് അങ്ങനെ ചെയ്തത്.

മകനെ അടുത്ത ടേബിളിനു മുന്നിലെ കസേരയിലിരുത്തി അദ്ദേഹം തന്റെ ജോലികൾ തുടർന്നു. പക്ഷേ അദ്ദേഹം അമ്പരന്നത് തൊട്ടപ്പുറത്തെ ടേബിളിൽ പണിക്കായി അഴിച്ചിട്ട കമ്പൂട്ടറിന്റെ സി.പി.യു അസംബിൾ ചെയ്യാൻ ശ്രമിക്കുന്ന കുഞ്ഞ് ദേവനെക്കണ്ടപ്പോളായിരുന്നു. മദർ ബോർഡും, മറ്റ് കമ്പ്യൂട്ടർ മർമ്മങ്ങളും കുഞ്ഞുകൈകൾ കൊണ്ട് കൃത്യമായി തിരഞ്ഞ് പിടിച്ച് വേണ്ട സ്ഥാനത്ത് ക്രമമായി ചേർത്ത് വയ്ക്കുന്നത് കണ്ടപ്പോൾ ശരിക്കും അമ്പരന്നു.

ഓഫീസിലെ ജോലിത്തിരക്കിനിടെ ചെയ്ത് തീരാത്ത ജോലികൾക്കായി ഇത്തരം സാമഗ്രികൾ മിക്കാവാറും ദിവസവും സി.ആർ.പി.എഫ് ക്യാമ്പിലെ ക്വാർട്ടേഴ്സിലേക്ക് കൊണ്ടു പോകാറുണ്ട് മണികണ്ഠൻ നമ്പൂതിരി. കുഞ്ഞു ദേവൻ വളർന്ന് വന്നത് ആ സാങ്കേതിക വിദ്യകൾക്കിടയിലൂടെയായിരുന്നു. നിലത്ത് ഇഴഞ്ഞ് നീന്തിയതും, മുട്ടിലൂന്നി നടന്നതും, പിച്ചവച്ചതുമെല്ലാം കമ്പ്യൂട്ടറുകൾക്കും, സി.പി.യുവിനും, ഹാർഡ് ഡിസ്കുകൾക്കും ഇടയിലായിരുന്നു. കയ്യിലാദ്യമായി കിട്ടിയ കളിപ്പാട്ടം സ്ക്രൂ ഡ്രൈവറും, സോൾഡറിങ്ങ് അയേണും, കേടായ മദർ ബോർഡുകളുമായിരുന്നു. ഈ ലോകത്തെ സാങ്കേതിക വിദ്യയ്ക്കിടയിൽ എല്ലാ അർത്ഥത്തിലും ഒരു ടെക് പയ്യനായിട്ടാണ് പെരിങ്ങോട് ദേവനാരായണൻ വളർന്നത്.

കണ്ണൂർ ജില്ലയിലെ മാതമംഗലത്ത് പെരിങ്ങോട് ഇല്ലത്തെ മണികണ്ഠൻ നമ്പൂതിരിയുടേയും, സീമ അന്തർജനത്തിന്റെയും മകൻ. 2005 ൽ റാഞ്ചിയിലാണ് ദേവനാരായണന്റെ ജനനം. അച്ഛന് അക്കാലത്ത് അവിടെയായിരുന്നു ജോലി. പിന്നീട് ഇലക്ട്രോണിക് സിറ്റികൾ ആയ ഹൈദരാബാദിലും, ബാംഗ്ലൂരിലുമായി അച്ഛന്റെ സ്ഥലം മാറ്റങ്ങൾക്കനുസരിച്ച് വിദ്യാലയങ്ങളും മാറി. നാടുകളും, സ്കൂളുകളും, കൂട്ടുകാരും മാറിക്കൊണ്ടിരുന്നപ്പോളും ഉള്ളിൽ മുളച്ച സാങ്കേതിക പരിജ്ഞാനം മാറിയില്ല. അവന്റെ വളർച്ചയ്ക്കനുസരിച്ച് ഉള്ളിലെ സാങ്കേതിക ജ്ഞാനവും നവീകരിക്കപ്പെട്ടുകൊണ്ടിരുന്നു. കളിപ്പാട്ടമായി കയ്യിലെടുത്ത സ്ക്രൂ ഡ്രൈവറും, സോൾഡറിങ്ങ് അയേണുമെല്ലാം നിത്യജീവിതത്തിന്റെ ഭാഗമായി. ഹാർഡ് വേറും, സോഫ്റ്റ് വേറും, മൊബൈൽ ടെക്നോളജിയും എന്ന് വേണ്ട 'ഇ'





അദ്ദേഹം അമ്പരന്നത് തൊട്ടപ്പുറത്തെ ടേബിളിൽ പണിക്കായി അഴിച്ചിട്ട കമ്പൂട്ടറിന്റെ സി.പി.യു അസംബിൾ ചെയ്യാൻ ശ്രമിക്കുന്ന കുഞ്ഞ് ദേവനെ ക്കണ്ടപ്പോളായിരുന്നു.

ലോകത്തിന്റെ എല്ലാ സങ്കേതങ്ങളും വഴങ്ങുന്ന ഒരു 'ഇ' നമ്പൂതിരിയാണ് ദേവനാരായണൻ .ഒരു പക്ഷേ കാലത്തിനൊത്ത് സങ്കേതികമായി 'ഇ' നമ്പൂതിരി.

സി.ആർ.പി.എഫിൽ നിന്ന് വിരമിച്ച അച്ഛനൊപ്പം നാട്ടിലെത്തിയ ദേവൻ ഇപ്പോൾ പയ്യന്നൂർ കേന്ദ്രീയ വിദ്യാലയത്തിൽ ഒൻപതാം ക്ളാസിലാണ്. സ്കൂൾ തല സയൻസ് കോൺഗ്രസുകളിലും, ഐ.ടി. എക്സിബിഷനുകളിലും സ്ഥിരം സാന്നിധ്യമാണ്. ഇതിനോടകം നിരവധി അംഗീകാരങ്ങളും നേടിക്കഴിഞ്ഞു. ആൻഡ്രോയിഡ് മൊബൈൽ ആപ്പ് ഡവലപ്പ്മെന്റ്, കമ്പ്യൂട്ടർ ലാഗ്വേജ് ഡവലപ്മെന്റ്, റോബോട്ടിക് അസമ്പ്ളിങ്ങ്, തുടങ്ങിയ എല്ലാ സങ്കേതങ്ങളിലും ഇതിനോടകം തന്നെ കൈ വച്ച് കഴിഞ്ഞ ദേവനാരായണൻ ഇവയൊക്കെ സ്വയം പഠിച്ചെടുത്തതാണ് എന്നത് ആരെയും അമ്പരപ്പിക്കും.

മുഴുവൻ സാങ്കേതിക വിദ്യയും ഒരു വിരൽ തുമ്പിൽ ലഭ്യമാകുന്ന ഈ 'ഇ' ലോകത്ത് ഇതൊക്കെ പഠിച്ചെടുക്കുകയെന്നത് ഒരു പ്രശ്നമേയല്ല എന്നാണ് ദേവൻ പറയുന്നത്. എല്ലാ വിവരങ്ങളിലേക്കും ജനൽ തുറക്കുന്ന 'ഇ' ലോകം ഒന്ന് തുറക്കുകയെ വേണ്ടൂ. ദേവനാരായണന്റെ സാങ്കേതിക പരിജ്ഞാനം എന്നും നവീകരിക്കപ്പെട്ട് കൊണ്ടിരിക്കുന്നതും ഈ സാധ്യത ഉപയോഗിച്ച് തന്നെയാണ്.

ഓൺലൈനായി പുതിയ ലാംഗ്വേജുകളും, പ്രോഗ്രാമിങ്ങുകളും പഠിച്ചെടുത്ത് സ്വയം പരീക്ഷിച്ച് നോക്കി അതിന്റെ പുതു സാധ്യതകൾ കണ്ടെത്തുകയാണ് പ്രധാന വിനോദങ്ങളിലൊന്ന്. ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിൽ ദേവൻ സ്വന്തമായി വികസിപ്പിച്ച മൊബൈൽ ക്യാമറാ ആപ്പ് അത്തരത്തിലൊന്നാണ്. ക്യാമറ ഓണാക്കുമ്പോൾ ത്തന്നെ സെൻസറിങ്ങ് ഉപയോഗിച്ച് ഒബ്ജക്ടിൽ വീഴുന്ന ലൈറ്റുൾപ്പടെയുള്ളവ തിരിച്ചറിഞ്ഞ് സെറ്റിങ്ങ്സ് സജഷൻസ് കാണിക്കുന്ന സാങ്കേതിക വിദ്യ ദേവനാരായണൻ ഇത്തരത്തിൽ ഡെവലപ്പ് ചെയ്തെടുത്ത ഒരു ആപ്ലിക്കേഷനാണ്. അറിയുക വെറും ഒമ്പതാം ക്ളാസുകാരനാണ് ഈ പയ്യൻ.

വീഡിയോ അപ് ലോഡിങ്ങ് എളുപ്പത്തിലാക്കുന്നതിനുള്ള ആപ്, കഴിക്കുന്ന ഭക്ഷണത്തിന്റെ കാലോറി കാൽക്കുലേറ്റ് ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ, സൈക്കിളിനു ഉപയോഗിക്കുന്ന സ്പീഡോമീറ്റർ എന്നിവയും ഇക്കൂട്ടത്തിലെ ചിലതാണ്. കഴിഞ്ഞ വർഷം തിരുവനന്തപുരത്ത് ആക്കുളത്ത് വച്ച് നടന്ന സംസ്ഥാന തല സയൻസ് കോൺഗ്രസിൽ ദേവനാരായണൻ തയ്യാറാക്കിയ ബയോ പ്ലാസ്റ്റിക്ക് സാങ്കേതിക വിദ്യ ഏറെ ശ്രദ്ധേയമായ ഒന്നായിരുന്നു. വാഴനാരിൽ നിന്നുണ്ടാക്കുന്ന ഫൈബർ കൊണ്ട് പ്ലാസ്റ്റിക്കിന് പകരമായി ഉപയോഗിക്കാവുന്ന പരിസ്ഥിതി സൗഹൃദ വസ്തു ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യയായിരുന്നു അത്.

അടുത്ത കാലത്ത് വ്ളോഗിങ്ങ് എന്ന പുതുകാല സാധ്യതയിലേക്ക് കൂടി കടന്ന ദേവനാരായണന്റെ കോഡ് യാർഡ് (Code Yard) എന്ന യൂട്യൂബ് ചാനൽ പുത്തൻ സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്ന ഒരു ചാനൽ ആണ്. ഏറെ സാങ്കേതിക പരിജ്ഞാനം വേണ്ട ഇത്തരമൊരു ചാനൽ സ്വന്തമായി കൈകാര്യം ചെയ്യുന്ന ഒരു പക്ഷേ ഏറ്റവും പ്രായം കുറഞ്ഞ ടെക്കിയാവും ദേവനാരായണൻ.

സാങ്കേതികരംഗ പുതുപുത്തൻ ടെൻറുകൾ, പുതിയ സ്മാർട്ട് ഫോൺ ഫീച്ചറുകൾ, സാങ്കേതക രംഗത്തെ ചില പുതിയ ടിപ്പുകൾ, സ്വന്തമായി ചെയ്ത പുതിയ പ്രൊജക്ടുകൾ, ആപ്ലിക്കേഷനുകൾ എന്നിവയെ പരിചയപ്പെടുത്തുന്നതാണ് ഈ ചാനൽ. വളരെ ചെറിയ നാളുകൾ കൊണ്ട് തന്നെ ഇരുപതിനായിരത്തിനടുത്ത് പേർ കണ്ട് കഴിഞ്ഞു ഈ ചാനൽ. ഇന്ത്യയ്ക്കകത്തു നിന്നും പുറത്ത് നിന്നുമുള്ള ധാരാളം ഫോളോവേഴ്സും ഈ ചാനലിന് ഇന്ന് ഉണ്ട്.

വലിയ സ്വപ്നങ്ങൾക്ക് പിന്നാലെയുള്ള കുതിപ്പിലാണ് ദേവനാരായണൻ എന്ന ഈ നമ്പൂതിരിപ്പയ്യൻ. വലുതാവുമ്പോൾ ഐ.ഐ.ടി പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് കമ്പ്യൂട്ടർ എഞ്ചിനീയറിങ്ങ് ബിരുദം. പിന്നെ ഐടി ലോകത്ത് സ്വന്തമായ ഒരു ഇടം കണ്ടെത്തണം. ദീർഘകാലമെടുത്താലും അതിവിദൂരമല്ല പെരിങ്ങോട്ടില്ലത്തെ ഈ നമ്പൂതിരി ബാലന് ഈ ലക്ഷ്യങ്ങൾ എന്ന് അവന്റെ ഇതുവരെയുള്ള വളർച്ച സാക്ഷ്യപ്പെടുത്തുന്നു.



*അച്ഛൻ മാതമംഗലത്ത് പെരിങ്ങോട് മണികണ്ഠൻ നമ്പൂതിരി, അമ്മ സീമ അന്തർജനം, മുത്തശ്ശി ദേവകി അന്തർജനം*

https://youtu.be/D3YReK28v6Y ഇതാണ് ഇദ്ദേഹത്തിന്റെ ചാനൽ ലിങ്ക്.
മൊബൈൽ: 9207528058
പുടയൂർ ജയനാരായണൻ മൊബൈൽ: 9544075519






ഇ- മാർക്കറ്റിംഗ്

വിനോദ് മങ്ങത്തായ

# ആമസോണല്ലെങ്കിലും എല്ലാം ഒറ്റ ക്ലിക്കിൽ

# ഇത് നമ്പൂതിരി സോൺ



**ഇളമന ഗോവിന്ദൻ നമ്പൂതിരി (ഗോപി ) - കരുമല ലീല അന്തർജനം ദമ്പതികളുടെ രണ്ടാമത്തെ മകനാണ് കൃഷ്ണപ്രസാദ് .സോഫ്റ്റ് വെയർ എഞ്ചിനീയർ . +2 മുതൽ അടുത്ത സുഹൃത്തുക്കളാണ് മറ്റു മൂന്നു പേരും .മെക്കാനിക്കൽ എഞ്ചിനീയറിംഗും എം.സി.എയും നേടിയവർ . 5 മാസം മുമ്പു തുടങ്ങി.നൂറോളം സ്ഥിരം ഉപഭോക്താക്കളുണ്ട് . 5 ജോലിക്കാരും .ആഫ്റ്റർ സെയിൽ സർവ്വീസ് അടുത്ത സെയിലിനോടൊപ്പം തന്നെ നടക്കും .തിരിച്ചെടുക്കലും സുഖമായി നടക്കുമെന്ന് ചുരുക്കം .**

- ഇ ഷോപ്പിന് പ്രത്യേക ലൈസൻസുകൾ വേണം
- ട്രാക്കിങ് സാധ്യമാക്കുന്ന വാഹനങ്ങൾ വേണം
- പുതിയ പ്രോഗ്രാമുകൾ ഡെവലപ്പ് ചെയ്യണം
- ബ്രാൻറുകളുടെ ഇമേജ് കോഡിംഗ് ചെയ്യണം
- ടാക്സിങ്ങിന് പ്രത്യേക സോഫ്റ്റ് വേർ വേണം
- ഒന്നും അസാദ്ധ്യമല്ലെന്ന് ഈ യുവാക്കൾ പറയുന്നു

പൂണൂലു മുതൽ അമ്പാടിപ്പശുവിന്റെ ഭസ്മം വരെ ഓൺലൈനിൽ സുലഭം. ആമസോണും ഫ്ലിപ്പ് കാർട്ടും ഇ ബേയും സംഗതി ഇല്ലത്തെത്തിക്കുമല്ലോ. നിത്യോപയോഗത്തിനുള്ള പലചരക്കു സാധനങ്ങൾ ആണെങ്കിൽ ഒന്നാർമാദിച്ച് തിരഞ്ഞു പിടിക്കാൻ ഒട്ടനവധി ബ്രാന്റുകൾ അണിനിരത്തിയ മാളുകളുണ്ട്. കാണാം, വാങ്ങാം ,ആവോളം പണം നൽകാം. ഒറ്റ പ്രശ്നമേ ഉള്ളൂ. രണ്ടു കിലോ പഞ്ചസാര വാങ്ങാനും ഒരു പേസ്റ്റ് വാങ്ങാനും മാൾ വരെ പോണം. പാർക്കിങ്, ഷോപ്പിംഗിനു വേണ്ട സമയം അങ്ങിനെ ചടങ്ങുകൾ വേറെയും. ഒരു മാസത്തേക്ക് ഒന്നിച്ച് വാങ്ങുകയെന്ന സൊലൂഷനേ പിന്നെയുള്ളൂ. എന്നാലും പ്രശ്നങ്ങൾ തന്നെ. കാലം കഴിഞ്ഞ ഉൽപ്പന്നങ്ങളാണോ എന്നു നോക്കണം. അടുത്തയാഴ്ചയിലേക്കു കണക്കാക്കി വാങ്ങിയ ഹോർലിക്സ് കുട്ടിക്കു മടുത്തതിനാൽ കോംപ്ലാനിലേക്കു തിരിയണം.

നമുക്കാവശ്യമുള്ളത് കണ്ട് തിരഞ്ഞെടുക്കുക. ഓൺലൈനിൽ ഓർഡർ ചെയ്യുക. പണം ട്രാൻസ്ഫർ ചെയ്യുക ഒരാഴ്ചത്തേക്കൊക്കെ വേണ്ട പലചരക്കുകളും ഫുഡ് പ്രൊഡക്ട്സും ഇല്ലത്തെ ഉമ്മറത്ത് എത്തിയാലോ.പുതിയ ഭാഷയിൽ ഷിപ്പിംഗ് .അത് ഫ്രീ ആണ് .അതെ അതാണ് വി ഫോർ വെൽനസ്.ബാലുശ്ശേരി കരിമല ഇളമന ഇല്ലത്ത് കൃഷ്ണനനും അർപ്പൺ ,ബിപിൻ, കിരൺ ലാൽ എന്നീ മൂന്ന് എഞ്ചിനീയറിംഗ് സുഹൃത്തുക്കളുമാണ് ഈ വീ ഫോർ .

കൃഷ്ണന്റെ വാക്കുകളിലേക്ക്:

"ഉൽപ്പാദകനും ഉപഭോക്താവിനും ഇടയ്ക്കുള്ള ജോലിക്കാരാണ് ഞങ്ങൾ .എം.ആർ.പി യിൽ ഡിസ്കൗണ്ട് ചെയ്താണ് ഞങ്ങൾ ബിൽ ചെയ്യുക .അരിയും പഞ്ചസാരയും പോലുള്ള പലചരക്കുകൾ മാർക്കറ്റ് വിലയിലും കുറച്ച് വെൽനസിലൂടെ ലഭ്യമാണ് .കോഴിക്കോട് 673 001 മുതൽ 673025 വരെ പിൻകോഡ് ഉള്ള എല്ലാ പ്രദേശങ്ങളിലും ഞങ്ങളുടെ സേവനമുണ്ട് .മൊബൈൽ ഫോണിൽ ആപ്പ് ഡൗൺലോഡ് ചെയ്യാം . ഇ ഷോപ്പ് സന്ദർശിക്കാം .വേണ്ട സാധനങ്ങൾ ലിസ്റ്റ് ചെയ്യാം .സ്റ്റോക്ക് ഉള്ള എല്ലാ ബ്രാൻഡുകളും തിരയാം .കാണാം .വിവിധ ബ്രാൻറുകളുടെ ഇമേജുകൾ വെച്ച് വിലയിരുത്താം .അരി ,പരിപ്പ് തുടങ്ങിയവ പോലും വിവിധ തരങ്ങളും വിലയും പരിശോധിക്കാം . അവസാനം തീരുമാനിച്ച് ആമസോണിൽ ഒക്കെ ചെയ്യുന്നതു പോലെ കാർട്ടിൽ ഉൾപ്പെടുത്തി ബിൽ ചെയ്യാം .അതിനും പല ഓപ്ഷൻ ലഭ്യം .ഓൺലൈൻ പെയ്മെന്റ്.കേഷ് ഓൺ ഡലിവ

റി .മറ്റൊരു കാര്യം കൂടി ഉണ്ട് .ഏറ്റവും പുതിയ സാധനങ്ങളേ സപ്ലൈ ചെയ്യൂ . ആവശ്യാനുസരണം സാധനം നൽകുന്നതിനാൽ പഴക്കം എന്നൊന്നില്ല .

സാധാരണ ഷോപ്പുകളിലും സൂപ്പർ മാർക്കറ്റുകളിലും കസ്റ്റമറാണ് രാജാവ് എന്നത് അലങ്കാര വാക്യം മാത്രം .അവർ ചിലതു നിരത്തുന്നു .ഓഫറോടെയും അല്ലാതെയും .അതു വാങ്ങാൻ നിർബന്ധിതമാവുന്നു .

വീഫോർ വെൽനസിൽ അങ്ങിനെയല്ല.നിങ്ങളാണ് എന്തു വേണമെന്ന് / ഏതു ബ്രാന്റ് വേണമെന്ന് തീരുമാനിക്കുന്നത് .പറ്റുന്നിടത്തോളം അത് തന്നെ എത്തിച്ചു തരും .സാധാരണ ഓൺലൈൻ പർച്ചേസ് പോലെ മൂന്നും നാലും ദിവസങ്ങൾ കഴിഞ്ഞല്ല .ഓർഡർ ഇട്ട് മണിക്കൂറുകൾക്കുള്ളിൽ തന്നെ . ട്രാഫിക് ജാമിൽ കുടുങ്ങണ്ട.. സാധനങ്ങൾക്കായി അലയേണ്ട .വില യേറിയ സമയം വെറുതെ കളയണ്ട. എല്ലാം ഒറ്റ ക്ലിക്കിൽ ..

തുടങ്ങിയിട്ട് മാസങ്ങളേ ആയുള്ളൂ .കുറെ തയ്യാറെടുപ്പുകൾ വേണ്ടിയിരുന്നു. പുതിയ പ്രോഗ്രാമുകൾ ഡെവലപ്പ് ചെയ്യൽ ,ഇന്ററാക്ടീവ് സ്റ്റോക്ക് പർച്ചേസ്, ബ്രാൻറുകളുടെ നിരവധി ഇമേജ് കോഡിംഗ് ,ഗ്രൂപ്പിങ്ങ് ,സബ് ഗ്രൂപ്പിങ്ങ് (ബിസ്ക്കറ്റ് സ് -ക്രീം ബിസ്ക്കറ്റ്സ് എന്നിങ്ങനെ) , ടാക്സിങ്ങ് നിയമങ്ങൾക്കുള്ള പ്രത്യേക സോഫ്റ്റ് വേർ .ഇ ഷോപ്പിന് പ്രത്യേക ലൈസൻസുകൾ വേണം. സാധനങ്ങളുടെ പോക്കുവരവുകൾ അറിയാൻ കസ്റ്റമർക്ക് ട്രാക്കിങ് സാധ്യമാക്കുന്ന വാഹനങ്ങൾ .അങ്ങിനെ പലതും .ഇനിയും കുറേ മാറ്റങ്ങൾ വരുത്താനുണ്ട്.

ടെക്നോളജിയുടെ വിപുലമായ സാധ്യതകളാണ് ഉപയോഗിക്കുന്നത് .ഒരു സാധനം വേണം .അതിന് മണിക്കൂറുകൾ സഞ്ചരിച്ച് അന്യന്റെ വ്യാപാര സ്ഥാപനത്തിൽ പോകേണ്ടതില്ല .നിങ്ങളുടെ പണം .നിങ്ങളുടെ സമയം .തീരുമാനവും നിങ്ങളുടേത് .ബാക്കി ഞങ്ങൾക്ക് വിട്ട് തരൂ .250 രൂപയിൽ കൂടുതലുള്ള എല്ലാ പർച്ചേസുകൾക്കും ഫ്രീ ഷിപ്പിംഗും ഡെലിവറിയും .വിവാഹം പോലുള്ള ആവശ്യങ്ങളുടെ ബൾക്ക് പർച്ചേസിന് ആരും തരാത്തത്രയും സ്പെഷ്യൽ ഡിസ്കൗണ്ടുകളും എന്താ നോക്കല്ലേ?

വി ഫോർ വെൽനെസ്സിന്റെ ടാഗ് ലൈൻ ഇങ്ങിനെയാണ് .

എ പേഴ്സണൽ സൂപ്പർ മാർക്കറ്റ്.

ഒരു വർഷത്തിനകം ഇ ഷോപ്പിംഗ് കസ്റ്റമർ ബേസ് ആയിരത്തിനു മുകളിലാക്കുകയാണ് ലക്ഷ്യം . തുടർന്ന് കോഴിക്കോട് ജില്ലയുടെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കും.ഒപ്പം തന്നെ ഇ മാർക്കറ്റിംഗിലെ വൻ ഏജൻസികളുമായുള്ള സഹകരണവും ഈ സുഹൃത്തുക്കൾ സ്വപ്നം കാണുന്നു.ഇ ബേയും ആമസോണും ഫ്ലിപ്പ് കാർട്ടും വെൽനെസ്സിന്റെ ശൃംഖല വഴി ആവുന്ന ഒരു കാലം. ആശിക്കാം അങ്ങനെ. ആശംസിക്കാം അങ്ങനെ.ഷോപ്പിംഗ് ഹൈവേ നിങ്ങളുടെ ഡോർ സ്റ്റെപ്പിലേക്ക് .

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കാം**


**കൃഷ്ണപ്രസാദ് ഇളമന**

**8589898993**




**"ചിലർ മാത്രമേ ഓൺലൈൻ പർച്ചേസ് നടത്തുന്നുള്ളൂ.മാർക്കറ്റ് വളരെ വലുതാണ്. എന്നാൽ ഇ പർച്ചേസിനെപ്പറ്റി ആളുകൾക്ക് ധാരണ കുറവാണ് .അനാദി സാധനങ്ങൾ വാങ്ങുന്നതിന് ആളുകൾ ചെയ്യുന്ന ഷോപ്പിംഗ് രീതി തന്നെ ഒന്നു കണ്ടീഷൻ ചെയ്ത് വേണം ഞങ്ങൾക്ക് എന്റർ ചെയ്യാൻ .അതുകൊണ്ട് ഫോൺ വഴി ഓർഡർ എടുക്കുന്നത് കുറെശ്ശെയായി കുറച്ചു കൊണ്ടു വരികയാണ്. എല്ലാം ഓൺലൈൻ പ്ലാറ്റ്ഫോം വഴിയാക്കുന്നു"**

**മൊബൈൽ ഫോണിൽ ആപ്പ് ഡൗൺലോഡ് ചെയ്യാം . https://play.google.com/store/apps/details?id=v4velnes.grocery.app V4VELNES. Mission Statement : To use technology at its best and most Simple form to act as the pain relief for Producers, suppliers and consumers.**




ദർഭപ്പുല്ലു കൊണ്ട് തുടർന്നിരുത്തിയ ഹരിപുല്ലൂരിന്റെ

# വൈദ്യുതിയും വൈദിക വൃത്തിയും

**ആര്യാടൻ മുഹമ്മദ് മന്ത്രിയായിരിക്കെ അദ്ദേഹത്തിന്റെ പ്രത്യേക താൽപ്പര്യ പ്രകാരം നിലമ്പൂർ മണ്ഡലത്തിലായിരുന്നു സോഫ്റ്റ് വെയറിന്റെ പ്രാഥമിക ജോലികൾ. അതിൽ പങ്കെടുത്തിരുന്ന മിക്ക ദിവസങ്ങളിലും അർദ്ധരാത്രിയാവുമായിരുന്നു ജോലി കഴിഞ്ഞ് തിരിച്ചെത്താൻ.**



**ഇ- ഇലക്ട്രിക്**

**ജയൻ പഴങ്ങോട്ടുപൊറ്റ**

പണമടയ്ക്കാനായി വൈദ്യുതി ഓഫീസിനു മുന്നിൽ ഇപ്പോൾ നമ്മളാരും ക്യൂ നിൽക്കാറില്ല. ഓൺലൈനിലാണ് പണമടവ്. ഒരുമയെന്ന സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ.

ആ ഒരുമയുടെ പെരുമയ്ക്ക് പിന്നിൽ ഒരു നമ്പൂതിരിയുണ്ട്. മഞ്ചരിയിലെ പുല്ലൂർ മനയ്ക്കലെ ഹരി.

കുടവയറനല്ല, സോഫ്റ്റ് വെയറൻ ആണ് ഈ നമ്പൂതിരി. എന്നാലോ വൈദികം പോലുളള പഴമ്പെരുമകൾ ഒന്നും കളഞ്ഞിട്ടുമില്ല.

വൈദ്യുതിയെ ദർഭപ്പുല്ലുകൊണ്ട് വൈദികവുമായി തുടർന്നിരുത്തിയ ആളാണ്.

ചടങ്ങുകൾ അസ്സലായി തോന്നും. വേണ്ടിവന്നാൽ കഴിപ്പിക്കാനും പോവും. എന്നാൽ കാട്ടിക്കൂട്ടലിന് ഹരിയെ കിട്ടില്ല.

നാലഞ്ചു വർഷം മുമ്പാണ്. ഒരു ഉപനയനം കഴിപ്പിക്കാൻ ഹരിയെ വിളിച്ചു. ഒരു കണ്ടീഷൻ വച്ചു. ഒരു കൊല്ലമെങ്കിലും ബ്രഹ്മചാരിയായി ഇരിക്കുമെങ്കിലേ കഴിപ്പിക്കാൻ തയ്യാറുള്ളൂ. ആലോചിച്ച് പറയാമെന്നായി വിളിക്കാൻ വന്നയാൾ.

വീണ്ടും അയാൾ വന്നു. ഒരു കൊല്ലത്തിനു റെഡി. അപ്പോൾ അടുത്ത നിബന്ധന. കൊല്ലം മുഴുവനും ഉണ്ണിയെ കൊണ്ട് ചമത ഇടീക്കണം. സന്ധ്യാവന്ദനം ചെയ്യിക്കണം. എന്നാൽ ഉപനയനം കഴിപ്പിക്കാം.

തീർന്നില്ല, ഗോദാനം ശുക്രിയം സാവിത്രം തുടങ്ങി വ്രതങ്ങൾ അനുഷ്ഠിക്കണം. കമ്പ്യൂട്ടറിന്റെയും സോഫ്റ്റ് വെയറിന്റെയും കറണ്ടിന്റെയും സൂക്ഷ്മ വിശദാംശങ്ങൾ കൈകാര്യം ചെയ്യും പോലെ തന്നെ ചടങ്ങുകളും. നിഷ്ഠ കടുകട്ടി. പഴഞ്ചൻ വാദ്ധ്യാന്മാർ തോറ്റു പോകും ഈ ന്യൂജെൻ വാദ്ധ്യാരുടെ മുന്നിൽ.

ഇനി കറണ്ടാപ്പീസിലെ കാര്യം പറയാം.

തൊണ്ണൂറുകളുടെ ആദ്യത്തിൽ കേരളത്തിലെ വൈദ്യുതി വകുപ്പ് വിൻഡോസ് അടിസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ജ്യോതി എന്ന സോഫ്റ്റ് വെയർ ആണ് ഉപയോഗിച്ചിരുന്നത്.അതിൽ പ്രായോഗികമായി ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിട്ടതോടെ പരിഹാരം തേടി വകുപ്പ്.

കെ.എസ് ഇ.ബിയിൽ തന്നെ ഐ.ടി രംഗത്ത് പ്രാവീണ്യം തെളിയിച്ചവരെ കണ്ടെത്തി. ഓപ്പൺ സോഫ്റ്റ്‌വെയറിൽ പ്രവർത്തിക്കുന്ന ഒന്നിലേക്ക് അവരതിനെ മാറ്റി. അങ്ങനെ രൂപപ്പെട്ടതാണ് ഒരുമ.ഓപ്പൺ റിസോഴ്സ് യൂട്ടിലിറ്റി മാനേജ്മെന്റ് അപ്ളിക്കേഷൻ എന്നതിന്റെ ചുരുക്കപ്പേരാണ് ഒരുമ. പെരുമയുടെ പിന്നിലെ ചുരുക്കപ്പേര് ഹരിയും.

ഇതോടെ പ്രവർത്തനങ്ങൾ വളരെയധികം ലഘൂകരിച്ചു. എന്നാൽ ഏറ്റവും വലിയൊരു പ്രായോഗിക പ്രതിസന്ധി നേരിട്ടു.ഇത് ഓരോ സെക്ഷനിലും പോയി വെവ്വേറെ ഇൻസ്റ്റാൾ ചെയ്യണം. പ്രശ്ന പരിഹരണവും അ

തിനാൽ അതത് സെക്ഷൻ ഓഫീസിൽ ചെന്ന് വേണ്ടി വന്നു.

ഇതിനെ തുടർന്ന് ഉണ്ടായ പരിഹാരമാണ് നെറ്റ് വർക്കിലേക്കുള്ള പരിവർത്തനം. അങ്ങനെ ഒരുമയെ ഒരുമ നെറ്റ് എന്നായി അവതരിച്ചു.ഒരുമ നെറ്റിന് പുറമെ സരസ്, എച്ച്.ആർ.ഐ.ഇസ് തുടങ്ങി നിരവധി സോഫ്റ്റ് വെയറുകളും പ്രാബല്യത്തിലായി.

മലപ്പുറം ജില്ലയിൽ മഞ്ചേരി ഡിവിഷനിൽ ഐ.ടി അഡ്മിൻ പദവിയുടെ ചാർജിലായിരുന്നു ഈ അടുത്ത കാലം വരെ ഹരി പുല്ലൂർ.ഐ.ടി വിഭാഗത്തിന് സംസ്ഥാനത്താകെ 3 പ്രാദേശിക ഓഫീസുകൾ – തിരുവനന്തപുരം കൊച്ചി ,കോഴിക്കോട്.ഇതിൽ കോഴിക്കോട് കേന്ദ്രത്തിൽ പ്രോഗ്രാമർ ആയി വിളിച്ചിരുന്നെങ്കിലും വ്യക്തിപരമായ ചില അസൗകര്യങ്ങൾ മൂലം ചേർന്നില്ല

ഇല്ലത്തെപൂജ തേവാര വൈദികവൃത്തികളും വേണമല്ലോ.മൂത്ത സഹോദരൻ ശ്രീജിത് കുടുംബസമേതം ഖത്തറിലാണ്. ഓയിൽ ഫീൽഡിൽ എഞ്ചിനീയർ.സഹോദരന്റെ പഠന കാലത്ത് ഇല്ലത്ത് വാങ്ങിയ കമ്പ്യൂട്ടറാണ് ഹരിയുടെ തലക്കുറി തിരുത്തി കുറിച്ചത്.

അന്ന് മനോഹരമായ മോണിറ്റർ അല്ലായിരുന്നു. തുറന്ന് വെച്ച കമ്പ്യൂട്ടറിലെ ആ ചെറിയ ചെറിയ വസ്തുക്കളുടെ വലിയ ലോകമാണ് ഹരിയെ ആകർഷിച്ചത്.

ഇവിടെയാണ് തന്റെയിടം എന്ന് തിരിച്ചറിഞ്ഞത് പ്രാഥമിക ക്ലാസ്സുകളിലെ പഠനത്തിന് ശേഷം .പത്ത് വരെ മഞ്ചേരി ടെക്നിക്കൽ സ്കൂൾ .തുടർന്ന് അരീക്കോട് ഐ ടി ഐ.അതിന് ശേഷം ഇലക്ട്രിക്കൽ ഡിപ്ലോമ . ഇതിനിടയിലാണ് വൈദികപഠന രംഗത്തേക്കും ആകൃഷ്ടനായത്.

തൃശൂർ വെള്ളാംപറമ്പ് മനക്കൽ നാരായണൻ നമ്പൂതിരിയെന്ന പ്രശസ്ത ഓയ്ക്കന്റെ ഇല്ലത്ത് താമസിച്ച് ഗുരുകുല സമ്പ്രദായത്തിൽ ഒരു വർഷത്തോളം ഷോഡശ ക്രിയകളെക്കുറിച്ച് പഠിച്ചു.

**കെ.എസ് ഇ.ബിയിൽ തന്നെ ഐ.ടി രംഗത്ത് പ്രാവീണ്യം തെളിയിച്ചവരെ കണ്ടെത്തി. ഓപ്പൺ സോഫ്റ്റ് വെയറിൽ പ്രവർത്തിക്കുന്ന ഒന്നിലേക്ക് അവരതിനെ മാറ്റി. അങ്ങനെ രൂപപ്പെട്ടതാണ് ഒരുമ.ഓപ്പൺ റിസോഴ്സ് യൂട്ടിലിറ്റി മാനേജ്മെന്റ് അപ്ളിക്കേഷൻ എന്നതിന്റെ ചുരുക്കപ്പേരാണ് ഒരുമ. പെരുമയുടെ പിന്നിലെ ചുരുക്കപ്പേര് ഹരിയും.**

അതിനിടയിലും അക്കാദമിക പഠനത്തിനും സമയം കണ്ടെത്തിയിരുന്നു.

ഒരേ സമയം മൂന്ന് പി.എസ്. സി ലിസ്റ്റുകളിൽ ഉന്നത സ്ഥാനത്ത് ഇടം പിടിക്കുകയും ചെയ്തു.അങ്ങനെ ആദ്യജോലിയായി കെ.എസ്. ആർ.ടി.സിയിൽ നിയമനം.

പിന്നീടാണ് കെ.എസ്.ഇ.ബിയിലേക്ക് മാറിയത്.ഇപ്പോൾ മഞ്ചേരി ഡിവിഷൻ ഓഫീസിൽ. ജോലിയെ കുറിച്ചും ജോലി സമയത്തെ കുറിച്ചും ചോദിച്ചാൽ സ്വതവെ ചിരിച്ച് മാത്രം കാണുന്ന ഹരിയ്ക്ക് കൂടുതൽ ഉത്സാഹം. 10 മുതൽ 5 വരെ എന്നൊരു നിയതമായ ചട്ടക്കൂടില്ല. അധ്വാനമേ സംതൃപ്തി എന്നൊരു പരസ്യവാചകമാണ് ഹരിക്ക് ഏറെ ഇഷ്ടം. അതു കൊണ്ട് തന്നെ ഇതൊരു ബാലികേറാമലയോ വെറുപ്പ് നിറഞ്ഞതോ അസഹ്യമായതോ അസാധ്യമായതോ ആയി തോന്നുന്നേയില്ല.

ആര്യാടൻ മുഹമ്മദ് മന്ത്രിയായിരിക്കെ അദ്ദേഹത്തിന്റെ പ്രത്യേക താൽപ്പര്യപ്രകാരം നിലമ്പൂർ മണ്ഡലത്തിലായിരുന്നു സോഫ്റ്റ് വെയറിന്റെ പ്രാഥമിക ജോലികൾ. അതിൽ പങ്കെടുത്തിരുന്ന മിക്ക ദിവസങ്ങളിലും അർദ്ധരാത്രിയാവുമായിരുന്നു ജോലി കഴിഞ്ഞ് തിരിച്ചെത്താൻ. പിറ്റേന്ന് അതിരാവിലെ വീണ്ടും പുറപ്പെടാനായി. ഇതു കൊണ്ടെല്ലാം ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനായി എന്നും പറയുന്നു.മന്ത്രി തൊട്ട് ഉയർന്ന ഉദ്യോഗസ്ഥർ വരെ എല്ലാവരുമായി വളരെ അടുത്ത പരിചയം. അവരുടെ ആത്മാർത്ഥമായ അഭിനന്ദനങ്ങളും സഹായങ്ങളും പ്രോൽസാഹനവും. നന്ദിയോടെ ഓർക്കാൻ അതുണ്ട്.

ചെയ്യുന്ന ജോലിയോടുള്ള ആത്മാർത്ഥമായ അർപ്പണ സ്വഭാവം കണ്ടറിഞ്ഞ മേലുദ്യോഗസ്ഥർ അവരുടെ ആവശ്യങ്ങൾക്കായി വിളിക്കുമ്പോൾ പറയുന്ന വാക്കുകൾ തന്നെ സാക്ഷ്യം.

ഇത് തന്റെ മാത്രം മെച്ചമല്ല, ഈ കെ.എസ്.ഇ.ബി മൊത്തം തന്നെ സേവന കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുന്നതായി ഹരി.നിരന്തരം ലഭിച്ച് കൊണ്ടിരിക്കുന്ന ട്രെയിനിങ്ങുകൾ മൂലം ജനങ്ങളിൽ കെ.എസ്.ഇ.ബിയെ കുറിച്ച് നല്ല മതിപ്പ് സൃഷ്ടിക്കുന്നതായാണ് ലഭിക്കുന്ന ഫീഡ്ബാക്കെന്ന് ഹരി പറയും. 9496001912 എന്ന കെ.എസ്.ഇ.ബിയുടെ വാട്സ് അപ്പ് നമ്പറിൽ ഏത് സമയത്തും എവിടെയിരുന്നും പരാതികൾ അറിയിക്കാം.അതിന് ഉടൻ തന്നെ പരിഹാരം അല്ലെങ്കിൽ അതിന്റെ സ്റ്റാറ്റസ് ലഭിക്കും.

ഇത്തരം നിരവധി ജനോപകാരപ്രദമായ പദ്ധതികളുടെ e ആലോചനയിലാണ് ഹരിയുൾപ്പെടുന്ന കെ.എസ്.ഇ.ബിയുടെ ഐ.ടി വിങ്ങ്.

ഭാവി പരിപാടികളും ഇതുപോലെ ചിലതാണ്.

(ഹരി പുല്ലൂർ, മൊബൈൽ: 9446250261, ജയൻ പഴങ്ങോട്ടു പൊറ്റ ,മൊബൈൽ: 9745137987)




# നമ്പൂതിരി ഡോട്ട് കോം




**ഇ- വെബ്സൈറ്റ്**

**ഡോ. പി. വിനോദ് ഭട്ടതിരിപ്പാട്**




ഇൻഫൊർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നമ്പൂതിരിമാരുടെ ചരിത്രവും സംസ്ക്കാരവും വിശദമായി പ്രതിപാദിച്ച് 20 വർഷമായി അറിവിന്റെ ഒരു ലോകോത്തരഭണ്ഡാരമായി നമ്പൂതിരി ഡോട്ട് കോം നിലകൊള്ളുന്നു.

നമ്പൂതിരിമാരുടെ സംസ്ക്കാരത്തെപ്പറ്റി ശരിയായ അറിവുള്ളവർ തുലോം കുറഞ്ഞ് പുതിയ തലമുറയ്ക്ക് സാംസ്ക്കാരികപാഠങ്ങൾ പറഞ്ഞുകൊടുക്കാൻ ആരുമില്ലാതാകുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങിയ 1999 കാലത്ത് അതിനൊരു പരിഹാരമായാണ് namboothiri.com എന്ന പുതുമാധ്യമത്തിന്റെ ജനനം. അത് വെബ് ടെക്നോളജിയുടെ ആദ്യകാലവുമായിരുന്നു.

കോഴിക്കോട് കേന്ദ്രമാക്കി രൂപം കൊണ്ട ഈ പ്രൊജക്റ്റിനു വേണ്ടി പ്രധാനമായി പ്രവർത്തിച്ചത് മുൻ കോളേജദ്ധ്യാപകൻ വി എം എൻ നമ്പൂതിരിപ്പാടും അമേരിക്കയിൽ എഞ്ചിനീയറിങ്ങ് ഡോക്യുമെന്റേഷനിൽ നിരവധി വർഷത്തെ പരിചയമുള്ള കൂടല്ലൂർ ദിവാകരൻ നമ്പൂതിരിപ്പാടും പിന്നെ ഞാനുമാണ്. വിഷയവിവരങ്ങളുടെ ഒരു വ്യക്തമായ രൂപരേഖ തയ്യാറാക്കി നടപ്പാക്കിയത് വി എം എൻ നമ്പൂതിരിപ്പാടായിരുന്നു. വിവരശേഖരണത്തിനായും ക്വാളിറ്റി കൺട്രോളിനായും വി എം എൻ നമ്പൂതിരിപ്പാടും ഞാനും ധാരാളം യാത്ര ചെയ്തു. നിരവധി പുസ്തകങ്ങൾ വായിച്ചു. നിരവധി വിഷയവിദഗ്ധരുടെ സഹായം തേടി. ഓരോ വിഷയത്തിലും ലേഖനങ്ങളെഴുതുവാൻ ഞങ്ങൾ നിരവധി വിദഗ്ധരെ കണ്ടെത്തി. തുടർന്ന്, പന്ത്രണ്ട് വർഷങ്ങൾ കൊണ്ട് നിരവധി ലേഖനങ്ങൾ തയ്യാറാക്കി. കെ ഡി നമ്പൂതിരിപ്പാട് ലേഖനങ്ങൾ ഇംഗ്ലീഷിലാക്കി. അങ്ങനെ, ഒരുപാട് വിവരങ്ങൾ ഈ വെബ്സൈറ്റിന്റെ ഭാഗമായി. നൂറ്റിമുപ്പതോളം വിഷയങ്ങൾ എഴുനൂറ്റിയമ്പതോളം വെബ്പേജുകളിലായി.




**കോഴിക്കോട് കേന്ദ്രമാക്കി രൂപം കൊണ്ട ഈ പ്രൊജക്റ്റിനു വേണ്ടി പ്രധാനമായി പ്രവർത്തിച്ചത് മുൻ കോളേജദ്ധ്യാപകൻ വി എം എൻ നമ്പൂതിരിപ്പാടും അമേരിക്കയിൽ എഞ്ചിനീയറിങ്ങ് ഡോക്യുമെന്റേഷനിൽ നിരവധി വർഷത്തെ പരിചയമുള്ള കൂടല്ലൂർ ദിവാകരൻ നമ്പൂതിരിപ്പാടും പിന്നെ ഞാനുമാണ്.**


ഈ പന്ത്രണ്ടു വർഷക്കാലത്തെ അനുഭവങ്ങൾ പറയുമ്പോൾ കയറിവരിക നന്ദിയോടെയും കടപ്പാടോടെയും ഞങ്ങൾ ഓർത്തിരിക്കുന്ന പ്രശസ്തവും അല്ലാത്തതുമായ നിരവധി പേരുകളാകും. അതെല്ലാം ഇവിടെയെഴുതാൻ സ്ഥലപരിമിതി ഈ ലേഖകനെ അനുവദിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ, അതിൽ കോഴിക്കോടുമായി ബന്ധപ്പെട്ട മൂന്ന് പ്രധാനസംഭവങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാം.

ഇതിലാദ്യത്തെ സംഭവം പൂജ

യുമായി ബന്ധപ്പെട്ടാണ്. ഞങ്ങൾക്ക് അക്കാലത്ത് വേണ്ടിയിരുന്നത് പൂജയുടെ ശാസ്ത്രീയതയെക്കുറിച്ച് സാധാരണക്കാർ മനസ്സിലാകുന്ന ഒരു ലേഖനമായിരുന്നു. പൂജ ചെയ്യാൻ പലർക്കും അറിയുമെങ്കിലും പൂജയുടെ ശാസ്ത്രീയതയെക്കുറിച്ച് എഴുതാൻ അറിയുന്നവർ തുലോം കുറവാണെന്ന് ഈ ലേഖനം തയ്യാറാക്കേണ്ട ചുമതലക്കാരനായ വി എം എൻ നമ്പൂതിരിപ്പാട് പലരിൽ നിന്നും മനസ്സിലാക്കിയിരുന്നു. കിട്ടിയ ലേഖനങ്ങളൊന്നും അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയില്ല.

കൂടുതൽ ശാസ്ത്രീയമായ വിവരങ്ങൾക്കായി ശ്രമിച്ചുകൊണ്ടിരുന്ന അക്കാലത്ത് യാദൃശ്ചികമായാണ് സ്വന്തം അയൽപക്കത്തെ ഒരു ഫയലിൽ ഒളിച്ചിരുന്ന ഒരു ലേഖനം അദ്ദേഹത്തിന്റെ മുന്നിലെത്തുന്നത്. അദ്ദേഹത്തിന്റെ മകളുടെ ഭർത്താവ് ഉണ്ണിയുടെ അച്ഛൻ പ്രസിദ്ധ കവി പരേതനായ എൻ എൻ കക്കാട് പൂജയുടെ ശാസ്ത്രീയതയെക്കുറിച്ച് മുൻപെന്നോ എഴുതിയ ആ ലേഖനം കവിയുടെ ഭാര്യ കക്കാട് ശ്രീദേവി അന്തർജ്ജനമാണ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്. അതിപ്രഗത്ഭനായ ഒരു തന്ത്രിയുടെ മകനായായാണ് ജനനമെങ്കിലും വഴിമാറി സഞ്ചരിച്ച് കവി എന്ന നിലയ്ക്കും ആകാശവാണി ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കും പ്രാഗത്ഭ്യം തെളിയിച്ച് 60-ാം വയസ്സിൽ ഈ ലോകം വിട്ടു പോയ എൻ എൻ കക്കാടിന് തന്റെ കുലവൃത്തിയായ തന്ത്രവിഷയത്തിലും പൂജാവിഷയത്തിലും ഇത്ര ജ്ഞാനമുണ്ടായിരുന്നു എന്നത് ആ ലേഖനത്തിലൂടെയാണ് ഞങ്ങൾ ആദ്യമായി അറിയുന്നത്. താമസിയാതെ, ഈ ലേഖനത്തിലെ വിവരങ്ങൾ ഈ വെബ്സൈറ്റിന്റെ ഭാഗമായി.

**അതിപ്രഗത്ഭനായ ഒരു തന്ത്രിയുടെ മകനായായാണ് ജനനമെങ്കിലും വഴിമാറി സഞ്ചരിച്ച് കവി എന്ന നിലയ്ക്കും ആകാശവാണി ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കും പ്രാഗത്ഭ്യം തെളിയിച്ച് 60-ാം വയസ്സിൽ ഈ ലോകം വിട്ടു പോയ എൻ എൻ കക്കാടിന് തന്റെ കുലവൃത്തിയായ തന്ത്രവിഷയത്തിലും പൂജാവിഷയത്തിലും ഇത്ര ജ്ഞാനമുണ്ടായിരുന്നു എന്നത് ആ ലേഖനത്തിലൂടെയാണ് ഞങ്ങൾ ആദ്യമായി അറിയുന്നത്.**




കോഴിക്കോടുമായി ബന്ധപ്പെട്ട രണ്ടാമത്തെ സംഭവം ഇങ്ങനെ: കേരളത്തിലെ പുരാതനമായ 32 ഔദ്യോഗിക നമ്പൂതിരിഗ്രാമങ്ങളെക്കുറിച്ചും പിന്നീട് ഔദ്യോഗിക ഗ്രാമങ്ങളാകാൻ ശ്രമിച്ച (എറണാകുളം ജില്ലയിലെ) വേദനാട്ടുഗ്രാമത്തെക്കുറിച്ചും (കോഴിക്കോട് ജില്ലയിലെ) ഇരുപത്തൊന്നു ദേശത്തെക്കുറിച്ചും പിന്നെ പതിനെട്ടാം നൂറ്റാണ്ടിൽ ഇവിടെയെത്തിച്ചേർന്ന തുളുബ്രാഹ്മണന്മാരായ സാഗര-സമുദ്ര നമ്പൂതിരിമാരെക്കുറിച്ചുമൊക്കെ ലേഖനങ്ങൾ കൊടുക്കാൻ തീരുമാനിച്ച കാലം. 32 ഗ്രാമങ്ങളെക്കുറിച്ച് ഡോ. കേശവൻ വെളുത്താട്ട് എഴുപതുകളിൽ ആധികാരികമായി ഗവേഷണം ചെയ്ത് പ്രസിദ്ധീകരിച്ച "ബ്രാഹ്മിൻ സെറ്റിൽമെന്റ്സ് ഇൻ കേരള" എന്ന പുസ്തകത്തെക്കുറിച്ച് ഞങ്ങളോട് പറയുന്നത് ചരിത്രകാരൻ ഡോ. എം. ജി. എസ്. നാരായണനാണ്. അതുപോലെ വേദനാട്ടുഗ്രാമത്തെക്കുറിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ ആത്രശ്ശേരി അഗ്നിശർമൻ നമ്പൂതിരിയും സാഗര-സമുദ്ര നമ്പൂതിരിമാരെക്കുറിച്ചുള്ള വിവരങ്ങൾ കവി വിഷ്ണുനാരായണൻ നമ്പൂതിരിയുമാണ് തന്നത്. മാത്രമല്ല, ശുകപുരം നമ്പൂതിരിഗ്രാമത്തിലെ ഇല്ലങ്ങളുടെ ലിസ്റ്റ് പരേതനായ നാറാസ് വാസുദേവൻ നമ്പൂതിരിയുടെ ശേഖരത്തിൽ നിന്നും, പെരിഞ്ചെല്ലൂർ, കരിക്കാട്, പന്നിയൂർ, പെരുവനം, അവിട്ടത്തൂർ, കുമാരനെല്ലൂർ, കാടമുറി എന്നീ നമ്പൂതിരിഗ്രാമങ്ങളുടെ ഇല്ലങ്ങളുടെ ലിസ്റ്റ് ആ ഗ്രാമങ്ങളിലെ ശേഖരത്തിൽ നിന്നും, ആറന്മുള, നീർമണ്ണ എന്നീ നമ്പൂതിരിഗ്രാമങ്ങളിലെ ഇല്ലങ്ങളുടെ ലിസ്റ്റ് തിരുവല്ലായിലെ പി. ഉണ്ണികൃഷ്ണൻ നായരുടെ ശേഖരത്തിൽ നിന്നുമാണ് കിട്ടുന്നത്.

എന്നാൽ, കോഴിക്കോട്ടെ നന്മണ്ട മുതൽ മുക്കം-അരീക്കോട് വരെയുള്ള 8 യോഗങ്ങളിൽപ്പെട്ട ഇരുപത്തിയൊന്നര (പന്നിക്കോടിനെ അരദേശമായാണ് കണക്കാക്കുന്നത്) ദേശങ്ങളിലായി കിടക്കുന്ന 112 നമ്പൂതിരി ഇല്ലങ്ങളുടെ ഒരു യോഗമായ 21-ദേശത്തെക്കുറിച്ച് അങ്ങനെ ഒരു ഗവേഷണപ്രബന്ധമോ ഒരു ചെറു ലേഖനമോ ഞങ്ങൾക്ക് കിട്ടിയില്ല. രണ്ട് നൂറ്റാണ്ട് മുൻപ് കേരളത്തിലെ പുരാതനമായ പെരിഞ്ചെല്ലൂർ, പെരുവനം നമ്പൂതിരിഗ്രാമങ്ങളുടെ പുറത്തു വന്ന് ആ ഗ്രാമചരിത്രങ്ങളുടെ ഭാഗമല്ലാതായി, ഒരു പ്രത്യേക വിഭാഗമായി, പൊതുനമ്പൂതിരിധാരയിൽ നിന്നു വ്യത്യസ്തമായ ചില ആചാരങ്ങളുമായി നിലകൊള്ളുകയായിരുന്നു 21-ദേശത്തെ നമ്പൂതിരിമാർ. അതിനാൽ തന്നെ അവരുടെ ചരിത്രം 32 നമ്പൂതിരിഗ്രാമങ്ങളുടെ ചരിത്രത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു. കോഴിക്കോട്ടെയും ഗുരുവായൂരമ്പലത്തിന്റെയും ചരിത്രത്തിലെ




ഒരു വലിയ ഏടായ 21-ദേശത്തെക്കുറിച്ച് കോഴിക്കോട് സർവകലാശാലയുടെ ചരിത്രവിഭാഗവും ഒന്നും ചെയ്തിരുന്നില്ല.

ആയിടയ്ക്കാണ് ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിലെ മുൻ ഗണിതശാസ്ത്ര അദ്ധ്യാപകൻ പാലക്കൽ കേശവൻ നമ്പൂതിരി 21-ദേശത്തിന്റെ വിവരശേഖരണം ചെയ്യാൻ തയ്യാറാകുന്നത്. ഈ സമഗ്രചരിത്രലേഖനം തയ്യാറാക്കുവാൻ 21-ദേശത്തെക്കുറിച്ച് പല വിവരങ്ങളും അദ്ദേഹത്തിന് കൈമാറിയത് തലേതൊടിക ഉണ്ണികൃഷ്ണൻ നമ്പൂതിരിയായിരുന്നു. പിന്നെ, പലയിടങ്ങളിൽ നിന്നും കിട്ടിയ മറ്റു വിവരശകലങ്ങളൊക്കെ അദ്ദേഹം കൃത്യമായി വിളക്കിച്ചേർത്തു. ഒരു ചെറുവിമർശനത്തിനു പോലും ഇടനൽകാതെ.

വിലപ്പെട്ട ഒരു വിവരശേഖരണമായിരുന്നു അന്നദ്ദേഹം ചെയ്തത്. ഇന്നും 21-ദേശത്തെക്കുറിച്ചുള്ള ഏക ആധികാരിക ലേഖനമാണത്. പാലക്കൽ കേശവൻ നമ്പൂതിരി ഞങ്ങൾക്ക് വേണ്ടി അന്നതെഴുതാൻ തയ്യാറായിരുന്നില്ലെങ്കിൽ ഒരുപക്ഷെ, 21-ദേശത്തിന്റെ ചരിത്രം ഇതിനകം മണ്ണോട് ചേർന്ന് വിസ്മൃതിയിലായി പോകുമായിരുന്നു.

ഈ വെബ്സൈറ്റിനെ ലോകം കാണുന്നത് നമ്പൂതിരിമാരെക്കുറിച്ചുള്ള ആധികാരിക വിവരങ്ങളുടെ ഒരു ഡിജിറ്റൽഭണ്ഡാരം എന്ന നിലയ്ക്കാണ്. ഇത് ആദ്യം ലോകഗവേഷകരോട് വിളിച്ചു പറഞ്ഞത് കാലിഫോർണിയ സർവ്വകലാശാലയിലെ ഭാഷാശാസ്ത്ര പ്രൊഫെസറും സംസ്കൃതപണ്ഡിതനുമായ ഡോ. ഫ്രിറ്റ്സ് സ്റ്റാളാണ്. അദ്ദേഹം വഴി ലോകത്താകമാനമുള്ള ഇൻഡോളജിസ്റ്റുകൾ ഈ വെബ്സൈറ്റ് സന്ദർശിക്കാൻ തുടങ്ങി. ഹാർവാർഡ് പ്രൊഫെസർ ഡോ. മൈക്കിൾ വിറ്റ്സെൽ, ഹൊവാർഡ് പ്രൊഫെസർ ഡോ. ടി. പി. മഹാദേവൻ, പോളണ്ടിലെ പ്രൊഫെസർ ഡോ. സെസാറി ഗലേവിക്സ് തുടങ്ങി നിരവധി പ്രഗത്ഭർ കേരളത്തിൽ വന്നു. അവരുമായുള്ള നിരന്തര സമ്പർക്കം വെബ്സൈറ്റിന്റെ ക്വാളിറ്റിയുയർത്തുന്ന കാര്യത്തിൽ ഞങ്ങൾക്ക് ഒരുപാട് ഗുണം ചെയ്തു.



ലേഖനങ്ങൾ ഇംഗ്ളീഷിലാക്കിയ
കെ.ഡി നമ്പൂതിരിപ്പാട്

-അതു വഴിയാണ് 2014-ൽ നടക്കേണ്ട ആറാം ഇന്റർനാഷനൽ വേദിക്ക് വർക്ക്ഷോപ്പ് എന്ന കോൺഫെറൻസ് 2012-ൽ കോഴിക്കോടിന് അനുവദിച്ച് കിട്ടിയത്. അതിനു മുൻപത്തെ അഞ്ച് കോൺഫെറൻസുകൾ നടന്നത് അമേരിക്ക, യൂറോപ്പ്, ജപ്പാൻ എന്നിവിടങ്ങളിലെ പ്രശസ്ത സർവ്വകലാശാലകളിലായിരുന്നു. ആറാം കോൺഫെറൻസ് നടത്താൻ ഓക്സ്ഫോഡിലെയും ജർമനിയിലെയും വേദഗവേഷകർ അന്നേയ്ക്ക് തയ്യാറായിട്ടുമുണ്ട്. എന്നാൽ, കമ്മിറ്റി ചെയർമാനായ ഹാർവാർഡ് പ്രൊഫെസർ ഡോ. മൈക്കിൾ വിറ്റ്സെലിനൊരു മോഹം. ആറാം കോൺഫെറൻസ് namboothiri.com-ന്റെ സംഘാടകരുടെ നേതൃത്വത്തിൽ വേണം ! അതായത് ഇൻഡോളജിസ്റ്റുമാരല്ലാത്ത ഞങ്ങൾ ഇത്ര പ്രധാനപ്പെട്ട ഒരു ഇൻഡോളജി കോൺഫെറൻസിന് ആതിഥ്യമരുളണം എന്ന് ഹാർവ്വാർഡ് സർവ്വകലാശാലയിൽ നിന്ന് നിർദേശം !

ആ നിർദേശം സ്വീകരിച്ച് അടുത്ത രണ്ട് വർഷങ്ങളിൽ അതിനായി ഞങ്ങൾ കഠിനമായി പ്രവർത്തിച്ചതിന്റെ ഫലം കണ്ടു. അതിനു മുൻപ് നടന്ന അഞ്ച് കോൺഫെറൻസുകളിലോരോന്നിലും വന്നതിന്റെ മൂന്നിരട്ടി വേദഗവേഷകരും ഗവേഷണപ്രബന്ധങ്ങളുമാണ് കോഴിക്കോട്ട് വന്നത്. ഇന്ത്യക്കകത്തും പുറത്തുമുള്ള നൂറ്റിച്ചില്വാനം വേദഗവേഷകരുടെ സാന്നിദ്ധ്യത്തിൽ നാലു ദിവസത്തെ കോൺഫെറൻസും ഉന്നത നിലവാരം പുലർത്തുന്ന അമ്പത്താറ് ഗവേഷണപ്രബന്ധങ്ങളുടെ അവതരണങ്ങളും. അതിനിടയിൽ ഇന്ത്യയിലെ വിവിധ മേഖലകളിൽ നിന്നുള്ള പണ്ഡിതരുടെ ഋഗ്വേദ-യജുർവേദ-സാമവേദാലാപനവും കൂടിയാട്ടവും അക്ഷരശ്ലോകവും തുടർന്ന് വേദപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള യാത്രയും.

ആ കോൺഫെറൻസിൽ അവതരിപ്പിക്കപ്പെട്ട ഗവേഷണപ്രബന്ധങ്ങൾ അടങ്ങിയ “ലിവിങ്ങ് ട്രഡിഷൻസ് ഓഫ് വേദാസ്” എന്ന പുസ്തകം 2019-ൽ ക്രൊയേഷ്യയിലെ ദുബ്രോവ്നിക്കിൽ നടന്ന ഏഴാം ഇന്റർനാഷനൽ വേദിക്ക് വർക്ക്ഷോപ്പിൽ പ്രകാശനം ചെയ്യപ്പെട്ടു. Namboothiri.com-നു 20 വയസ്സ് തികഞ്ഞ അതേ ആഗസ്റ്റ് മാസത്തിൽ.

അതു കാണാൻ, പക്ഷെ, ഈ വെബ്സൈറ്റിന്റെ ക്വാളിറ്റി ഉന്നതിയിലെത്തിക്കാൻ നിരന്തരം പരിശ്രമിച്ച വി എം എൻ നമ്പൂതിരിപ്പാടും പിന്നെ, ഈ പ്രോജക്റ്റിലുടനീളം ഞങ്ങളോടൊപ്പം നിന്ന ഋഗ്വേദ വിദഗ്ധൻ നാറാസ് നാരായണൻ നമ്പൂതിരിയും പ്രസിദ്ധവാഗ്മി കെ പി സി അനുജൻ ഭട്ടതിരിപ്പാടും നമ്പൂതിരിമാരെക്കുറിച്ചുള്ള വിവരങ്ങളുടെ ഒരു ‘വാക്കിങ്ങ് എൻസൈക്ലോപീഡിയ’ എന്നറിയപ്പെട്ട ആഢ്യക്കറ്റ് ആത്രശ്ശേരി അഗ്നിശർമൻ നമ്പൂതിരിയും ഡോ. ഫ്രിറ്റ്സ് സ്റ്റാളും ഈ ലോകത്തുണ്ടായിരുന്നില്ല.

●






**ഇ-പാണിഗ്രഹണം**

**എം.ആർ. രതീഷ്**



**ഹൈസ്കൂൾ ടീച്ചറാണ് പെരിന്തൽമണ്ണ മുണ്ടേക്കാട് മനയിലെ വിജയകുമാരി. സ്കൂളിൽ തന്നെ പിടിപ്പത് പണിയുണ്ട്. അതുകൊണ്ടു ജോലിഭാരം പങ്കുവയ്ക്കാനായി സമാനചിന്താഗതിയുള്ള മറ്റു ചിലരെക്കൂടി അഡ്മിൻ ആക്കിക്കൊണ്ട് ഒരു ഫേസ് ബുക്ക് ഗ്രൂപ്പ് തുടങ്ങി.**

**പാണിഗ്രഹണം ഫേസ് ബുക്ക് ഗ്രൂപ്പ് . 2018 ഡിസംബർ 18 നായിരുന്നു തുടക്കം. ഇക്കഴിഞ്ഞ ഡിസംബർ 18 ആയപ്പോഴേക്കും എൺപതിലധികം വേളികൾ ഈ ഗ്രൂപ്പിലൂടെ നടന്നു കഴിഞ്ഞു . വേറെ ചിലത് നിശ്ചയം കഴിഞ്ഞു. മറ്റു ചിലതിൽ കാര്യങ്ങൾ പുരോഗമിച്ചു വരുന്നു. 5000ത്തോളം അംഗങ്ങൾ. 600 ലേറെ അവിവാഹിതരുടെ പ്രൊഫൈലുകൾ. എല്ലാ തരത്തിലും പെട്ടവ.**

ഈ ഫേസ്ബുക്ക് ഗ്രൂപ്പ് ഒരു കൊല്ലം കൊണ്ട്

# വേളി കഴിപ്പിച്ചത് എൺപതിലധികം പേരെ

വാട്ട്സ് അപ്പിനെ ഉപയോഗിച്ച് സമയം കൊല്ലുന്നവർ എത്രയോ ഉണ്ട്.എന്നാൽ വിജയകുമാരി അന്തർജനം സമയത്തെ പ്രയോജനപ്പെടുത്താനാണ് വാട്ട്സ് അപ് തുടങ്ങിയത്. വാട്ട്സ് അപ്പിനെ ഫലപ്രദമായി ഉപയോഗിക്കാനുള്ള ശ്രമത്തിൽ അവർ 2017 ൽ ഒരു ഗ്രൂപ്പു തുടങ്ങി. നമ്പൂതിരിമാർക്കിടയിലെ വിവാഹാർത്ഥികളുടെ ജാതകവും മറ്റും കൈമാറുന്ന ഒരു ഗ്രൂപ്പ്. കുടുംബ സുഹൃത്തുക്കളിൽ അത് ഒതുങ്ങി നിന്നു. ചില ജാതകങ്ങൾ കൈമാറി. നാലഞ്ചു പേരുടെ വേളി നടക്കാൻ അതു നിമിത്തമായി.

കേവലം 200പേർ ഉള്ള ഒരു വാട്ട്സ് അപ് ഗ്രൂപ്പിന് ജാതകങ്ങൾ സമാഹരിക്കാനും അത് വേളിയിലെത്തിക്കാനും കഴിയുമെങ്കിൽ ആയിരങ്ങളെ ഉൾക്കൊള്ളാവുന്ന ഫേസ് ബുക്ക് പോലുള്ള മീഡിയത്തിലേക്ക് മാറിയാൽ എന്തെന്നായി ചിന്ത. ഹൈസ്കൂൾ ടീച്ചറാണ് പെരിന്തൽമണ്ണ മുണ്ടേക്കാട് മനയിലെ വിജയകുമാരി. സ്കൂളിൽ തന്നെ പിടിപ്പത് പണിയുണ്ട്. അതുകൊണ്ട് ജോലിഭാരം പങ്കുവയ്ക്കാനായി സമാനചിന്താഗതിയുള്ള മറ്റു ചിലരെക്കൂടി അഡ്മിൻ ആക്കിക്കൊണ്ട് ഒരു ഫേസ് ബുക്ക് ഗ്രൂപ്പ് തുടങ്ങി. പാണിഗ്രഹണം ഫേസ് ബുക്ക് ഗ്രൂപ്പ് . 2018 ഡിസംബർ 18 നായിരുന്നു തുടക്കം. ഇക്കഴിഞ്ഞ ഡിസംബർ 18 ആയപ്പോഴേക്കും എൺപതിലധികം വേളികൾ ഈ ഗ്രൂപ്പിലൂടെ നടന്നു കഴിഞ്ഞു . വേറെ ചിലത് നിശ്ചയം കഴിഞ്ഞു. മറ്റു ചിലതിൽ കാര്യങ്ങൾ പുരോഗമിച്ചു വരുന്നു. 5000ത്തോളം അംഗങ്ങൾ. 600 ലേറെ അവിവാഹിതരുടെ പ്രൊഫൈലുകൾ.എല്ലാ തരത്തിലും പെട്ടവ.

മാട്രിമോണിയൽ സൈറ്റുകളിൽ മൂന്നു മാസത്തേക്ക് 5000 മുതൽ 7000 വരെ രൂപ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടി വരുമ്പോൾ തികച്ചും സൗജന്യസേവനമാണ് പാണിഗ്രഹണം ഫേസ് ബുക്ക് ഗ്രൂപ്പ് ചെയ്യുന്നത്. സമൂഹ്യസേവനത്തിൽ നിന്ന് ലഭിക്കുന്ന തൃപ്തി മാത്രമാണ് ഗ്രൂപ്പ് അംഗങ്ങളെ ഇതിനു പ്രേരിപ്പിക്കുന്നത്.

5000ത്തോളം മെമ്പർമാർ, 600 ലേറെ പ്രൊഫൈലുകാരും. ഫോണിനു വിശ്രമമില്ലാത്ത അവസ്ഥ ! അഡ്മിൻകാർ ഒരു നിബന്ധന വച്ചു. അംഗങ്ങൾ അഡ്മിൻമാരെ ഫോണിൽ വിളിച്ചു സംശയങ്ങൾ ചോദിക്കരുത്. നിങ്ങളെപ്പോലെ തന്നെ മറ്റു ജോലി ചെയ്തു ജീവിക്കുന്നവരാണ് അഡ്മിൻമാർ. സെയിൽസ് എക്സിക്യൂട്ടീവ്, ടീച്ചർ,



## ഈ അഡ്മിനും അവിവാഹിതനാണ്

ഗ്രൂപ്പിൽ ഏറ്റവുമധികം ഇടപെടൽ നടത്തുന്ന അഡ്മിൻ എം.ആർ. രതീഷ് അവിവാഹിനാണ്. ഇല്ലത്ത് മുത്തശ്ശിയും അമ്മയും മാത്രം. അച്ഛൻ അഞ്ചുവർഷം മുമ്പ് മരിച്ചു. ബികോം കഴിഞ്ഞ് ഒരു പ്രൈവറ്റ് കമ്പനിയിൽ ഫിനാൻസ് വിഭാഗത്തിൽ ജോലി ചെയ്യുന്നു. ഇല്ലം മാളയിലെ മുല്ലപ്പള്ളി. അമ്മാത്ത് പാലക്കാട്ടെ വടക്കൻചേരി ചളികാട് ഇല്ലം.മുത്തശ്ശിയാകട്ടെ കോട്ടയം മംഗലപ്പിള്ളിയും. ഈ ബാച്ചിലർക്കുമാവാം വേളി!

## രതീഷിന് പുറമെ ഇവരും അഡ്മിനുകൾ



*അജിത വാസുദേവൻ, കൈതക്കൽ മന, ആലുവ 9946366112*



*രേഖ കൈപ്പള്ളി മന, തെക്കേക്കര, കോട്ടായി, പാലക്കാട് 9497630278*



*സുഭദ്ര നാരായണൻ, മരങ്ങാട്ടില്ലം വട്ടിയൂർക്കാവ് 9446963522*



*വാസുദേവൻ, കടമ്പനാൽ മന, തൃപ്പൂണിത്തുറ ,9400058802*



*വിജയകുമാരി മുണ്ടേക്കാട് മന,എരവിമംഗലം, മലപ്പുറം, 7510972790*



*വിഷ്ണു വാസുദേവ് കെ.എം കുമരംപിലാക്കൽ മന, പട്ടാമ്പി 9495558244*

പ്രൈവറ്റ് കമ്പനിയിൽ...അങ്ങനെ തിരക്കുള്ള ജോലിക്കാർ. ഇതിനിടയിൽ എപ്പോഴും ഫോൺകാൾ വന്നാൽ പ്രയാസമാവും. അത്യാവശ്യങ്ങൾ വാട്ട്സ് അപ്പിൽ കൈമാറാം. ഒഴിവു കിട്ടുമ്പോൾ മറുപടി നൽകും. ഇതാണ് അഡ്മിൻമാരുടെ രീതി.

ശാന്തിക്കാർക്ക് വേളി തരാവാത്തത് വലിയ ചർച്ചയാവുന്ന സമയമാണല്ലൊ ഇപ്പോൾ. ഈ ഗ്രൂപ്പിലൂടെ നടന്ന പത്തു വേളി ശാന്തിക്കാരുടേതാണ്. അതിൽ തന്നെ 40 കഴിഞ്ഞവർ പോലുമുണ്ട്. ശാന്തിക്കാർ മുതൽ ബാങ്ക് , സർക്കാർ ജോലിക്കാർ തുടങ്ങി ഐ ടി പ്രൊഫഷണൽ വരെയുള്ളവരുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ളവർ. പ്ളസ്ടു വിൽ തുടങ്ങി പി എച്ച് ഡി പോലുള്ള ഗവേഷണ ബിരുദമുള്ളവർ വരെയുണ്ട്. എം.ബി.ബി.എസ് പോലുള്ള പ്രൊഫഷണൽ ബിരുദം നേടിയവർ. ഐസറിലും ഐ.ഐ.ടികളിലും പഠിക്കുന്നവർ. യു.എസിലും യൂറോപ്യൻ രാജ്യങ്ങളിലും ജോലി ചെയ്യുന്നവർ. ഇങ്ങനെ എല്ലാ തരം പ്രൊഫൈലുകാരും അടങ്ങുന്നതാണ് പാണിഗ്രഹണം.

അഡ്മിന് കമ്മീഷൻ കൊടുക്കേണ്ടതില്ല. നന്ദി പോലും പറയേണ്ടതില്ല. വാട്ട്സ് അപ്പിൽ കൈ കൂപ്പുകയോ മുട്ടു മടക്കുകയോ വേണ്ട. ഫേസ് ബുക്കിൽ കയറി പ്രൊഫൈലിലെ നമ്പറിൽ വിവാഹാർത്ഥികളെയോ രക്ഷിതാക്കളെയോ നേരിട്ട്

**അഡ്മിന് കമ്മീഷൻ കൊടുക്കേണ്ടതില്ല. നന്ദി പോലും പറയേണ്ടതില്ല. വാട്ട്സ് അപ്പിൽ കൈ കൂപ്പുകയോ മുട്ടു മടക്കുകയോ വേണ്ട. ഫേസ് ബുക്കിൽ കയറി പ്രൊഫൈലിലെ നമ്പറിൽ വിവാഹാർത്ഥികളെയോ രക്ഷിതാക്കളെയോ നേരിട്ട് ബന്ധപ്പെടാം. എല്ലാം സുതാര്യമാണ്. കാര്യങ്ങൾ സുതാര്യമാണെന്നതു മാത്രമല്ല ഗ്രൂപ്പ് സ്വകാര്യവുമാണ്. അംഗങ്ങളല്ലാത്ത ഒരാൾക്കും പ്രൊഫൈൽ കാണാനാവില്ല.**

ബന്ധപ്പെടാം. എല്ലാം സുതാര്യമാണ്. കാര്യങ്ങൾ സുതാര്യമാണെന്നതു മാത്രമല്ല ഗ്രൂപ്പ് സ്വകാര്യവുമാണ്. അംഗങ്ങളല്ലാത്ത ഒരാൾക്കും പ്രൊഫൈൽ കാണാനാവില്ല. അതുകൊണ്ട് മറ്റു വിധത്തിലുള്ള ദുരുപയോഗങ്ങളെ ഭയക്കേണ്ടതുമില്ല.

അഡ്മിനുകൾക്ക് ദിവസം ഒരു മണിക്കൂറെങ്കിലും ഇപ്പോൾ ഇതിനു വേണ്ടി മാറ്റി വയ്ക്കേണ്ടി വരുന്നുണ്ട്. പ്രൊഫൈലുകൾ എഡിറ്റ് ചെയ്യാനുംഫോട്ടോസും ജാതകങ്ങളും അപ്ലോഡ് ചെയ്യാനും മറ്റും. ഫോട്ടോയുംജാതകവും ബയോഡാറ്റയും എല്ലാം ചേർന്ന് ഒറ്റ ഇമേജ് ആക്കുന്നതിനാൽ യൂസർ ഫ്രണ്ട്ലി ആണ്. ഫോട്ടോയും ജാതകവും മറ്റും മാറിപ്പോവുമെന്ന ആശങ്കയില്ല. വാട്ട്സ് അപ് ഫോർവേഡുകളിൽ പലപ്പോഴും ഈ കുഴപ്പം കാണാറുണ്ട്. അത് ഒഴിവാക്കാൻ വേണ്ടിയാണ് അല്പം മെനക്കെട്ടാലും ഇങ്ങനെ ചെയ്യാൻ തീരുമാനിച്ചത്.

ഒന്നും ഒളിച്ചു വയ്ക്കാനില്ല. അതുകൊണ്ട് ഫോൺ നമ്പർ ഉൾപ്പെടെ എല്ലാകാര്യങ്ങളും സൗജന്യമായിത്തന്നെ ലഭ്യമാക്കുന്നു. ഇതൊരു ബിസിനസ് ആയി കൊണ്ടു നടക്കുന്നവർ പൊതുവേ ചെയ്യാറുള്ളത് ബന്ധപ്പെടാനുള്ള വിവരം മറച്ചു വയ്ക്കുകയാണ്. ഇവിടെ ആലക്ഷ്യം ഇല്ലാത്തതിനാലും ബിസിനസ് അല്ലാത്തതിനാലും ഒന്നും മറച്ചു വയ്ക്കുന്നില്ല.

അംഗങ്ങളെ ചേർക്കുന്നതിലും പ്രൊഫൈൽ അപ്ലോഡ് ചെയ്യുന്നതിലുമാണ് നിഷ്കർഷ പുലർത്തുന്നത്. വ്യാജ പ്രൊഫൈൽ ഉണ്ടാക്കി ആർക്കും ചേരാനാവില്ല. അംഗങ്ങളാവാൻ റിക്വസ്റ്റ് കിട്ടിയാൽ അത് വെരിഫൈ ചെയ്യും. ഏതെങ്കിലും കോമൺ ഫ്രണ്ട് ഉള്ളവരെ മാത്രമേ അംഗങ്ങളായി ചേർക്കാറുള്ളൂ. നമ്പൂതിരിമാർ വളരെ കുറവായതിനാൽ മിക്കവാറും എല്ലാ റിക്വസ്റ്റിലും കോമൺ ഫണ്ട്സ് ഉണ്ടാവാറുമുണ്ട്.

ഏതെങ്കിലും അപേക്ഷയിൽ സംശയം തോന്നിയാൽ ഡിക്ളെയിൻ ചെയ്യും. ഫോട്ടോ ഡീറ്റെയിൽസ് ഇല്ലാത്തവരെ ബ്ളോക്ക് ചെയ്യും.

ഈ ഗ്രൂപ്പ് സുതാര്യമാണ്. അതുകൊണ്ട് ഇവിടെ വരുന്നവരും സുതാര്യമാവണം. മറഞ്ഞിരുന്നുകൊണ്ട് കാര്യങ്ങൾ നിർവഹിക്കുന്നവർ ഇവിടെയില്ല. ഇവിടെ വേണ്ടതാനും.

ഗ്രൂപ്പ് ആരംഭിച്ച ശേഷം ഏറ്റവും സന്തോഷം തോന്നിയത് എന്നാണെന്ന് ചോദിച്ചാൽ 40കാരനായ ഒരു ശാന്തിക്കാരന്റെ വേളിയിൽ പങ്കെടുത്തതാണ്. നിരവധി ശ്രമിച്ചിട്ടും നടക്കാതിരുന്ന വേളിയാണ് ഈ ഡിജിറ്റൽ പ്ളാറ്റ്ഫോമിലൂടെ നടന്നത്.

നമ്പൂതിരിമാർക്കിടയിലെന്നല്ല എല്ലാ സമുദായക്കാർക്കിടയിലും വിവാഹദല്ലാളന്മാരുണ്ട്. ഒരു ഡയറി നിറയെ ജാതകക്കുറിപ്പുകളും ഫോട്ടോകളുമായി നടക്കുന്നവർ.പെണ്ണുകാണണമെങ്കിലും ബന്ധം ഉറപ്പിക്കണമെങ്കിലും അയാൾ വേണം. ഇതായിരുന്നു പഴയ രീതി.അയാളെ പിണക്കിയാൽ അതോടെ തീർന്നു എല്ലാം. അയാളുടെ ഔദാര്യത്തിനു വേണം കാര്യങ്ങൾ നടക്കാൻ.

ഡിജിറ്റൽ പ്ളാറ്റ്ഫോമിലേക്ക് ദല്ലാളന്മാർ മാറിയപ്പോഴും ഇത്തരം കാര്യങ്ങളൊന്നും മാറിയില്ല. പ്രൊഫൈൽ ഒളിപ്പിച്ചു വച്ച് വിലപേശാൻ ഇന്ന് സാങ്കേതികവിദ്യയുണ്ട്. ഓൺ ലൈൻ വഴി പണം ലഭിച്ചാലേ കോൺടാക്ട് നമ്പർ ലഭിക്കൂ. നിശ്ചിത കാലത്തേക്ക് മാത്രമേ

**മറ്റൊന്നാണ് ഇപ്പോൾ മുന്നിലുള്ളത്. വിവാഹാർത്ഥികളുടെ ഒരു സംഗമം. അടുത്ത ഏപ്രിൽ മാസത്തിൽ ഗുരുവായൂരിൽ വച്ച് നടത്താനാണ് പരിപാടി.**

പ്രൊഫൈൽ ആക്ടീവ് ആകൂ. നിശ്ചിത എണ്ണം മാത്രമേ കോൺടാക്ടുകൾ നൽകൂ തുടങ്ങി ഓരോ ഘട്ടത്തിലും പണമാണ് അവരുടെ നോട്ടം. ഈ ഒളിമറയാണ് പാണിഗ്രഹണം ഗ്രൂപ്പ് ഇല്ലാതാക്കിയത്.

വാട്ട്സ് അപിൽ നിന്ന് ഫേസ് ബുക്കിലേക്ക് കടന്ന ഗ്രൂപ്പ് ഇനി വെബ് സൈറ്റ്, മൊബൈൽ ആപ്പ് പോലുള്ള സംവിധാനത്തിലേക്ക് കടക്കാനിരിക്കുകയാണ്.സാദ്ധ്യമായ എല്ലാ ഫോർമാറ്റുകളിലേക്കും സേവനം വ്യാപിപ്പിക്കാനാണ് ലക്ഷ്യം.

സൈറ്റിനെ ഇനിയും പ്രൊഫഷണൽ ആക്കാം. അപ്പോഴും ഫീസ് ഈടാക്കില്ല. സമ്പൂർണ്ണ സേവനമാണ് ലക്ഷ്യം.

ഇപ്പോൾ വെബ് സൈറ്റ് തയ്യാമാക്കി സഹായിക്കാനും മറ്റും സന്നദ്ധരായി അംഗങ്ങൾ മുന്നോട്ടു വരുന്നുണ്ട്.പ്രൊഫൈൽ റെഡിയാക്കാനും ആപ്പ് തയ്യാറാക്കാനും മറ്റും തയ്യാറാണെന്ന് പറഞ്ഞ് ബി.ടെക്കും എം.ടെക്കും കഴിഞ്ഞ അംഗങ്ങളായ എൻജിനീയർമാർ തന്നെ മുന്നോട്ടു വരുന്നു.

മറ്റൊന്നാണ് ഇപ്പോൾ മുന്നിലുള്ളത്. വിവാഹാർത്ഥികളുടെ ഒരു സംഗമം. അടുത്ത ഏപ്രിൽ മാസത്തിൽ ഗുരുവായൂരിൽ വച്ച് നടത്താനാണ് പരിപാടി. ഗ്രൂപ്പിൽ തന്നെ ചില ജ്യോതിഷികളുണ്ട്. കൗൺസലിംഗ് നൽകാൻ അറിയുന്നവരുണ്ട്. ഒരു പ്രീമാരിറ്റൽ കൗൺസലിംഗ് വേദി. ഗ്രൂപ്പിലെ അംഗങ്ങൾക്കും പ്രൊഫൈൽ നൽകിയവർക്കും പങ്കെടുക്കാവുന്നത്. പരസ്പരം ഇടപെടാനായി ചില ഡിസ്കഷൻ ഫോറങ്ങൾ . അതിൽ വച്ചുള്ള ചർച്ചകളിൽ നിലപാടുകൾ ആശയങ്ങൾ ചിന്താഗതികൾ തുടങ്ങിയവ മനസ്സിലാക്കാനാവും. രക്ഷിതാക്കളുമൊത്ത് അടുത്തറിയാനും അവസരമുണ്ടാവും.

പാണിഗ്രഹണം ലിങ്ക്
ഇതുപയോഗിച്ച് അംഗത്വത്തിന് അപേക്ഷിക്കാം
https://www.facebook.com/groups/2195095293882531/

രതീഷ് എം.ആർ, മൊബൈൽ : 9447130970

കരിന്തിരിയാകുന്നൂ പാവമീശാന്തിക്കാരൻ! ചീകാത്ത തലമുടി, കുറ്റിത്താടി, കരിയും എണ്ണയും പറ്റി നന്നേ മുഷിഞ്ഞോരൊറ്റത്തോർത്ത്, നൈവേദ്യച്ചോറ്, കടും പായസം, കാറ്റും സൂര്യരശ്മിയും കടക്കാത്ത ശ്രീകോവിലകം, കഷ്ടം! പുകയും തിടപ്പള്ളി, ഇവയ്ക്കുള്ളിൽ ജീവിതം ഹോമിച്ചൊടുക്കം ചാണേൽ അരഞ്ഞു തീരുന്നൊരു ചന്ദനമുട്ടി, എണ്ണ വറ്റിയ വിളക്കിലെ



# ശാന്തിക്കാരൻ

**ശ്രീപാദം ഈശ്വരൻ നമ്പൂതിരി**
(തുരുത്തി പി.ഓ കോട്ടയം 686535)

ചീകാത്ത തലമുടി,
കുറ്റിത്താടി, കരിയും
എണ്ണയും പറ്റി നന്നേ
മുഷിഞ്ഞോരൊറ്റത്തോർത്ത്,
നൈവേദ്യച്ചോറ്, കടും
പായസം, കാറ്റും സൂര്യ-
രശ്മിയും കടക്കാത്ത
ശ്രീകോവിലകം, കഷ്ടം!
പുകയും തിടപ്പള്ളി,
ഇവയ്ക്കുള്ളിൽ ജീവിതം
ഹോമിച്ചൊടുക്കം
ചാണേൽ അരഞ്ഞു
തീരുന്നൊരു
ചന്ദനമുട്ടി, എണ്ണ
വറ്റിയ വിളക്കിലെ
കരിന്തിരിയാകുന്നൂ
പാവമീശാന്തിക്കാരൻ!

...തു ലാപ്പിൽ നോക്കി വാദ്ധ്യാരിരിക്കുന്നതു കാൻബറായിൽ. കാലത്തു ശ്രീകോവിലിനുള്ളിൽ നിന്നും ഇട്ട്യാസുതൻ രണ്ടു കിടാങ്ങൾ; ഒന്നങ്ങൊട്ടാവയിൽ മറ്റതു സിറ്റ്സർലണ്ടിൽ ശ്രാദ്ധം നടത്തുന്നതു ലാപ്പിൽ നോക്കി വാദ്ധ്യാരിരിക്കുന്നതു കാൻബറായിൽ. കാലത്തു ശ്രീകോവിലിനുള്ളിൽ നിന്നും ഇട്ട്യാസുതൻ രണ്ടു കിടാങ്ങൾ; ഒന്നങ്ങൊട്ടാവയിൽ മറ്റതു സിറ്റ്സർലണ്ടിൽ ശ്രാദ്ധം നട...

# ദ ഇട്ട്യാസു ഹൈടെക്ക്



ഇ-കവിത

കെ.സതീശൻ



ഇട്ട്യാസു നമ്പൂതിരി, പേരു കേട്ടാൽ
ഒട്ടൊക്കെ യാഥാസ്ഥിതികൻ, മിടുക്കൻ
ബീട്ടെക്കയാൾ, ന്യൂ ജനുമാണ് പൂജാ -
ഹൈട്ടെക്കു രൂപത്തിൽ നടത്തിടുന്നൂ.

കാലത്തു ശ്രീകോവിലിനുള്ളിൽ നിന്നും
ചേലൊത്ത മന്ത്രങ്ങൾ പുറത്തു കേൾക്കാം -
ശീതീകരിച്ചുള്ള ക; മിന്നു ദേവ -
പ്രീതിക്കിതെല്ലാമനിവാര്യമല്ലേ?

വാതിൽക്കലെത്തിക്കഴിയുമ്പൊഴേയ്ക്കും
വാതിൽ തുറക്കും, വിരലൊന്നമർത്താം
കോയിൻ തുളക്കുള്ളിലിടാം; ഉടൻ നൽ
പൂവും പ്രസാദങ്ങളുമെത്തിയേക്കും.

ഇട്ട്യാസുതൻ രണ്ടു കിടാങ്ങൾ; ഒന്ന-
ങ്ങൊട്ടാവയിൽ മറ്റതു സിറ്റ്സർലണ്ടിൽ
ശ്രാദ്ധം നടത്തുന്നതു ലാപ്പിൽ നോക്കി -
വാദ്ധ്യാരിരിക്കുന്നതു കാൻബറായിൽ.

പുണ്യാഹമോൺലൈനിൽ വരുത്തി ഫ്ലിപ്കാർ -
ട്ടെണ്ണൂറു രൂപക്കൊരു ലിറ്റർ നൽകീ.
ഉണ്ണാനൊരാളെങ്ങനെയോ തരപ്പെ-
ട്ടെണ്ണൂറയാൾക്കേകി പ്രതിഗ്രഹങ്ങൾ .

ഇട്ട്യാസു പോയീടുമൊരമ്പലത്തിൽ
കുട്ട്യോൾ കടന്നിട്ടതശുദ്ധമാക്കീ
പെട്ടിയ്ക്കകത്തുള്ളൊരു കുപ്പി വെള്ളം
പെട്ടെന്നെടുത്തങ്ങു തളിച്ചു വിപ്രൻ.

ഒട്ടാവയിൽ പയ്യനൊരമ്പലത്തിൽ
മുട്ടാതെ ശാന്തിക്കു ഗമിച്ചിടുന്നു.
വാട്സ് ആപ്പിൽ വോയ്സ് ക്ലിപ്പു വഴിക്കു മന്ത്രം
പെട്ടെന്നയ്ക്കുന്നു പിതാവുമപ്പോൾ.

കഷ്ടം! അയാൾക്കക്കിടി പറ്റി ;യന്നു -
കഷ്ടിച്ചു ശ്രീകോവിലിനുള്ളിലേറി
വാട്സ് ആപ്പു നോക്കീ ; പുലയായി , നാട്ടി -
ലേട്ട'ന്റകത്തുള്ളവർ'* ഒന്നു പെറ്റു.

ദേവാദികൾക്കർച്ചന ചെയ്യുവാനാ-
യാവാഹനം ചെയ്തൊരു ഗ്രൂപ്പിൽ നിന്നും
എക്സിറ്റ് ചെയ്തൂ ചില ദേവർ , സ്വന്തം -
പ്രൊട്ടസ്റ്റു കാണിച്ചു പുറത്തു വന്നു.

പഞ്ചായുധൻ ഗ്രൂപ്പിലിടയ്ക്കിടക്കു-
പഞ്ചാരയാം പോസ്റ്റുകളിട്ടിരുന്നൂ
നെഞ്ചേറ്റിയെല്ലാവരു;മെങ്കിലെന്ത്
തഞ്ചത്തിലങ്ങോരെ റിമൂവ് ചെയ്തു.


വാങ്ങിച്ചു റോബോട്ടുകൾ ; ഒന്നു മുട്ടു -
ശാന്തിക്കു (ലീവാകുമടുത്ത മാസം )
മറ്റൊന്നൊ'രോയിക്ക'നവൻ വിദഗ്ധ
ഋഗ്വേദി, യെല്ലാമറിയും,യജുസ്സും.

ഒട്ടേറെയുണ്ടിങ്ങനെയോതുവാനായ്
ഇട്ടാസു നമ്പൂതിരി തൻ ചരിത്രം.
ഒട്ടൊക്കെ മാത്രം പറയുന്നു; സ്വസ്തി -
യ്ക്കിഷ്ടപ്പെടുന്നോന്നറിയില്ല കെട്ടോ -

................................

*അകത്തുള്ളാൾ

*കെ.സതീശൻ*
*കാരശ്ശേരി ഇല്ലം ( സ്വാതി)*
*മലാപ്പറമ്പ്.*
*കോഴിക്കോട് 673009*
*മൊബൈൽ: 9497080470*
*ഫെഡറൽ ബാങ്കിലെ റിട്ട.*
*ചീഫ് മാനേജറാണ്*



# വെളിച്ചം ദുഃഖമല്ലാതാവുന്നു !



**ഉമ.കെ.ആർ**



നമ്പൂതിരിയുടെ ആദ്യത്തെ ജ്ഞാനപീഠം അക്കിത്തത്തിലൂടെ.മഹാഭാഗ്യത്തിന് സാക്ഷിയാവാൻ ജനത മുഴുവൻ. പത്രങ്ങൾ മുഴുവൻ അദ്ദേഹത്തിന്റെ ചിത്രങ്ങളും ഗുണഗണങ്ങളും കവിതകളും.

മഹാകവിയോടൊപ്പം കുറച്ചു മണിക്കൂറുകൾ ചെലവഴിക്കാൻ സാധിച്ചതിന്റെ സന്തോഷത്തിലും നിർവൃതിയിലുമാണ് ഞാൻ.

സുമമ്മായിയുടെ അമ്മാവൻ -കുട്ടിക്കാലത്ത് എന്നെ സംബന്ധിച്ച് അതായിരുന്നു അക്കിത്തം. കവിതകളൊന്നും വായിച്ചിട്ടില്ല, കൂടുതൽ അറിയുകയുമില്ല, വലിയൊരു എഴുത്തുകാരനാണെന്നറിയാം. അത്ര മാത്രം.

പഠനകാലത്താണ് പല കവിതകളും വായിച്ചത്. അത് പലപ്പോഴും മാർക്കിനു വേണ്ടി മാത്രം. പക്ഷേ,പഠിപ്പിക്കാനാണെങ്കിൽ അതുപോരാ. അങ്ങനെയാണ് ടി.ടി.സിക്കാലത്ത് ചാത്തൂനെ പഠിച്ചത്. ചാത്തുവിന്റെ മുത്തശ്ശിയായി ക്ലാസിലങ്ങനെ തകർത്താടുമ്പോൾ നിഷ്കളങ്ക ബാല്യത്തിന്റെ കുറുമ്പു ചോദ്യങ്ങൾക്ക് മുമ്പിൽ പകച്ചു നിന്നു പോയി .അധ്യാപക പരിശീലനത്തിന്റെ അക്കാലത്താണ് അക്കിത്തത്തിന്റെ കവിത കൂടുതൽ  മനസ്സിലായത്.

നിഷ്കളങ്കമായ സ്നേഹം ചുരുങ്ങിയ വരികളിൽ കുറിച്ചിട്ട മഹാകവി. ഒരു കണ്ണീർക്കണത്തിൽ  ആയിരം സൗരമണ്ഡലങ്ങൾ! എത്ര വാക്കുകൾ കയ്യിലുണ്ടായിട്ടും വ്യാഖ്യാനങ്ങൾക്ക്  ഗൈഡുകളുണ്ടായിട്ടും ക്ളാസിൽ അതു പകർന്നു നൽകാനാവുന്നില്ലല്ലോ എന്നു  തിരിച്ചറിഞ്ഞപ്പോൾ അക്കിത്തത്തിന്റെ കവിതയുടെ ആഴം ആദ്യമായി തിരിച്ചറിഞ്ഞു.

പിന്നെയും കാലം കടന്നു.രണ്ടു വർഷം മുമ്പാണ്. അഞ്ചാം ക്ളാസിലെ മരണമില്ലാത്ത മനുഷ്യൻ എന്ന കവിതയെടുക്കുമ്പോൾ കുട്ടി രാമമേനോൻ മാഷ് ആയിരുന്നു മനസ്സിൽ. വാക്കുകളിലൂടെ വരച്ചിട്ട രൂപം. പാഠം  കഴിഞ്ഞിട്ടും മാഷിന്റെ രൂപം മനസ്സിൽ തങ്ങിനിന്നു, അക്കിത്തത്തെ കാണുവോളം. അദ്ദേഹത്തിന്റെ അനിയന്റെ അധ്യാപകനായിരുന്നുവത്രേ ആ കുട്ടി രാമമേനോൻ മാഷ്.

രണ്ടാം ക്ളാസിൽ പഠിക്കുമ്പോൾ സുമമ്മായിയുടെ അമ്മാവനായി മനസ്സിൽ കയറിക്കൂടിയ അക്കിത്തത്തെ 32 വർഷത്തിനു ശേഷമാണ് നേരിൽ കാണാൻ സാധിച്ചത്.സ്വസ്തി ചീഫ് എഡിറ്റർ കൊയ്ത്തടി  പരമേശ്വരേട്ടനുമൊത്ത്.വസതിയിൽ ചെന്നു കണ്ടപ്പോൾ സുമമ്മായിയുടെ അമ്മാമൻ എന്റെയും അമ്മാമനായി.മഹത്തുക്കളായവരുടെ ലാളിത്യം.ശിശുസമാനമായ നിഷ്കളങ്കത.മുത്തശ്ശനും പേരക്കുട്ടികളും പോലെയുള്ള സംഭാഷണം.ക്ളാസിൽ വിശദീകരിക്കാനാവാത്ത കാവ്യാനുഭൂതി നേരിട്ടനുഭവിച്ചു.

മറ്റുള്ളവർക്കായി കണ്ണീർക്കണം പൊഴിക്കുമ്പോൾ ആത്മാവിൽ ആയിരം സൗരമണ്ഡലങ്ങളുദിക്കുന്ന ആൾ! പാദങ്ങളിൽ നമസ്കരിച്ചപ്പോൾ ആ കണ്ണീർക്കണം നിറുകയിൽ  ഇറ്റു വീണുവോ? പിന്നെ,ഒരു പുഞ്ചിരി.അല്ല നിത്യനിർമല പൗർണമി .ഹൃദയത്തിന്റെ ആഴത്തിൽ നിന്ന്. ലോകം എത്ര ഇടിഞ്ഞു പൊളിഞ്ഞിട്ടും ആ പൗർണ്ണമിയ്ക്ക്  കോടിസൂര്യസമപ്രഭ.

അദ്ദേഹം ശിരസിൽ കൈവച്ചു. അനുഗ്രഹവും കരുതലും ചേർന്ന സ്നേഹ സ്പർശം.

ഇപ്പോഴിതാ അദ്ദേഹത്തെയോർത്ത് ആത്മഹർഷം കൊള്ളാൻ ഒരുവസരം കൂടി.ജ്ഞാനപീഠമഹാഭാഗ്യം! വൈകിയാണെങ്കിലും വന്നു ചേർന്നുവല്ലൊ.വെളിച്ചം ദുഃഖമല്ലാതാവുന്നത്  ഇരുട്ടകറ്റാൻ കഴിയുമ്പോഴാണ്. പുരസ്കാരങ്ങൾ മഹത്തരമാവുന്നത് അർഹിക്കുന്നവർക്ക് ലഭിക്കുമ്പോഴാണ്.



**◎ മനയുടെ മനസ്സു കാണാൻ ലോകാരോഗ്യ സംഘടനയെത്തി**

**◎ ഇൻറർനാഷണൽ കോൺഫറൻസ് ഓൺ മെന്റൽ ഹെൽത്തിൽ വിശിഷ്ടാതിഥിയായി**

**◎ പുതുതലമുറയിൽ എം.ബി.ബി.എസുകാരും**

**◎ വിഷ്ണു നമ്പൂതിരി എ.ഐ.സി.സി മെമ്പറായിരുന്നെങ്കിൽ കുട്ടേട്ടൻ പിണറായി വിജയന്റെ സഹപാഠി.**

**◎ ടീം സ്വസ്തി പങ്കിടുന്നു പൂങ്കുടിലിലെ ഇല്ലപ്പെരുമ**

1960കളിൽ കോഴിക്കോട്ടുള്ളൊരു നമ്പൂതിരിക്ക് ആനക്കയം സ്കൂളിൽ ജോലി കിട്ടി. സ്ഥിരം വന്നു പോവാൻ പറ്റുന്ന സ്ഥലൊന്നല്ല.. നമ്പൂരി അന്ധാളിച്ചു. രണ്ടു നാഴിക ദൂരമുള്ള പൂങ്കുടിൽ (പൂങ്കള) പോയി .വിഷയംഅവതരിപ്പിച്ചു .സ്കൂളിനടുത്ത് താമസിക്കാൻ സൗകര്യം- എവിടെയെങ്കിലും തരപ്പെടുത്താൻ. അന്നത്തെ കാരണവർ പറഞ്ഞതിങ്ങനെ. 'പ്പം വടെ എത്തീലേ .ഇനി വടെ തന്നെ കൂടാം ..' നമ്പൂരിക്ക് സന്തോഷവും സംശയവും ഒരുമിച്ച് വന്നു.

'അത് പ്പം മനസ്സിനസുഖത്തിനല്ലേ ഇവിടെ ചികിത്സയും താമസവും' നമ്പൂരി ഒന്നു മടിച്ചു തന്നെ ചോദിച്ചു. പൂങ്കള കാരണവർ ചിരിച്ചു കൊണ്ട് തിരുത്തി 'മനസ്സിനസുഖത്തിനല്ല . സുഖത്തിനാണ്. ഞങ്ങളൊക്കെ വ്ടെ നിക്കണില്ലേ അത് പോലെ'.

നാട്ടിൽ അധ്യാപകനായി പി.എസ്.സി പോസ്റ്റിങ്ങ് കിട്ടിയതുപോലും വേണ്ടെന്നു വെച്ച് കണ്ണിപറമ്പ് വീട്ടിക്കാട് ഇല്ലത്തെ മാസ്റ്റർ പൂങ്കുടിൽ പത്തായപ്പുരയിൽ കൂടിയത് 31 വർഷങ്ങളാണ്.മനക്കാർക്കും നാട്ടാർക്കും നമ്പൂരി മാഷായി.പൂങ്കുടിലിൽ ആരും അന്യനല്ല.

പൂങ്കളയിലെ ആ കാരണവർ വിഷ്ണു നമ്പൂതിരി പേരുകേട്ട കോൺഗ്രസ്സുകാരും എ.ഐ.സി.സി മെമ്പറും പഞ്ചായത്ത് മെമ്പറും വൈസ് പ്രസിഡണ്ടുമൊക്കെ ആയിരുന്നു. ഇന്നത്തെ പൂങ്കുടിൽ മനയുടെ ജനകീയ മുഖത്തിന്റെ ശിൽപി വിഷ്ണു നമ്പൂതിരിയാണ്. ആര്യാടൻ മുഹമ്മദിന്റെയൊക്കെ രാഷ്ട്രീയ ഗുരു.താൻ മങ്കട പള്ളിപ്പുറം പഞ്ചായത്തിലെ വാർഡ് മെമ്പർ ആയിരിക്കുമ്പോൾ ആ പ്രദേശത്തെ എല്ലാവരുടേയും നികുതി അദ്ദേഹമാണ് അടക്കാറ് .വല്യ പൈസക്കാരൻ ഒന്നുമായീട്ടല്ല.ചിലർ ഇദ്ദേഹത്തെ നികുതി അടക്കാൻ ഏൽപ്പിച്ചു കാണും .അത് ആരെന്ന് എഴുതി വെക്കുന്ന പരിപാടിയൊന്നുമില്ല. പിന്നെ വാക്കു പാലിക്കാൻ എന്താണു വഴി ? എല്ലാവരുടേതും അടയ്ക്കുക .ജനസേവനത്തിലൂടെ അദ്ദേഹം എന്നും കടക്കാരനായി തന്നെ കഴിഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ.

കാരണവർ വിഷ്ണു നമ്പൂതിരി എ.ഐ.സി.സിയെങ്കിൽ കുട്ടേട്ടൻ കറ കളഞ്ഞ മാർക്സിസ്റ്റ്.തലശ്ശേരി ബ്രണ്ണൻ കോളേജിൽ ഡിഗ്രിക്ക് പിണറായി വിജയന്റെ സഹപാഠി.എവിടെ ഇ.എം എസ്സിന്റെ പ്രസംഗമുണ്ടെങ്കിലും കേൾക്കാൻ പോവും.ദേവഗിരി കോളേജിൽ സാക്ഷാൽ ഷെപ്പേർഡ് സാറിന്റെ വത്സല ശിഷ്യൻ. ഷേക്സ്പിയർ നാടകങ്ങളുടെ ക്ലാസിക് ആസ്വാദകനും അഭിനേതാവും.ജാതി മതപരിഗണനകളില്ലാതെ പൂങ്കുടിൽ മനയുടെ ജനകീയത വരച്ചു വെച്ച മഹാനായ മനോരോഗ ചികിത്സകൻ ആയിരുന്നു കുട്ടേട്ടൻ .

നാറാണത്ത് ഭ്രാന്തന്റെ പിൻമുറക്കാരായ തിനാലാവാം ഭ്രാന്തെന്ന വാക്ക് ഇവിടെ അത്ര ഭ്രാന്തമല്ല. കുതിരവട്ടം, ഊളമ്പാറ, വട്ട് തുടങ്ങിയ പേരുകൾ സൂചിപ്പിക്കുന്ന അർത്ഥമേയല്ല ഇവിടെ ഭ്രാന്തിന് .ഒളിച്ചും പാത്തുമല്ല നാട്ടാർ പൂങ്കുടി മനയിലേക്ക് പോവുക .പൂങ്കളപ്പടിയിൽ ബസ്സിറങ്ങുന്നവരെ കണ്ടാൽ ആർക്കാ ഭ്രമം എന്ന് നാട്ടാർക്ക് സംശയം തോന്നും.

മനയിൽ എത്തിയാൽ വന്നവരോട് കുട്ടേട്ടൻ തുറന്നു തന്നെ ചോദിക്കും .

'ആർക്കാ അസുഖം?'

ചോദ്യം കേട്ടവനും കൂടെ ഉള്ളവനും അതിൽ ഒട്ടും പരിഭ്രമവും അസന്തുഷ്ടിയും തോന്നിയിരുന്നില്ല.

'യ്ക്ക് പ്പം ല്യ തമ്പ്രാനേ ..പ്പം യാൾക്കാ.' ഒന്നു രസായി ചിലർ മറുപടി പറയുമത്രെ .

കുട്ടേട്ടൻ ചിരിച്ചു രസിക്കുന്നത് ചിലപ്പോൾ ഇങ്ങനെയാവും .

'പറഞ്ഞതു നന്നായി ട്ടോ .ഞാൻ തനിക്കാന്നാ കരുതീത് .പ്പം ഒട്ടൂല്യല്ലോ ല്ലേ'േ.

കൂടെയുള്ള രോഗിക്കും സന്തോഷമാവും .പ്പം യാൾക്കല്ല നിയ്ക്കാ എന്ന് കക്ഷി വൈദ്യനോട് വീണ്ടും പറയുകയും ചെ



# മനസ്സിന്റെ മന

**അഡ്വ: ശ്രീധരൻ നായർ**
(ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ്)

പൂങ്കുടിൽ മനയുമായി ദീർഘ കാലമായി വളരെ അടുത്ത ബന്ധ മാണ് എനിക്കുള്ളത്. അടിയന്തരാവ സ്ഥക്കാലം. നിലമ്പൂരിൽ മരം വാങ്ങി കരിയാക്കി കയറ്റുമതി ചെയ്യുന്ന ഒ രു ഇടത്തരം കച്ചവടക്കാരനുണ്ടായി രുന്നു. അടിയന്തരാവസ്ഥക്കെതിരെ പ്രതിഷേധിച്ചു എന്നതിന്റെ പേരിൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലി ലിടുകയും രണ്ടു ലോഡ് കരി പിടി ച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തു. അന്നത്തെ ആ രണ്ട് ലോഡു കരി സാ മ്പത്തികമായി അദ്ദേഹത്തിന്റെ അടി ത്തറ ഇളക്കി. നല്ല മുഴുത്ത ഭ്രാന്ത്. ജാമ്യമെടുത്ത് നേരെ ഞാൻ കൊണ്ടു പോയത് മനയിലേക്കാണ്. ഒന്നര മാ സത്തെ ചികിത്സക്കു ശേഷം അയാൾ നോർമലായി.

യ്യും .ഈ കളിതമാശകളിലൊക്കെ സംഭ വിക്കുന്ന സ്വാസ്ഥ്യത്തിന്റെ ഒരു തലമുണ്ട് .കൗൺസലിംഗിന്റെ എത്രയോ ശക്തമായ നേർ രീതി .ചികിത്സയും തിരുത്തലും ഉൾ ക്കൊള്ളലും മനസ്സിനെത്തന്നെ . എല്ലാ ഡിസിഷ്യനുകളിലും ഡോക്ടർക്കൊപ്പം രോ ഗിയും പങ്കാളിയാണ് .ഈ മരുന്ന് വേണം ന്നും വേണ്ടെന്നും 3 നേരം മതീന്നും ഒക്കെ (അ)രോഗിക്കും പറയാം .

പൂങ്കുടിലിൽ രോഗിക്കും അരോഗിക്കും വൈദ്യനും ഭക്ഷണം ഒന്നാണ്.രാവിലെ സ്ഥി രം റവ ഉപ്പുമാവ് . അനവധി ആളുകൾ ക്ക് കുറേ ഉണ്ടാക്കേണ്ടി വരുമല്ലോ .അപ്പം അതിന്റെ നിലവാരമൊക്കെ സങ്കൽപ്പിക്കാം .മറ്റൊരു ഐറ്റം മെനുവിൽ ഇല്ല.വരുന്നവ നും പോകുന്നവനും നിൽക്കുന്നവനും ഒക്കെ ഇത് ചെലുത്താം . ധാരാളമായി പൂങ്കുടിൽ പോയിരുന്ന ഒരു കണ്ണിപറമ്പുകാരൻ നമ്പൂരി അവിടെ ലഭിക്കുന്ന ഉപ്പുമാവെന്ന വിശിഷ്ട വിഭവത്തെ നല്ലൊരു പേര് നൽകിയാണ് വിശേഷിപ്പിച്ചത്. 'പ്രാന്തൻ'

പൂങ്കുടിലിന്റെ പഴക്കം നാറാണത്ത് ഭ്രാന്തന്റെ കാലത്തോളം വരും.

വിക്രമാദിത്യന്റെ കാലത്തെ പറയിപെറ്റ പന്തിരുകുലത്തേയും വരരുചി മുതലുള്ള 12 ദിവ്യന്മാരേപ്പറ്റിയും ഏതൊരു മലയാളിക്കും അറിയാം. പ്രശസ്തമായ കൊപ്പത്തെ രായി രനെല്ലൂർ നാറാണമംഗലം മനയിലേക്ക് ഒരു ഭ്രാന്തനെ നാട്ടുകാർ മനോരോഗ ചികിത്സ ക്കായെത്തിച്ചു. അദ്ദേഹത്തിന് യാതൊരു അസുഖവും ഇല്ല എന്നും അതിദിവ്യനാ ണ് എന്നും മനസ്സിലാക്കിയ നാറാണത്ത് മനക്കാർ ഭ്രാന്തനെ അവിടത്തന്നെ താമസി പ്പിച്ചു. നാറാണത്ത് മനയിൽ നിന്ന ഭ്രാന്ത ന് അങ്ങിനെ നാറാണത്ത് ഭ്രാന്തൻ എന്ന പേരും വന്നു. രായിരനെല്ലൂർ മലകയറ്റവും ഭ്രാന്താചല ക്ഷേത്രവും ഈ ഐതിഹ്യത്തി ന് ഉപോൽബലകമായി നിലനിൽക്കുന്നു.

വരരുചിയുടെ കാലം മുതലേ മനോരോഗ ചികിത്സാ രംഗത്ത് പ്രശസ്ത രായിരുന്നു നാറാണത്ത് ഇല്ലക്കാർ. മനോ രോഗ ചികിത്സക്ക് മാത്രമല്ല തന്ത്രത്തിനും മന്ത്രവാദത്തിനും ചാത്തിരാങ്കത്തിനുമെല്ലാം പുകഴ് പെറ്റവരായിരുന്നു നാറാണത്ത് മന ക്കാർ. കാലക്രമേണ നാറാണത്ത് മനക്കാർ ഇപ്പോഴത്തെ മലപ്പുറം ജില്ലയിലെ വള്ളിക്കാ പ്പറ്റയിലേക്ക് കുടിയേറി മൂന്നു വിഭാഗമായി താമസം തുടങ്ങി.

അതിൽ പൂങ്കുടിൽ നാറാണ മംഗലം വിഭാഗം മനോരോഗ ചികിത്സയും മന്ത്രവാദവും, നാറാസ് നാറാണമംഗലീ വി ഭാഗം താന്ത്രിക വിദ്യകളും, കല്ലിൽ നാറാണ മംഗലം വിഭാഗം ചാത്തിരാങ്കം, പാനേങ്കളി എന്നിവയും പങ്കിട്ടെടുത്തു. വള്ളിക്കാപ്പറ്റയി ലെ പൂങ്കുടിൽ പ്രദേശത്ത് താമസിച്ചിരുന്ന പൂങ്കുടിൽ നാറാണമംഗലത്തു മന അങ്ങനെ പൂങ്കുടിൽ മന എന്നും ആ പ്രദേശം പൂങ്കള പ്പടി എന്നും അറിയപ്പെട്ടു.1400 – 1600 കാല ത്താണ് ഇത് നടന്നതെന്ന് കരുതപ്പെടുന്നു. ശുകപുരം ഗ്രാമക്കാരും സഗരപുരം ഉപഗ്രാ മക്കാരുമായ നാറാണമംഗലത്ത് മനക്കാർ റിഗ്വേദികളും ഭാർഗവ ഗോത്രക്കാരുമാണ്. ഗ്രാമ ക്ഷേത്രം ശുകപുരം ദക്ഷിണാമൂർ ത്തിയും.

15 ഏക്കർ പറമ്പ് . വിസ്തൃത മാ യ നാലുകെട്ട് .400 വർഷത്തോളം പഴക്കമു ള്ള ഇപ്പോഴുള്ള ഇല്ലത്തിന്റെ 200 മീറ്റർ തെ ക്കു മാറിയായിരുന്നു ആദ്യത്തെ മേലിൽ എന്ന കെട്ടിടം. ആ ഇല്ലത്തി ന്റെ ഭാഗമായ തെക്കിനിയായി(തിരുമാന്ധാം കുന്നിലമ്മയു ടെ തേവാരപ്പുര ) വരുന്ന പോലെയാണ് പുതിയ നാലുകെട്ട് പണിതത്. തെക്കിനി യിലെ പാട്ടുതറയിലെ ഭഗവതിയാണ് ഏറ്റ വും പ്രധാനം. ഭഗവതിക്ക് കെടാവിളക്കും പത്മമിട്ടു പൂജയുമുണ്ട്. കുല ദേവതയായ വടക്കിനിയിലെ ഗണപതിക്ക് നിത്യ പൂജ യും ഗണപതിഹോമവും ഉണ്ട്.

ആയുർവേദത്തിൽ അധിഷ്ഠിതമായ ചികിത്സ, കായചികിത്സാ വിഭാഗത്തിലാണ് വരുന്നത്. പൂങ്കുടിൽ മനയിൽ കാരണവമാർ തന്നെയാണ് ഗുരുക്കന്മാർ.ടെക്സ്റ്റ് പുസ്ത



*ഏറ്റവും മുകളിൽ ശ്രീദേവി അന്തർജനം, താഴെ നവനീത്, ഗീത, ശരണ്യ, മടിയിൽ ചെറിയ മകൾ പൗർണമി, സനൽകുമാർ, ജാ*

കങ്ങളല്ല അനുഭവസമ്പത്തും വാമൊഴിയായി പകർന്നു കിട്ടിയ അറിവുകളും ആണ് ഇവിടത്തെ ക്ലാസ്. ചികിത്സ കച്ചവടമല്ല, തപസ്യയാണ്. ചികിത്സാ ഫീസില്ല, ദക്ഷിണ മാത്രം.

മുൻ തലമുറയിലെ പ്രഗല്ഭരായിരുന്നു വാസുദേവൻ നമ്പൂതിരിയും വിഷ്ണു നമ്പൂതിരിയും. ഇവർ രണ്ടു പേരും മാടമ്പ് മനയിൽ നിന്നും ജ്യേഷ്ഠത്തിയേയും അനിയത്തിയേയുമാണ് വിവാഹം കഴിച്ചത്. പ്രശസ്ത എഴുത്തുകാരൻ മാടമ്പ് കുഞ്ഞുകുട്ടന്റെ സഹോദരിമാരെ .ഇവരുടെ മക്കളും പേരക്കുട്ടികളുമാണ് ഇപ്പോഴുള്ളവർ.

വാസുദേവൻ നമ്പൂതിരിക്ക് നാലു മക്കൾ. മൂത്ത മകൻ പരേതനായ കുട്ടേട്ടൻ എന്നറിയപ്പെട്ടിരുന്ന പി. എൻ നമ്പൂതിരി 1997ൽ ബാംഗളൂരിൽ നടന്ന NIMHANS ഇന്റർനാഷണൽ കോൺഫറൻസ് ഓൺ മെന്റൽ ഹെൽത്തിൽ വിശിഷ്ടാതിഥിയായി പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്. മകൻ സനൽകുമാർ ചികിത്സകനാണ്. മകൾ ശ്രീദേവിയെ വിവാഹം ചെയ്ത് കൊടുത്തു. 2017ൽ ധന്വന്തരി പുരസ്കാരം നേടിയ ഇപ്പോഴത്തെ കാരണവരായ ദേവേട്ടന്റെ മകൻ വിവേക് ശങ്കർ ബി.എ.എം.എസ് പാസായി ചികിത്സകനായി ഉണ്ട്. മകൾ ദേവപ്രിയ എം.ബി.ബി എസിന് പഠിച്ചു കൊണ്ടിരിക്കുന്നു. മൂന്നാമത്തെ മകൻ പരേതനായ നാരായണൻ നമ്പൂതിരിയുടെ മകൻ നവനീത് ബി.എ.എം.എസ് പാസായി ചികിത്സകനായുണ്ട്. നാരായണൻ നമ്പൂതിരി പഞ്ചായത്ത് മെമ്പറും സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനുമൊക്കെയായിരുന്നു. നാലാമത്തെ മകൾ അമ്മിണിയെ മുല്ല മംഗലത്തേക്കാണ് വിവാഹം കഴിച്ച കൊടുത്തത്.

വിഷ്ണു നമ്പൂതിരി പേരുകേട്ട ചികിത്സകനും പുങ്കുടിൽ മനയുടെ ജനകീയ മുഖവുമായിരുന്നു. പ്രശസ്തമായ Blind School തുടങ്ങിയത് വിഷ്ണു നമ്പൂതിരി കൂടി ചേർന്നായിരുന്നു. പള്ളിപ്പുറത്തെ ഹെൽത്ത് സെന്റർ, വായനശാല എല്ലാം വിഷ്ണു നമ്പൂതിരിയുടെ ശ്രമഫലം തന്നെ. നാട്ടിലെ എല്ലാ കാര്യത്തിലും നേതൃനിരയിലു ണ്ടായിരുന്ന വിഷ്ണുനമ്പൂതിരി നാട്ടുകാർക്കു വേണ്ടി ജീവിതം ഉഴിഞ്ഞ് വെച്ചിരുന്ന ആളായിരുന്നു. ഒരു മധ്യസ്ഥനും അവസാനവാക്കും ആയിരുന്നു. ഒരു നാടക നടൻ കൂടിയായിരുന്ന വിഷ്ണു നമ്പൂതിരി അജിതകുമാരി എന്ന ഒരു നാടകവും എഴുതി സ്റ്റേജ് ചെയ്തിട്ടുണ്ട്.




*കുഞ്ഞുകുട്ടൻ നമ്പൂതിരി*



*തെക്കിനിയിലെ പാട്ടുതറ*

വിഷ്ണു നമ്പൂതിരിയുടെ ഏകമകൻ ജാതവേദൻ (കുഞ്ഞുട്ടൻ) നമ്പൂതിരിക്ക് 2 മക്കൾ . മകൾ വിഷ്ണുപ്രിയ ബി.എ.എം. എസ് കഴിഞ്ഞ് എം.ഡി ക്ക് പഠിച്ചു കൊണ്ടിരിക്കുന്നു . പ്രശസ്ത താന്ത്രിക കുടുംബമായ പാടേരിയിലേക്കാണ് വിവാഹം ചെയ്തു കൊടുത്തത്. മകൻ വിഷ്ണുപ്രസാദ് +2 വിനാണ് പഠിക്കുന്നതെങ്കിലും അഛന്റെ പാതയിൽ തന്നെ .

പൂങ്കളപ്പടിയിലേക്ക് ബസ് കയറിയാൽ കണ്ടക്ടർക്കും സംശയം 'ഭ്രാന്തനോ ഭ്രാന്തന്റെ ബന്ധുവോ'. കമാനാകൃതിയിലുള്ള പടിപ്പുരയുടെ ഇരുവശങ്ങളി



കുട്ടേട്ടൻ എന്ന പി.എൻ. നമ്പൂതിരി



അഭിരാമി, നവനീത്, ദേവേട്ടൻ, സനൽകുമാർ, പൗർണമി

*വേദൻ, പാർവ്വതി, ഗായത്രി, വസന്ത കുമാരി, അഭിരാമി, ദേവേട്ടൻ, ഏറ്റവും താഴെ വിഷ്ണു പ്രസാദ്, ദേവപ്രിയ, വിവേക് ശങ്കർ*

ലും ഔഷധച്ചെടികൾ. ഇടതുഭാഗത്തായി പത്തായപ്പുരയും പണ്ട് രോഗികളെ ചങ്ങലക്കിട്ട് താമസിപ്പിച്ചിരുന്ന ഐസൊലേഷൻ വാർഡും.പൂമുഖത്തിനു ചുറ്റും ചികിത്സകരെ കാത്തിരിക്കുന്ന ആളുകൾ. ഞായർ, ചൊവ്വ, വെള്ളി ദിവസങ്ങളിലാണ് ഏറ്റവും തിരക്ക്. വിശാലമായ നടുമുറ്റവും കെടാവിളക്കും. തിരുമാന്ധാം കുന്നിലമ്മയും, ഗണപതിയും എല്ലാം നാലു കെട്ടിലാണ്. പത്തായപ്പുരയിലായിരുന്നു പണ്ട് രോഗികളെ കിടത്തി ചികിത്സിച്ചിരുന്നത്.അയിത്തവും ശുദ്ധവും ഉണ്ടായിരുന്ന കാലത്തു മുതൽ ഒന്നിച്ച് ഒരേ പാത്രത്തിൽ ഭക്ഷണമുണ്ടാക്കി അതു തന്നെയാണ് ചികിത്സകനും കുടുംബവും രോഗികളും കഴിച്ചിരുന്നത്.രോഗികൾക്ക് ഭക്ഷണം കൊടുത്ത ശേഷമേ മനക്കാർ കഴിക്കാവൂ എന്നതാണ് നിയമം.

മനയുടെ പടി കടന്നാൽ ഏതു മുഴുത്ത ഭ്രാന്തും മാറുമെന്നൊരു

## മാനസിക രോഗി നിർമ്മിച്ച കുളം



ചികിത്സയുമായി ബന്ധപ്പെട്ട പല രസകരമായ അനുഭവങ്ങളും ദേവൻ നമ്പൂതിരി പങ്കുവെച്ചു . ഏകദേശം 40 വർഷം മുൻപാണ് . ചികിത്സക്കായി വന്ന ഒരു ചെറുപ്പക്കാരൻ പറമ്പിലെ ഒരു കുഴി കണ്ട് വളരെ നിഷ്കളങ്കമായി മനയിലുള്ളവരോട് അത് ഒരു കുളമാക്കട്ടെ എന്നു ചോദിച്ചത്രെ.

അതൊരു തമാശയായി കരുതി, മനക്കാർ അദ്ദേഹത്തോട് സമ്മതം മൂളി. എപ്പോഴും വളരെ അസ്വസ്ഥതകൾ പ്രകടിപ്പിക്കുന്ന ഹൈപ്പർ ആക്ടീവായ ഒരു രോഗിയായിരുന്നു അയാൾ. അന്നുമുതൽ തന്നെ ആ വ്യക്തി ആ കുഴിയെ കുളമാക്കാൻ വേണ്ടി കഠിന പ്രയത്നം തുടങ്ങി . അയാളുടെ ഭ്രാന്തൻ ചിന്തകൾ നിലച്ച്, മനസ്സ് മുഴുവൻ കുളത്തിന്മേൽ ഏകാഗ്രമായി. അയാളുടെ കഠിനാധ്വാനവും ഏകാഗ്രതയും രോഗം മാറ്റാൻ സഹായകമായി എന്നു മാത്രമല്ല മാസങ്ങൾക്കുള്ളിൽ മനയിൽ ഒരു നല്ല കുളവും ആയി. അയാളുടെ ആത്മാർത്ഥതയും കഠിനാധ്വാനവും കണ്ട് ഇല്ലത്തെ അംഗങ്ങളും കുളത്തിന്റെ പണിയ്ക്ക് സഹായിക്കാനായി കൂടി .ആ കുളത്തിലാണ് ഇന്നും മനയിൽ ഉള്ളവർ കുളിക്കുന്നത്. മനോരോഗിയെ ചങ്ങലയ്ക്കിടൽ ഭീകരമാണെങ്കിലും താളം തെറ്റിയ മനസ്സുമായി വരുന്ന രോഗിയെ ചങ്ങലയ്ക്കിട്ടാൽ ചങ്ങലയേയും ബന്ധനത്തേയും പറ്റി മാത്രം ചിന്തിച്ച് , ചിന്തയെ നിയന്ത്രിക്കാൻ കഴിയുമെന്നതിനാലാണ് ഈ മാർഗ്ഗം സ്വീകരിച്ചിരുന്നത്.





*പൂങ്കുടിലിലെ പൂമുഖം. ഇവിടെ വെച്ചാണ് ദീനക്കാരെ പരിശോധിക്കുന്നത്*

*ഐസൊലേഷൻ വാർഡ്*

ചൊല്ലുണ്ട്. സ്നേഹം കൊണ്ടാണി വർ ചികിത്സിക്കുന്നത്. ഇവിടത്തെ പടി കടന്നാൽ പിന്നെ മനോരോഗി യില്ല.സമൂഹത്തിൽ നിന്നും ഒരി ക്കലും കിട്ടാത്ത പരിഗണനയാണ് അയാൾക്കിവിടെ നിന്നും കിട്ടുന്നത്. ദിവസവും 80 മുതൽ 100 വരെ രോഗി കളെത്താറുണ്ട് .രോഗിയെ കൊണ്ടുവ രുന്നവരുടെ ഓരോ വാക്കും അപഗ്ര ഥിച്ചാണ് സാമൂഹിക കാരണങ്ങൾ മനസ്സിലാക്കുന്നത്. മനോരോഗികളോ ടൊപ്പം 24 മണിക്കൂറും ഉള്ളതിനാൽ നിരന്തര നിരീക്ഷണം സാദ്ധ്യമാകു ന്നു.

മരുന്നുകൾക്കു പുറമേ മന്ത്രവാദ വും ഉപയോഗപ്പെടുത്തുന്നു. പത്മമിട്ട് പൂജ കഴിച്ച് വിളക്കുവെച്ച് മന്ത്രജ പത്തോടെ ഉഴിഞ്ഞുവാങ്ങുന്നതും, തകിട് പൂജിച്ചു കൊടുക്കുന്നതും , കറുത്തചരട് ജപിച്ചു കൊടുക്കുന്ന തും ചികിത്സയുടേയും വിശ്വാസത്തി നേറെയും പാരമ്പര്യത്തിന്റേയും ഭാ ഗമാണ്. ഇതു കൊണ്ട് രോഗികളുടെ ഭയം ഇല്ലാതാകുകയും ആത്മശക്തി കൂടുകയും ചെയ്യുന്നു.

ഇതര മതസ്ഥരാണ് കൂടുതൽ വിശ്വാസികൾ എന്നു പലപ്പോഴും തോന്നാറുണ്ട്. ചില പ്രത്യേക ടൈപ്പ് രോഗങ്ങൾക്ക് (സ്കിസോഫ്രീനിയ ) അയൽവാസി കൂടോത്രം ചെയ് തിട്ടോ കൈവിഷം തന്നിട്ടോ ആണ് അസുഖം വന്നത് എന്ന തോന്നലുള്ള വർക്ക് മരുന്നിനേക്കാളേറെ ഇത് കൂ ടുതൽ ഗുണം ചെയ്യും. ആയുർവേദ

## പൂങ്കുടിൽ മനയിലെ ഉത്സവം

പൂങ്കുടിൽ മനയിലെ തേവാരമൂർത്തിയായ തിരുമാന്ധാംകുന്നില മ്മയുടെ സാന്നിധ്യം തെക്കിനിയിലെ പാട്ടുതറയിലാണ്. നൂറ്റാണ്ടുകളായി മകരമാസത്തിലെ അവസാന ഞായറാഴ്ച യാണ് ഉത്സവം നടത്തി വരു ന്നത്.. അതിന് ഒരാഴ്ച മുൻപു തന്നെ ഭഗവതിയുടെ കളംപാട്ട് ആരംഭി ക്കും. അതിഗംഭീരമായി നടത്താറുള്ള ഈ ഉത്സവത്തിനോടനുബന്ധിച്ച് താലപ്പൊലി, കഥകളി, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, പഞ്ചവാദ്യം, കേളി, എഴുന്നള്ളിപ്പ് എന്നിവയും നടത്താറുണ്ട് .

## കൃഷിയിൽ കൂടി ഒരു ലോഡ് വെണ്ടക്ക

മറ്റൊരു അനുഭവം ഒരു രോഗി മനയിലെ ഒരു ഏക്കർ സ്ഥലത്ത് വെണ്ടകൃഷി നടത്തിയതാണ്. പറഞ്ഞാൽ വിശ്വസിക്കില്ല, ഒരു ലോഡ് വെണ്ടക്ക പറിച്ചു വിറ്റു . അതിനു ശേഷവും നല്ല വിളവ് കിട്ടിക്കൊണ്ടി രിരുന്നു. ഇനി മതി എന്ന വിചാരിച്ച് വെണ്ടകളെല്ലാം വെട്ടിക്കളഞ്ഞു. അതു തളിർത്തും ഉണ്ടായി ഗംഭീര വിള.

ചികിത്സയുടെ ഭാഗമായ സ്നേഹപാ നം, വിരേചനം, ജലധാര, കഷായധാ ര, നസ്യം എന്നിവയും ഉപയോഗപ്പെ ടുത്തുന്നു.

2002 വരെ ഇവിടെ കിടത്തി ചികിത്സയുണ്ടായിരുന്നു. രോഗിയെ മനയിൽ ചികിത്സിക്കാൻ കൊണ്ടുവ ന്ന് കയ്യൊഴിഞ്ഞ പല അനുഭവങ്ങ ളുമുണ്ട്.വിവരങ്ങൾ അറിയിക്കാൻ പോലും ബന്ധുക്കളെ കിട്ടാത്ത സന്ദർഭങ്ങളും ഉണ്ടാവാറുണ്ട്.രോഗം മാറിയിട്ടും വർഷങ്ങളോളം ആശ്രി തരായി ഇവിടെത്തന്നെ താമസിച്ചവ രുണ്ട്.


ജാതി-മത വേലിക്കെട്ടുക ളില്ല.സ്ത്രീ പുരുഷ ഭേദമന്യേ ഏതു സമയത്തും കയറി വന്ന് പ്രശ്നങ്ങൾ അവതരിപ്പിക്കാം.മാപ്പിള ലഹളക്കാ ലത്തും ടിപ്പുവിന്റെ പടയോട്ടക്കാ ലത്തും മനയെ പൊന്നുപോലെ കാത്തു സൂക്ഷിച്ചതും ഇവിടുത്തെ ജനങ്ങൾ തന്നെ.വർഷം തോറും നോമ്പുതുറ നടത്താറുണ്ട്. പക്ഷഭേ ദങ്ങളില്ല. ഒന്നിലും.അതുകൊണ്ടാണ് നാനാഭാഗത്ത് നിന്നും, അന്യസം സ്ഥാനങ്ങളിൽ നിന്നും , ആഫ്രിക്ക, നൈജീരിയ, കാനഡ , അമേരിക്ക തുടങ്ങി മറ്റു രാജ്യങ്ങളിൽ നിന്നു പോലും രോഗികളെത്തുന്നത്.

മാനസിക ചികിത്സക്ക് പുറമേ അന പത്യ ചികിത്സ, ഗർഭരക്ഷാ ചികിത്സ, ബാല രോഗ ചികിത്സ, വാതരോഗ ചി





*കുഞ്ഞുകുട്ടൻ നമ്പൂതിരി, മരുമകൻ നവീൻ, വിഷ്ണുപ്രിയ, വിഷ്ണുപ്രസാദ്, ഗായത്രി*



*വിഷ്ണു നമ്പൂതിരി*

കിത്സ എന്നിവയുമുണ്ട്. ഗുളികകൾ, കഷായങ്ങൾ, എണ്ണകൾ, ഘൃതങ്ങൾ എന്നിവയുടെ സ്പെഷൽ മരുന്നുകൾ ഇവിടെത്തന്നെ ഉണ്ടാക്കുന്നവയാണ് . രാവിലെ 9 മുതൽ വൈകുന്നേരം 5 മണി വരെയാണ് ചികിത്സാ സമയം . പക്ഷെ ഏത് നട്ടപ്പാതിരയ്ക്കും രോഗികളുമായി ചെല്ലുന്നവരെ ഒരിക്കലും നിരാശരാക്കാറില്ല .

ഇപ്പോഴത്തെ കാരണവർ ദേവേട്ടൻ, സനൽകുമാർ, വിവേക് ശങ്കർ, നവനീത് എന്നിവർ തറവാട്ടിലെ പൂമുഖത്തു വെച്ചാണ് രോഗികളെ പരിശോധിക്കുന്നത്. തറവാട്ടിനോടു ചേർന്നുള്ള വഴിയിലൂടെ 150 മീ പോയാൽ ജാതവേദൻ എന്ന കഞ്ഞുട്ടൻ നമ്പൂതിരിയുടെ 'പ്രിയ'

## മനോരോഗ സെമിനാറുകൾ



35 വർഷമായി പൂങ്കുടിൽ മനയിൽ മനോരോഗ സെമിനാറുകൾ നടത്താൻ തുടങ്ങിയിട്ട് . മകരത്തിലെ ഉത്സവത്തിനോടനുബന്ധിച്ചു നടത്തിയിരുന്ന സെമിനാർ പിന്നീട് എല്ലാ വർഷവും മേയ് ഒന്നാം തീയതിയാണ് നടത്താറുള്ളത്. ആരോഗ്യരംഗത്തേയും സമൂഹത്തിലേയും പ്രഗല്ഭർ പങ്കെടുക്കുന്ന ഈ മാനസിക സെമിനാർ ഉന്നത നിലവാരം പുലർത്തുന്നു.

ഓരോ വർഷവും വളരെ പ്രസക്തമായ വിഷയങ്ങളാണ് സെമിനാറിന് തിരഞ്ഞെടുക്കുന്നത്. 2020 ജനുവരി 1, 2 തീയ്യതികളിൽ സമന്വയം എന്ന പേരിൽ ഒരു മാനസിക ക്യാമ്പാണ്.

### ○ സെമിനാർ വിഷയങ്ങളിൽ ചിലത്


- മനോരോഗത്തിൽ പാരമ്പര്യത്തിന്റെ സ്വാധീനം
- ആധുനിക വിദ്യാഭ്യാസവും വ്യക്തിത്വവും.
- കുടുംബ ബന്ധങ്ങളിൽ വന്ന മാറ്റവും മനോരോഗവും
- മാനസിക പ്രവർത്തനം വ്യത്യസ്ത വീക്ഷണങ്ങളിൽ
- മനോരോഗ ചികിത്സയിൽ ഉദ്ഗ്രഥന ചികിത്സാ സാധ്യത.
- മാനസിക ഘടനയും സാമൂഹ്യ ഘടകങ്ങളും.
- മനോരോഗത്തിൽ പാരമ്പര്യത്തിന്റെ സ്വാധീനം
- നൃത്ത സംഗീതാദി കലകളുടെ സ്വാധീനം സമൂഹമനസ്സിൽ
- ലൈംഗിക പീഡനങ്ങളും സാമൂഹ്യ ആഘാതങ്ങളും
- സ്ത്രീ പുരുഷ ബന്ധം തെറ്റും ശരിയും
- മലയാളിയുടെ മനസ്സും സംഘർഷങ്ങളും
- കുടുംബ ആത്മഹത്യയും മനോനിലയും
- മാനസികാരോഗ്യവും കുടുംബാന്തരീക്ഷവും
- മാനസികാരോഗ്യത്തിൽ മാധ്യമങ്ങളുടെ പങ്ക്.
- സ്ത്രീപീഡനം - സമസ്യയും സാന്ത്വനവും
- ചിത്തഭ്രമം സമീപനവും ചികിത്സയും




*കുഞ്ഞിക്കുട്ടൻ നമ്പൂതിരിയുടെ ഗൃഹത്തിലേക്ക്*



*പ്രശസ്തമായ പൂങ്കള കമാനാകൃതിയിലുള്ള പടിപ്പുര*



## സന്ദേഹം

### ഗീത അരീക്കര

രാധ തൻ പിച്ചക മാലയോടോ
മഞ്ജുള തൻ തെച്ചി മാലയോടോ
കണ്ണാ നിനക്കേറെ ചൊല്ലുകിഷ്ടം
എന്നുടെ കൃഷ്ണ തുളസിയോടോ?
പൂന്താനത്തിൻ ജ്ഞാനപ്പാനയോടോ
മേൽപ്പത്തൂരിൻ ഭക്തി കാവ്യമോടോ
കണ്ണാ നിനക്കേറെ ഇഷ്ടമേത്
ഞാൻ ജപിക്കും നിന്റെ നാമത്തോടോ?
സന്ദേഹമായ് നില്പു നിൻനടയിൽ
നിർമ്മാല്യ ദർശനത്തിന്നു മുന്നിൽ
ഇന്നിതാ നേരുന്നു സുപ്രഭാതം
ഇന്നെനിക്കേകണം നിൻ പ്രസാദം.

*(പൂങ്കുടിൽ മനയിലെ മകളാണ് ഗീത അരീക്കര, മൊബൈൽ 85939 72928)*

### ഡോ. കെ.എം. ജാതവേദൻ നമ്പൂതിരി

ഞാനും കുട്ടേട്ടനും സമപ്രായക്കാരാണ് സഹപാഠികളും.കുട്ടേട്ടന്റെ ഭാഷയിൽ പറഞ്ഞാൽ നിർബന്ധമല്ലാത്ത ബന്ധം ഉള്ളവർ. ഞങ്ങൾ മനയിൽ അങ്ങിനെ സംസാരിച്ചിരിക്കും .ചിലപ്പോൾ പോവാൻ പറ്റില്ല. അപ്പോൾ പൂമുഖത്താണ് കിടക്കുക .മനോരോഗികൾ സ്വൈരവിഹാരം നടത്തുന്ന സ്ഥലം. ഒട്ടും പേടി തോന്നാറില്ല.

എത്ര വയലന്റായ രോഗി ആയാലും ആ മതിൽ കെട്ടിനകത്തു കടന്നാൽ അയാൾ ശാന്തനാകും . അവിടെ ഇരിക്ക് എന്ന പറഞ്ഞാൽ ഇരിക്കും. തെക്കിനിത്തറയിലെ ഭഗവതിയേയും കുലദേവതയായ ഗണപതിയേയും ഉപാസിക്കുന്നതും പാരമ്പര്യമായ കഴിവുകളുമാണ് ഇതിന് നിദാനം. ഇവിടത്തെ പൂമുഖത്തിനുണ്ട് ഒരു പ്രത്യേക സാന്നിധ്യം. അവിടെയിരുന്നു കൊണ്ടു മാത്രമാണ് ചികിത്സയും .

കുട്ടേട്ടന്റെ മുറി തന്നെ പത്തായപ്പുരയിൽ രോഗികളുടെ കൂടെയാണ്. ചികിത്സ വേറെ താമസം വേറെ എന്നൊന്നില്ല. രാവിലെ കുളിയും തേവാരവും കഴിഞ്ഞ് വരുമ്പോഴേക്കും പുറത്ത് രോഗികൾ കാത്തിരിക്കുന്നുണ്ടാകും. അവരെയൊക്കെ നോക്കി ചിലപ്പോൾ പത്തു മണിക്കാവും ചായ.

ധാര, തൈലം, എണ്ണ , ഘൃതം -മനയിലെ സ്വന്തം മരുന്ന്. മെഡിക്കേറ്റഡ് ഓയൽ എന്നു പറയും. സാധാരണ കണ്ടന്റ് പറയാറില്ല. പക്ഷേ കുട്ടേട്ടൻ സെമിനാറിൽ മരുന്നിന്റെ കണ്ടന്റ് ചർച്ചാ വിഷയമാക്കാറുണ്ട്.

എന്ന മനയിലെത്താം. അവിടേയും നല്ല തിരക്കു തന്നെ. റോഡിൽ തന്നെ സൈൻ ബോർഡുമുണ്ട്.

പൂജക്കും മന്ത്രവാദത്തിനും അൽപം കൂടി പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഒരു രീതിയാണ് ജാതവേദൻ നമ്പൂതിരിയുടേത് . അകത്തുള്ള തേവാര മുറിയിൽ ദിവസവും രണ്ടു നേരം തിരുമാന്ധാംകുന്ന് ഭഗവതിക്ക് പത്മമിട്ട് പൂജയും കെടാവിളക്കുമുണ്ട്. കുലദേവതയായ ഗണപതിക്ക് ദിവസവും കൂട്ടുകൂട്ടിയ ഗണപതി ഹോമവും 15 വർഷമായി തുടർന്നു വരുന്നു. ദിവസവും കൂട്ടുകൂട്ടിയ ഗണപതി ഹോമം ജാതവേദൻ നമ്പൂതിരിയുടെ മാത്രം പ്രത്യേകതയാണ്. പത്മമിട്ട് പൂജകഴിച്ച് നിലവിളക്ക് കൊളുത്തി വെച്ച പൂമുഖത്ത് വിളക്കിനഭിമുഖമായി ഇരുത്തിയാണ് മന്ത്രോച്ചാരണങ്ങളോടെ ഉഴിഞ്ഞുവാങ്ങൽ നടത്തുന്നത്.

താലത്തിൽ വെച്ച വസ്ത്രവും കത്തിച്ച മൺചിരാതിലെ തിരിയും അർധ നിമീലിത നേത്രങ്ങളോടെ ഭക്തിസാന്ദ്രമായി നടത്തുന്ന വിശദമായ ഉഴിഞ്ഞുവാങ്ങലും ഒരു പ്രത്യേക അന്തരീക്ഷം സംജാതമാക്കുന്നു. ആവശ്യമായ കൗൺസലിംഗിനും മരുന്നു നൽകുന്നതിനുമായി തൊട്ടടുത്തു തന്നെയാണ് കൺസൾട്ടേഷൻ റൂം. പൂജക്കായി പുറത്തും പോകാറുണ്ട്. വ്യാഴാഴ്ചകൾ സാധാരണയായി പൂജക്കും ഹോമങ്ങൾക്കുമായി മാത്രമായി മാറ്റിവെച്ചിരിക്കുകയാണ്. വ്യാഴാഴ്ചകളിൽ 60 ഉം 70 ഉം പേർ ബ്രഹ്മരക്ഷസ്സിന് മധുരമില്ലാത്ത പഞ്ചസാരപ്പായസം നേദിക്കാനായി ഏൽപ്പിക്കാറുണ്ട്. ഈ പ്രദേശത്തുള്ള

(ശേഷം 75-ാം പേജിൽ)

എന്റെ ആനതാനനത്തിലേയ്ക്ക് വലിച്ചെറിഞ്ഞീടുക.വിരിയും പ്രഭാതത്തിൽ പൂമുഖപ്പടിയിൽ നീവിരിയാൻ വെമ്പും പൂവായ്

# അഭയാർത്ഥി





**ഡോ.വീട്ടിക്കാട് പരമേശ്വരൻ**

(മൊബൈൽ: 9496727616)

സോദരീ... മൗനത്തിന്റെ മുഖംമൂടി നീ പിച്ചിച്ചീന്തുക,
എന്റെ ആനതാനനത്തിലേയ്ക്ക് വലിച്ചെറിഞ്ഞിടുക.
ചുണ്ടിലെക്കീറിൽ നിന്നും ഇറ്റിറ്റു വീഴും രക്തം
കൺകളിൽ വറ്റിപ്പോയ കണ്ണുനീർക്കടലുകൾ
കവിളിൽ കാമം തീർത്ത നഖക്കീറുകൾ
പാറിപ്പടരും വാർകൂന്തളം മറയ്ക്കും ചേലാഞ്ചലം.
സോദരീ മൗനത്തിന്റെ മുഖം മൂടി നീ പിച്ചിച്ചീന്തുക,
എന്റെ ആനതാനനത്തിലേയ്ക്ക് വലിച്ചെറിഞ്ഞീടുക.
വിരിയും പ്രഭാതത്തിൽ പൂമുഖപ്പടിയിൽ നീ
വിരിയാൻ വെമ്പും പൂവായ് വന്നു നിന്നതും
പൂവിന്നിതളിൽ നീഹാരാർദ്ര ബിന്ദുപോൽ
കണ്ണീർ ,കനൽത്തുള്ളിയായ് ജ്വലിച്ചതും
വിടരും മുമ്പേ തല്ലിക്കൊഴിക്കാൻ വെമ്പുന്നുവോ?പെരു
വഴിയിൽ ചവിട്ടേറ്റു ചതയാൻ വിധിച്ചുവോ?
വേദന അത്താഴമായ് വിശപ്പ് തീർക്കുന്നുവോ?
വിരുന്ന് രാവിൽപേടി സ്വപ്നമായ് തികട്ടിയോ?
ഞാൻ, പിച്ച വെച്ചിട്ടു നാളിൽ നടന്നേ പോയി അപ്പൻ,
അമ്മച്ചിപിഴ, കള്ളു വിൽപ്പന തൊഴിൽ
കുടിയും ബഹളവും പേടിയാണെനിയ്ക്കെന്നും.
ഉണരും നേരം അമ്മ മാറോടുചേർത്തിട്ടെന്നെ
പുണരും, നീയേ തുണയെന്നെന്നെ മുത്തിത്തോർത്തും.
സന്ധ്യക്കു മദ്യം വിളമ്പിടുവാൻ വിളിച്ചിടും
പുസ്തകത്താളിൽ എന്റെ മോഹങ്ങൾ ഉറങ്ങിടും.
ഒരുവൻ കൊമ്പൻ മീശ പിരിക്കെ, കഷണ്ടിയിൽ
തടവും മറ്റോൻ വേണ്ടാതോരോന്നുപുലമ്പിടും, പിന്നെ
കാർന്നുനോക്കിടും, അതുകണ്ടു കണ്ണിറുക്കുമെന്നമ്മ
നീ വേണമിനി ഷാപ്പു നോക്കുവാൻ, ചൊന്നാളമ്മ.
വയ്യെനിക്കെന്നായ്, വാക്കായ്, വഴക്കായ്, വക്കാണമായ്.
കുപ്പികളൊന്നൊന്നായി കാലിയാകുമ്പോൾ
മത്തു കേറിടും, പിച്ചുംപേയും പുലമ്പും,
ചുമ്മാ കൊഞ്ചി കൊഞ്ചി നീ കുഴയുക.
കുപ്പിയിലാക്കാൻ അപ്പോൾ എന്തെളുപ്പമാണെന്നോ !
നീ തന്നെ പോണം അമ്മയ്ക്കായില്ലേ വയസ്സേറെ.
കൂട്ടുകാരാദ്യം ചൊല്ലി പിന്നെയെൻ മനംനൊന്തു
പിഴയാണമ്മ, പിഴപ്പിക്കയാണെന്നെയമ്മ .
ഇരുളിൻ മുറിപ്പാടിലൂടെ ഞാൻ നടന്നേറെ
കഴുകക്കണ്ണിന്നപ്പുറത്തു വന്നെത്തീദൂരം.
പോകുവാൻ പറയരുതെന്ന് ഗദ്ഗദം.
വയ്യ ചീത്തയാക്കാൻ നല്ല കുഞ്ഞായി
പഠിക്കേണ്ടേ! വീട്ടു വേലകൾ ആവും പോലെ
ചെയ്തിടാം,കൂറുകാട്ടിടാം നായെപ്പോലെ,
പോകുവാൻ പറയരുതെന്ന് ചൊല്ലുന്നു ദൈന്യം .
നാളേറെകഴിഞ്ഞില്ല കാൺമു ഞാൻ വാനിൽ
ചോര തുപ്പിയ സന്ധ്യ, മേഘഗർജനം തോൽക്കു
മച്ചിറകൊലി ഹൃത്തിലെ മുറിപ്പാടിൽ കുശപുച്ഛമായ് വന്നു
കുത്തുന്നു നിന്നോർമ്മകൾ നീറുകയാണെൻ മനം.
വന്നു നില്ക്കുന്നു വീണ്ടും വികൃതം വേഷം,
വിരൂപമാം നീണ്ട വർഷങ്ങൾ തീർത്ത മുറിപ്പാടുകളുമായ്.
സഹോദരി മൗനത്തിൻ മുഖംമൂടി നീ പിച്ചിച്ചീന്തുക
എന്റെ ആനതാനനത്തിലേയ്ക്ക് വലിച്ചെറിഞ്ഞീടുക
ചുണ്ടിലെ കീറിൽനിന്നും ഇറ്റിറ്റു വീഴും രക്തം കൺകളിൽ
വറ്റിപ്പോയ കണ്ണുനീർ കടലുകൾ
കവിളിൽ കാമം തീർത്ത നഖക്കീറുകൾ,
പാറിപ്പടരും വാർകൂന്തളം മറയ്ക്കും ചേലാഞ്ചലം.
കണ്ണിലെ കടത്തീയെൻ കൺകളിൽ പടർത്തുക.
നീറുന്ന വാക്കാൽ കർണ്ണപുടങ്ങളിൽ തുളയ്ക്കുക.
ഒഴുകും രക്തത്തിലെൻ ഭീരുവെ മുക്കിക്കൊല്ക.
പടരും രോഷത്താലെൻ നെറികേടുരുക്കുക.
സോദരീ...മൗനത്തിന്റെ മുഖംമൂടി നീ പിച്ചിച്ചീന്തുക,
എന്റെ ആനതാനനത്തിലേക്ക് വലിച്ചെറിഞ്ഞീടുക.




സഭ സംസ്ഥാന ജനറൽ സെക്രട്ടറി എം.വി. സുബ്രഹ്മണ്യൻ നമ്പൂതിരിയുമായി വാട്ട്സ് അപ്പിലൂടെ നടത്തിയ ദീർഘമായ ചാറ്റിംഗ് അതേ പടി ഇവിടെചേർക്കുന്നു. ഈ ലക്കത്തിലെ ഇന്റർവ്യൂവും ഇ- പ്ലാറ്റ്ഫോമിൽ.




## ഇ-ഇന്റർവ്യൂ

**പദ്മനാഭൻ നമ്പൂതിരി**



### ഇപ്പോൾ പുതിയതാണ്

# വെല്ലുവിളി




ഒരു ഉദാഹരണം.സഭയ്ക്ക് ചെയ്യാവുന്നത്?

> പൂജാപഠനത്തിനും ആചാരത്തിനും പ്രാധാന്യം കൊടുക്കുന്നതോടൊപ്പം യുവാക്കളുടെ വിദ്യാഭ്യാസം, തൊഴിൽ, വ്യക്തിത്വ വികസനം തുടങ്ങിയവക്കും പ്രാധാന്യം കൊടുക്കുക. വിദ്യ, തൊഴിൽ മേഖലകളിൽ കുട്ടികൾ മുഖ്യാധാരയിലെത്താനുള്ള നടപടി ആരംഭിച്ചു.

?കൃത്യമായി പറഞ്ഞാൽ.

> വിഷൻ 22 വിദ്യാ പദ്ധതി.അതിൽ എല്ലാം ഉണ്ട്.

? കേന്ദ്രം നടപ്പാക്കിയ 10 ശതമാനം സാമ്പത്തിക സംവരണം കേരളത്തിൽ നടപ്പായിട്ടില്ല. അതിന് വേണ്ടി എന്തെങ്കിലും ചെയ്തുവോ.

> രണ്ട് കമ്മീഷനുകൾ കേരളത്തിൽ പഠനം നടത്തുന്നുണ്ട്. ശശിധരൻ നായർ കമ്മീഷനും, ഹരിഹരൻ നായർ കമ്മീഷനും. ഇവരുടെ മുന്നിൽ ഹാജരായി നഭയുടെ കാഴ്ചപ്പാട് വ്യക്തമാക്കി. സഭയുടെ അഭിപ്രായങ്ങൾ വളരെ വിലപ്പെട്ടവയാണെന്നും, നടപ്പിലാക്കാൻ സാധിക്കുന്നവയാണെന്നും കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്.

?സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആലോചന.

> സഭ അതിന് പര്യാപ്തമല്ല. എന്നാൽ ശ്രീശങ്കരാ ട്രസ്റ്റ് ജില്ലകളിലെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

?ജനസംഖ്യാനുപാതികമായി നമ്പൂതിരിമാർ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടോ? > ഉന്നത വിദ്യാഭ്യാസം നേടിയവർ 35 % മാത്രമെ ഉണ്ടാകു അതിൽ തൊഴിൽ (സർക്കാർ) കേവലം 5 % മാത്രം.

?റാങ്കുലിസ്റ്റുകളിൽ ആദ്യത്തെ നൂറിനുള്ളിൽ വരുന്ന നമ്പൂതിരിമാരുടെ എണ്ണം കുറയുകയാണ്. പി. എസ്.സി ആയാലും എൻട്രൻസ് ആയാലും. ഇതൊരു മോശം പ്രവണതയല്ലേ?

> മത്സര പരീക്ഷ എഴുതുന്ന സമ്പ്രദായം നമ്മുടെ കുട്ടികളിൽ കുറയുന്നു. സംവരണവ്യവസ്ഥിതി യുവജനങ്ങളിൽ ആശങ്കയും നിരാശയും സൃഷ്ടിക്കുന്നതാണ് കാരണം. അതിനാൽ പരീക്ഷകൾക്ക് ശ്രമിക്കാതെ സാങ്കേതിക വിദ്യകളിലും മറ്റ് തൊഴിൽ സംരംഭങ്ങളിലും യുവതലമുറ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇത്തരം പ്രവണതയ്ക്ക് മാറ്റം ഉണ്ടാക്കാൻ വിഭാവനം ചെയ്തതാണ് വിദ്യാ പദ്ധതി .

?വളരെ പിറകിൽ നിന്നിരുന്ന മു

**? നമ്പൂരി ഇന്നും പരിഹാസ്യനായ ഒരു കാരിക്കേച്ചറാണല്ലേ**

>ബ്രാഹ്മണർക്കെതിരെയുള്ള മുദ്രാവാക്യം വലിയ തമാശയാണ്. കാരണം ബ്രാഹ്മണർ നാടുവിട്ടാൽ സ്വാതന്ത്ര്യം എന്നാണ് ചിന്ത.ഭാരത സംസ്കാരത്തെ നിലനിർത്തുക എന്നത് ബ്രാഹ്മണരുടെ മാത്രം ആവശ്യം. അവർ ഇല്ലാതായാലേ പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നുകയറ്റം പൂർണ്ണമാകുകയുള്ളു എന്ന ചിന്ത! പച്ചക്കറി മാത്രം കഴിച്ച് സ്വത്വത്തിൽ ഒതുങ്ങി ലോകനന്മയ്ക്ക് പ്രാർത്ഥിക്കുന്ന ബ്രാഹ്മണരിൽ ഇന്നുവരെ ഒരു തീവ്രവാദിയും ഉണ്ടായിട്ടില്ല. ക്രിമിനലുകൾ ഇല്ല. രക്തരൂക്ഷിതമായ രാഷ്ട്രീയ ചിന്തയില്ല. വരും തലമുറയും അതിനു തയ്യാറാകില്ല. അതു തന്നെയാകാം ബ്രാഹ്മണർ പലരുടെയും തലവേദനയാകുന്നത്.



സ്ലീം സമുദായം  വൻ കുതിച്ചു ചാട്ടം നടത്തി. സഭ ഇത് തിരിച്ചറിയുന്നുണ്ടോ?

> ന്യൂനപക്ഷം എന്ന നിലയിലും ഭരണസ്വാധീനം ഉള്ളതിനാലും കൂടുതൽ കിട്ടുന്നതിൽ അതിശയിക്കേണ്ടതില്ല.

> പത്തനംതിട്ട മീറ്റിങ്ങിലാണ്

?എങ്കിൽ പിന്നെ.

> വൈകുന്നേരം തുടരാം

?ശരി.ഫ്രീ ആവുമ്പോൾ മിസ് കാൾ ചെയ്താൽ മതി

> ഒ കെ

?സഭ രൂപം കൊണ്ടത് 1908 ലാണല്ലൊ. 111 വയസ്സായി. ഈ വയസ് ശക്തിയോ ദൗർബല്യമോ?

>ഉയർച്ചയും തളർച്ചയും സംഭവിച്ചു. ആദ്യകാലഘട്ടം സമുദായത്തെ സംബന്ധിച്ച് നവോത്ഥാന ഘട്ടമായിരുന്നു. പലതിനും സഭ വഴികാട്ടിയായി.

? സഭയിൽ നിന്ന് □വി.ടിയിസം□ ചോർന്നുവോ?

> വി.ടി.യുടെ കാലത്തെ വെല്ലുവിളികളല്ല സമുദായം ഇന്ന് നേരിടുന്നത്. എങ്കിലും പഴയ കാല നേതാക്കളുടെ ചരിത്രം ആവേശം തന്നെയാണ്.

? വി.ടി  ഇടപെട്ടതു പോലുള്ള മേഖലകളിലല്ല ഇന്ന് സഭ പ്രവർത്തിക്കുന്നത്.വി.ടിയിൽ നിന്ന് അകലുകയാണോ സഭ.

>വി.ടി. സ്വസമുദായ ശുദ്ധീകരണത്തിന് ശ്രദ്ധ നൽകി. കാലികമായ വ്യതിയാനങ്ങൾ ഉൾക്കൊണ്ട് മാത്രമെ ഏതു സംഘടനയ്ക്കും പ്രവർത്തിക്കാനാവൂ.

? നമ്പൂതിരിയെ പരിഷ്കരിച്ച് മനുഷ്യനാക്കുകയായിരുന്നു വി.ടി. പൂണൂൽ പൊട്ടിച്ച ആ നമ്പൂതിരി നമ്മുടെ മാതൃകയും നേതാവും ആവുന്നതിൽ ആർക്കെങ്കിലും സംശയം തോന്നിയാൽ?

>നമ്പൂതിരി സമുദായത്തിലെ ജീർണ്ണാവസ്ഥയാണ് വി.ടി.യെ വേദനിപ്പിച്ചത്. അതിന്റെ പ്രതിഷേധമായിരുന്നു പൂണൂൽ പൊട്ടിക്കൽ. വി.ടി. മറ്റുള്ളവരോട് പൂണൂൽ പൊട്ടിക്കാൻ പറഞ്ഞതായി തോന്നുന്നില്ല. വി.ടി. ഉയർത്തിക്കാണിച്ച സന്ദേശങ്ങൾ എക്കാലവും മാതൃകയാണ്. വി.ടി. എന്നും അനിഷേധ്യൻ തന്നെ.

? അന്ന് വിധവാ വിവാഹം/ പരിവേദനം തുടങ്ങിയവയായിരുന്നു വിപ്ലവം .വി.ടി അത് നയിച്ചു.ഇന്ന് ഇതര മതസ്ഥരെ വിവാഹം കഴിക്കുന്നതായി വിപ്ലവം. എന്തു തോന്നുന്നു? നയിക്കണോ, എതിർക്കണോ?

>ഇതര മതസ്ഥരെ വിവാഹം കഴിക്കുന്നത് വിപ്ലവമാണെന്ന അഭിപ്രായം സഭയ്ക്കില്ല.സഭ അതിനെ പ്രോത്സാഹിപ്പിക്കുന്നുമില്ല. എന്നാൽ സമാന സംസ്കാരം ഉള്ളവരുമായുള്ള വിവാഹബന്ധം അനിവാര്യമായി വന്നേക്കാം.

?  ഉയർന്ന പദവികളിൽ നിന്ന് നമ്പൂതിരിമാർ അപ്രത്യക്ഷമാവുന്നു.  ഇത് സഭ തിരിച്ചറിയുന്നുണ്ടോ?

> തീർച്ചയായും. അത്തരം പദവികളിൽ വരും തലമുറ എത്തിപ്പെടണം. വിദ്യാപദ്ധതി ഇതിനു വേണ്ടിയാണ്.

? 304 അംഗ കെ.പി.സി.സിയിൽ ഒരു നമ്പൂതിരി മാത്രം. മറ്റു പാർട്ടികളിലും അങ്ങനെ തന്നെ. അധികാര രാഷ്ട്രീയത്തിൽ നിന്ന് സമുദായം തുടച്ചു മാറ്റപ്പെട്ടു.   എന്താണ് പോംവഴി?

> അധികാര മോഹവും അധർമ്മവും വിട്ട് സഞ്ചരിക്കുന്നവരാണ് പൊതുവെ ബ്രാഹ്മണർ. ശുദ്ധ രാഷ്ട്രീയം ഇന്ന് ഇല്ല. പൊതുകാര്യങ്ങളിൽ മാത്രമല്ല ഏതു വിഷയമായാലും അതിനോട് സിസ്സംഗഭാവം നമുക്കുണ്ട്.

? സമുദായത്തിനകത്ത് വേണ്ട ഏറ്റവും പ്രധാന പരിഷ്കരണം?

>സാമൂഹ്യ പ്രതിബദ്ധത,സ്വത്വം സംരക്ഷിക്കൽ,സ്ത്രീ ശാക്തീകരണം.

? പുതിയ കാലത്തെ ഏറ്റവും വലിയ വെല്ലുവിളി?

>വിദ്യ, തൊഴിൽ(സർക്കാർ ഉദ്യോഗം) അതോടൊപ്പം മുൻ കാലങ്ങളിൽ നടന്നുവെന്ന് പ്രചരിപ്പിക്കുന്ന ചില വർണ്ണവ്യവസ്ഥയുടെ പേരിൽ ഇന്നും പരിഹസിക്കപ്പെടുന്നതും.

? മനുഷ്യനെ പൂണൂൽ ഇടീച്ച് നമ്പൂരിയാക്കുന്ന ഒരു പ്രവണതയുണ്ട്.ക്ഷേത്രങ്ങളിൽ ശാന്തിപ്പണി കിട്ടാൻ. സ്വത്വ സംരക്ഷണം എളുപ്പമാണോ?

>കാലത്തിനനുസരിച്ച് വ്യതിയാനം വരുത്തി നിലനിർത്തേണ്ടതാണ്.

? സഭ വിചാരിച്ചാൽ നിലനിർത്താൻ പറ്റുമോ?

>സഭയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണിത്.

? വ്യക്തികളല്ലേ ചെയ്യേണ്ടത്?

> സഭ അതിനെ പ്രോത്സാഹിപ്പിക്കുമ്പോൾ വ്യക്തികൾ അതിന്റെ ഭാഗമാകും. സ്വത്വം നിലനിർത്താൻ യുവതലമുറ തയ്യാറായി വരുന്നുണ്ട്.

?സംവരണ വിഷയത്തിൽ മുഖ്യമന്ത്രിയെ കണ്ടിരുന്നുവോ?

> തീർച്ചയായും. ഒപ്പുശേഖരണം നടത്തി മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

?എന്തായിരുന്നു മറുപടി?

> സംവരണം പൂർണ്ണമായും എടുത്തു കളയേണ്ട കാലം എത്തിയിട്ടില്ല. വിഷയം ഗൗരവത്തോടെ ചിന്തിക്കാം എന്ന് പറഞ്ഞു.

? വിദ്യാഭ്യാസം, ബിസിനസ്, രാഷ്ട്രീയം. ഈ മൂന്നെണ്ണത്തിൽ ഏതിലാണ് ഇനി നമ്പൂതിരി ശ്രദ്ധ ചെലുത്തേണ്ടത്?


>1. വിദ്യാഭ്യാസം 2. ബിസിനസ്സ്.

?എടുത്തു പറയാവുന്ന ബിസിനസ് സംരംഭം നമുക്കുണ്ടോ?

> ആയുർവ്വേദ ഔഷധ രംഗം, ഐടി, ചില സ്കൂൾ മാനേജ്മെന്റ്.

? ഇക്കണോമിക്സ് ടൈംസിൽ ഇയ്യിടെ വന്ന ഒരു വാർത്ത നമ്പൂതിരീസ് എന്ന ബ്രാൻഡിനെപ്പറ്റിയാണ്. അതിന്റെ വിറ്റുവരവ് 500 കോടി കവിയാൻ പോവുന്നുവെന്ന്. നമ്പൂതിരിയെന്നപേര് മാർക്കറ്റിൽ ഡിമാൻഡുള്ള ബ്രാൻഡാണല്ലെ?

> ഇതു പോലെ പലതും വലിയ നേട്ടം ഉണ്ടാക്കുന്നുണ്ട്. കെ.പി നമ്പൂതിരി,




## എത്ര ഐ.എ.എസുകാർ



*ഗായത്രി ഐ.എ.എസ്*

? പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ നമ്പൂതിരിയുടെ ഇടം ഒരു ശതമാനത്തിന് മുകളിലോ താഴെയോ?

>ഇപ്പോൾ ഒരു ശതമാനത്തിൽ താഴെ.

?മെഡിസിന് 4000 സീറ്റുണ്ടെങ്കിൽ അതിൽ 40 നമ്പൂതിരി പോലുമില്ല, അല്ലേ?

> ഇല്ല. പത്തോ പതിനഞ്ചോ മാത്രം

? എത്ര ഐ.എ.എസുകാർ ഉണ്ടാവും?

> കണക്കു പ്രകാരം 2.

? കഴിഞ്ഞ 30 വർഷത്തിനുള്ളിൽ ഏതെങ്കിലും ജില്ലയിൽ നമ്പൂതിരിമാരായ കളക്ടർ ഉണ്ടായിട്ടുണ്ടോ?

> തിരുവനന്തപുരത്തുള്ള രണ്ടു പേർ ഉണ്ട്. കേരളത്തിനു വെളിയിൽ.

? സിവിൽ സർവീസ് പരീക്ഷ ജയിക്കാനേ പണിയുള്ളൂ, എഴുതാൻ പണിയില്ല.അതിനുള്ള കോൺഫിഡൻസ് പോലും നമ്പൂതിരിമാരിൽ കുറയുകയാണോ?

> അതിനുള്ള പ്രേരണയാണ് വിദ്യാപദ്ധതി.

? സിവിൽ സർവീസ് അക്കാഡമിയിൽ ഒരു വർഷം എത്ര നമ്പൂതിരിമാർ ചേരുന്നുണ്ട്?

> വളരെ കുറവാണ്. ഏകദേശം 5 പേർ

? ജനസംഖ്യാനുപാതികമായിപ്പോലും ഇല്ല, അല്ലേ?

> അതെ.

നാഗാർജ്ജുന പോലെ.
?ദൗർബല്യത്തെപ്പറ്റിയാണ് നമ്മുടെ വേവലാതി. ശക്തിയെപ്പറ്റി ബോധമില്ലാത്തതു കൊണ്ടല്ലേ അത്?
>കൃത്യമായ പഠനവും കാഴ്ചപ്പാടുമില്ലാത്തതിനാലാണ്.
?വെജിറ്റേറിയൻ സദ്യയൊരുക്കുന്നതിൽ പഴയിടം നമ്പർ വൺ ആവുന്നു. അതേ പോലെ ചില ഏരിയകളിൽ നമുക്ക് ഒന്നാം സ്ഥാനം നിലനിർത്താനാവില്ലേ?
>ഇവയെല്ലാം പൊതു ഗുണമായി കാണാനാവില്ല ഏതാനും വ്യക്തികളിൽ ഒതുങ്ങുന്നു.
?സഭക്ക് സ്വന്തമായി എത്രത്തോളം സ്ഥാപനങ്ങളുണ്ട്?
>സഭയുടെതായി സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.
?വിദ്യാഭ്യാസ സ്ഥാപനങ്ങൾ ?
>സഭയുടെതായിട്ടില്ല. സഹോദര സ്ഥാപനമാണ് ശ്രീശങ്കരാ ട്രസ്റ്റ്
?അതും സമുദായത്തിന്റേതു തന്നെയല്ലേ?
> സമുദായത്തിന്റെതു തന്നെ. സഭയുടെ നിയന്ത്രണത്തിലല്ല
? അതും കൂടി ചേർത്ത് പരിഗണിച്ചാൽ കോളേജ് / എൻജി.കോളേജ് / മെഡി.കോളേജ് / സ്കൂൾ തുടങ്ങി എത്രയുണ്ടാവും?
>നാലോ അഞ്ചോ ട്രസ്റ്റുകൾ ഇതുപോലുണ്ട്.മെഡി.കോളേജ് ഇല്ല
?അല്ലാത്തവ പത്തെങ്കിലും കാണുമോ?
>പലതിലും സ്വാധീനം നഷ്ടപ്പെട്ടു. അഥവാ ഓഹരികൾ മറ്റുള്ളവർക്ക് നൽകി.
?കഷ്ടമാണല്ലേ സ്ഥിതി?
> സ്ക്കൂളുകൾ നിരവധിയുണ്ട്.
?അത് വ്യക്തിഗതമല്ലേ?
>അതെ
?കേരളത്തിലെ ആദ്യ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാടായായിരുന്നു. എന്നിട്ടും യോഗക്ഷേമസഭയുടെ സംസ്ഥാന സമ്മേളനങ്ങളിൽ മുഖ്യമന്ത്രിമാരെ പങ്കെടുപ്പിക്കാൻ കഴിയുന്നില്ല. മറ്റു സമുദായ സംഘടനകളുടെ സമ്മേളനങ്ങളിൽ മുഖ്യമന്ത്രിമാർ ഉൾപ്പെടെ എല്ലാവരും പങ്കെടുക്കുകയും ചെയ്യുന്നു. എന്തു തോന്നുന്നു.?
>ഇന്നുള്ളത് വോട്ടു ബാങ്ക് രാഷ്ട്രീയമാണല്ലോ.
? സഭാ നേതൃത്വത്തിന്റെ മനസ്സിലുള്ള ഒരു സ്വപ്ന പദ്ധതി?
> തൊഴിൽ, വിദ്യാഭ്യാസം, മൈക്രോ യൂണിറ്റ് പദ്ധതികൾ എന്നിവ വഴി മുഖ്യധാരയിലെത്തുക.
?എത്ര ഉപസഭകൾ ഇപ്പോൾ സജീവമായുണ്ട്?
>270
?മൊത്തം അംഗങ്ങൾ.
>35,000.
?ഇത് 50000 എങ്കിലും ആക്കാൻ പ്രയാസമുണ്ടോ?
> ഈ വർഷം അതിനു പ്രവർത്തനം ആരംഭിച്ചു.
?എത്ര ജില്ലകളിൽ സ്വന്തം സ്ഥലം / കെട്ടിടം ഉണ്ട്?
> 9 ജില്ലകളിൽ സ്ഥലമുണ്ട്. കെട്ടിട നിർമ്മാണം എല്ലായിടത്തും നടക്കുന്നു
?സഭയുടെ വാർഷിക ബജറ്റ് എത്രയാണ്?
> ബഡ്ജറ്റ് ക്രോഡീകരണം നടന്നിട്ടില്ല. ഈ വർഷം അതിനുള്ള ഓഡിറ്റിങ്ങും മറ്റും ആരംഭിക്കുന്നു.
?മുംബയ്/ ഡൽഹി പോലുള്ള നഗരങ്ങളിലും രാജ്യത്തിനു പുറത്തും നമ്പൂതിരി സമാജങ്ങൾ ഉണ്ട്. ഇവസഭയിൽ അഫിലിയേറ്റഡ് ആണോ?
>യോഗക്ഷേമസഭയിൽ അഫിലിയേഷൻ ഇല്ല. ബ്രാഹ്മണ കൂട്ടായ്മ എന്ന നിലയിൽ പരസ്പരം സഹകരണം ഉണ്ട്.
?കേരളം എന്ന പരിധിക്കുള്ളിലാണോ സഭ?
>കന്യാകുമാരിയിൽ യൂണിറ്റ് ഉണ്ട്
? വിവിധ രാജ്യങ്ങളിൽ വലിയ സ്ഥാപനങ്ങളിൽ ഉന്നത പദവിയിൽ ധാരാളം നമ്പൂതിരിമാരുണ്ട്. അവരുടെ നേട്ടം തിരിച്ചറിയാനും പ്രയോജനപ്പെടുത്താനും എന്തു ചെയ്യാനാവും?
>മുമ്പ് സംസ്ഥാന സമ്മേളനങ്ങളോടനുബന്ധിച്ച് ബിസിനസ്സ് യോഗങ്ങൾ നടത്തിയിരുന്നു. ഇത്തരം യോഗങ്ങളും അവരുമായുള്ള സൗഹൃദവും വർദ്ധിപ്പിക്കും.
?താങ്കൾ ജ്യോതിഷി കൂടിയാണല്ലൊ? സഭയുടെ ഭാവി ഭാസുരമാണോ?
>സഭാപ്രവർത്തനം ഒരു മനുഷ്യായുസ്സ് തികയുന്നു. ബാലാരിഷ്ടതകൾ എന്നും ഉണ്ടാകുന്നു.
?111 വയസ്സായിട്ടും ബാലാരിഷ്ടതകളോ?
>അങ്ങിനെ കാണേണ്ടി വരും
?അരിഷ്ടതയ്ക്ക് മരുന്ന്?



*ഐഷാ പോറ്റി എം.എൽ.എ*

## ഒരു പഞ്ചായത്ത് പ്രസിഡന്റ് പോലുമില്ല

?നമ്പൂതിരിമാരുടെ എണ്ണം എത്രയുണ്ടാവും?
> കേരള ബ്രാഹ്മണർ ഏകദേശം 1 ലക്ഷം.35,000 മാത്രം സഭാംഗങ്ങൾ.
? മൂന്നര ലക്ഷം എന്ന് ചിലർ പറയുന്നുണ്ടല്ലൊ
> മൊത്തം ബ്രാഹ്മണർ ആണത്.7 വിഭാഗം ബ്രാഹ്മണർ കേരളത്തിലുണ്ട്.
? ഒരു വാർഡിൽ പോലും സ്വന്തമായി ജയിക്കാനോ മറ്റുള്ളവരെ ജയിപ്പിക്കാനോ തോല്പിക്കാനോ നമ്പൂതിരിക്ക് കഴിയില്ല, അല്ലേ?
>പഞ്ചായത്തുതലത്തിൽ പലയിടത്തും മേൽകൈ ഉണ്ട്.
? എത്ര വാർഡ് മെമ്പർമാരുണ്ട് നമ്പൂതിരിമാരായി?
> പൂർണ്ണ കണക്ക് ലഭ്യമല്ല. ഇരുപതോടടുത്ത് വാർഡ്തലത്തിൽ നമ്പൂതിരിമാർ ഉണ്ട്. പക്ഷെ പല രാഷ്ട്രീയ വിഭാഗത്തിലുള്ളവരാണ്.
? 140 എം.എൽ എമാരിൽ?
>1 മാത്രം. ഐഷാ പോറ്റി.
? മൂന്നര കോടിയിലെ ആനുപാതിക കണക്ക് നോക്കിയാൽ ഒരു ശതമാനത്തിൽ താഴെയല്ലേ നമ്മൾ?
>അതെ.
?ഏതെങ്കിലും പഞ്ചായത്ത് പ്രസിഡണ്ടെങ്കിലും ഇപ്പോഴുണ്ടോ? 60 കളിൽ ധാരാളം പേരുണ്ടായിരുന്നു.
> പ്രസിഡന്റ് സ്ഥാനങ്ങളിൽ ആരും ഉള്ളതായി അറിവില്ല.

## സവർണ്ണ ഫാസിസ്റ്റ് എന്ന വിളിപ്പേര്

? സവർണ്ണ ഫാസിസ്റ്റ് എന്ന വിളിപ്പേരിനോടുള്ള പ്രതികരണം?
>സവർണ്ണരെ കുറിച്ച് യഥാർത്ഥ ബോധമില്ലാത്തവർ
? അത് നമുക്ക് ദോഷം ചെയ്യുന്നുണ്ടോ?
>വളരെ കാലമായി നാം ഇത്തരം അധിക്ഷേപങ്ങൾ കേൾക്കുന്നുണ്ട്
? ഒരു അധികാര സ്ഥാനത്തും ഇല്ലാഞ്ഞിട്ടും ഫാസിസ്റ്റ്. ഇതെങ്ങനെ ശരിയാവും?
>യുവതലമുറ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നും ഇതു തന്നെ
?ഇതിനെതിരെ സഭക്ക് എന്തു ചെയ്യാനാവും?
>സ്വാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിച്ച് സമൂഹത്തിന്റെ ഭാഗമാകുക. ആക്ഷേപം സ്വയം ഇല്ലാതാകും
?സർക്കാരിന്റെയോ അധികാരികളുടെയോ ഔദാര്യത്തിനു കാക്കാതെ സ്വന്തം നിലയിൽ സ്വത്വവും ശക്തിയും നില നിർത്താൻ വഴിയൊന്നുമില്ലേ?
>അതു മാത്രമെ വരും കാലങ്ങളിൽ ഗുണം ചെയ്യുകയുള്ളു.

## കേരളത്തിൽ 108 ഇടത്തായി വെജിറ്റേറിയൻ ഊട്ടുപുര

? ഒരാശയം പറയട്ടെ?
> പറയൂ
?വെജിറ്റേറിയൻ സദ്യയുടെ സൂപ്പർ സ്റ്റാർ നമ്മുടെ കയ്യിലുണ്ട്. ഗംഭീരമായി നടക്കുന്ന 500 ലേറെ മെമ്പർമാരുള്ള ശ്രമ സംഘങ്ങൾ നമുക്കിടയിലുണ്ട്. നല്ല പാചകക്കാർ വേണ്ടുവോളമുണ്ട്. സംസ്ഥാന പാതയോരങ്ങളിൽ കാട് പിടിച്ചു കിടക്കുന്ന ഭൂമി നമ്പൂതിരിമാരുടെ കയ്യിലുണ്ട്. സഹകരണ ബാങ്കുകളിലും മറ്റും നമ്പൂതിരിമാരുടേതായി ലക്ഷങ്ങളുടെ നിക്ഷേപവുമുണ്ട്.പലയിടത്തും ഒറ്റയ്ക്കും ചെറു സംഘങ്ങളുമായും നമ്പൂതിരിമാർ വെജ് ഹോട്ടലുകൾ നടത്തുന്നുമുണ്ട്. അവയെ ഒറ്റ ബ്രാൻഡ് ആക്കിയാൽ ... ഇതെല്ലാം കൂട്ടിയോജിപ്പിച്ചാൽ ഒരു വൻ വെജിറ്റേറിയൻ



പഴയിടം മോഹനൻ നമ്പൂതിരി

ഹോട്ടൽ ശൃംഘല നടക്കുന്നതുമാണ്. എൻജിനീയറിംഗ് കോളേജ് തന്നെ നമ്മളും തുടങ്ങണമെന്നില്ലല്ലോ.കുട്ടികളെ കിട്ടാതെ പൂട്ടിപ്പോവുന്ന കോളേജുകളേക്കാൾ നല്ലതല്ലേ നമ്പൂതിരി ബ്രാൻഡ് ഹോട്ടൽ? എ.കെ.ജി ഇന്ത്യൻ കോഫീ ഹൗസ് കൊണ്ടുവന്ന പോലെ കേരളത്തിൽ 108 ഇടത്തായി ഹൈവേയോട് ചേർന്ന് വെജിറ്റേറിയൻ ഊട്ടുപുര .ഇതാണ് ആശയം?
> നല്ല സംരംഭമാണ്. ആലോചിക്കാം.
? ഭക്ഷണം കഴിക്കുന്നത് ഒരാഘോഷമാക്കി മാറ്റിയ മലയാളിക്ക് മുന്നിൽ ഒരു പുതിയ വെജിറ്റേറിയൻ ബ്രാൻഡ്. അതു തുടങ്ങാൻ നമ്പൂതിരിയോളം യോഗ്യതയുള്ള മറ്റൊരു സമുദായമില്ല.സ്ഥലം, പണം, ആൾ എല്ലാമുണ്ട്.കൂട്ടിയോജിപ്പിച്ചാൽ മാത്രം മതി. ഒരു രൂപ പോലും ബാങ്ക് ലോൺ എടുക്കാതെ പ്രാവർത്തികമാക്കാൻ പറ്റും. പക്ഷേ, നമുക്ക് ഒരു എ.കെ.ജിയെ കിട്ടണം.
>ശ്രമകരം ആണ്.
?ഇതു പോലെ കാലത്തിന് അനുയോജ്യമായ പ്രവർത്തന പദ്ധതികൾ കണ്ടെത്താൻ എന്തു ചെയ്യാനാവും?
> ഇത്തരം സംരംഭകരുടെ യോഗം വിളിച്ചു ചേർക്കാം.

>സംഘടനാ ബോധമുള്ള പ്രവർത്തകർ നേതൃത്വം ഏറ്റെടുക്കുക
? അതിന് എന്തെങ്കിലും പദ്ധതികൾ?
> കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച സംഘടനാ ക്ലാസ്സ്-പ്രജാഗരം- ശരിയായ സംഘടനാബോധം പ്രവർത്തകരിൽ ഉണ്ടാക്കുന്നതിനാണ്.
? സഭയുടെ സാന്നിദ്ധ്യം പൊതുസമൂഹത്തിൽ ദൃശ്യമാക്കുന്നതിന് പരിപാടികളുണ്ടോ?
>ഇടപെടാവുന്ന മേഖലകളിലെല്ലാം ഇടപെടും .ഇപ്പോൾ നടത്തി വരുന്ന ജില്ലാ കൺവെൻഷനുകൾ പ്രവർത്തനത്തിന്റെ ആദ്യഘട്ടമാണ്
?നേതൃത്വ ശില്പശാല പോലെ എന്തെങ്കിലും?
>പ്രജാഗരം




### പദവികൾ

ആറ്റിങ്ങൽ തന്ത്ര വിദ്യാകേന്ദ്രം ജനറൽ സെക്രട്ടറി
2013 ൽ ആറ്റിങ്ങൽ ഉപസഭ സെക്രട്ടറി.
2015 മുതൽ 2019 വരെ തിരുവനന്തപുരം ജില്ലാ സെക്രട്ടറി.
2017ൽ സംസ്ഥാന സമ്മേളനത്തിന്റെ ജനറൽ കൺവീനർ.
2019 ൽ ആലപ്പുഴ സംസ്ഥാന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി.

### മികവ്

2019 ൽ തിരുവനന്തപുരത്തെഏറ്റവും നല്ല ജില്ലാസഭയാക്കി.

### പ്രക്ഷോഭം

മീശ നോവലിനെതിരെ, മന്ത്രി സുധാകരന്റെ ബ്രാഹ്മണാധിക്ഷേപത്തിതിരെ,ശബരിമല യുവതി പ്രവേശനത്തിനെതിരെ

ജനനം:പയ്യന്നൂരിനടുത്ത് കുന്നരു.
അച്ഛൻ: ഡോ:എം.വി.വിഷ്ണു നമ്പൂതിരി.
അമ്മ: സുവർണ്ണനി അന്തർജ്ജനം.
ഭാര്യ: ഗീത അന്തർജ്ജനം.
മക്കൾ: വിഷ്ണുപ്രസാദ് ,വിഷ്ണു പ്രമോദ്.
മരുമക്കൾ: അശ്വതി, ശ്രുതി.
തൊഴിൽ: താന്ത്രികം, ജ്യോതിഷം.
വിദ്യാഭ്യാസം: മലയാളത്തിൽ ഡിഗ്രി.
താമസം: 22 വർഷമായി ചിറയിൻകീഴ്.



അറിയേണ്ട നമ്പൂതിരി



നടന്നും വാഹനങ്ങളിലും അങ്ങ് ഹിമാലയം വരെ പോയി വന്നു. വിശ്രമം ആശ്രമങ്ങളിലും ക്ഷേത്രങ്ങളിലും വീടുകളിലും.കണ്ട ദൃശ്യങ്ങളുടെ ആയിരം മടങ്ങ് വ്യാപ്തിയുള്ള പുതുകാഴ്ചകൾ, അനുഭവങ്ങൾ . 90 ദിവസം കൊണ്ട് ഉത്തരാഖണ്ഡ് .

*ഉണ്ണികൃഷ്ണൻ നാരായണൻ ഒരു സാഹസിക യാത്രക്കിടയിൽ*

# ടെക്കി ടേൺഡ് പൂജാരി ഉണ്ണി ദ ട്രാവലർ

**വിനോദ് മങ്ങത്തായ**

രംഗം ഒന്ന്.വർഷം :2009.വി .എൻ ഉണ്ണിക്കൃഷ്ണൻ നാരായണൻ .വയസ്സ് 20.ഉണ്ണികൃഷ്ണൻ ബി.എ സ്.സി കമ്പ്യൂട്ടർ സയൻസ് അഞ്ചാം സെമസ്റ്ററിന് പഠിക്കുന്നു.കോളേജിൽ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ മിടുമിടുക്കരെ തിരയുകയാണ് സീറോക്സ് എന്ന പ്രശസ്തമായ അമേരിക്കൻ കമ്പനി .അക്കാദമിക് മികവു വെച്ച് ചിലരെ മാത്രം ഷോർട്ട് ലിസ്റ്റ് ചെയ്യും .പിന്നെ ഇന്റർവ്യൂ. ഇതാണ് പതിവ് .

അവിടെ കാര്യങ്ങൾ തീരുമാനിക്കപ്പെടുക തന്നെ ചെയ്തു .ഉണ്ണിക്കൃഷ്ണൻ നാരായണൻ 40,000 രൂപ മാസ ശമ്പളത്തോടെ ഇൻഫോപാർക്കിൽ സീറോക്സിന്റെ ഡിവിഷനിൽ സിസ്റ്റം അനലിസ്റ്റായി .

ആരും മോഹിക്കുന്ന ജോലി .നല്ല ശമ്പളത്തിൽ കംഫർട്ടബിൾ പൊസിഷൻ .ഇത്രയും ചെറുപ്രായത്തിൽ ഇതിലും വലിയ നേട്ടങ്ങൾ സ്വപ്നങ്ങളിൽ മാത്രം .ഇനി കമ്പനിക്ക് ഉണ്ണിക്കൃഷ്ണനെ പുറം രാജ്യങ്ങളിൽ അയക്കാം .ഐ.ടി പ്രൊഫഷണലുകളുടെ ഗ്രോത്ത് ചാർട്ടിൽ നേട്ടങ്ങൾ കൊയ്ത് പറന്നു നടക്കാം.

ഉണ്ണിക്കൃഷ്ണൻ പക്ഷേ വേറെ ലെവലാണ് .2 വർഷം കഴിഞ്ഞ് സീറോക്സിലെ ജോലി ഉപേക്ഷിച്ചു . എന്തുകൊണ്ട്?

I am not here to Pay the bills and die.ഉണ്ണി പറയുന്നു .

മെട്രിക്സുകള്ളികളിൽ തളയ്ക്കപ്പെട്ട് യന്ത്രമായി മാറൽ എന്റെ ജീവിതമല്ല .ജീവനില്ലാത്ത കടലാസുകൾ ( നിങ്ങളതിനെ കറൻസി എന്നു വിളിക്കും) കൊണ്ട് ഒരു മനുഷ്യ ജന്മത്തിന് വിലയിടാൻ സാധിക്കുകയുമില്ല .

ഉണ്ണിയിൽ ഒരു ജിപ്സിയുടെ താളം കാണുന്നെങ്കിൽ നിങ്ങൾക്കു വീണ്ടും തെറ്റി .

നമുക്ക് ചെയ്യാൻ പറ്റുന്നതെല്ലാം ചെയ്യുക . മനുഷ്യ ജന്മത്തിന്റെ മുഴുവൻ ഉത്തരവാദിത്തങ്ങളും നിറവേറ്റുക .

രംഗം രണ്ട്.വർഷം 2019 .എൻ ഉണ്ണിക്കൃഷ്ണൻ നാരായണൻ .വയസ്സ് 30 തറവാട് ഉദയനാപുരത്ത് വടശ്ശേരി ഇല്ലം . താമസം വൈക്കം തെക്കേ നടയിൽ .വൈക്കത്ത് 12 വർഷത്തിലൊരിക്കൽ നടക്കുന്ന വലിയ ഭഗവതിപ്പാട്ടിന് കളം പൂജക്കുള്ള അവകാശം വടശ്ശേരി ഇല്ലക്കാർക്കാണ് .64 കൈകളൊക്കെയുള്ള ദേവിയുടെ ഏറ്റവും വലിയ കളമാണ് വൈക്കത്ത് .

അച്ഛൻ നാരായണൻ നമ്പൂതിരി ഒരു സ്വകാര്യ ക്ഷേത്രത്തിൽ പൂജാരിയായിരുന്നു. പൂജ കഴിച്ചു കൊണ്ടിരിക്കുമ്പോഴായിരുന്നു അദ്ദേഹത്തിന്റെ അന്ത്യശ്വാസം.ഉണ്ണിക്കൃഷ്ണൻ പറഞ്ഞു . 'എന്റെ എനർജി റിസർവോയറാണ് അച്ഛൻ .ചിന്തയിൽ ,യാത്രയിൽ എല്ലാമെല്ലാം .'

അഞ്ചാം ക്ലാസു മുതൽ മോട്ടോർ സൈക്കിളെന്ന ഇരുചക്രവാഹനത്തെ ഒറ്റച്ചക്രത്തിൽ ഉയർത്തി ഓടിക്കുന്ന വിദ്യയിലായിരുന്നു കമ്പം .ഉണ്ണിയെ ഒന്നു നിയന്ത്രിക്കുന്നത് നല്ലതായിരിക്കുമെന്നഭിപ്രായപ്പെട്ട ബന്ധുക്കളോട് നിയന്ത്രിക്കാൻ പ്രകൃതിക്ക് മാത്രമേ കഴിയൂ എന്ന് തിരിച്ചു പറഞ്ഞു ആ അച്ഛൻ .അച്ഛൻ തന്ന കോൺഫിഡൻസ് വെറുതെയായില്ല .വലുതായപ്പോഴേക്കും കേരളത്തിലെ മിക്ക റോഡുകളിലൂടെയും ഉണ്ണികൃഷ്ണൻ ബൈക്ക് റൈഡർ ആയി .പിന്നെ ഓഫ് റോഡ് റൈഡുകൾ .ഉണ്ണി സഞ്ചാരിയായി .ടെക്നോപാർക്കിന്റെ ക്യുബിക്കിളിൽ ഇരിക്കുമ്പോഴും മനസ്സ് സഞ്ചരിച്ചു കൊണ്ടേയിരുന്നു .

അങ്ങനെ ജോലി രാജി വെച്ചു.

പക്ഷേ ജീവിക്കാൻ എന്തെങ്കിലും തൊഴിൽ വേണമല്ലോ. കുലത്തൊഴിലായ ശാന്തി തന്നെ തിരഞ്ഞെടുത്തു. ശാന്തത നൽകുന്ന ജോലി. അങ്ങനെ വൈക്കം ആയാംകുടി ശിക്ഷേത്രത്തിൽ ശാന്തിക്കാരനായി ചേർന്നു. ഇൻഫോ പാർക്കിൽ നിന്ന് ശ്രീലകത്തേക്ക് ! ദേവസ്വം ബോർഡിന്റെ ക്ഷേത്രമായതിനാൽ വേറെയും ശാന്തിക്കാരുണ്ട്.ലീവെടുക്കാനും യാത്ര പോവാനും പ്രയാസമില്ല.

ഉണ്ണി യാത്ര പോവുമ്പോൾ ക്ഷേത്രത്തിലെ ബദൽ ശാന്തിക്കാരനെ ദേവസ്വം ബോർഡ് കണ്ടെത്തും.യാത്രകളും ഇഷ്ടങ്ങളും ഒഴിവാക്കേണ്ടതില്ല. അതിനായി തിരുവനന്തപുരത്തെ റൈഡേഴ്സ് ക്ലബിൽ ചേർന്നു .അതിലാവുമ്പോൾ സാഹസികമായ ഓഫ് റോഡ് യാത്രകളിൽ പങ്കെടുക്കാം.

ഇല്ലത്ത് അമ്മമാത്രം. അനിയത്തിയെ വേളി കഴിച്ച് കൊടുത്തു. മന്ത്രവാദി



ഒരു പൂജക്കിടയിൽ

കുടുംബമായ കല്ലൂരിലേക്ക്. അവിവാഹിതനാണ് ഉണ്ണി. തന്റെ അഭിരുചിക്കൊത്ത ഒരാൾ എത്തുന്നതിനായി കാത്തിരിക്കുന്നു.

കയ്യിൽ പണവും ട്രാവൽ വാലറ്റുകളും ഉള്ള യാത്രയല്ലിത് . ഹോളിഡേ ഹോമുകളിൽ ബുക്കിംഗില്ല .ഗൂഗിളിന്റെ സഹായത്തോടെ റൂട്ട് നിർണ്ണയവുമില്ല. യാത്രക്കായി തീരുമാനിച്ച് ഇറങ്ങുക. പിന്നെ എല്ലാം വിശ്വപ്രകൃതി നൽകും. വിനീതവിധേയനായി അനുസരിച്ചാൽ മാത്രം മതി .പണവും പുതിയ സുഹൃത്തുക്കളും വാഹനവും ഒക്കെ താനേ വന്നു ചേരും . സഞ്ചാര ലോകത്തിൽ ഇതിനെ ഹിച്ച് ഹൈക്കിംഗ് എന്നാണ് പറയുക .

നടന്നും വാഹനങ്ങളിലും അങ്ങ് ഹിമാലയം വരെ പോയി വന്നു.വിശ്രമം ആശ്രമങ്ങളിലും ക്ഷേത്രങ്ങളിലും വീടുകളിലും.കണ്ട ദൃശ്യങ്ങളുടെ ആയിരം മടങ്ങ് വ്യാപ്തിയുള്ള പുതുകാഴ്ചകൾ ,അനുഭവങ്ങൾ . 90 ദിവസം കൊണ്ട് ഉത്തരാഖണ്ഡ് .

ഇന്ത്യയിലെ വിവിധ ബൈക്ക് റൈഡുകളിൽ യമഹാ ഇംപൾസും മറ്റു സ്പോർട്സ് വണ്ടികളും ഓടിച്ചെത്തി ഉണ്ണി .ബൈക്കുകളിൽ ഒന്നിലധികം പ്രാവശ്യം ഇന്ത്യൻ പര്യടനം .തീരദേശങ്ങളും മഹാരാഷ്ട്രയും ഗുജറാത്തും പഞ്ചാബും .കാശ്മീർ വഴി നേപ്പാൾ .അവിടെ നിന്ന് ട്രെക്കിങ്ങിന്റെ പറുദീസയായി അറിയപ്പെടുന്ന അന്നപൂർണ മലനിരകളിൽ ഓഫ് റോഡ് ബൈക്ക് യാത്ര .കൂടെ അംജദ് എന്ന റൈഡറും .ചെങ്കുത്തായ കയറ്റങ്ങൾ .ചക്രത്തിന്റെ വീതിക്കപ്പുറത്ത് ആഴം കാണാത്ത കൊക്കകൾ പലേടത്തും വണ്ടിയെ നമ്മൾ കൊണ്ടു പോണം .താമസിക്കാൻ അന്നന്നുണ്ടാക്കുന്ന ടെന്റുകൾ .അപൂർവ്വമായി കാണുന്ന ഗ്രാമവാസികൾ നൽകുന്ന ധാന്യങ്ങൾ .കൊടും തണുപ്പിൽ പാചകത്തിന് ഒരു സ്റ്റൗ . ചിലപ്പോഴൊക്കെ ആശ്രയം കായകളും പഴങ്ങളും മാത്രം . മഞ്ഞുവീഴ്ചയും മൃഗങ്ങളും .

ചെങ്കുത്തായ ഹിമാലയ നിരകളിൽ പ്രത്യേകം നിർമിച്ച മുള ഏണികളുമായി കിഴുക്കാം തൂക്കായി നിന്ന് തേൻ ശേഖരിക്കുന്ന ഗുരുങ്ങ് ഗോത്രവംശക്കാർ.അഘോരികളുടെ കൂടെ 10 ദിവസം .അഷ്ടൈശ്വര്യസിദ്ധികൾ ഉള്ള താപസിമാർ .തണുപ്പും ചൂടും ബാധിക്കാത്തവർ .കുഭമേളക്കു മാത്രം പുറത്തിറങ്ങുന്നവർ .എന്തും ഭക്ഷിക്കും .ഒരു പക്ഷേ വെന്തെരിഞ്ഞ ശവശരീരം പോലും. അല്ലെങ്കിൽ എല്ലാം അണുക്കളും തന്മാത്രകളും അല്ലേ? മാറ്റർ സമം എനർജി എന്നല്ലേ ഫിസിക്സ് തത്വം ? മാസങ്ങളോളം ജലപാനം പോലും വേണ്ടാത്തവർ . ഒരു പാട് തെറ്റിദ്ധരിക്കപ്പെട്ട അഘോരികളുടെ കൂടെയുള്ള മറ്റൊരു ലോകം .

ഉണ്ണികൃഷ്ണൻ നാരായണൻ സോഷ്യൽ മീഡിയയിൽ സജീവമായിരുന്നു .5000 ഫോളോവേഴ്സ് ഉള്ള ടിറ്റർ എക്കൗണ്ടും എഫ്.ബിയും .സോഷ്യൽ മീഡിയ പലപ്പോഴും ആന്റി സോഷ്യൽ ആകുന്നുവെന്ന തിരിച്ചറിവിൽ ഇപ്പോൾ അതിനൊക്കെ പുറത്താണ് സഞ്ചാരം .

ലോകത്തെ കാണണം .പോകണം .മൈനസ് 60 ഡിഗ്രി അതിശൈത്യമുള്ള ധ്രുവപ്രദേശത്തു കൂടി സൈബീരിയൻ നായ്ക്കൾ വലിക്കുന്ന വണ്ടിയിൽ ഒരു സാഹസിക റൈഡ് ഉണ്ട് .പോളാർ എക്സ്പഡിഷൻ . 7 ദിവസം കൊണ്ട് 300 കിലോമീറ്റർ. ലോകത്തിൽ ഏറ്റവും മരണനിരക്ക് കൂടിയ ഈ റൈഡിന് 20 സാഹസികർക്കേ പങ്കെടുക്കാൻ കഴിയൂ . ഇന്ത്യയിൽ നിന്ന് ഒരാൾക്ക് .സപ്പോർട്ട് വോട്ടിംഗും മറ്റു പ്രൊഫൈൽ ക്രെഡിറ്റുകളും നിർണ്ണായകം .ഉണ്ണിയുടെ വലിയ സ്വപ്നമാണ് ആ ഫിയൽ രാവൺ യാത്ര. 20 പേരിൽ ഇപ്പോൾ 8ാം സ്ഥാനത്താണ് . ഒരു സ്വീഡിഷ് കമ്പനിയാണ് പോളാർ എക്സ്പഡിഷൻ സംഘടിപ്പിക്കുന്നത്. പത്തുപേരെ പല മാനദണ്ഡങ്ങൾ പ്രകാരം ജൂറി തിരഞ്ഞെടുക്കുന്നത്. ബാക്കി പത്തു പേരെ വോട്ടിംഗ് വഴിയും.100രാജ്യങ്ങളിൽ നിന്നുള്ള അപേക്ഷകരുണ്ട്.

യാത്രക്കിടയിൽ ധ്രുവദീപ്തി കാണണമെന്നതും തീവ്രാഭിലാഷമാണ് .ഭൂമിയുടെ കാന്തികമണ്ഡലത്തിൽ ഇടപെട്ട് ധ്രുവപ്രദേശങ്ങളിലൊക്കെ സൂര്യരശ്മികൾ സൃഷ്ടിക്കുന്ന വർണ്ണക്കാഴ്ചയാണ് ധ്രുവദീപ്തി .സന്ധ്യ മുതൽ മണിക്കൂറുകളോളം .ഏറ്റവും നാചറൽ ആയി ചുവപ്പും പച്ചയും മറ്റു വർണങ്ങളും . ഒരായിരം മഴവില്ലുകൾ ഒന്നിച്ചുയർന്നതിനെക്കാൾ സുന്ദരമായ, ഭൂമുഖത്തെ ഏറ്റവും മനോഹര ദൃശ്യം – ധ്രുവദീപ്തി – കൺപാർക്കണം . വൈക്കത്തഷ്ടമിക്ക് തടിച്ചുകൂടിയ പുരുഷാരത്തോട് , തന്റെ ധ്രുവയാത്രക്കായി വോട്ട് സപ്പോർട്ട് നൽകാൻ പ്ലക്കാർഡുമായി അഭ്യർത്ഥിച്ച് ഓടി നടന്നു ഉണ്ണി .

'സ്വാഭാവികമായി ലഭിക്കുന്ന വോട്ടിംഗിലൂടെ ജനപ്രീതി നേടിയാൽ മാത്രം ഞാൻ പോകും .എനിക്ക് പ്രകൃതിയുടെ കലർപ്പില്ലാത്ത വഴി മാത്രം ശീലം '. തന്റെ എഫ്.ബി പ്രൊഫൈലിൽ അഘോര രുദ്രൻ എന്ന് സ്വന്തം പേർ വിശേഷിപ്പിച്ച ഉണ്ണിക്കൃഷ്ണൻ വ്യക്തമാക്കി .

ഉണ്ണി ,ദ ട്രാവലറിന്റെ യാത്രകൾ തുടങ്ങിയിട്ടേ ഉള്ളൂ .ലോകം മുഴുവൻ ബൈക്കിൽ സഞ്ചരിക്കണം .ആരും എത്താത്ത ഇടങ്ങളിൽ പോകണം .ഇരുകാലിയായി നടന്ന് ഇരുചക്രവാഹനത്തിൽ ഓടി .ജ്ഞാനശക്തിയും അടങ്ങാത്ത ഇച്ഛാശക്തിയും കൊണ്ട് ആദിശങ്കരൻ ഭാരതമെങ്ങും എത്തിയില്ലേ ? സന്ധ്യാവന്ദനത്തിൽ ബ്രാഹ്മണർ എല്ലാ ദിവസവും ഭൂമിയടക്കം സപ്ത ലോകങ്ങളിൽ പോയി വരുന്നില്ലേ ?

ഉണ്ണിക്കൃഷ്ണൻ നാരായണൻ വിനയപൂർവ്വം ചോദിച്ച ചോദ്യങ്ങളിൽ എല്ലാം അടങ്ങിയിരിക്കുന്നു ..

എന്നുമെന്നും ശുഭയാത്ര ..

**( ഉണ്ണിക്കൃഷ്ണൻ നാരായണൻ**
**മൊബൈൽ 9567204579)**

സന്യാസത്തിനൊരുങ്ങിയ
ഒരു നമ്പൂതിരി ഭാര്യയെയും
മക്കളെയും സംരക്ഷിക്കാനായി
അച്ചടിച്ചു പ്രസിദ്ധീകരിച്ച

# അപൂർവമായ ഒരു കരാർ





വടക്കേടത്ത് സ്വാമിയാർ

**കെ.എം .പരമേശ്വരൻ**

ചിന്താവിഷ്ടയായ ശ്യാമളയെന്ന സൂപ്പർ ഹിറ്റ് സിനിമയിൽ ഒരു സീനുണ്ട്.ഒരു ആശ്രമത്തിലെ സീൻ. ഭാര്യയെയും കുട്ടികളെയും എല്ലാം മറന്ന് സമാധാനം കിട്ടാനായി സന്യസിക്കാൻ പോയതാണ് ശ്രീനിവാസന്റെ വിജയൻ എന്ന കഥാപാത്രം. എന്നാൽ ആശ്രമത്തിലെത്തിയിട്ടും സ്വസ്ഥത കിട്ടുന്നില്ല. പലരുമായും കലഹിക്കുന്നു. മാത്രമല്ല, അവിടെ വച്ച് ആശ്രമത്തിന് നിരക്കാത്ത വിധം സംഘട്ടനത്തിലേർപ്പെടുകയും ചെയ്യുന്നു.അതിന് കാരണം ഭാര്യയെപ്പറ്റി ഒരു സഹസന്യാസി നടത്തിയ കമന്റാണ്.

വിഷയം ആശ്രമാധിപതിയുടെ മുന്നിലെത്തി. തന്റെ ഭാര്യയെപ്പറ്റി മോശമായതു പറഞ്ഞതു കൊണ്ടാണ് അടിച്ചതെന്നായി വിജയൻ.

ആശ്രമാധിപതി ചോദിക്കുന്നു. ''താങ്കൾ അവരെയെല്ലാം ഉപേക്ഷിച്ചതല്ലേ? പിന്നെന്തിന് അവരെപ്പറ്റി പറയുമ്പോൾ ക്ഷോഭിക്കുന്നു.''

സന്യാസാശ്രമത്തിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നവർക്ക് ഭാര്യയെയും മക്കളെയും പറ്റിയൊന്നും ചിന്ത ഉണ്ടാവാൻ പാടില്ല. എല്ലാം ഉപേക്ഷിച്ചു വേണം ഗൃഹസ്ഥൻ സന്യാസാശ്രമത്തിലേക്ക് കടക്കാൻ. ഗൃഹസ്ഥന്റേതായ പ്രാരാബ്ധങ്ങൾ ബാക്കി വച്ചാവരുത് സന്യസിക്കേണ്ടത്. ഭാര്യ എങ്ങനെ ജീവിക്കും ? കുട്ടികളുടെ പഠനം എങ്ങനെ നടക്കും.? കുടുംബസ്വത്തുക്കൾ അന്യാധീനപ്പെട്ടു പോവുമോ? സന്യാസത്തിനിടെ തനിക്ക് കാശ് വേണ്ടി വന്നാൽ ആരു തരും? തുടങ്ങി ലൗകികമായ കാര്യങ്ങളെക്കുറിച്ചുള്ള ചിന്ത ഉണ്ടാവാൻ പാടില്ല.


ശ്യാമളയിലെ വിജയനെപ്പോലെ യൗവന യുക്തയായ ഭാര്യയും പറക്കമുറ്റാത്ത കുട്ടികളും ഉള്ളവർക്ക് പറഞ്ഞതല്ല സന്യാസം. എന്നാൽ അങ്ങനെയുള്ള ഒരാൾ സന്യാസത്തിന് ഇറങ്ങിപ്പുറപ്പെട്ടാലോ? അയാളെ സന്യാസമഠങ്ങൾ പൊതുവേ സ്വീകരിക്കാറില്ല.

എന്നാൽ ഇത്തരം പ്രാരാബ്ധങ്ങൾ എല്ലാമുള്ള ഒരു നമ്പൂതിരി സന്യാസത്തിന് ഇറങ്ങിത്തിരിച്ചതും ചിന്താവിഷ്ടയായ ശ്യാമളയിലേതു പോലെ ആവാതിരിക്കാൻ അദ്ദേഹം കാണിച്ച കരുതലുമാണ് ഈ കുറിപ്പിന് ആധാരം.

ഒരു നൂറ്റാണ്ടു മുമ്പാണ് ഇതു നടന്നത്. മലപ്പുറം ജില്ലയിലെ രാമപുരം ആനല്ലൂർ വടക്കേടത്ത് മനയിൽ. രാമൻ നമ്പൂതിരിക്ക് സന്യസിക്കാൻ മോഹം. എന്നാൽ ഭാര്യയും പന്ത്രണ്ട് വയസ്സിൽ താഴെയുള്ള ആറു മക്കളും അടങ്ങുന്ന കുടുബം. അവരെ ഉപേക്ഷിച്ചു വേണം സന്യസിക്കാൻ. അങ്ങനെ ഉപേക്ഷിച്ചാൽ അവർ അനാഥരാവും. അതിന്റെ ശാപമേൽക്കേണ്ടിയും വരും. മാത്രമല്ല സന്യാസാശ്രമങ്ങളൊന്നും തന്നെ ഇതുപോലൊരു ഗൃഹസ്ഥനെ സ്വീകരിക്കുകയുമില്ല. ഇതെല്ലാം മറികടക്കാൻ അദ്ദേഹം സ്വീകരിച്ച ഉപായമാണ് ഇതിലെ പരാമർശം.

ഭാര്യയും മക്കളും പ്രയാസമില്ലാതെ ജീവിക്കാനായി അതിദീർഘമായ ഒരു കരാർ അച്ചടിച്ചു തയ്യാറാക്കിയെന്നതാണ് ഏറെ കൗതുകകരം. അച്ചടി പോലും അത്ര വ്യാപകമായിട്ടില്ലാത്ത 1927ൽ അറുപതോളം പേജുള്ള ഒരു പുസ്തകത്തിന്റെ രൂപത്തിലാണ് കരാർ തയ്യാറാക്കിയത്. തന്റെ അസാന്നിദ്ധ്യത്തിൽ കുടുംബത്തിൽ നടക്കേണ്ട എല്ലാ കാര്യങ്ങളും നിർവിഘ്നം നടക്കാനായി വിശദാംശങ്ങൾ എഴുതിച്ചേർത്താണ് ആ കരാർ തയ്യാറാക്കിയത്.

**14 വയസ്സിൽ താഴെയുള്ള ആറു മക്കളുള്ള ആളായിരുന്നു അന്ന് സന്യസിക്കാനൊരുങ്ങിയ ആ നമ്പൂതിരി.ഗൃഹസ്ഥാശ്രമിയായ നമ്പൂതിരിക്ക് സന്യസിക്കണമെങ്കിൽ ആത്തേമാരുടെ സമ്മതം വേണം. ആത്തേമ്മാര് എങ്ങനെ സമ്മതിക്കും?പതിനഞ്ചു വയസ്സു തികയാത്ത മൂന്ന് ഉണ്ണികളും എട്ടു വയസ്സു പോലുമാവാത്ത മൂന്നു പെൺകുട്ടികളും. ഭർത്താവ് സന്യാസിയായി നാടുവിട്ടാൽ ഇവരെ ആരു നോക്കും?**



*തന്റെ അഭാവത്തി ഇല്ലത്തെ ഓരോ കാര്യങ്ങളും എങ്ങനെ നടക്കണം എന്നതിന്റെ വിശദാംശമാണ് അത്യപൂർവമായ ഈ സന്യാസക്കരാർ.*

ഒരു പക്ഷേ, കേരളീയ സന്യാസ ചരിത്രത്തിൽ ഇതു പോലൊരു കരാർ ഉണ്ടായിക്കാണില്ല. ക്ഷൗരക്കൂലി എങ്ങനെ കൊടുക്കണം എന്നു തുടങ്ങി മരിച്ചാൽ പിണ്ഡസദ്യയ്ക്ക് എത്രപറ ചോറ് വയ്ക്കണം എന്നു വരെ പറഞ്ഞു വച്ചിട്ടുണ്ട് അറുപതു പേജുള്ള ആ കരാറിൽ.ബഹുരസമാണ് കരാറിലെ ഓരോ കാര്യങ്ങളും.

14 വയസ്സിൽ താഴെയുള്ള ആറു മക്കളുള്ള ആളായിരുന്നു അന്ന് സന്യസിക്കാനൊരുങ്ങിയ ആ നമ്പൂതിരി.ഗൃഹസ്ഥാശ്രമയായ നമ്പൂതിരിക്ക് സന്യസിക്കണമെങ്കിൽ ആത്തേമാരുടെ സമ്മതം വേണം.

ആത്തേമ്മാര് എങ്ങനെ സമ്മതിക്കും?പതിനഞ്ചു വയസ്സു തികയാത്ത മൂന്ന് ഉണ്ണികളും എട്ടു വയസ്സു പോലുമാവാത്ത മൂന്നു പെൺകുട്ടികളും. ഭർത്താവ് സന്യാസിയായി നാടുവിട്ടാൽ ഇവരെ ആരു നോക്കും?ആത്തേമ്മാര് സമ്മതിക്കണമെങ്കിൽ ഇതിനൊന്നും മുട്ടുവരില്ലെന്ന് ഉറപ്പു വരുത്തണം. അതിനായി വ്യക്തമായ ഒരു വ്യവസ്ഥയും ഉണ്ടാക്കണം. ആ വ്യവസ്ഥയാണ് ഈ സന്യാസക്കരാർ.
തന്റെ അഭാവത്തി ഇല്ലത്തെ ഓരോ കാര്യങ്ങളും എങ്ങനെ നടക്കണം എന്നതിന്റെ വിശദാംശമാണ് അത്യപൂർവമായ ഈ സന്യാസക്കരാർ.

കഷ്ടിച്ച് രണ്ടുവയസ്സു മുതൽ എട്ടുവയസ്സു വരെയുള്ള ആ പെൺകുട്ടികളുടെ പെൺകൊട എങ്ങനെ കഴിയുമെന്ന് ഇത് വായിച്ചാൽ ആശങ്ക തീരും.

പെൺകുട്ടികളുടെ വേളി നടത്തുന്നത് സംബന്ധിച്ച് ഇങ്ങനെ കാണുന്നു:

അഞ്ചും ആറും നമ്പർ മൈനർമാരെ വിവാഹം കഴിച്ചു കൊടുക്കേണ്ടതിനു സ്ത്രീധനം കൊടുപ്പാൻ 2500 ക മുതൽക്ക് 4000 ക വരെ വേണ്ടി വരുന്ന സംഖ്യ ഏതെങ്കിലും ഭൂമിയിന്മേൽ കൈവശം പണയമായി മാത്രം ആധാരം തയ്യാറാക്കി ഒപ്പിട്ടു രജിസ്ത്ര് ചെയ്തു കൊടുക്കാവുന്നതാണ്. സ്ത്രീധനം കൊടുത്തതിന്ന് വരനോട് രശീതി വാങ്ങേണ്ടതുമാണ്.

ആ അവസാനം പറഞ്ഞ കാര്യമുണ്ടല്ലൊ സ്ത്രീധനം കിട്ടി ബോധിച്ചു എന്ന് വരൻ ഒപ്പിട്ടു നൽകി രശീതി വരവു വയ്ക്കുന്ന ഏർപ്പാട്. അതു പോലെ നിഷ്കർഷയുണ്ട് കരാറിലെ ഓരോ കാര്യത്തിനും.

ഇത് സ്ത്രീധനത്തിലുള്ള നിഷ്കർഷ.ക്ഷുരകനായാലും കുടിയാനായാലും എന്തിന് സ്വന്തം ഭാര്യയായലും രശീതി നൽകണം. സന്യസിച്ച ശേഷം താൻ ഏതെങ്കിലും ആശ്രമത്തിലോ മറ്റോ കഴിയികയാണെങ്കിൽ ചെലവിലേക്ക് താൻ ആവശ്യപ്പെടുന്നപക്ഷം മാസം ഒന്നുക്ക് പത്തു ക വീതം മണി ഓർഡർ ആയി അയക്കുകയോ അതല്ലെങ്കിൽ നേരിട്ട് എത്തിക്കുകയോ വേണമെന്നും ആയതിന് രശീതി കൈപ്പറ്റി ആവശ്യപ്പെടുമ്പോൾ ബോദ്ധ്യപ്പെടുത്തണമെന്നുമാണ് മറ്റൊരു നിബന്ധന.

ഭാര്യ ആര്യാ അന്തർജനത്തിന്റെ സഹോദരന്മാരായ കാരക്കാട് തെക്കേപ്പാട്ട് മനയിലെ ബ്രഹ്മദത്തൻ, ശങ്കരൻ, സുബ്രഹ്മണ്യൻ എന്നീ നമ്പൂതിരിമാരെ ഇല്ലത്തെ മാനേജർമാരായി നിശ്ചയിക്കുന്ന ഒരു അപ്പോയിന്റ്മെൻറ് ഓർഡർ ആണ് കരാറിലെ ആദ്യ ഖണ്ഡിക.ഇവരാണ് കാര്യങ്ങൾ നോക്കി നടത്തേണ്ടവർ. ആയതിന് അവർക്ക് പ്രതിഫലവും നിശ്ചയിച്ചിട്ടുണ്ട്.

തുടർന്ന് അക്കമിട്ട് നിരത്തിയ വിവിധ കാര്യങ്ങളടങ്ങിയ പതിനാറ് കാര്യങ്ങൾ.

അവസാന ഖണ്ഡിക അളിയന്മാരായ ഈ മാനേജർമാരുടെ സത്യപ്രതിജ്ഞയാണ്. അത് ഇങ്ങനെ:

മേൽപ്പറഞ്ഞ 16 വകുപ്പുകളും നിങ്ങൾ ഓരോരുത്തരും പ്രത്യേകം വായിച്ച് സമ്മതിച്ച പ്രകാരം യാതൊരു വീഴ്ചയും വരാതെ നടത്തിക്കൊള്ളാമെന്ന് നിങ്ങൾ ശപഥം ചെയ്യുകയും ചെയ്തിരിക്കയാൽ......
ഇങ്ങനെ പോവുന്നു കരാർ.

92 കൊല്ലം മുമ്പ് 1927 ഫെബ്രുവരി 13 നായിരുന്നു സന്യാസം. അതിനും 40 ദിവസം മുമ്പ് തയ്യാറാക്കിയതാണ് കരാർ.കോഴിക്കോട് രാമകൃഷ്ണ പ്രിന്റിംഗ് പ്രസ്സിൽ വെറും അഞ്ചു കോപ്പി മാത്രം അടിച്ചു.!ഇതിന്

പകർപ്പാവകാശമില്ല എന്നും നിഷ്കർഷിച്ചു അതായത് ആറാമതൊരു കോപ്പി ആർക്കും പകർത്താൻ അധികാരമില്ല. ഓരോ കോപ്പി ഇല്ലത്തും ദേവസ്വത്തിലും ബൈൻഡു ചെയ്ത് സൂക്ഷിച്ചു, മൂന്നു കോപ്പികൾ മാനേജർമാരായ ഭാര്യാ സഹോദൻമാർക്കും ! പ്രിന്റിംഗ് പ്രസുകൾ വിരളമായ അക്കാലത്ത് മലപ്പുറത്ത് നിന്നും കോഴിക്കോട്ട് വന്നാണ് ഇതു സാധിച്ചത്.

ഭാര്യ ആര്യാ അന്തർജനത്തിന്റെ ഒപ്പാണ് എടുത്തു പറയേണ്ട ഒന്ന്. ശ്രീ എന്നു മാത്രം.

കേരള ചരിത്രത്തിന്റെ ഒരു പരിച്ഛേദം കൂടിയാണ് 60 ഫുൾസ് കാപ് പേജു വരുന്ന ഈ രേഖ.
കരാറിലെ ചിലത് വായിക്കുമ്പോൾ അത് വ്യക്തമാവും.

ഇല്ലത്ത് വയ്യാതെ കിടക്കുന്ന ആളുടെ കാര്യത്തിലുമുണ്ട് ഇതുപോലുള്ള ശുഷ്കാന്തി.

നാലാം വയസിൽ അച്ഛൻ മരിച്ചതിനാൽ അഫ്ഫനായ തെക്കേടത്തെ രാമൻ നമ്പൂതിരിയാണ് ഉപനയനം കഴിപ്പിച്ചത്. അദ്ദേഹത്തെപ്പറ്റിയുള്ള പരാമർശം ഇങ്ങനെ:

താവഴിയിൽ കാരണവരും പ്രായാധിക്യത്താലും രോഗത്താലും ദിനചര്യ തന്നെ കഴിച്ചുകൂട്ടുവാൻ വയ്യാതെയും ഇവിടെ വന്നു കിടപ്പായിരിക്കുന്ന തെക്കെടത്തു മനക്കൽ വലിയ രാമൻ നമ്പൂതിരി തെക്കേടത്തെ കാരണവരാണെങ്കിലും അവിടുത്തെ വരവുചെലവു ചെയ്യുന്ന ഭാസ്കരൻ നമ്പൂതിരി ഒന്നും കൊടുക്കാതെയും നോക്കാതെയും ഇരിക്കുന്നതുകൊണ്ടും വടക്കേടത്ത് 1068 മുതൽക്ക് (1893) പ്രായം ചെന്ന പുരുഷന്മാർ ഇല്ലാതെ വന്ന സമയം യാതൊരു പ്രതിഫലവും വാങ്ങാതെ അവിടുത്തെ കാര്യങ്ങൾ നോക്കി യാതൊരു ദൂഷ്യവും കൂടാതെ 1083ൽ (1908) ഒഴിഞ്ഞു തന്ന ആളാകയാലും അദ്ദേഹത്തിന്റെ മരണം വരെ വടക്കേടത്തു തന്നെ താമസിക്കുന്നതായാൽ ഭക്ഷണവും തേച്ചു കുളിയും ക്ഷൗരക്കൂലിയും വേണ്ട സമയത്ത് കൊടുക്കേണ്ടതിനു പുറമെ മരുന്നുകൾ വാങ്ങാൻ മാസം ഒന്നുക്ക് മൂന്നുക കണ്ട് കൊടുത്തു വരികയും അദ്ദേഹം മരിച്ചാൽ ശേഷക്രിയ ചെയ്യേണ്ടത് ഇവിടെയുള്ളവരാകയാൽ ഇവിടെ ഒരാൾ മരിച്ചത് പോലെ വിചാരിച്ച് ആ തോതിൽ മരിച്ച ദിവസത്തേക്ക് തികഞ്ഞ വയസ്സോളം പറ അരി വച്ച് പിണ്ഡവും അതിൽ എട്ടിൽ ഒന്ന് ഭാഗം വച്ച് അത്താഴ ഊട്ടും അതുപോലെ വച്ച് പന്ത്രണ്ടൂട്ടും രണ്ടു ഭാഗം

**അദ്ദേഹം മരിച്ചാൽ ശേഷക്രിയ ചെയ്യേണ്ടത് ഇവിടെയുളളവരാകയാൽ ഇവിടെ ഒരാൾ മരിച്ചത് പോലെ വിചാരിച്ച് ആ തോതിൽ മരിച്ച ദിവസത്തേക്ക് തികഞ്ഞ വയസ്സോളം പറ അരി വച്ച് പിണ്ഡവും അതിൽ എട്ടിൽ ഒന്ന് ഭാഗം വച്ച് അത്താഴ ഊട്ടും അതുപോലെ വച്ച് പന്ത്രണ്ടൂട്ടും രണ്ടു ഭാഗം വച്ച് പന്ത്രണ്ടാം മാസവും ദീക്ഷയും ഒരു തറവാട്ടിൽ കാരണവന്റേതു പോലെ അനുഷ്ഠിക്കേണ്ടതുമാണ്.**

വച്ച് പന്ത്രണ്ടാം മാസവും ദീക്ഷയും ഒരു തറവാട്ടിൽ കാരണവന്റേതു പോലെ അനുഷ്ഠിക്കേണ്ടതുമാണ്.

ശിവ! ശിവാ!.

ഇത്രത്തോളം കടന്നു കയറി ചിന്തിച്ച് ഒരു കരാർ എഴുതണമെങ്കിൽ ദീർഘദൃഷ്ടി കുറച്ചൊന്നും പോരാ.തേച്ചുകുളി ക്ഷൗരം മരുന്ന് തുടങ്ങി ജീവിച്ചിരിക്കുമ്പോൾ ചെയ്യേണ്ടത് മാത്രമല്ല മരിച്ചാൽ ചെയ്യേണ്ടതും വിസ്തിച്ചിട്ടുണ്ട് കരാറിൽ.

ഭാര്യയുടെയും മക്കളുടെയും കാര്യത്തിൽ മാത്രമല്ല കുടിയാന്മാരുടെയും ലേലക്കുറികളുടെയും പാട്ടപ്പിരിവിന്റെയും ദേവസ്വത്തിന്റെയും കേസുകളുടെയും എന്നു വേണ്ട എല്ലാ കാര്യത്തിലുമുണ്ട് കരാർ വ്യവസ്ഥകൾ.

അവിഞ്ഞിക്കാട്ടു മനക്കൽ പോതായൻ ഭട്ടതിരിപ്പാട് നടത്തി വരുന്ന ഇരുപതിനായിരം ഉറുപ്പികയുടെ ലേലക്കുറിയിൽ ഒരു നറുക്ക് ഇവിടെ നിന്ന് ചേർന്ന വകയിൽ ഒമ്പത് നറുക്ക് നികത്തിയിട്ടുണ്ട്. മേലിലും വീഴ്ച കൂടാതെ നികത്തണം. വിളിച്ചെടുക്കാതെ മൂപ്പ് എത്തിക്കണം.അഥവാ വിളിച്ചെടുക്കാൻ ആളില്ലാതെ നറുക്ക് ഇവിടെ കിട്ടുന്നതായാൽ.....

പിന്നെ, എന്തൊക്കെ ചെയ്യണമെന്ന് വിശദമായി പറയുന്നു.

ഇതേ പോലെത്തന്നെ ദേവസ്വമായ രാമപുരം ക്ഷേത്രത്തിന്റെ നടത്തിപ്പിനെപ്പറ്റിയും വിശദമായി പറയുന്നുണ്ട്. അതിനു കാരണവുമുണ്ട്.

1921 ലെ മാപ്പിള ലഹള കഴിഞ്ഞ് ആറു വർഷമേ ആയിട്ടുള്ളു. പാട്ടക്കുടിയാന്മാരിൽ 70 ശതമാനവും മുസ്ലീങ്ങളാണ് (1712 കുടിയാന്മാരുടെ വിശദവിവരങ്ങളാണ് 14 പേജു വരുന്ന എ.പട്ടിക മുഴുവൻ). പാട്ടം കിട്ടിയില്ലെങ്കിൽ ക്ഷേത്രം നടത്തിപ്പിന് ബുദ്ധിമുട്ട് വരരുത്. കേസും വ്യവഹാരവും വേണ്ടി വരും. അത്തരം കാര്യങ്ങളും വിശദമായിത്തന്നെ കരാറിൽ പറയുന്നു. മുസ്ലീം കുടിയാന്മാരുമായുള്ള കേസിന്റെ കാര്യം പറയുന്നില്ലെങ്കിലും വിശ്വാസ വഞ്ചന കാട്ടിയ കാര്യസ്ഥൻ കാവുങ്ങൽ പത്തായപ്പുരയിൽ കൃഷ്ണൻ നായരുടെ പേരിലുള്ള കേസിന്റെ കാര്യം ഒന്നിലേറെ ഇടത്തുണ്ട്. പത്തായപ്പുരയിൽ നിന്ന് സാധനങ്ങൾ എടുത്താൽ എത്രദിവസത്തിനുള്ളിൽ തിരികെ വയ്ക്കണമെന്നു പോലും.

ദരിദ്രന്മാരായ ചിലർക്ക് വീടു വയ്ക്കാൻ പണം വാങ്ങാതെ സ്ഥലം നൽകിയതും അത് എങ്ങനെ വേണം തുടർന്ന് കൈകാര്യം ചെയ്യാനെന്നും ഉൾപ്പെടെയുള്ള കാര്യങ്ങളും പറഞ്ഞേൽപ്പിക്കുന്നു കരാറിൽ.

നമ്പൂതിരിമാർ ബ്രഹ്മസ്വവും ദേവസ്വവും എങ്ങനെ നിർമ്മിച്ചു നില നിർത്തി പരിപോഷിപ്പിച്ചു പോന്നു എന്നറിയാനും ഒരു നൂറ്റാണ്ട് മുമ്പത്തെ ഈ രേഖ ഉപകരിക്കും.

1766–1792 കാലത്തുണ്ടായ ടിപ്പുവിന്റെ പടയോട്ടവും അത് ഇല്ലങ്ങളിലും അമ്പലങ്ങളിലും വരുത്തിയ നാശനഷ്ടങ്ങളും കേട്ടു വളർന്നയാളാണ് ഈ കരാർ തയ്യാറാക്കിയ എ.വി.രാമൻ നമ്പൂതിരി. അദ്ദേഹത്തിന്റെ തറവാട്ടു കാരണവരെ രാമപുരം ക്ഷേത്രത്തിലെ ശ്രീലകത്തിട്ടു വെട്ടി നുറുക്കി കൊല്ലുകയും ശ്രീരാമ വിഗ്രഹം മൂന്നു കഷ്ണമാക്കുകയും ഒക്കെ ചെയ്ത ഭീകരകഥകളും കേട്ടിരുന്നു. അതിന്റെ പരിഹാരം എന്ന നിലക്കാണ് താൻ പ്രധാന ഊരാളനായ രാമപുരം ക്ഷേത്രത്തിൽ 1099 ൽ ബിംബം മാറി കലശം നടത്തിയത്. നേപ്പാളിൽ നിന്ന് വരുത്തിയ ആ വിഗ്രഹമാണ് ഇന്നും രാമപുരത്തെ പ്രതിഷ്ഠ. 2008 ൽ നവീകരണ കലശം നടത്തിയെങ്കിലും ബിംബം മാറ്റലുണ്ടായില്ല.

ഇന്ന് മലബാറിലെ നാലമ്പല ദർശനത്തിൽ പ്രധാനമാണ് രാമപുരം ശ്രീരാമസ്വാമി ക്ഷേത്രം. പിൽക്കാലത്ത് തൃക്കൈക്കാട്ട് മഠത്തിൽ സന്യാസജീവിതം നയിച്ച ഈ കരാറുകാരൻ ദീർഘദർശനത്തോടെ എഴുതിയുണ്ടാക്കിയ കരാറുകൾ സാർത്ഥകമായതിന് വലിയ ദൃഷ്ടാന്തം അതു തന്നെ.

*(ഈ സ്വാമിയാരെക്കുറിച്ച് കൂടുതൽ അറിയാൻ വിളിക്കാം. ആനല്ലൂർ വടക്കേടത്ത് കൃഷ്ണൻ നമ്പൂതിരി. 9497456544 . ഇദ്ദേഹത്തിന്റെ മുത്തശ്ശനാണ് ഈ കുറിപ്പിൽ പരാമർശിക്കുന്ന സ്വാമിയാർ)*





# എന്നിലെ ഞാൻ

## വരദ കെ ദാസ്

ഞാൻ പറയാതെ പോയത്
എന്റെ കണ്ണുകൾ പറഞ്ഞു.
കേൾക്കാതെ പോയത്
എന്റെ മനസ്സ് കേട്ടു.
എല്ലാം കൂട്ടിച്ചേർത്തിട്ടും
ഉത്തരം കിട്ടാത്ത
ചോദ്യചിഹ്നമായത് മാറുന്നു
ഒരു പക്ഷേ ,ആരോ എന്നോട്
സ്വകാര്യമായ് പറഞ്ഞതാവാം..
എന്നിലെ ഞാനാകാൻ ,
പക്ഷേ,ഇനിയുമെത്ര നാൾ?!

തൃശൂർ കൊരട്ടി
കടക്കാവട്ടത്തു മനയിൽ
ദേവദാസൻ നമ്പൂതിരി
യുടെ മകളും പത്താം
ക്ലാസ് വിദ്യാർത്ഥിയുമാണ്
വരദ .മൊബൈൽ **9446909833**

# ഹാ സർപ്പമേ !

## ഹൃദ്യ കുനിയില്ലം

വിദ്യാലയം വെറും നാലക്ഷരം - അല്ല
വിദ്യതൻ ആകാശവാതിലല്ലൊ.
ഇങ്ങനെ ചൊല്ലിയോരദ്ധ്യാപകൻ തന്നെ
അക്കവാടത്തിലൊരന്ധകാരം.
സ്വപ്നച്ചിറകു മുളയ്ക്കുന്നതിൻ മുമ്പ്
വെട്ടിയറുത്തു മുറിച്ചു മാറ്റി.



പുതുപ്പണം വടകര
ജെ.എൻ.എം .ജി എച്ച്
എസ് എസിലെ എട്ടാം
ക്ലാസുകാരിയും
കുനിയില്ലം ദാമോദരൻ
നമ്പൂതിരിയുടെയും
രജിതയുടെയും
പുത്രിയുമാണ്

സർപ്പരൂപത്തിലായ് വന്നൊരിരുട്ടിലായ്
തപ്പിത്തടഞ്ഞു പിടഞ്ഞനേരം
നീലിച്ച രക്തം പൊടിയുന്ന പാദങ്ങൾ
നോക്കിനാൻ മൗനിയായ് നിർവികാരം
വെട്ടം പകർന്നു നൽകേണ്ടവൻ തന്നെയീ
കാലന്റെ കൈകൾക്കു നൽകിയല്ലൊ

മൊബൈൽ **7593927155 / 9495742479**



## കെ.ടി.രഘു ശങ്കർ

(കണ്ണിപറമ്പ് ഉപ
സഭയിലെ കോടി
തലപ്പണ ഇല്ലത്ത്
ശങ്കരൻ നമ്പൂതിരി
യുടെ മകനാണ്
മൊബൈൽ:
**9446948027**)

# ടെലിവിഷൻ



എന്നിൽ ലോകം മുഴുവൻ കാണാം
എല്ലാ വീട്ടിലുമെന്നെക്കാണാം
കണ്ടതു പറയും കേട്ടതു പറയും
സത്യം പറയും പൊളി പറയും
മാന്ത്രികപ്പെട്ടിയും വിഡ്ഢിപ്പെട്ടിയും
ഞാനാണല്ലോ ഹാ ഹാ ഹ.
ടെലിവിഷനെന്നൊരു പേരുണ്ടല്ലോ
നിങ്ങൾക്കെന്നെ കാണാലോ



# ഒരു ഉപദേശി വന്നിരിക്കുന്നു എന്ന് പറയാൻ വരട്ടെ



ശ്രീദേവി നെല്ലിയോട്

ഹായ്!കൂട്ടുകാരേ, നമസ്കാരം. ഞാനൊരു മൊബൈൽ ഫോൺ.എല്ലാവരും അതിശയപ്പെടുന്നുണ്ടാവും. പക്ഷേ, എനിക്ക് ജീവൻ വയ്ക്കാതെ നിവൃത്തിയില്ല.



നിങ്ങളോട് ചിലത് പറയണം അതിനു വേണ്ടിയാണ് ഞാനിപ്പോൾ ജീവൻ വച്ച് വരുന്നത്. എന്താണെന്നല്ലേ? ഞാൻ കാരണം ലോകത്ത് ആത്മഹത്യയും മരണങ്ങളും കൊലപാതകങ്ങളുമെല്ലാം നടക്കുന്നതായി പറയുന്നു.

എന്നാൽ വാസ്തവം നിങ്ങൾ അറിയണം. മനുഷ്യനാണ് എന്നെ സൃഷ്ടിച്ചത്. മറ്റേതൊരു കണ്ടുപിടുത്തവും പോലെത്തന്നെയാണ് ഞാനും. ഞാൻ കാരണം മനുഷ്യർക്ക് നിരവധി പ്രയോജനങ്ങളുണ്ട്. കൊച്ചു കൂട്ടുകാരായ നിങ്ങൾക്ക് പോലും ഇപ്പോൾ ക്ലാസ് വർക്കിന് ഞാൻ വേണം. പ്രോജക്ട് അസൈൻമെന്റ്, പ്രെസെന്റേഷൻ, തുടങ്ങി നിങ്ങൾക്കും ഞാനില്ലാതെ പറ്റില്ല. അത് നിങ്ങൾക്കും എനിക്കുമറിയാം.

ഞാൻ കാരണം നിങ്ങൾക്കുണ്ടാവുന്ന പ്രയോജനം നിങ്ങളാരും ചർച്ച ചെയ്യുന്നില്ല. എന്നാൽ ഒരു പെൺകുട്ടി ആത്മഹത്യ ചെയ്താൽ അതിന് ഉത്തരവാദി ഞാനായി. മിസ് കാളിൽ കുരുങ്ങിയ ജീവിതം എന്നൊക്കെപ്പറഞ്ഞ് കുറ്റപ്പെടുത്തുന്നത് മുഴുവൻ എന്നെ. ആ പെൺകുട്ടിയെ അല്ല. ഇൻറർ നെറ്റ് വഴി പലതും ലഭിക്കും. ചിത്രങ്ങൾ മോർഫ് ചെയ്ത് ചില ആൺകുട്ടികൾ കുരുത്തക്കേട് കാട്ടും . അപ്പോഴും പഴി കേൾക്കേണ്ടി വരുന്നത് ഞാൻ.

ആൺകുട്ടികളായാലും പെൺകുട്ടികളായാലും നെറ്റ് വഴി നിങ്ങൾ കാണുന്നതും കാണിക്കുന്നതും എന്തൊക്കെയെന്ന് എനിക്കറിയാം. ഇതുവരെ അത് ആരോടും പറഞ്ഞില്ലെന്ന് മാത്രം. എന്നാൽ ഇനി ഞാൻ പറയാതെ തന്നെ അതെല്ലാം മറ്റുള്ളവർക്ക് കിട്ടുന്ന സാഹചര്യമാണ് വരാൻ പോവുന്നത്. പല ആപ്പുകളും കാണാമറയത്തുണ്ട്. നിങ്ങളെ ചാരക്കണ്ണോടെ നിരീക്ഷിക്കാൻ ആയിരങ്ങൾ നിങ്ങളുടെ പിറകെയുണ്ട്. നിങ്ങളുടെ ഓരോ പ്രവൃത്തിയും മറ്റുള്ളവർക്കും ദർശനീയമാണ് എന്ന സത്യം എല്ലാവരും ഓർക്കുക.

ചുരുക്കത്തിൽ ഞാനല്ല കുഴപ്പം. നിങ്ങൾ തന്നെയാണ്. എന്നിട്ട് എന്നെ പഴി പറഞ്ഞ് നിങ്ങൾ രക്ഷപ്പെടാൻ നോക്കുന്നു. അതുകൊണ്ടെന്ത് കാര്യം? ഏതു വിദ്യക്കും അതിന്റേതായ ഗുണദോഷങ്ങളുണ്ട്. മൊബൈൽ ഫോണിനു മാത്രമായി പ്രത്യേകിച്ച് ദോഷമൊന്നുമില്ല. നിങ്ങളുടെ കയ്യിലിരിപ്പ് പോലിരിക്കും ഗുണവും ദോഷവും. ഇത് പോയാൻ വേണ്ടിയാണ് ഞാനിപ്പോൾ ജീവൻ വച്ച് വന്നത്. ഭാവിയിൽ ഞാൻ കാരണം നിങ്ങൾക്ക് ഒരു ആപത്ത് വരരുത് എന്നു കരുതി.

കൂട്ടുകാരേ, എന്നെപ്പോലുള്ള ഏതു സാങ്കേതിക വിദ്യയോടും നിങ്ങൾ ജാഗ്രത പുലർത്തണം. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നല്ലേ? സൂക്ഷിക്കേണ്ടത് നിങ്ങളാണ്.

എന്നാൽ ഞാൻ സൈൻ ഔട്ട് ചെയ്യട്ടെ. ടേയ്ക്ക് കെയർ. ബൈ.

(തിരുവനന്തപുരം പൂജപ്പുരയിൽ താമസിക്കുന്ന നെല്ലിയോട് വിഷ്ണു നമ്പൂതിരിയുടെയും പാമ്പുമേക്കാട്ട് ശ്രീദേവിയുടെയും പുത്രിയാണ് . മൊബൈൽ : 82899 67294)



# പുഴയുടെ രോദനം

**എം.വി. ശ്രീഭദ്ര**



ഞാനൊരു പുഴയാണ് - പേര് പെരിയാർ.ആനമലയിൽ നിന്നാണ് വരുന്നത്. ആളുകേറാമലയല്ല ആനകേറുംമലയിൽ നിന്ന്. മനോഹരമായ നിരവധി സ്ഥലങ്ങളിലൂടെ ഒഴുകിയാണ് ഞാനിവിടെ ആലുവയിൽ എത്തിയത്. പ്രശസ്തമായ ആലുവാ മണൽപ്പുറം ശിവക്ഷേത്രം എന്റെ തീരത്താണ്.എന്നെ പുണ്യനദിയായിട്ടാണ് കണക്കാക്കുന്നത്.

ശുദ്ധജലമാണ് എന്നിൽ നിറഞ്ഞിരുന്നത്. അതുകാരണം നിരവധി ജലജീവികളും കൂട്ടുകാരായി ഉണ്ടായി. അവരുമൊത്ത് ആർത്തുല്ലസിച്ച് കളിച്ച് രസിച്ച് നടന്ന ഒരു കാലമുണ്ടായിരുന്നു എനിക്ക്.

എന്നാൽ ഇന്ന് ഞാനൊരു പുണ്യനദിയല്ല. മനുഷ്യർ മാലിന്യങ്ങൾ നിക്ഷേപിച്ച് എന്നെ മലിനയാക്കി.പുരാണത്തിലെ കാളിന്ദിയില്ലേ?കാളിയന്റെ വിഷം കാരണം മലിനമായ പുഴ. അതുപോലെ.സുഹൃത്തുക്കളായ ജലജീവികൾ ജീവനും കൊണ്ട് ഭയന്നോടി. ഇപ്പോൾ ഞാനൊറ്റയ്ക്കാണ്.എന്റെ വിഷമം ആരോടു പങ്കു വയ്ക്കാൻ?

കഴിഞ്ഞവർഷം മഹാപ്രളയമുണ്ടായില്ലേ? അത് എന്റെ വിഷമത്തിൽ നിന്നുണ്ടായതാണ്. ശരിക്കും പറഞ്ഞാൽ എന്റെ കണ്ണീരാണത്. സങ്കടക്കണ്ണീർ. മനുഷ്യർക്കാർക്കും എന്റെ വിഷമം മനസ്സിലാവുന്നില്ല. എത്ര ബഹുമതികൾ എന്റെ പേരിൽ ലഭിച്ചാലും വിഷമം അവസാനിക്കില്ല. മനുഷ്യർ എന്റെ വിഷമം മനസ്സിലാക്കുന്നതു വരെ പ്രളയം പോലുള്ള വിനാശങ്ങൾ തുടർന്നുകൊണ്ടിരിക്കും.നിങ്ങൾ ഈ പുഴയുടെ രോദനം കേൾക്കുമെന്ന പ്രതീക്ഷയോടെ.

എന്ന് നിങ്ങളുടെ പെരിയാറെന്ന ആലുവാപ്പുഴ.

(ആലുവ കിഴക്കേദേശം മംഗലപ്പിള്ളി മനയ്ക്കൽ വിനയൻ നമ്പൂതിരിയുടെയും ശ്രീലക്ഷ്മിയുടെയും മകളും ശിവഗിരി വിദ്യാനികേതൻ വിദ്യാർത്ഥിനിയുമാണ്. മൊബൈൽ : 9995431415)

# ഞാനാര്?

**രേവന്ദ് കൃഷ്ണൻ**

എന്റെ കൈയിൽ ക്യാമറ ഉണ്ടെടോ
ഇന്റർനെറ്റും ഗെയിംസും ഉണ്ടെടോ



ഞാനുണ്ടെങ്കിൽ എല്ലാവരെയും
വിളിക്കാൻ പറ്റുമെടോ
എന്റെ കൈയിൽ എന്തിനും
ഉത്തരമുണ്ടെടോ
എന്നെ എപ്പോഴും നോക്കിയിരുന്നാൽ
കണ്ണിന്റെ പണി തീരുമെടോ
കണ്ണട വെക്കേണ്ടി വരുമെടോ
എന്റെ റേഡിയേഷൻ പൂമ്പാറ്റകൾക്കും
പക്ഷികൾക്കും മനുഷ്യർക്കും ദോഷമാണെടോ
ചിലപ്പോൾ ഞാൻ ചൂടായാൽ
പൊട്ടിത്തെറിക്കുമെടോ
ഞാൻ കൂട്ടുകാർക്കൊപ്പമുള്ള കളിയും
ചിരിയും വർത്തമാനവും കുറക്കുമെടോ
എന്നെ നേരാംവണ്ണം ഉപയോഗിച്ചാൽ
ഞാൻ നല്ലൊരു സുഹൃത്താണെടോ
നമുക്ക് അടിച്ചു പൊളിക്കാമെടോ

(ഗുരുവായൂർ മുളമംഗലം ഇല്ലത്ത്
ഹരികൃഷ്ണന്റെ മകനാണ്
മൊബൈൽ : 9497255556 )

# ഇന്റർനെറ്റ്

**സാന്ദ്ര.വി.എൻ**

ഇന്റർനെറ്റിൻ ഗുണമതു കൊള്ളാം
ദോഷമതയ്യോ വലുതാണല്ലോ
പാട്ടുകൾ കേൾക്കാം ഡാൻസും കാണാം
പല വിധ വഴിയേ നേരം പോക്കാം



ഉത്തരമേതൊരു ചോദ്യത്തിന്നും
നെറ്റ് സുഹൃത്തിൻ കൈവശമുണ്ടേ
കണ്ണും കാതും പോയീടുന്നു
സൂക്ഷിച്ചില്ലേൽ ജീവനെടുക്കും
നല്ല സുഹൃത്തായ് കണ്ടീടേണം
ഇല്ലേൽ നമ്മെ വഴി തെറ്റിക്കും
ദൂരെ നിൽക്കുമൊരാളെക്കണ്ട്
കുശലം പറയാം ഒത്തു ചിരിക്കാം
വിവരം നേടാം ലോകം കാണാം
കൈയ്യിലൊതുക്കാം എന്തും ഏതും
നല്ലതുമാത്രം ചിന്തിച്ചീടൂ
എങ്കിൽ നന്മകൾ ചെയ്തീടാം

(വൈത്തല നാരായണൻ നമ്പൂതിരിയുടെ
പുത്രിയും ചെറുതുരുത്തി കലാമണ്ഡലത്തിലെ
എട്ടാം ക്ളാസ് വിദ്യാർത്ഥിനിയുമാണ്.
മൊബൈൽ : 8086326315 )



## മുത്തശ്ശിക്കഥയ്ക്കും

# ആപ്പ്

**പാർവതി എൻ.ടി**

കാലത്തെണീറ്റ് കുളിർ ജലത്തിൽ
മുങ്ങി നിവർന്നു തേവാരവുമായ്
ശാന്തിയോടെ സമാധാനമോടെ
ഐശ്വര്യമോടെ കഴിഞ്ഞ കാലം.
പ്രാതലും ഭക്ഷിച്ച് കൂട്ടുകാരും
കൂടിക്കളിച്ചു രസിച്ച കാലം.



(നരിയങ്ങൽ തലപ്പണ (മേലേ കീടേരി ) നാരായണൻ നമ്പൂതിരിയുടെ പുത്രിയാണ് .മൊബൈൽ:9048239871)

ശുദ്ധിയോടെ ദൈവഭക്തിയോടെ
നമ്പൂതിരിമാർ വസിച്ച കാലം.
കാലമോടീടുമ്പോൾ കൂടെയോടി
നമ്പൂരിമാരിന്നു പാടെ മാറി.
സ്മാർട്ട് ഫോണിലേക്കങ്ങൊതുങ്ങിടുന്നു
വേഷവും ശൈലിയുമാചാരവും.
പങ്കുവച്ചീടുന്നിതെല്ലാമെല്ലാം
കാണാതറിയാതെ ഫോണിലൂടെ.
ഗൂഗിളും യൂട്യൂബുമില്ലാതെ നാം
ജീവിക്കുമെങ്ങിനെയിന്നിനിമേൽ ?
ഐതിഹ്യമെല്ലാപുരാണങ്ങളും
നല്ല കഥകളിതിഹാസങ്ങൾ
ഫോണിലെയാപ്പുകളല്ലാതെയാ-
രിന്നു കേൾപ്പിക്കും കുരുന്നുകളെ?

●

# നശിക്കുന്ന സംസ്കാരം

**ദേവിക വി.പി**

കാലത്തെണീറ്റു മെസേജു നോക്കി
ഗുഡ് മോർണിങ്ങിട്ടു നാം ഗ്രൂപ്പിലെല്ലാം
ചായയ്ക്ക് കൂട്ടിക്കഴിക്കുവാനായ്
ഫോണും പിടിച്ചങ്ങിരുത്തമായി.
തേവാരമില്ല ജപവുമില്ല
നാമം ജപിക്കുവാൻ നേരമില്ല.



(കണ്ണിപറമ്പ് ഉപസഭയിലെ ശ്രീശൈലത്തിൽ വീട്ടിക്കാട് പരമേശ്വരന്റെ മകളും എട്ടാം ക്ളാസ് വിദ്യാർത്ഥിയുമാണ്.മൊബൈൽ 9495611629. )

ഇൻസ്റ്റഗ്രാം ,ടിക് ടോക്കും യൂട്യൂബുമായ്
ഫോണിലുറച്ചു യുവജനങ്ങൾ.
പാടേ മുറിയുന്നു ബന്ധങ്ങളും
കൂടീ കുടുംബ കലഹങ്ങളും
ഫോണിൽ കളികളും ചാറ്റിങ്ങുമായ്
തീരുമ്പോഴേക്കതാ രാത്രിയായി
സന്ധ്യാവന്ദനം തേവാരാദികൾ
പാടേ മറക്കുന്നു നമ്പൂതിരി
ന്യൂ ജെനറാണെങ്കിലും നമ്മളെല്ലാം
ഒത്തു പിടിച്ചു നിലനിർത്തുക
നമ്മുടെ സംസ്കാരം,അമ്മയല്ലേ!
ഒന്നല്ലേ നാമെല്ലാംകൂട്ടുകാരേ

---

# കണ്ടുപിടുത്തം

പണ്ട് മനുഷ്യർ കണ്ടു പിടിച്ചൂ
തീയും ചക്രവുമൊരുമിച്ച്
അങ്ങനെ മനുഷ്യർ കണ്ടു പിടിച്ചു
പലതരം കണ്ടുപിടുത്തങ്ങൾ
മനുഷ്യരങ്ങനെ വളർന്നു വന്നു
കണ്ടുപിടുത്തവും കൂടെ വളർന്നു
അവർ ഉപയോഗപ്രദമായ തന്ത്രവും
യന്ത്രവും മാധ്യമക്കൂട്ടവും കണ്ടെത്തി
യന്ത്രവും തന്ത്രവും മാധ്യമക്കൂട്ടവും
ഭവിഷത്തുണർത്തിയ കൂട്ടങ്ങൾ
മാനുഷർ അവരെ നിയന്ത്രിക്കുന്തോറും
അവർ നമ്മളെ നിയേന്ത്രിക്കുന്നു.



**ശ്രേയ പി വാസുദേവ**

(കണ്ണി പറമ്പ് ഉപസഭയിൽ പേരൂർ ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയുടെ മകളാണ്. മൊബൈൽ. 9446356185)



**അക്ഷത് നാരായൺ**

( കണ്ണിപറമ്പ് ഉപസഭയിലെ വൈത്തല ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ മകനാണ്. മൊബൈൽ 8928555188 )

# എല്ലാം ഉണ്ട്എന്നാലോ

ഫോൺ, ഫോൺ, മൊബൈൽഫോൺ
നമ്മുടെ സ്വന്തം ഫോണാണേ
ക്യാമറയുണ്ടേ ഫോട്ടോ എടുക്കാൻ
സ്വിഗ്ഗി ഉണ്ടേ പിസ്സ വാങ്ങാൻ
ആമസോൺ ഉണ്ടേ ഓർഡർ ചെയ്യാൻ
പ്ലേ സ്റ്റോർ ഉണ്ടേ ഇൻസ്റ്റാൾ ചെയ്യാൻ
യൂട്യൂബ് ഉണ്ടേ പാട്ടും കേൾക്കാൻ
മൈക്ക് ഉണ്ടേ പാട്ട് പാടാൻ
എല്ലാം ഉണ്ടേ മൊബൈൽ ഫോണിൽ
എന്നാൽ കേൾക്കൂ കൂട്ടുകാരേ,
കുറച്ച് നേരേ കാണാൻ പാടൂ...

# 'സ്വസ്തി' മൂന്നാം വാർഷികപ്പതിപ്പിന് ആശംസകൾ



അച്യുതൻ . മേലേടം സജിത യുടേയും രതീഷിന്റേയും മകൻ



അമേയ – D/o അഞ്ജന ആൻറ് അർജുൻ വിഷ്ണു താമരക്കളം



ആരാധ്യ D/o റാണി ആന്റ് ബിനു വാസുദേവൻ വാ ഴമ്പറ്റ ഇല്ലം



ദയ ആന്റ് ലയ D/ o ജയ ആന്റ് ദാമോദരൻ, എടപ്രാമ്പിള്ളി മന



വേദ് വാസുദേവ് – S/o ആര്യ ആൻറ് പ്രമോദ് തിരുനാവായ അരീക്കര



നിവേദ് വിഷ്ണു– പയ്യന്നൂർ വെദിര മന ഡോ.തുളസിയുടേയും ഡോ. കേശവൻ നമ്പൂതിരിയുടേയും മകൻ



ശ്രീധർ ദിനേശ് . താമരക്കുളം ദിനേശന്റേയും ഗീതയുടേയും മകൻ – പൂന



ചാരുലത ആന്റ് ജാതവേദ് . തൃക്കടീരി സിജിയുടേയും ജയന്തൻ നമ്പൂതിരിയുടേയും മക്കൾ .USA



നിവേദ് ദാമോദർ കുന്നമംഗലം ഒഴയാടി എടക്കാട്ടില്ലത്ത് ദാമോ ദരൻ നമ്പൂതിരിയുടേയും ഗംഗ അന്തർജനത്തിന്റെയും മകൻ



നന്ദന ശങ്കർ, നവനീത് ശങ്കർ . കുന്ദമംഗലം ഒഴയാടി എ ടക്കാട് ഇല്ലത്തെ ശങ്കരൻ നമ്പൂതിരിയുടേയും



എൻ. ആര്യ.ഫറോക്ക് ഉ പസഭയിലെ നാറാണിയാട് ശ്രീജിത്തിന്റെയും ശ്രീഭയു ടെയും പുത്രി.




ജനുവരി 12 ന് പിറന്നാളാഘോ ഷിക്കുന്ന നിവേദ് നാരായണൻ. കൊറ്റിവട്ടം നവീനിന്റേയും ആ തിരയുടേയും മകൻ




മാധവ് ... മീര. മങ്ങത്തായ വിഷ്ണുസജിത്ത് – യമുന ദമ്പതിമാരുടെ കുട്ടികൾ



പാർവ്വണ . പാലനാട് പൂർ ണിമയുടേയും മനു നാരാ യണന്റേയും മകൾ



കശ്യപ് . ഗോവിന്ദില്ലം ശ്രീകാന്ത് & സുജന്യ ദമ്പതികളുടെ മകൻ



ഗായത്രിയും ഭരദ്വാജും കളത്തിൽ ഇല്ലം ബാലു ശ്ശേരി ഉപസഭ



വേദജ കെ.കെ.– ചാത്തമം ഗലം കണ്ടമംഗലം വിനീതി ന്റെയും ശിവപ്രിയയുടേയും മകൾ ചാത്തമംഗലം ഉപസഭ



സഹസ്രജിത്ത് ഒ.ടി. ഒഴുകിൽ തട്ടയൂർ ഇല്ലത്ത് വിനോദിന്റേ യും (മണിക്കുട്ടൻ) ഡോ. ആ ശയുടേയും മകനാണ്




ഗുരുവായൂർ കീഴേടത്ത് വാ സുദേവൻ നമ്പൂതിരി – ആ തിര ദമ്പതിമാരുടെ പുത്രൻ കേശവ് വി നമ്പൂതിരി



പാർത്ഥിവ് ഈശ്വരൻ– മലപ്പുറം താമരശ്ശേരി യദു നാഥ് –ആര്യ ദമ്പതികളുടെ മകൻ

*അഭിവന്ദ്.കെ.എം.കുടുക്കശ്ശേരിമധുവിന്റെ മകൻ, പേരൂർക്കട, തിരുവനന്തപുരം. മൊബൈൽ:9495376563*





***യദുരാം വി പി***
*(കണ്ണി പറമ്പ് ഉപസഭയിലെ ശ്രീശൈലത്തിൽ വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരിയുടെ പുത്രനാണ്. മൊബൈൽ 9495611629)*



*ദേവനാരായണൻ, ദേവദത്തൻ – കാഞ്ഞിരത്തോട്ടം ഇല്ലത്ത് ജയശങ്കരൻ നമ്പൂതിരിയുടേയും ശ്രീദേവിയുടേയും മക്കൾ. മുക്കം ഉപസഭ*



*ഒന്നാം പിറന്നാൾ ആഘോഷിക്കുന്ന പ്രണത് നാരായണൻ. ഓമശ്ശേരി നടുകിൽ വടക്കേപ്പാട്ട് ഇല്ലത്ത് ഉണ്ണികൃഷ്ണന്റെയും ശരണ്യയുടെയും മകൻ*



*അഭിനീത്, അദ്വൈത – ആനയാംകുന്ന് കുന്നാശ്ശേരി ഇല്ലത്ത് രഞ്ജിത് നമ്പൂതിരിയുടേയും കൃപയുടേയും മക്കൾ – മുക്കം ഉപസഭ*



*മുത്താലം ദുർഗാഭഗവതീ ക്ഷേത്രത്തിൽ നടന്ന ദുര്യോധനവധം കഥകളിയിൽ പാഞ്ചാലി വേഷമിട്ട കെയറ്റിവട്ടം സുജ അന്തർജനത്തിന്റെ ഭാവങ്ങൾ . അഭിനന്ദനങ്ങൾ*



*എടക്കുന്നത്ത് മനയിൽ സുകേഷ്, നവ്യ എന്നിവരുടെ മകൻ ദ്രുപദ് കേശവ് അവിടനല്ലൂർ. ബാലുശ്ശേരി ഉപസഭ*




*എടക്കുന്നത്ത് മനയിൽ ജീവന്റെയും, രേണുക വേദവല്ലിയുടേയും മകൾ ശ്രുത കീർത്തി, അവിടനല്ലൂർ. ബാലുശ്ശേരി ഉപസഭ*



*പുതുക്കുടി ഇല്ലത്ത് സുജിത്ത് നമ്പൂതിരിയുടേയും നിഷ അന്തർജനത്തിന്റെ യും മകൾ മാനസ – അവിടനല്ലൂർ. ബാലുശ്ശേരി ഉപസഭ*




*ഹൃഷികേശ് നാരായണൻ, ഹൃദിക പാർവതി – തലയൂർ ഇല്ലത്ത് (ഹരിധാമം ) ധന്യാ സാവിത്രിയുടേയും രാജ്കുമാറിന്റേയും കുട്ടികൾ*



*സാത്വിക് വെങ്ങല്ലൂർ ' ഡോക്ടർ അജയ് – ഡോക്ടർ ശിഖ ദമ്പതികളുടെ പുത്രൻ*



*നാറണിയാട്ട് ഇല്ലത്ത് അനുവിന്റെയും ശ്യാമയുടെയും മക്കൾ ഉണ്ണികൃഷ്ണൻ, ശ്രീഭദ്ര. ഫറോക്ക് ഉപസഭ*



*സാരംഗ് ഗോവിന്ദ്, സാകേത് ശങ്കർ. ചായടം രാംനാഥിൻറെയും സിന്ധുവിന്റേയും മക്കൾ*



*നാറണിയാട്ട് ശ്രീദിൻ– കൃഷ്ണപ്രിയ ദമ്പതിമാരുടെ മക്കൾ ആദികേശവ് & അക്ഷര, ഫറോക്ക് ഉപസഭ.*

എല്ലാ വിധ പൂജാ സാധനങ്ങൾക്കും സമീപിക്കുക



## നീലഗിരി പൂജാ സ്റ്റോർ

**തളി റോഡ്, പാളയം**

**ഫോൺ: 0495 270 2176**

**മാല, ബൊക്ക, പൂജാ സാധനങ്ങൾ തുടങ്ങിയവക്കെല്ലാം സമീപിക്കുക**



## വിനായകാ ഫ്ളവർ സ്റ്റാൾ



**തളി റോഡ്, പാളയം**

**ഫോൺ: 0495 2702358**

സ്വാദിഷ്ഠമായ ഭക്ഷണത്തിനും പരിപാടികൾക്ക്
കാറ്ററിംഗിനും സമീപിക്കുക



## സ്വാമി ഹോട്ടൽ

**തളി, കോഴിക്കോട്**




ബന്ധപ്പെടുക
**പ്രൊപ്രൈറ്റർ ശ്രീധരൻ**
**ഫോൺ: 9605113011, 9633388813**

**ജാതക പരിശോധനക്കും ഹോമങ്ങൾക്കും, വിവിധ യന്ത്രങ്ങൾക്കും, ഏലസ്സുകൾക്കും**

**ജ്യോത്സ്യൻ RKH നമ്പൂതിരി (രാമകൃഷ്ണ ഹരി നമ്പൂതിരി )**



**ശ്രീ മൂകാംബിക ജ്യോതിഷാലയം**
(സ്ഥാപിതം 1987)
**37/ 4094, തളി റോഡ്,**
**കോഴിക്കോട് - 2**



പ്രവൃത്തി സമയം 9 AM to 1 PM, 4 PM to 6.30 PM

**ഞായർ ഒഴിവ്**

**ബുക്കിംഗിന്: 9495892653**
e-mail: rkhnamboodiri@gmail.com

## മുന്നാക്ക വിഭാഗത്തിലെ പിന്നാക്കക്കാർക്ക് 10% സംവരണം ഉടൻ നടപ്പാക്കണം

കോഴിക്കോട് ● മുന്നാക്ക വിഭാഗങ്ങളിൽ പിന്നാക്കം നിൽക്കുന്നവർക്കു കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ 10% സംവരണം കേരളത്തിൽ ഉടൻ നടപ്പാക്കണമെന്നു യോഗക്ഷേമസഭ ജില്ലാ കൺവൻഷൻ ആവശ്യപ്പെട്ടു. സംസ്ഥാന സർക്കാർ ഇതേക്കുറിച്ചു പഠിക്കാൻ 2 കമ്മിഷനെ നിയമിക്കുകയും 3 വർഷം കാലാവധി നൽകുകയും ചെയ്തതു സംവരണം അട്ടിമറിക്കാനുള്ള ശ്രമമാണെന്നു സംശയിക്കുന്നു. സർക്കാരും മലബാർ ദേവസ്വം ബോർഡും ദേവസ്വം ജീവനക്കാരുടെ ദുരിതം കണ്ടില്ലെന്നു നടിക്കുകയാണെന്നും കുറ്റപ്പെടുത്തി.

സംസ്ഥാന പ്രസിഡന്റ് ടി



യോഗക്ഷേമസഭ ജില്ലാ കൺവൻഷൻ സംസ്ഥാന പ്രസിഡന്റ് ടി.ആർ.വല്ലഭൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു.



യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാ കൺവെൻഷൻ കേളപ്പജി മന്ദിരത്തിൽ സംസ്ഥാന പ്രസിഡന്റ് ടി. ആർ വല്ലഭൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി എം.വി. സുബ്രഹ്മണ്യൻ നമ്പൂതിരി, മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി എന്നിവർ സമീപം.

## സാമ്പത്തിക സംവരണം സംസ്ഥാനത്തും നടപ്പാക്കണം: യോഗക്ഷേമ സഭ

## സാമ്പത്തിക സംവരണം സംസ്ഥാനത്തും നടപ്പാക്കണം -യോഗക്ഷേമ സഭ

കോഴിക്കോട് ▸ മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പത്തുശതമാനം സാമ്പത്തിക സംവരണം കേരളത്തിലും നടപ്പാക്കണമെന്ന് യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ടി.ആർ. വല്ലഭൻ നമ്പൂതിരിപ്പാട് ആവശ്യപ്പെട്ടു.

യോഗക്ഷേമസഭ ജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർക്കാരും ദേവസ്വം ബോർഡും മലബാറിലെ ക്ഷേത്രജീവനക്കാരുടെ ദുരിതം കണ്ടില്ലെന്ന് നടിക്കുകയാണെന്നും ഇതിന് പരിഹാരം വേണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു. തിരു-കൊച്ചി ദേവസ്വം ബോർഡുകൾക്ക് സമാനമായ നിയമം മലബാറിലെ ക്ഷേത്രങ്ങളിലും നടപ്പാക്കണമെന്നും ആവശ്യപ്പെട്ടു.



യോഗക്ഷേമ സഭ ജില്ലാ കൺവെൻഷൻ കേളപ്പജി മന്ദിരത്തിൽ സംസ്ഥാന പ്രസിഡന്റ് ടി.ആർ. വല്ലഭൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി എം.വി. സുബ്രഹ്മണ്യൻ നമ്പൂതിരി, മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി എന്നിവർ സമീപം


**യോഗക്ഷേമസഭാ വാർത്തകൾ ❖ യോഗക്ഷേമസഭാ വാർത്തകൾ ❖ യോ**

മലയാള മനോരമ     മാതൃഭൂമി     കേരള കൗമുദി

# അദ്വൈതത്തിലെ ബ്രഹ്മഗർജനം

**ആലപ്പുഴയിൽ സെപ്തംബർ 12,13,14 തീയതികളിലായി നടന്ന യോഗക്ഷേമസഭ സംസ്ഥാന സമ്മേളനത്തിന്റെ റിപ്പോർട്ട്**

**ടി.ആർ.വല്ലഭൻ നമ്പൂതിരിപ്പാട്**



അദ്വൈതം 2019 അതായിരുന്നു ആലപ്പുഴയിൽ സെപ്തംബർ 12,13,14 തീയതികളിലായി നടന്ന യോഗക്ഷേമസഭ സംസ്ഥാന സമ്മേളത്തിന്റെ നഗരിക്കിട്ട പേര്. രണ്ടെന്ന ഭാവമില്ലാത്തത്. ശക്തിപ്രകടനം എന്നു സാധാരണ വിളിക്കാറുള്ള സമ്മേളനപ്രകടനത്തിനു പേരിട്ടത് ബ്രഹ്മഗർജനം.

ആലപ്പുഴ സമ്മേളനം എന്തു കൊണ്ടും വേറിട്ടതായി.

ചിലതു പറയാം.

സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയായിരുന്നു.അല്പം നേരം വൈകിയതിനാൽ ദൂരദിക്കിൽ നിന്ന് വന്നവർക്ക് ചെറിയൊരു പരിഭ്രമം. നേരം വൈകി പുറപ്പെട്ടാൽ എവിടെ നിന്ന് രാത്രിഭക്ഷണം തരപ്പെടും? അപ്പോൾ ഉച്ച ഭാഷിണിയിലൂടെ അറിയിപ്പ് . ഓരോ ജില്ലയ്ക്കും ആവശ്യമായ ഭക്ഷണപാക്കറ്റുകൾ സ്വാഗത സംഘം ഓഫീസിൽ തയ്യാറാക്കിയിട്ടുണ്ട്. ആശ്വാസമായി ! ചിലർ അല്പം ഉറക്കെത്തന്നെ പറയുന്ന കേട്ടു. ഇത്ര കരുതലു കാട്ടീലോ ഗംഭീരമായി . എല്ലാം കൊണ്ടും തൃപ്തിയായി.

തുടക്കം മുതൽ ഈ തൃപ്തി എല്ലാവരിലുംകണ്ടു. ഓങ്കാരാങ്കിത ശുഭ്ര പതാക വാനിലുയർന്നു പറക്കുമ്പോൾ ആവേശത്താൽ ഞങ്ങൾ വിളിപ്പൂ ....എന്ന ആഹ്ളാദ ശബ്ദധോരണി.സംസ്ഥാന പ്രസിഡന്റ് വൈക്കം പി.എൻ നമ്പൂതിരി ധ്വജാരോഹണം നടത്തുമ്പോൾ ഇത് പശ്ചാത്തലത്തെ പരിപൂതമാക്കി.

ആലപ്പുഴയിലെ എസ്.ഡി.വി. സ്കൂൾ സമുച്ചയത്തിലെ കെ.കെ.എസ് നമ്പൂതിരി നഗറിൽ പിന്നെയുണ്ട് ഓരോ ഉപ സമ്മേളനങ്ങൾക്കും ഹാളുകൾ . സംസ്ഥാന കൗൺസിൽ ചേർന്നത് ശ്രീചക്രം ഹാളിൽ. അപ്പുറത്ത് സ്വസ്തിക വേദിയിൽ ശ്രീകലയപുരം രാധാകൃഷ്ണൻ പോറ്റിയുടെ കലാപ്രകടനങ്ങളും ഓട്ടൻ തുള്ളലും. തീർന്നില്ല നെല്ലിയോട് വാസുദേവൻ നമ്പൂതിരിയുടെ കുചേലനും ശ്രീകലാഭാരതി ഹരികുമാറിന്റെ ശ്രീകൃഷ്ണനും.

രണ്ടാംനാൾ പുതുമന വാസുദേവൻ നമ്പൂതിരിയുടെ ഗണപതി ഹോമത്തോടെ തുടക്കം. സ്വാഗതത്തിരുവാതിര ആലപ്പുഴ ജില്ലാവനിതാ സഭവക.ആലപ്പുഴ ജില്ലക്കാരൻ കൂടിയായ മന്ത്രി തിലോത്തമനായിരുന്നു ഉദ്ഘാടകൻ. ജനറൽ കൺവീനർ ഡോ ഇ. കൃഷ്ണൻ നമ്പൂതിരി സ്വാഗതമാശംസിച്ചു.

അന്നു തന്നെ സുദർശനം ഹാളിൽ വനിതാ സമ്മേളനം.പല മുൻ സമ്മേളനങ്ങളിൽ പാർശ്വവത്കരിക്കപ്പെട്ട വനിതകൾ ആലപ്പുഴയിൽ നിറഞ്ഞൊഴുകി. കലാസന്ധ്യയുടെ ഉദ്ഘാടനം പ്രമുഖ സിനി ആർട്ടിസ്റ്റ് രൺജി പണിക്കർ നിർവഹിച്ചു. ഡോ. പത്മകുമാർ, ഡോ. നെടുമുടി ഹരികുമാർ എന്നിവർ പ്രഭാഷണം നടത്തി.വിവിധ സർഗ്ഗ പ്രതിഭകളെ പൊന്നാടയണിയിച്ചു.

സമാപന ദിവസം കണ്ണൂർ ചെറുതാഴം ശ്രീരാഘവപുരം സഭ വേദപാഠശാലയിലെ ഉണ്ണികളുടെ വേദഘോഷം കേൾക്കാൻ കാപ്പികുടി പോലും വൈകിച്ച് സഭാംഗങ്ങൾ ഹാജരായി. പേരു പോലെത്തന്നെ യുവോജ്വലം ആയിരുന്നു യുവജനസമ്മേളനം. നല്ല പങ്കാളിത്തം. ആവേശവും. പിന്നെ, പ്രവാസി സമ്മേളനം .ബി.ജെ.പി. സംസ്ഥാന പ്രസിഡണ്ട് പി.എസ് .ശ്രീധരൻ പിള്ളയാണ് അത് ഉദ്ഘാടനം ചെയ്തത്. അതേ വേദി മറ്റൊന്നിനു കൂടി സാക്ഷിയായി. സാങ്കേതികവും സാംസ്കാരികവും വ്യാവസായികവുമായ മികവുകൾ അടയാളപ്പെടുത്തിയ നിരവധി പേരെ ആദരിക്കുകയുണ്ടായി. പുരസ്കാരങ്ങൾക്കർഹരായ വിദ്യാർത്ഥികളെയും ആദരിച്ചു.

ആദ്യം സൂചിപ്പിച്ച പോലെ ബ്രഹ്മഗർജനം എന്ന മഹാപ്രകടനം പങ്കാളിത്തം കൊണ്ടും അച്ചടക്കം കൊണ്ടും ശ്രദ്ധേയമായി. ലോകാഃ സമസ്താഃ സുഖിനോഭവന്തു എന്ന മന്ദ്ര മന്ത്രം അന്തരീക്ഷത്തിൽ ഉയർന്നു. സമ്മേളനം ഉദ്ഘാടനം ചെയ്ത മന്ത്രി തിലോത്തമനും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും പങ്കുവച്ചത് യോഗക്ഷേമസഭയുടെ പ്രവർത്തന മികവ്. സഭയുടെ സ്വാധീനവും പ്രസക്തിയും വർദ്ധിച്ചുവരികയാണെന്ന് ഇരുവരും അഭിപ്രായപ്പെട്ടു.

സിനിമാ സംവിധായകൻ അലി അക്ബറും സമാപന സമ്മേളനത്തിൽ സംസാരിച്ചു.

പഴയിടം മോഹനൻ നമ്പൂതിരി സമ്മേളനസദ്യ യുവജനോത്സവപ്പായസം പോലെ രുചിമേളമാക്കി.

സ്വാഗത സംഘം ചെയർമാൻ എ.ബി സുരേഷ്കുമാർ ഭട്ടതിരിപ്പാട്, ജനറൽ കൺവീനർ ഡോ. ഇ. കൃഷ്ണൻ നമ്പൂതിരി എന്നിവരും അവർക്ക് ആവശ്യമായ ഉപദേശ നിർദേശങ്ങൾ നൽകിയ സംസ്ഥാന പ്രസിഡന്റ് വൈക്കം പി.എൻ നമ്പൂതിരി, ജനറൽ സെക്രട്ടറി അഴിയിടം വിജയൻ നമ്പൂതിരി, ട്രഷറർ കരുവാട്ട് നാരായണൻ ഭട്ടതിരിപ്പാട് എന്നിവരും ആദ്യാവസാനം നേതൃത്വം നൽകി.

വേദിയിൽ ശബ്ദം നൽകിക്കൊണ്ട് ഡോ. ദേവി കെ വർമ്മ, എ.പി.നന്ദിനിക്കുട്ടി, കെ.വി.ബൈജു, കെ.എൻ ദിവ്യ എന്നിവരും നിറഞ്ഞു നിന്നു.

യോഗക്ഷേമസഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ആലപ്പുഴ സമ്മേളനം പ്രധാന അടയാളമായി. ഇത് വിജയിപ്പിക്കാൻ ഉത്സാഹിച്ച ഏവർക്കും അഭിനന്ദനങ്ങൾ.


സാമ്പത്തിക സംവരണം നടപ്പാക്കണം -യോഗക്ഷേമ സഭ

യോഗക്ഷേമ സഭ ജില്ല കൺവെൻഷൻ സംസ്ഥാന പ്രസിഡൻറ് ടി.ആർ. വല്ലഭൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്യുന്നു


സാമ്പത്തിക സംവരണം സംസ്ഥാനത്തും നടപ്പാക്കണം: യോഗക്ഷേമ സഭ


സാമ്പത്തിക സംവരണം സംസ്ഥാനത്തും നടപ്പാക്കണം: യോഗക്ഷേമ സഭ



മാധ്യമം ജന്മഭൂമി മംഗളം

# സാമ്പത്തിക സംവരണം സംസ്ഥാനത്തും നടപ്പാക്കണം: യോഗക്ഷേമ സഭ

കോഴിക്കോട്: മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതും കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലും നടപ്പാക്കിയതുമായ പത്തു ശതമാനം സാമ്പത്തിക സംവരണം കേരളത്തിലും നടപ്പാക്കണമെന്ന് യോഗക്ഷേമ സഭ സംസ്ഥാന പ്രസിഡന്റ് ടി. ആർ വല്ലഭൻ നമ്പൂതിരിപ്പാട് ആവശ്യപ്പെട്ടു.

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാ കൺവെൻഷൻ കേളപ്പജി മന്ദിരത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

തിരുക്കൊച്ചി ദേവസ്വം ബോർഡുകൾക്ക് സമാനമായ നിയമം മലബാറിലെ ക്ഷേത്രങ്ങളിലും നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി എം.വി. സുബ്രഹ്മണ്യൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ ചെമ്മരം നാരായണൻ നമ്പൂതിരി, സംസ്ഥാന സെക്രട്ടറി സുനിൽ കാലടി, ജില്ലാ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി എന്നിവർ പ്രസംഗിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് പി.എം. ഗംഗാധരൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. മധു അരീക്കര സ്വാഗതവും മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി നന്ദിയും പറഞ്ഞു.


*സ്വസ്തി ഒക്ടോബർ ലക്കം പ്രകാശനം ടി.ആർ.വി.നമ്പൂതിരിപ്പാട് എം.വി. സുബ്രഹ്മണ്യൻ നമ്പൂതിരിക്ക് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു*

## ജി.കെ ഭണ്ഡാരം

ഫറോക്ക് ഉപസഭയിൽ പി. എസ്.സി പരീക്ഷയുടെ ഭാഗമായി പരീക്ഷാർത്ഥികളുടെ ഒരു വാട്ട്സ് അപ്പ് ഗ്രൂപ്പ് ജി.കെ പൊതുവിജ്ഞാന ഭണ്ഡാരം എന്ന പേരിൽ തുടങ്ങി. ഉപസഭയിലെ രോഗികളുടെ ഗൃഹസമ്പർക്കം നടത്തി.യുവജനസഭയും വനിതാസഭയും പ്രവർത്തനം തുടങ്ങി.യുവജനസഭ വ്യക്തിത്വ വികസന ക്യാമ്പ് നടത്തി. വിനോദ് അയ്യർ, പി.വി. സുനിൽ എന്നിവർ ക്ലാസെടുത്തു. വനിതാ സഭ എല്ലാ മാസവും മീറ്റിങ്ങ് നടത്തുന്നു. പാർവണം എന്ന പേരിൽ കൈ കൊട്ടിക്കളി സംഘം ഉണ്ടാക്കി .ഉപസഭാ വേദികളിലും പുറത്തും പരിപാടികൾ അവതരിപ്പിച്ചു. സോപ്പു നിർമാണ പരിശീലനം പോലുള്ളവും നടത്തുന്നു.

– മുല്ലപ്പള്ളി രാമനുണ്ണി,
ഉപസഭാ സെക്രട്ടറി.9947413193

## വീൽചെയറും വാക്കറും നൽകി

രാമല്ലൂർ ഉപസഭയുടെ സാന്ത്വനം പാലിയേറ്റീവ് കെയർ ആവശ്യക്കാർക്ക് വീൽചെയർ , വാക്കർ , കട്ടിൽ എന്നിവ എത്തിച്ചു കൊടുത്തു. ഉപസഭയുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി പുതിയ പരസ്പര സഹായ നിധി ആരംഭിച്ചു.രാമായണ പരിക്രമണം ചേക്രക്കൽ ഇല്ലത്ത് വെച്ച് നടത്തി. വാർഡ് മെമ്പർ മോഹൻദാസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡണ്ട് മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി സന്നിഹിതനായിരുന്നു. വിദ്യാർത്ഥികളെ ഉപഹാരം നൽകി അനുമോദിച്ചു. പൂജാപഠനാചാര്യനായ പറമ്പിടി പുതുശ്ശേരി നീലകണ്ഠൻ നമ്പൂതിരിയെ ആദരിച്ചു. പൂജാപഠനം പൂർത്തിയാക്കിയ ഉപസഭയിലെ 13 അംഗങ്ങൾക്ക് ജില്ലാ സഭയുടെ സർട്ടിഫിക്കറ്റുകളുംനൽകി. മുടുവമ്പ്രം ശ്രീകുമാറിന്റെ നേതൃത്യത്തിൽ രാമായണപ്രശ്നോത്തരി നടത്തി.

സമന്വയ രാമല്ലൂരിനോടൊപ്പം ഓണാഘോഷം, ഓണസദ്യ, കലാപരിപാടികൾ ഇവ നടത്തി. ജില്ലാ സഭയുടെ അംഗീകാരത്തിന് വിധേയമായി രാമല്ലൂരിന്റെ സമീപത്തുള്ള സജീവമല്ലാത്ത നരിക്കുനി ഉപസഭ ഏരിയയിലെ 62 പേരെ പുതുതായി മെമ്പർമാരാക്കി. ഇതിനായി 2 മാസം ഗൃഹസമ്പർക്കം നടത്തി . 2020ലെ ആദ്യ മീറ്റിംഗ് തിരുവാതിര ആഘോഷമായി നടത്തുവാനും തീരുമാനിച്ചു.

ചേക്രക്കൽ
ഉണ്ണികൃഷ്ണൻ നമ്പൂതിരി,
രാമല്ലൂർ ഉപസഭ സെക്രട്ടറി.
മൊബൈൽ 9446864689

## ജില്ലാ സഭയ്ക്ക് വാർത്താ ചാനലും

# ജില്ലാകമ്മിറ്റിയ്ക്ക് സ്വന്തം കെട്ടിടവും

സ്വസ്തി ത്രൈമാസികയെന്ന പ്രസിദ്ധീകരണത്തിനു പിറകെ രണ്ടു സ്വപ്ന പദ്ധതികൾ കൂടി കോഴിക്കോട്ട് നിന്ന് റിപ്പോർട്ട് ചെയ്യുന്നു. ഒന്ന് സഭയ്ക്കായി ഒരു വാർത്താ ചാനൽ ആരംഭിച്ചു എന്നത്. ജില്ലാ ഐ ടി സെല്ലിന്റെ ആമുഖ്യത്തിലാണ് ജില്ലാ സഭാ വാർത്തകൾക്കായി ചാനൽ തുടങ്ങിയത്. ഉപസഭകളിലേയും ജില്ല സഭയിലേയും വാർത്തകൾ മൊബൈൽ വഴി അംഗങ്ങളിലെത്തിക്കുന്നതാണ് ഈ സംരംഭം .മറ്റൊന്ന് സ്വന്തമായി നിർമ്മിക്കുന്ന ആസ്ഥാന മന്ദിരത്തിന് തറക്കല്ലിട്ട കാര്യം.

കോഴിക്കോട് ജില്ലാ പ്രവർത്തകരുടെ ചിരകാലാഭിലാഷമായ ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനം ബ്രഹ്മശ്രീ പാതിരിശ്ശേരി ശങ്കരൻ നമ്പൂതിരിപ്പാട് നിർവഹിച്ചു. കോൺട്രാക്ടറെ നിശ്ചയിച്ച് അഡ്വാൻസ് കൊടുത്തു നിർമ്മാണം തുടങ്ങി . 3 മാസത്തിനുള്ളിൽ താഴത്തെ നിലയുടെ നിർമ്മാണം പൂർത്തിയാകും. ഡിസംബർ മുതൽ ആസ്ഥാന മന്ദിര ധനസമാഹരണത്തിനായി ഉപസഭകളിൽ ജില്ലാ ടീം എത്തുന്നതാണ്. മൊത്തം 40 ലക്ഷം രൂപയോളം ചെലവു വരുന്ന താണ് ഈ സ്വപ്ന പദ്ധതി.

ഒക്ടോബർ മാസം 27 ന് നടന്ന ജില്ലാ സഭാ പ്രവർത്തകരുടെ മീറ്റിംഗിൽ സംസ്ഥാന നേതാക്കളെ ആദരിക്കുകയും സംസ്ഥാന നേതൃത്യം ഉപസഭകളുമായും പ്രവർത്തകരുമായും ചർച്ചകൾ നടത്തുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു. മലബാർ ദേവസ്വം യൂനിയൻ നേതാക്കൾ, ശാന്തി ക്ഷേമ യൂനിയൻ പ്രതിനിധികൾ, ടെമ്പിൾ എംപ്ലോയീസ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരുമായി സംസ്ഥാന നേതൃത്വം ചർച്ചകൾ നടത്തി.മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി സംസ്ഥാന വൈസ് പ്രസിഡണ്ടായപ്പോൾ ഒഴിവുവന്ന കോഴിക്കോട് ജില്ലാ പ്രസിഡണ്ട് സ്ഥാനത്തേക്ക് മധു അരീക്കര എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു .

ചാത്തമംഗലം, ബാലുശ്ശേരി, കക്കോടി. കണ്ണിപറമ്പ് , മുക്കം, താമരശ്ശേരി , ഫറോക്ക്, കോഴിക്കോട് സിറ്റി, വടകര, മുയിപ്പോത്ത്, തിനൂർ

**കോഴിക്കോട് ജില്ലാ പ്രവർത്തകരുടെ ചിരകാലാഭിലാഷമായ ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനം ബ്രഹ്മശ്രീ പാതിരിശ്ശേരി ശങ്കരൻ നമ്പൂതിരിപ്പാട് നിർവഹിച്ചു. കോൺട്രാക്ടറെ നിശ്ചയിച്ച് അഡ്വാൻസ് കൊടുത്തു നിർമ്മാണം തുടങ്ങി . 3 മാസത്തിനുള്ളിൽ താഴത്തെ നിലയുടെ നിർമ്മാണം പൂർത്തിയാകും.**

എന്നീ ഉപസഭകളിൽ ജില്ലാ ഭാരവാഹികൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.മുക്കം വനിതാ സഭയുടെ നേതൃത്വത്തിൽ 4 മുതൽ 15 വയസ്സ് വരേയുള്ള കുട്ടികൾക്കായി കളിയും ചിരിയും എന്ന പ്രോഗ്രാം നടത്തി . 45 ഓളം പേർ പങ്കെടുത്തു.

ചാത്തമംഗലം ഉപസഭ കുടുംബസംഗമത്തിൽ മൊബൈൽ അപ്ലിക്കേഷനുകളെപ്പറ്റി ബി.എസ് എൻ എല്ലിലെ രാജൻ നമ്പീശൻ ക്ലാസെടുത്തു. പൂക്കൾ നിർമാണത്തെപ്പറ്റി രത്നം പാറക്കോടും ക്ലാസെടുത്തു.ഫറോക്ക് യുവജന സഭ പേഴ്സണാലിറ്റി ഡെവലപ്മെന്റിനെപ്പറ്റി വർക്ക്ഷോപ്പ് നടത്തി. പ്രാതിനിധ്യം കൊണ്ടും വിഷയം കൊണ്ടും അവതരണ രീതി കൊണ്ടും യുവജന സഭയുടെ ഈ സംരംഭം ശ്രദ്ധേയമായി.

വിദ്യാർത്ഥികളുടെ സർവേ റിപ്പോർട്ടും ശേഖരിച്ചു വരുന്നു .വടകര, മുയിപ്പോത്ത് ഉപസഭകളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. നരിക്കുനി ഉപസഭ ഏരിയയിലെ ഇല്ലങ്ങളിൽ സന്ദർശനം നടത്തി രാമല്ലൂർ ഉപസഭാ പ്രവർത്തകർ 60 പുതിയ മെമ്പർമാരെ ചേർത്തു. കുന്നമംഗലത്തും കൂഴക്കോട്ടും പിലാശ്ശേരിയിലുമുള്ള കുറച്ചു കുടുംബങ്ങളെ കുന്നമംഗലം ഉപസഭ രൂപീകരിക്കാനും ധാരണയായി. നേതൃത്വമേറ്റെടുത്ത് പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ചേർത്ത് പഴയ നരിക്കുനി ഉപസഭ പുനരുജ്ജീവിപ്പിക്കുവാനും തീരുമാനിച്ചു.

സ്വസ്തി ടീം അംഗങ്ങളെ പുനഃസംഘടിപ്പിച്ചു . ഉപസഭകൾ സ്വസ്തിയുടെ വരിക്കാരെ കൂട്ടുന്നതിനും വിതരണത്തിനും പരസ്യങ്ങൾക്കുമായി കൂടുതൽ ഉത്തരവാദിത്വങ്ങൾ എടുക്കുവാൻ തുടങ്ങി.ഉപസഭകൾ പാൻകാർഡ് എടുക്കാനുള്ള ശ്രമങ്ങൾ തുടങ്ങാനിരിക്കുന്നു . ജില്ലാ സഭകളിലും ഉപസഭകളിലും ഓഡിറ്റിംഗ് നടത്താനും തീരുമാനിച്ചു.

ജില്ലയിലെ ഒരു ദിവസത്തെ നേതൃത്വ പഠന ക്യാമ്പ് പ്രജാഗരം 2020 ജനുവരി 26 ന് നടത്തുവാൻ തീരുമാനിച്ചു.

പ്രവർത്തന രംഗത്ത് മാതൃക കാട്ടിക്കൊണ്ടിരിക്കുന്ന മുഴുവൻ ജില്ലാ സഭാ അംഗങ്ങൾക്കും എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പം നിൽക്കുന്ന സംസ്ഥാന നേതൃത്യത്തിനും നന്ദി. യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റിക്കു വേണ്ടി

**താമരക്കുളം ദിവാകരൻ നമ്പൂതിരി**
**സെക്രട്ടറി**



*ജില്ലാ വനിതാ സഭ മീറ്റിംഗിൽ ശ്രീ കണ്ടമംഗലം പരമേശ്വരൻ നമ്പൂതിരി ഭഗവദ് ഗീതയിലെ കർമ്മയോഗത്തെ അധികരിച്ച് സംസാരിക്കുന്നു.*

# മുക്കത്തെ കുടുംബമേള തിരുവാതിര രാവിൽ

നവംബർ മാസത്തെ ഉപസഭാ മീറ്റിംഗ് മൂത്തേടം ഇല്ലത്തു ചേർന്നു. ഉപജില്ലാ ജില്ലാ മേളകളിൽ ഉന്നത വിജയം നേടിയവരെ അനുമോദിച്ചു. ഉപസഭയുടെ കുടുംബമേള ധനുമാസത്തിലെ തിരുവാതിര രാവിൽ കൊറ്റിവട്ടം ഇല്ലത്തു വിപുലമായ പരിപാടികളോടെ നടത്തുവാൻ തീരുമാനിച്ചു.

പരസ്പര സഹായ നിധി എല്ലാ മാസവും കൃത്യമായി നടക്കുന്നു.വനിതാ സഭയുടെ നേതൃത്വത്തിൽ ഗീതാ പാരായണം താമരക്കുളം പ്രസാദത്തിൽ നടന്നു.കുട്ടികൾക്കുള്ള തിരുവാതിര കളി പരിശീലനത്തിനും തുടക്കമിട്ടു.

ഉപസഭ സെക്രട്ടറി<br>
കാഞ്ഞിരത്തോട്ടം ജയശങ്കർ.

# ഇത്രയുമുണ്ട് ഉച്ചക്കാവിൽ

1500 പേർക്ക് വച്ചു വിളമ്പാനുള്ള പാത്രങ്ങൾ.വേളിസദ്യ പോലുള്ളതിന് എങ്ങും പോണ്ട. നമ്പൂതിരിമാർക്ക് ഇത് മിതമായ നിരക്കിൽ ലഭിക്കും. മാത്രമല്ല ഒരു കാറ്ററിംഗ് യൂണിറ്റും സഭയ്ക്കു കീഴിലുണ്ട്. ചെറിയ പരിപാടികൾ നടത്താൻ മേശയും കസേരയും വാങ്ങിച്ചു.ഇതിനും പുറമെ സോപ്പു നിർമ്മാണത്തിൽ സഭാംഗങ്ങൾക്ക് പരിശീനവും നൽകുന്നു. അംഗങ്ങൾ തയ്യാറാക്കിയ സോപ്പ് വില്പനയ്ക്കുമുണ്ട്.

എല്ലാ മാസവും ഇല്ലങ്ങളിൽ വച്ച് യോഗം. ഓണാഘോഷം , രാമായണ മാസാചരണം പോലുള്ളതും നടത്തി വരുന്നുണ്ട്.സംസ്ഥാന സമ്മേളത്തിൽ നാലു പ്രതിനിധികളും പങ്കെടുത്തു.ചുഴലിപ്പുറത്ത് വാസുദേവൻ നമ്പൂതിരി യാണ് പ്രസിഡന്റ്.

സെക്രട്ടറി ചെറുവക്കാട്ട്<br>
കേശവൻ നമ്പൂതിരി<br>
9495565915

# എല്ലാവർക്കും തുല്യ നിയമം എല്ലാവർക്കും തുല്യനീതി




*പ്രതിഷേധ പ്രകടനം*

വടകര ഉപസഭ വടകര ടൗണിൽ നിന്ന് പ്ലക്കാർഡുകളേന്തി പുതിയ ബസ്റ്റാന്റ് പരിസരത്തേയ്ക്ക് പ്രകടനം സംഘടിപ്പിച്ചു.എല്ലാവർക്കും തുല്യ നിയമം എല്ലാവർക്കും തുല്യനീതി എന്ന മുദ്രാവാക്യം പ്രകടനത്തിൽ ശക്തമായി ഉയർത്തപ്പെട്ടു.30 ഓളം അംഗങ്ങൾ അണിചേർന്ന പ്രകടനം പ്രസിഡൻറ് കേശവൻ നമ്പൂതിരി കുനിയില്ലം ഉദ്ഘാടനം ചെയ്തു.

വാളയാറിൽ മരണപ്പെട്ട കുട്ടികൾക്ക് നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വായ മൂടിക്കെട്ടിയായിരുന്നു ഒക്ടോബർ 29 ന് പ്രകടനം സംഘടിപ്പിച്ചത്. ഉപസഭയിലെ അംഗങ്ങളായ ഉണ്ണികൃഷ്ണൻ മൊളേരി ഇല്ലം, ശ്രീനിവാസൻ അരിങ്ങോട്ടില്ലം, ഗിരീഷ് തയ്യില്ലം എന്നിവരുടെ വിവാഹത്തിന് ഉപസഭ പുരസ്കാരങ്ങൾ സമ്മാനിച്ചു. മൊളേരി ഇല്ലത്ത് അന്തരിച്ച രാധാ അന്തർജ്ജനത്തിന്റെ പിണ്ഡക്രിയയ്ക്ക് വേണ്ട സഹായങ്ങൾ നിവൃത്തിച്ചു

ശ്രീഹരി വിഷ്ണു<br>
സെക്രട്ടറി<br>
മൊബൈൽ 9400980039

# പെരുമണ്ണ ഉപസഭ ചികിത്സാ സഹായം നൽകും

അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പുത്തൂർ തെഞ്ചീരി ഇല്ലത്തെ വാസുദേവൻ (47) നമ്പൂതിരിക്ക് സഹായധനം കൊടുക്കാൻ പെരുമണ്ണ ഉപസഭ മീറ്റിംഗ് തീരുമാനിച്ചു. പ്രസിഡന്റ് പാറക്കോട് ഗോവിന്ദൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. ഐ.ഐ.ടിയിൽ ജെ.ആർ.എഫ് കിട്ടിയ പുല്ലങ്ങോട്ടെ ഗായത്രിയെയും ജില്ലാ കലോത്സവത്തിൽ മോഹിനിയാട്ടത്തിലും സംഘനൃത്തത്തിലും എ ഗ്രേഡ് ലഭിച്ച ആർദ്ര മാളികയെയും അനുമോദിച്ചു.അന്തരിച്ച പാടേരി രാമൻ നമ്പൂതിരിപ്പാടിന് ആദരാഞ്ജലികൾ അർപ്പിച്ചു .തിരുവാതിര കൊണ്ടാടാൻ തീരുമാനിച്ചു.പുതിയ ട്രഷറർ ആയി പുല്ലങ്ങോട്ടില്ലത്ത് വിഷ്ണു നമ്പൂതിരി സ്ഥാനമേറ്റു.വതിതാസഭ സഹായ നിധി നടത്തിവരുന്നു .സഭയ്ക്ക് പാൻ കാർഡ് ഉണ്ടാക്കാൻ ശ്രമം തുടങ്ങി.

ലത തായട<br>
സെക്രട്ടറി<br>
മൊബൈൽ 9645455648

## ○ ചേവായൂരിൽ വനിതാ സഭ

ചേവായൂർ ഉപസഭയിൽ ഗിരിജാ മരുതാട്ട് പ്രസിഡണ്ടും ഡോ.മഞ്ജു നടുവിലേടത്ത് സെക്രട്ടറിയുമായി വനിതാ സഭ രൂപീകരിച്ചു. തിരുവാതിര ആഘോഷങ്ങൾ ജനുവരി 9ന് 6 മണിയ്ക്ക് ഹരിപ്രസാദ് മണിയഞ്ചേരിയുടെ ഇല്ലത്ത് നടത്താൻ തിരുമാനിച്ചു.പരസ്പര സഹായ നിധി നറുക്കെടുപ്പും പ്രവർത്തക സമിതി യോഗവും അന്ന് നടത്തും.സ്വസ്തിയ്ക്ക് പുതിയ വരിക്കാരെ ചേർക്കാനും ജില്ലാ ആസ്ഥാന മന്ദിരത്തിലേയ്ക്കുള്ള അമ്പതായിരം രൂപ നൽകാൻ തിരുമാനിച്ചു. ബാലകൃഷ്ണൻ മൂസ്സത്, തിരുമംഗലം കൃഷ്ണൻ നമ്പൂതിരി എന്നിവർ പങ്കെടുത്തു.



കൊയിലാണ്ടി ഉപസഭ നടത്തിയ വിനോദയാത്ര മൈസൂർ

## ○ കണ്ണി പറമ്പ് ഉപസഭ

ഒക്ടോബർ 2 സേവനദിനമായി ആചരിച്ചു. ശിവക്ഷേത്ര പരിസരം വൃത്തിയാക്കി. മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി ഉൽഘാടനം ചെയ്തു . കാരുണ്യ നിധിയിൽ നിന്നും പതിനായിരം രൂപ പി.ഇ.പരമേശ്വരൻ ന മ്പൂതിരിയ്ക്ക് ചികിത്സക്ക് വേണ്ടി നൽകി. വനിതാ സഭയുടെ നേതൃത്വത്തിൽ ഉൽപന്ന നിർമാണവും വിപണനവും നടന്നു വരുന്നു. ഉപസഭയ്ക്ക് ഒരു ഓഫീസാണ് അടുത്ത ലക്ഷ്യം

## ○ വിനോദയാത്ര നടത്തി

കൊയിലാണ്ടി ഉപസഭ കുടുംബാംഗങ്ങളുമൊത്ത് മൈസൂർ വിനോദയാത്ര നടത്തി.അംഗങ്ങളിൽ നിന്നു സമാഹരിച്ച തുക കൊണ്ട് 750-ഓളം പേർക്ക് സദ്യ ഒരുക്കാവുന്ന പാത്രങ്ങൾ വാങ്ങി.

## ○ താമരശ്ശേരി ഉപസഭ

കോഴിക്കോട് ആസ്ഥാന മന്ദിരത്തിന്റെ ഫണ്ടിലേക്ക് സഹായിക്കാൻ തീരുമാനിച്ചു .

സെക്രട്ടറി സ്ഥാനം തൽക്കാലികമായി ജോയിന്റ് സെക്രട്ടറി കിരൺ ലാലിനെ ഏൽപ്പിച്ചു.കുട്ടികളുടെ ഡാറ്റാ ബാങ്കിന്റെ വിവരം ഉടൻ തന്നെ അറിയിക്കുന്നതാണ്.

# പാണിഗ്രഹണം

ബുധ ദശ, 1 വർഷം, 4 മാസം, 24 ദിവസം
പേര്: അർജുൻ ജി.എൻ. നക്ഷത്രം: തൃക്കേട്ട, ജനന സമയം: 11.35 മ.ാ., ജനന തിയ്യതി: 13.1.1991. ജനനസ്ഥലം: കോഴിക്കോട്, ഉയരം: 179 സെ.മീ., വിദ്യാഭ്യാസ യോഗ്യത: ബി.ടെക്ക് (കമ്പ്യൂട്ടർ സയൻസ്), ജോലി: സോഫ്റ്റ്‌വെയർ എൻജിനീയർ, ഇൻഫോപാർക്ക്, കൊച്ചി. അച്ഛൻ: റിട്ട. ബാങ്ക് ഉദ്യോഗസ്ഥൻ, അമ്മ: റിട്ട. അദ്ധ്യാപിക. സഹോദരി: വിവാഹിത
മൊബൈൽ: 9946155443.

| | | | |
|---|---|---|---|
| ല | | കു | മാ |
| | ഗ്രഹനില | | ഗു ശി |
| ശു മ സ | | | |
| ര ബു | ച | | |

| | | | |
|---|---|---|---|
| ച | | | |
| കു മ സ | അംശകം | | |
| ല ര ഗു മാ | | | ശി |
| | | | |

പേര്: രവി രാജ്. ജനന തിയ്യതി: 27/02/1987, നക്ഷത്രം: അവിട്ടം, ഉയരം: 171 സെ.മീ., വിദ്യാഭ്യാസ യോഗ്യത: ബി.എ. (ലിറ്ററേച്ചർ), അയാട്ട, എയർപോർട്ട് മാനേജ്മെന്റ്, ജോലി: അസിസ്റ്റന്റ് മാനേജർ (ഫ്രന്റ് ഓഫീസ്), സിതാറാം ബീച്ച് റിട്രീറ്റ്, നാട്ടിക, തൃപ്രയാർ, തൃശൂർ, അച്ഛൻ: വിഷ്ണു കെ. എസ്. (റിട്ട. ധനലക്ഷ്മി ബാങ്ക്), കിഴിയേടത്ത് മന, ചേർപ്പ്, തൃശ്ശൂർ ജില്ല, അമ്മ: രമണി (ഹൗസ് വൈഫ്) സഹോദരൻ: കീർത്തി രാജ് (വിവാഹിതൻ) (ശുദ്ധജാതകം)
വിലാസം: വിഷ്ണു- 9074324393, കീർത്തിരാജ്- 9847616608

| | | | |
|---|---|---|---|
| ഗു സ | കു | | |
| ര ബു | ഗ്രഹനില | | |
| ച ശു | | | |
| മാ | ല മ | | ശി |

| | | | |
|---|---|---|---|
| ല | | ബു ശു | ശി |
| ര ബു മ | അംശകം | | കു |
| ശു | | | ഗു |
| സ | | | ച |

ബുധന് മൗഢ്യമുണ്ട്

സ്വാദിഷ്ടമായ പലഹാരങ്ങൾക്ക് സമീപിക്കുക

# ലക്ഷ്മീ സ്വീറ്റ്സ്





തളി റോഡ്,

കോഴിക്കോട് – 2

ഫോൺ : 0495 230614 2



മാല, ബൊക്കെ എന്നിവ വിശ്വസ്തതയോടെ നിർമ്മിച്ചു നൽകുന്നു.

# ഐശ്വര്യ ഫ്ളവർസ്റ്റാൾ





തളി റോഡ്, പാളയം

കോഴിക്കോട് – 2

ഫോൺ: 0495 2300227


# യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ മന്ദിരത്തിന് പലിശരഹിത വായ്പ / സംഭാവന നൽകിയവർ

| | |
|---|---|
| 1. ഹേമലത പാറക്കോട് | 100000 |
| 2. കെ.ഐ വിഷ്ണു നമ്പൂതിരി | 100000 |
| 3. താമരക്കുളം ദിവാകരൻ | 50000 |
| 4. നാറണിയാട് ദാമോദരൻ നമ്പൂതിരി | 50000 |
| 5. മധു അരീക്കര | 50000 |
| 6. പി. എം. ജി നമ്പൂതിരി | 50000 |
| 7. കെ. എം. പരമേശ്വരൻ നമ്പൂതിരി | 50000 |
| 8. സ്വസ്തി ത്രൈമാസിക | 50000 |
| 9. പാലകുന്നം പരമേശ്വരൻ നമ്പൂതിരി | 25000 |
| 10. കൊളപ്പുറം നാരായണൻ നമ്പൂതിരി | 50000 |
| 11. ചേക്രക്കൽ ഉണ്ണികൃഷ്ണൻ നമ്പൂതിരി | 50000 |
| 12. താമരക്കുളം വാസുദേവൻ നമ്പൂതിരി | 50000 |
| 13. പാതിരിശ്ശേരി ശങ്കരൻ നമ്പൂതിരിപ്പാട് | 10500 |
| 14 രാമല്ലൂർ തെഞ്ചേരി കൃഷ്ണൻ നമ്പൂതിരി | 10000 |
| 15. വാഴാമ്പറ്റ ഉണ്ണിനാരായണൻ നമ്പൂതിരി | 50000 |
| 16. ചാത്തനാട്ട് രാമചന്ദ്രൻ നമ്പൂതിരി | 50000 |
| 17. കോഴിക്കോട് സിറ്റി വനിതാസഭ | 50000 |
| 18. ശ്രീകാന്ത് തളിയിൽ മന | 50000 |
| 19. കെ.എ.ബാലസുബ്രഹ്മണ്യൻ നമ്പൂതിരി | 50000 |
| 20. ബാലകൃഷ്ണൻ മൂസത് | 50000 |



*ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനം ബ്രഹ്മശ്രീ പാതിരിശ്ശേരി ശങ്കരൻ നമ്പൂതിരിപ്പാട് നിർവഹിച്ചപ്പോൾ*



# ക്രാഫ്റ്റ് ചെയ്യാം പുത്രനേയും



ഡോ: ഷാജി അബ്ദുൾ ഗഫൂർ

വന്ധ്യതയുടെ പ്രയാസവും അതിനെ മറികടക്കാനുള്ള ആലോചനയും ഇന്നു തുടങ്ങിയതല്ല.രാമായണത്തിൽ ദശരഥൻ നടത്തുന്ന പുത്രകാമേഷ്ടി ഇത്തരത്തിലൊന്നാണ്. മഹാഭാരതത്തിലെ കൗരവോല്പത്തിയിലും കാണാം സമാനമായ കഥകൾ. ലോകത്തെ ഏതാണ്ടെല്ലാ പ്രാചീന സംസ്കൃതികളിലും ഇത്തരം കഥകളുണ്ട്.ക്ളോണിംഗ്,ടെസ്റ്റ് ട്യൂബ് ശിശു, വാടകഗർഭപാത്രം, ഗർഗപാത്രമില്ലാത്ത ഗർഭധാരണം തുടങ്ങിയ പഴയ കാലത്തും മനുഷ്യരുടെ ചിന്തയിലുണ്ടായിരുന്നു എന്നതിന് ഇതിഹാസങ്ങൾ സാക്ഷ്യം.

കാലം എത്ര പുരോഗമിച്ചിട്ടും അനപത്യദുഃഖത്തിനു ശാശ്വതമായ അറുതി വന്നിട്ടില്ല.എന്നാൽ ഇക്കാലത്ത് അതിന് നിരവധി പോംവഴികൾ ഉണ്ട്.പലർക്കും അതേപ്പറ്റി വേണ്ടത്ര ധാരണയില്ലെന്നു മാത്രം. നമ്മുടെ നാട്ടിൽത്തന്നെ മികച്ച ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ളത്. അതിലൊന്നാണ് ക്രാഫ്റ്റ് ഹോസ്പിറ്റൽ. പെരിന്തൽമണ്ണയിലും അതിന്റെ ശാഖ പ്രവർത്തനമാരംഭിച്ചു.

കൊടുങ്ങല്ലൂരും കോയമ്പത്തൂരും ദുബൈയിലും മറ്റും ലഭ്യമായിരുന്ന വന്ധ്യതാ ചികിത്സകൾ ക്രാഫ്റ്റ് പെരിന്തൽമണ്ണ ആശുപത്രിയിലും ആരംഭിച്ചതായി മാനേജിങ്ങ് ഡയറക്ടർ ഡോക്ടർ ജുബൈരിയ പറഞ്ഞു.അമ്പതിനായിരത്തിലധികം ദമ്പതിമാർക്കാണ് കുഞ്ഞിക്കാൽ കാണാൻ

പരിചയസമ്പന്നരും പ്രഗത്ഭരുമായ വിദഗ്ധ ഡോക്ടർമാരുടെ സേവനം ക്രാഫ്റ്റിലുണ്ട്. ഏറ്റവും ആധുനികമായ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയ ഡോക്ടർ വഹാബും ടീമുമാണ് നിർവ്വഹിക്കുന്നത് . ഡോക്ടർ ലേഖയും ഡോക്ടർ റഹീമും ഇൻഫെർട്ടിലിറ്റി വിഭാഗത്തെ നയിക്കുന്നു .സർജറിയിൽ ഡോക്ടർ സിദ്ധിക്കിന്റെ സേവനവും ലഭ്യമാണ് .

നവജാതശിശുരോഗ വിഭാഗത്തിൽ ഡോക്ടർ സജ്‌ലയും ഫീറ്റൽ മെഡിസിൻ വിഭാഗത്തിൽ ഡോക്ടർ വിപിനും നേതൃത്വം വഹിക്കുന്നു .വിദഗ്ധരായ നഴ്സിംഗ്, പാരാമെഡിക്കൽ സ്റ്റാഫും ടീം ക്രാഫ്റ്റിന്റെ ഭാഗമാണ് .

വന്ധ്യതക്കും പ്രമേഹത്തിനും ജീവിത ശൈലിയുമായും ഭക്ഷണ ശീലങ്ങളുമായും വലിയ ബന്ധമുണ്ട് .ഒന്നറിഞ്ഞ് മാനേജ് ചെയ്താൽ ഡയബെറ്റീസ് അത്ര കയ്പ്പുള്ള അസുഖമല്ല .നിയന്ത്രണങ്ങളിലും ഇൻസുലിനിലും ഒതുങ്ങി ജീവിതത്തെ നശിപ്പിക്കേണ്ടതുമില്ല . ഡോക്ടർ അഹമ്മദിന്റെ കീഴിൽ പ്രത്യേക പ്രമേഹ ചികിത്സാ വിഭാഗം ക്രാഫ്റ്റ് പെരിന്തൽമണ്ണയുടെ പ്രത്യേകതയാണ് . പ്രമേഹരോഗികളുടെ വ്യായാമം ,ഭക്ഷണം ,മാനേജ്മെന്റ് എന്നിവ നിർദ്ദേശിക്കുന്ന ഡയബെറ്റിക്ക് എഡ്യുക്കേറ്ററുടെ പൂർണ്ണ സമയ സേവനം ക്രാഫ്റ്റിലുണ്ട്.

ഗൈനക്കോളജി, ശിശുരോഗ വിഭാഗങ്ങൾ പെരിന്തൽമണ്ണ ക്രാഫ്റ്റിൽ അത്യന്താധുനിക സംവിധാനങ്ങളോടെ പ്രവർത്തിക്കുന്നു ജനറൽ മെഡിസിൻ ജനറൽ സർജറി എന്നിവയും ക്രാഫ്റ്റിനെ സമ്പൂർണ്ണമാക്കുന്നു. ഇതാണ് വിലാസം: ക്രാഫ്റ്റ്, ചോലാംകുന്ന്, പട്ടാമ്പി റോഡ്, പെരിന്തൽമണ്ണ, മലപ്പുറം ജില്ല.

**മൊബൈൽ 9447156665**

## ഡയബറ്റിക് എഡ്യുക്കേറ്റേഴ്സ്

അതേ, ഇതും ഒരു സാക്ഷരതയാണ്. ഡയബറ്റിക്സ് സാക്ഷരത. എന്താണ് ഡയബറ്റിക്സ് എന്ന് മനസ്സിലാക്കാത്തവരാണ് അധികവും. ഡയബറ്റിക് എഡ്യുക്കേറ്റേഴ്സ് പ്രവർത്തിക്കുന്നത് ഈ മേഖലയിലാണ്. എന്തൊക്കെ ചെയ്താൽ ഡയബറ്റിക്സ് വരാതെ നോക്കാം എന്ന് ഇവർ പറഞ്ഞു തരും. ഇന്ത്യ പ്രമേഹത്തിന്റെ ആഗോള തലസ്ഥാനമാണ്. 7 കോടിയിലധികം പ്രമേഹരോഗികൾ ഇന്ത്യയിലുണ്ട് .കേരളം ഒട്ടും മോശമല്ല . മലയാളിയുടെ ജങ്ക് ഫുഡ് സംസ്ക്കാരം പ്രമേഹം , പൊണ്ണത്തടി, വിഷാദരോഗം ,വന്ധ്യത, ഹൃദ്രോഗം കാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്ക് വാതിൽ തുറക്കുന്നു.ഇലക്കറികൾ ,തവിടു കളയാത്ത അരി ,പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ ഭക്ഷണത്തിന്റെ ഭാഗമാവണം .കൊഴുപ്പ് ശരീരത്തിൽ അടിഞ്ഞുകൂടാത്ത രീതിയിൽ കായികാധ്വാനവും നിർദ്ദേശിക്കപ്പെടുന്ന വ്യായാമവും ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുകയും അകറ്റി നിർത്തുകയും ചെയ്യും.പ്രമേഹ മാനേജ്മെന്റ് ഓരോ രോഗിയിലും വ്യത്യസ്തമാണ് .നിർദ്ദേശങ്ങൾ നൽകാൻ ഡയബറ്റിക് എഡ്യുക്കേറ്റേഴ്സ് വേണം.ഇതിനുള്ള കോഴ്സുകൾ പെരിന്തൽമണ്ണ ക്രാഫ്റ്റിൽ ആരംഭിക്കുകയാണ് .ജീവിതശൈലീരോഗങ്ങളെ മാനേ



ജ് ചെയ്ത് ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി ക്രാഫ്റ്റ് പ്രതിജ്ഞാബദ്ധമാണ് .

( പെരിന്തൽമണ്ണ ക്രാഫ്റ്റ് ഹോസ്പിറ്റൽ ഡയറക്ടറും ഡയബറ്റോളജിസ്റ്റുമാണ് ലേഖകൻ.മൊബൈൽ :9447156665 )



പുതുശ്ശേരി വാസുദേവന്റെയും സുചിത്രയുടെയും മകൻ അർജുൻ പി.വാസുദേവും, മൂർത്തിയേടം കൃഷ്ണൻ നമ്പൂതിരിയുടെയും ലതയുടെയും മകൾ  ഹർഷയും. ഇവർ തമ്മിലുള്ള വിവാഹം തൃശൂർ ശ്രീശങ്കര ഹാളിൽ വെച്ചു നടന്നു



പുതുമന മുരളീധരൻ നമ്പൂതിരിയുടേയും സി.ദേവകി അന്തർജനത്തിന്റെയും മകൻ അനൂപും  പാലക്കാട്ടിരി മനയ്ക്കൽ നാരായണൻ നമ്പൂതിരിയുടേയും സുശീല അന്തർജനത്തിന്റെയും മകൾ നിത്യയും തമ്മിലുള്ള വി വാഹം  വരന്റെ ഇല്ലത്തുവെച്ചു നടന്നു



# ആശംസകൾ

ഷഷ്ഠ്യബ്ദപൂർത്തി
ആഘോഷിക്കുന്ന

**കാഞ്ഞിരത്തോട്ടം**
**ശ്രീദേവി അന്തർജനം**
**(W/o നാരായണൻ നമ്പൂതിരി)**



# ആശംസകൾ





**അമ്പലപുത്തൂരില്ലം,**
**അവിടനല്ലൂർ.**
**ബാലുശ്ശേരി ഉപസഭ**



# അനുമോദനം

യഥാസമയം അനുമോദിക്കുന്നതാണ് അർഹതയ്ക്ക് നൽകാവുന്ന ഏറ്റവും വലിയ അംഗീകാരം.നമ്മുടെ നിരവധി കുട്ടികൾ സ്കൂൾ കലോത്സവങ്ങളിലും മത്സരപരീക്ഷകളിലും മികവ് കാട്ടുന്നുണ്ട്. അത്തരക്കാരെ അതത് ഉപസഭകൾ അനുമോദിക്കാറുമുണ്ട്. പലപ്പോഴും മറ്റു കുട്ടികൾക്ക് പ്രചോദനമാവാനും ഇത്തരം അനുമോദനങ്ങൾ ഉപകരിക്കും. മികവു പുർലത്തിയ എല്ലാവർക്കും സ്വസ്തിയുടെ അനുമോദനങ്ങൾ. കൂടുതൽ ഉയരങ്ങളിലെത്താൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ!



കേരളസംഗീത നാടക അക്കാഡമിയുടെ പുരസ്കാരത്തിന് അർഹനായ കരിയന്നൂർ നാരായണൻ നമ്പൂതിരി



ക്യാംബെൽ മെമ്മോറിയൽ ഗോൾഡ് മെഡൽ പുരസ്കാരത്തിന് അർഹനായ പ്രൊഫ. കേശവൻ വെളുത്താട്ട്



കുറൂരമ്മ പുരസ്കാരം നേടിയ വെൺമണി രാധ അന്തർജനം.



സംസ്ഥാന ഗണിത മേളയിൽ നമ്പർച്ചാർട്ട് ഇനത്തിൽ മൂന്നാം സ്ഥാനം. ആർദ്ര മങ്ങത്തായ



കോഴിക്കോട് റൂറലിൽ സംസ്കൃതം ഉപന്യാസ രചന ഒന്നാം സ്ഥാനം.ടി.എസ്. ആർദ്ര



ഉപജില്ല കലോൽസവത്തിൽ മോഹിനിയാട്ടം എ ഗ്രേഡ് . മേലേടം ആര്യ കൃഷ്ണ



യുവജനോത്സവം ഹൈസ്കൂൾ വിഭാഗം കഥകളി ഒന്നാം സ്ഥാനം. മേധാ പാതിരിശ്ശേരി



മലയാളം പദ്യം ചൊല്ലലിൽ എ ഗ്രേഡ് . മീര കൃഷ്ണൻ. നടുവത്തേടത്ത് മനോജിന്റെ മകൾ



ഭാരതി ദാസൻ യൂണി.യിൽ നിന്ന് മറൈൻ സയൻസിൽപി.എച്ച്.ഡി . പാർവതി വള്ളിവട്ടം



ഉപജില്ലയിൽ അക്ഷര ശ്ലോകം ഒന്നാം സ്ഥാനം പാർവ്വതി .പേരൂർ നീലകണ്ഠൻ നമ്പൂതിരിയുടെ മകൾ



കൊയിലാണ്ടിഉപജില്ലയിൽ അക്ഷര ശ്ലോകം എ ഗ്രേഡ് . പ്രിയദത്ത നരിക്കുനി ഇടമന ഇല്ലം



തോടന്നൂർ ഉപജില്ലയിൽ കന്നഡ പ്രസംഗംമത്സരം എ ഗ്രേഡ്. സാധിക എം.എസ്. കോയിമഠം ഇല്ലം



കേരളയൂണി.യിൽ നിന്ന് എം.എ. വയലിനിൽ ഒന്നാം റാങ്ക്. ടി. ശാന്തികൃഷ്ണ. കൊറ്റിവട്ടം ദാമോദരൻ നമ്പൂതിരിയുടെ മകൾ



കലോത്സവം കവിതാ പാരായണത്തിൽ എ ഗ്രേഡ് . ശ്രീനിധി പാലക്കോൾ. കേശവൻ നമ്പൂതിരിയുടെ മകൾ.



കലോത്സവം ഹിന്ദി കഥാരചന ഒന്നാം സ്ഥാനം. വിഷ്ണു.കെ.മുല്ലപ്പള്ളി മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിയുടെ മകൻ.



കോഴിക്കോട് റൂറലിൽ മോഹിനിയാട്ടം,സംഘനൃത്തം എന്നിവയിൽ ഒന്നാം സ്ഥാനം ആർദ്രമാളിക

## അനുമോദനം..... അനുമോദനം..... അനുമോദനം..... അനുമോദനം..... അനുമോദനം..... അനുമോദനം.....


ഹിന്ദിയിൽ ഡോക്ടറേറ്റ് വി.അർച്ചന. കെ.പി. വിഷ്ണുവിന്റെയും മകളും പികെ.കേശവനുണ്ണിയുടെ ഭാര്യയുമാണ്.


കവിതാ രചന കാർട്ടൂൺ ഉപന്യാസം വിജയി .അജയ്കൃഷ്ണൻ, ഓർക്കാട്ടേരി അലിയങ്ങൾ ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ മകൻ.


ചോമ്പാല സബ് ജില്ലാ കലാമേള ഗ്രൂപ്പ് ഡാൻസ് സെക്കന്റ് ശ്രാവണ കെ.എം. കോയ്മ മഠം ഇല്ലം, അഴിയൂർ


വിദ്യാരംഗം സാഹിത്യകിസ്, കഥാരചന എന്നിവയിൽ ഒന്നാം സ്ഥാനം ശ്രീലക്ഷ്മി വി.എസ്.വീട്ടിക്കാട് സന്തോഷിന്റെ മകൾ.കണ്ണിപറമ്പ്


ജില്ലാതല കലാമേള സംസ്കൃത പദ്യം ചൊല്ലലിൽ എ ഗ്രേഡ്. പാർവ്വതി വി.എസ്., വീട്ടിക്കാട് സന്തോഷിന്റെ മകൾ.കണ്ണിപറമ്പ്


ജില്ലാ കലോത്സവത്തിൽ കന്നട പദ്യത്തിൽ ഒന്നാം സ്ഥാനം.ഭാവന കൃഷ്ണ.ചൂലൂർ പുളിയശ്ശേരി കൃഷ്ണൻ നമ്പൂതിരിയുടെ മകൾ


ജില്ലാതലത്തിൽ ഇംഗ്ലീഷ് റെസിറ്റേഷൻ എഗ്രേഡ് മാളവിക ബാലുശ്ശേരി.എടക്കുന്നത്ത് മന സുബാഷ് നമ്പൂതിരിയുടെ മകൾ


കോഴിക്കോട് കേരളോത്സവത്തിൽ മൃദംഗത്തിൽ ഒന്നും തബലയിൽ രണ്ടും സ്ഥാനം നേടിയ ശ്യാം പുരുഷോത്തമൻ


മീരാകൃഷ്ണൻ ,പദ്യം ചൊല്ലൽ എ ഗ്രേഡ്.അരീക്കോട് നടുവത്തേടത്ത് മനോജ് കുമാറിന്റെ മകൾ


കഥകളി ഗ്രൂപ്പിൽ രണ്ടാം സ്ഥാനം വേദ നമ്പൂതിരി നേടി. മുണ്ടോളികളും വിഷ്ണുനമ്പൂതിരിയുടെ മകൾ


ഭദ്ര കെ.എം.പി. കഥകളിസംഗീതം സ്കൂൾ കലോൽസവം എ.ഗ്രേഡ് പുല്ലങ്കോട് സുരേഷിന്റെ മകൾ ഫറോക്ക്.


കലാമണ്ഡലത്തിൽ കവിതാലാപനത്തിൽ രണ്ടാം സ്ഥാനം . ശ്രീഭദ്ര പി.എം. പുളിയപ്പിലാശ്ശേരി ഗോവിന്ദൻ നമ്പൂതിരിയുടെ മകൾ .ഫറോക്ക്


കലോത്സവത്തിൽ സംസ്കൃത പദ്യം എ ഗ്രേഡ്. രഘു ശങ്കർ .കോടിതലപ്പണ ശങ്കരൻ നമ്പൂതിരിയുടെ മകൻ


സംസ്കൃതം പദ്യം ചൊല്ലലിൽ എ ഗ്രേഡ് ദേവനന്ദ. കെ.ടി , കോടി തലപ്പണ പരമേശ്വരൻ നമ്പൂതിരിയുടെ മകൾ


കോഴിക്കോട് റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ മൂന്ന് സ്വർണ്ണം. മുറമ്പാത്തി പുതുമന ആര്യൻ


# ശ്രീ ശങ്കര വൈദിക സാംസ്കാരിക കേന്ദ്രം

**ചെമ്രക്കാട്ടൂർ, അരീക്കോട്- 673639**


**റജിസ്റ്റർ നമ്പർ 384 - 4- 2005**

**മാനേജിങ്ങ് ട്രസ്റ്റി**
**വി.കെ.നാരായണൻ നമ്പൂതിരി**
**9495452386**

# ആദരാഞ്ജലികൾ



പാതിരിശ്ശേരി പ
രേതനായ വിഷ്ണു
നമ്പൂതിരിയുടെ ഭാര്യ
മാധവി അന്തർജനം



വൈക്കം തന്ത്രി കിഴ
ക്കിനിയേടത്ത് മേയ്ക്കാ
ട് നാരായണൻ
നമ്പൂതിരി



മണ്ണാറശ്ശാല ഇല്ലത്ത്
ഇളയ കാരണവർ
എം.എൻ.നാരാ
യണൻ നമ്പൂതിരി




കല്ലാച്ചി വിഷ്ണുമം
ഗലം മൊളേരി ഇല്ലം
നാരായണൻ നമ്പൂ
തിരിയുടെ ഭാര്യ രാധ
അന്തർജ്ജനം



പാടേരി രാമൻ
നമ്പൂതിരിപ്പാട്, പെരു
മണ്ണ ഉപസഭ



എളമന കൃഷ്ണൻ
നമ്പൂതിരിയുടെ ഭാര്യ
ശ്രീദേവി അന്തർജനം



രോഹിത് കുമാർ
പുലാമന്തോൾ അവി
ഞ്ഞിക്കാട്ട് മന



പ്രമുഖ തന്ത്രി പാടേരി
വലിയശങ്കരൻ നമ്പൂതി
രിപ്പാട്. പെരുമണ്ണ
ഉപസഭ



പഞ്ഞാവൂർ
മനയ്ക്കൽ ശ്രീദേവി
അന്തർജ്ജനം
സിറ്റി ഉപസഭ



പാലാഞ്ചേരി
നീലകണ്ഠൻ നമ്പൂതിരി
പെരുമണ്ണ ഉപസഭ



തിരുമംഗലം നങ്ങുനീലി
അന്തർജനം
ചേവായൂർ ഉപസഭ



മൊറയൂർ കളത്തിൽ
നാരായണമംഗലത്ത്
മനയിൽ രാജകുമാരി
അന്തർജനം




# വി ടി പറഞ്ഞത് നേരായ് വന്നൂ

പോയ നൂറ്റാണ്ടിന്റെ ആദ്യത്തിൽ ഈ സാമു-
ദായിക കാര്യങ്ങളേറെ കഷ്ടം.
സമ്പത്ത് ,ജന്മിത്വം, മാന്യതയെല്ലാമേ
നന്നായിത്തന്നെയുണ്ടെന്നാകിലും
ഇത്തിരി വെട്ടം ലഭിക്കാതെയന്നെല്ലാം
ഒത്തിരി അന്ധകാരത്തിൽത്തന്നെ.

അന്ധകാരം മെല്ലെ മാറ്റാൻ പരിഷ്കാര
ദീപവും വെട്ടവുമായിയെത്തീ.
വീട്ടിയും എംബിയും എംആർബിയും, പിന്നെ
ഐസിപി പള്ളം തുടങ്ങിയവർ.
ശക്തരായ് വേരെച്ചിലരെതിർക്കാൻ വന്നു
ശക്തികുറഞ്ഞുപിൻമാറിപ്പോയീ
പിന്നിലായ് ഊർജ്ജസ്വലരാം ചെറുപ്പക്കാ-
രൊന്നിച്ചണി നിരന്നേറ്റുമുട്ടീ.
കാവ്യങ്ങൾ നാടകവേദികളോരോന്നും
ദിവ്യായുധങ്ങളായ് മാറ്റീയവർ.
വെന്നിക്കൊടികളോ പാറീ വിജയിച്ചൂ
അന്നത്തെ വിപ്ളവം സാർത്ഥകമായ്.

പിന്നെയും മുന്നോട്ടു പോയീചെറുപ്പക്കാർ
നമ്മുടെ സംസ്കാരം തച്ചുടച്ചൂ.
അന്നേരം വി ടി സുഹൃത്തിനോടിങ്ങനെ
ചൊന്നൂ പരിഷ്കാരം നിർത്താമിനി.
മുമ്പോട്ടു വീണ്ടുമേ പോവുകിൽ സംസ്കാരം
അമ്പേ ശോഷിച്ചു നശിച്ചുപോകും.
അമ്പത്തഞ്ചാണ്ടുകൾ മുമ്പൊരുനാളിങ്കൽ
സങ്കടത്തോടന്നു വി.ടി ചൊല്ലീ

അമ്പത്തഞ്ചാണ്ടുകൾക്കിപ്പുറം ഞാനൊരു
സ്വസ്തി വായിച്ചപ്പോൾ ഞെട്ടിപ്പോയീ
അദ്ദേഹമന്നു പറഞ്ഞൊരാക്കാര്യങ്ങൾ
അദ്ഭുതം! അച്ചട്ടായ് തീർന്നുവെന്നോ?
ആചാര്യന്മാരേയുമാചാരങ്ങളേയും
ആകവേ ചോദ്യംചെയ്യുന്ന കാലം.
ഭാവുകം നേരുന്നു സ്വസ്തിക്കും ,പിന്നിലെ
ഭാവനാചാര്യരാമാളുകൾക്കും.



**പ്രിയദത്ത അന്തർജനം**
**പന്ന്യംവള്ളി ഇല്ലം**
**നന്മണ്ട**

# Namaste!

We have started subscribing Swasthi magazine and we got the first one in July. We would like to know whether we can buy old available editions of Swasthi magazine?

My cousin Jithesh Panakkat who is in Calicut introduced us to Swasthi and we have made our subscription (to Narendran P K, Sadanam, Pulloor Kuttanikkad Mana, Manjeri). The content of the magazine is very interesting due to its quality and also the research and other effort put in.

Let's know if we can get old editions. I can transfer the money to the Swasthi account for the same if you would let me know.

Thank you,Kind regards,
**Sreejith Pulloor**

## ആ ഇല്ലപ്പെരുമയിൽ അവർ ഇല്ല

സ്വസ്തി 2019 ജൂലായ് ലക്കം ഇല്ലപ്പെരുമയിൽ മാനിപുരം മക്കാട് ഇല്ലത്തെപ്പറ്റിയുള്ള ലേഖനം കണ്ടുവെന്നും അതിൽ മരുമക്കളായി തങ്ങളുടെ ഫോട്ടോയും വിവരങ്ങളും ചേർത്ത് കണ്ടുവെന്നും തങ്ങളുടെ അറിവോ സമ്മതമോ കൂടാതെയാണ് അവ പ്രസിദ്ധീകരണത്തിന് നൽകിയതെന്നും തൃശൂർ കൊരട്ടി സൗത്തിലെ മംഗലശ്ശേരി മനയിൽ നിന്ന് അനിത, ലേഖ, വിനോദ് എന്നിവർ അറിയിച്ചിരിക്കുന്നു.അവരുടെ ഫോട്ടോയും വിവരങ്ങളും സ്വസ്തിയിൽ ഇല്ലപ്പെരുമയോടൊപ്പം നൽകിയത് ദൗർഭാഗ്യകരമായെന്നും അവർ സ്വസ്തി ടീം അംഗങ്ങളെ അറിയിച്ചിരിക്കുന്നു.

സ്വസ്തിയിലെ പരാമർശങ്ങൾ അവർക്ക് മനോവിഷമം ഉണ്ടാക്കാനിടയാക്കിയതിൽ ക്ഷമ ചോദിക്കുന്നതോടൊപ്പം സ്വസ്തിയോട് അവർ കാണിച്ച സ്നേഹതാല്പര്യങ്ങൾക്ക് നന്ദിയും പറയുന്നു.

എന്ന്
ടീം സ്വസ്തി.
യോഗക്ഷേമസഭ
കോഴിക്കോട് ജില്ലാ കമ്മിറ്റി
കോവൂർ.

**സ്വസ്തി കിട്ടാനും രചനകൾ അയക്കാനും**
**9072383651**

യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

swasthithrimonthly@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലും യോഗക്ഷേമസഭ ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട്, പിൻ 673017 എന്ന വിലാസത്തിലും **9072383651** എന്ന വാട്സ് ആപ്പ് നമ്പറിലും കത്തുകൾ അയക്കാവുന്നതാണ്.

സ്വസ്തി ഒക്ടോബർ ലക്കത്തിലെ പിതൃവാത്സല്യം സംഗീതം , നാടകമേ ഉലകം, സർവകലാ വല്ലഭൻ എന്നീലേഖനങ്ങൾ മികച്ചതായി. കുറുപ്പാശാന്റെ മാസ്മരികമായ ആലാപന ശൈലി അതേപടി പിന്തുടരുന്ന ദീപയുടെ മികവ് പൈതൃകത്തിന്റേതുതന്നെ. കഥകളിക്കാരനായ നരിപ്പറ്റയുടെ മകൾ രജിത പ്രശസ്തയായതിലുമുണ്ട് പൈതൃകത്തിളക്കം. അടക്കാപുത്തൂർ ഹൈസ്കൂളിലെ ചിത്രകലാദ്ധ്യാപകനായിരുന്ന എ.കെ.കൃഷ്ണൻ നമ്പൂതിരിയെക്കുറിച്ച് ഉഷയുടെ കുറിപ്പ് വായിച്ചപ്പോൾ ഏറെ സന്തോഷം തോന്നി. അദ്ദേഹത്തോടൊപ്പം മൂന്നു പതിറ്റാണ്ടു കാലം കഴിഞ്ഞത് ജീവിതത്തിലെ സുവർണ്ണകാലം തന്നെയായിരുന്നു.മാസ്റ്ററുടെ ശിഷ്യന്മാരായ ആർട്ടിസ്റ്റ് സുരേഷ് നായർ, ശില്പി കൃഷ്ണകുമാർ, ഹരിഗോവിന്ദൻ എന്നിവരെല്ലാം ഗുരുത്വമുള്ളവരും പ്രശസ്തരുമാണ്. സുഹൃത്തും സഹപ്രവർത്തകനുമായ അദ്ദേഹത്തിന്റെ സ്മരണക്കു മുന്നിൽ നമോവാകം.

**മോഴികുന്നം ദാമോദരൻ നമ്പൂതിരി**
**ചെർപുളശ്ശേരി**
**മൊബൈൽ : 8547428630**

# ഇല്ലപ്പെരുമ

(44-ാം പേജിൽ നിന്ന് തുടർച്ച)

വർക്കെല്ലാം ഗർഭിണികൾക്ക് പൂങ്കുടിലിൽ പോയി ജപിച്ച ചരട് വാങ്ങി ക്കെട്ടിക്കുക എന്നത് ഒരാചാരമാണ്. ആയുർവേദത്തിൽ ഗർഭിണികൾക്ക് ഓരോ മാസവും കഴിക്കാൻ നിർദ്ദേശിക്കപ്പെട്ട മരുന്നുകൾ മന്ത്രസാധനയോടെ കൊടുക്കുന്നുണ്ട് ജാതവേദൻ നമ്പൂതിരി. രാവിലെ 4 മണിക്കു തുടങ്ങുന്ന പ്രവർത്തനനിരതമായ ദിവസം മിക്ക ദിവസവും രാത്രി 11 മണിയോടെയാണ് അവസാനിക്കാറ്.

2 വർഷം മുൻപ് മകൾ വിഷ്ണുപ്രിയയുടെ വിവാഹത്തോടനുബന്ധിച്ച് നടത്തിയ നോമ്പുകാലത്തെ നോമ്പുതുറയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. പൂങ്കുടിൽ മനക്കാരോടുള്ള നാട്ടുകാരുടെ സ്നേഹാദരങ്ങളുടെയും അംഗീകാരത്തിന്റേയും ഉത്തമോദാഹരണമായിരുന്നു അത്.

ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ട് പ്രകാരം മനയിൽ ചികിത്സക്ക് എത്തുന്നവരിൽ 90ശതമാനത്തിന് മേൽ ആളുകൾക്ക് രോഗം മാറുന്നുണ്ട്. കേന്ദ്ര ഗവർമെൻറും ലോകാരോഗ്യസംഘടനയും മനയിൽ പുതിയ തരത്തിലുള്ള ഒരു ഹോസ്പിറ്റൽ കോംപ്ലക്സിന്റെ പ്രൊപോസലുമായി സമീപിച്ചിരുന്നു. ഇത് ഒരു കച്ചവട സ്ഥാപനമായേക്കുമോ എന്ന പേടിയിൽ ആ ഓഫർ നിരസിച്ചു.

ഒരു മനോരോഗ ചികിത്സകനെന്ന നിലയിൽ ധർമ്മസങ്കടത്തിലാക്കിയ ഒട്ടനവധി അനുഭവങ്ങളുണ്ടായിട്ടുണ്ട്. ഒരിക്കൽ തന്റെ രണ്ടു കുഞ്ഞുങ്ങളെ കഴുത്ത് ഞെരിച്ചു കൊന്ന ഒരമ്മയെ മനയിൽ കൊണ്ടുവന്നു. അവരുടെ കേസ് പഠിച്ചപ്പോഴാണ് കൊന്നാൽ കുഞ്ഞുങ്ങൾ സ്വർഗത്തിൽ എത്തിച്ചേരുമെന്ന ഒരു ഉന്മാദാവസ്ഥയിലാണ് അവരങ്ങിനെ ചെയ്തതെന്ന് മനസ്സിലായത്. ചികിത്സിച്ചു ഭേദപ്പെടുത്തിയാൽ താൻ കുട്ടികളെ കൊന്നുവെന്ന സത്യം തിരിച്ചറിഞ്ഞ് അവർ ആത്മഹത്യ ചെയ്യും. ചികിത്സിക്കാഞ്ഞാലോ എന്തെങ്കിലും കടുംകൈകൾ ചെയ്യും.അതായിരുന്നു ധർമ്മസങ്കടം.

ഇവിടെ വലിയ പ്ലാനുകളൊന്നും ഇല്ല .കുറെ ദിവസങ്ങളിലേക്ക് സാധനമൊക്കെ വാങ്ങി വെക്കുന്ന പതിവുമില്ല .ചിലപ്പോൾ പതിനൊന്നു മണി ആയാലേ ഉച്ചഭക്ഷണത്തിനുള്ള അരി വാങ്ങൂ .തുടർന്നാണ് അതിന്റെ നിർമ്മാണം .എല്ലാം ഒരു സാധാരണ മട്ട് .ധാന്യങ്ങളും പഴങ്ങളും കാണാൻ വരുന്നവർ കൊണ്ടുവന്നു എന്നും വരും .എല്ലാറ്റിനും സുസ്വാദ് .ദുസ്വത്തം എന്ന സാധനമേ




*കുഞ്ഞുകുട്ടൻ നമ്പൂതിരിയുടെ ഇല്ലം*

## ഡോ ഉണ്ണികൃഷ്ണൻ പയ്യപ്പള്ളി
**(അന്താരാഷ്ട്ര ആയുർവ്വേദ ഗവേഷകൻ)**

സൈക്കോളജി സമൂഹനന്മക്ക് എന്ന ആശയവുമായി 1980 കളിൽ മനഃശാസ്ത്ര ചിന്തകരും ഡോക്ടർമാരും ചേർന്ന് ലോക സ്വാസ്ഥ്യ സംവർദ്ധൻ സമിതി രൂപീകരിച്ചു .വിവിധ രാജ്യങ്ങളിൽ നടപ്പുള്ള പല രീതികളും സ്വാംശീകരിക്കുക സമിതിയുടെ പ്രധാനപ്രവർത്തനമായിരുന്നു .ഇതുമായി ബന്ധപ്പെട്ട ഗവേഷകർക്കും പോസ്റ്റ് ഡോക് ഫെലോസിനും പൂങ്കുടി മന ഒരു റിസർച്ച് സെന്റർ ആയി. വിദേശികളടക്കമുള്ള പല



വിദഗ്ധരും അക്കാലത്ത് മന സന്ദർശിച്ചിരുന്നു. US ലെ അയോവ യൂനിവേഴ്സിറ്റി സംസ്കൃതം തലവൻ പ്രൊഫസർ ഫ്രഡറിക് സ്മിത്തിന്റെ നേതൃത്വത്തിൽ പൂങ്കുടിൽ മനയുടെ ചികിത്സാരീതികളെപ്പറ്റി നടന്ന പഠനം പ്രധാനപ്പെട്ട ഒന്നാണ് .ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ (TISS) ഡോക്ടർ ജയപ്രകാശും സമാന പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഡോക്ടർമാരായ ഒ.എം. വാസുദേവൻ, കെ.എം. ജാതവേദൻ തുടങ്ങി ഒട്ടനവധി വിദഗ്ധർ മനയിലെ നിത്യസന്ദർശകരായിരുന്നു. പ്രശസ്ത സ്ഥാപനമായ ബാംഗ്ളൂർ NIMHANS ലെ പ്രമുഖ ഡോക്ടർമാരും കോട്ടക്കൽ ആര്യവൈദ്യശാലയിലെ വിദഗ്ധരും പൂങ്കുടിൽ സെമിനാറുകളിൽ പങ്കെടുത്തിരുന്നു.

## ഡോ വീട്ടിക്കാട് പരമേശ്വരൻ

എന്റെ അച്ഛൻ വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരി ജീവിതത്തിന്റെ വലിയ കാലം ജീവിച്ചത് ഇവിടെയാണ്. കയ്യിലും കാലിലും ഇരുമ്പ് വളയിട്ട ദീനക്കാർ, ഇല്ലത്തിന്റെ അകത്തു വരെയെത്തുന്ന മറ്റു ചിലർ . വലിയ വായിൽ ബഹളം വെക്കുന്നവരെ പ്പോലും മെരുക്കുന്ന മനയിലെ കൗമാരക്കാർ.എല്ലാം അദ്ഭുതം നിറഞ്ഞ കാഴ്ചകൾ.

പൂങ്കുടിലിലെ എല്ലാവരും നല്ല സംസാര പ്രിയർ. അച്ഛനെപ്പറ്റി കൂടുതൽ അറിയുന്നത് ഏറെ ജനകീയനായ വിഷ്ണു നമ്പൂതിരിയിൽ നിന്നായിരുന്നു. അടുത്ത തലമുറയിലെ പ്രതിഭ കുട്ടേട്ടനായിരുന്നു .തന്റെ മുന്നിലെത്തുന്നവരുടെ മനസ്സ് വായിക്കാൻ കഴിവുള്ളയാൾ. പുഞ്ചിരിക്കുന്ന മുഖങ്ങൾ മാത്രമേ നമുക്ക് പൂങ്കുടിലിലിൽ കാണാൻ കഴിയൂ.

## ചികിത്സക്കെത്തിയ ഒരു മുസ്ലിം സ്ത്രീ പറഞ്ഞതിങ്ങനെ:

രണ്ടു വർഷത്തോളമായി രോഗം ബാധിച്ച് പല ചികിത്സയും നടത്തിയാണ് ഞങ്ങൾ മനയിലെത്തുന്നത്. മനയിലെ നമ്പൂതിരി മന്ത്രങ്ങൾ ചൊല്ലുമ്പോഴും ഉഴിഞ്ഞ് വാങ്ങുമ്പോഴും ഞാൻ മുന്നിൽ തന്നെ ഇരുന്നു. എന്റെ വിശ്വാസങ്ങളെ ഇതൊട്ടും ബാധിച്ചിട്ടില്ല. രണ്ടാഴ്ചത്തെ ചികിത്സകൊണ്ട് അസുഖം നിശ്ശേഷം മാറി.

ഇല്ല .സ്വഭാവം എന്നതിന് പൂങ്കുടിൽ മനക്കാർക്ക് വിശാലാർത്ഥമാണ്. കാണിക്കാൻ കൊണ്ടുവന്ന് പ്രാന്തന്മാരെ, പ്രാന്തികളെ നട തള്ളി ഓടിപ്പോകുന്ന സന്തുബന്ധുക്കൾ പലപ്പോഴും ഉണ്ടാവും.ഒട്ടും പരിഭ്രമം പൂങ്കുടിൽക്കാർക്കില്ല. ആ രോഗിയും ഇവിടത്തെ ഒരാളായി ചിലതൊക്കെ ചെയ്തങ്ങിനെ ദിവസങ്ങൾക്കുള്ളിൽ ഉത്സാഹിച്ചു നടക്കുന്നതു കാണാം .അക്രമ സ്വഭാവമുള്ളവർക്ക് ഒരു പ്രതീകാത്മക ചങ്ങലയൊക്കെ പണ്ടുണ്ടായിരുന്നു .സ്ത്രീകളായ രോഗികളുടെ കെയർ ടേക്കർ ആയി അസാമാന്യ രൂപമുള്ള കാളിയുണ്ടായിരുന്നു. ഇവിടത്തെ ചികിത്സയിലും മന്ത്രവാദത്തിലും താഡന പീഡനങ്ങൾക്ക് സ്ഥാനമേ ഇല്ല .ഷോക്ക് എൽക്കുന്നത് പലപ്പോഴും സമൂഹത്തിന്റെ മനോഭാവത്തിനാവും .

രോഗി ,അരോഗി എന്നീ സ്ഥിരം പൊസിഷനുകൾ ഈ ചികിത്സാലയത്തിൽ ഇല്ല .ഇൻപേഷ്യന്റ്സ് ആയ ചിലർ തോട്ടിൽ കുളിക്കാൻ പോകുമ്പോൾ ചാടിപ്പോവാറുണ്ടായിരുന്നു .പിന്നെ അയാളെ കണ്ടു കിട്ടുന്നതു വരെ പരിഭ്രമമാണ് .ഇല്ലത്ത് ഒരാളെ കാണാതായതു പോലെ .

വേഷത്തിലും ഭാവത്തിലും സ്വഭാവം പൊതു നിർവ്വചനങ്ങൾക്ക് അപ്പുറത്തായതിനാൽ പല പ്രശ്നമുണ്ട്. തലമുടിയുമായി ബീഡി ഒക്കെ വലിച്ച് മുറ്റത്ത് ഇരിക്കുന്നയാൾ ചിലപ്പോൾ പൂങ്കളയിലെ വലിയ വൈദ്യനാകാം .വിദേശ രാജ്യങ്ങളിലെ വിദഗ്ധർ ഒക്കെ പങ്കെടുക്കുന്ന പൂങ്കുടി വാർഷിക സെമിനാറുകളിൽ മുറ്റത്തിരുന്ന ഒരു കേൾവിക്കാരൻ സംശയങ്ങളൊക്കെ ആയി ഇടപെടുമ്പോഴേ അത് ചില്ലറക്കാരനല്ല ,പൂങ്കുടിൽ മനയിലെ മാനസിക രോഗ വിദഗ്ധനാണ് എന്ന് കാഴ്ചക്കാർക്ക് മനസ്സിലാവൂ . മനയിൽ ഉണ്ടാവാറുള്ള ചില സീനുകൾ ഇങ്ങിനെ .

നിശ്ചിതമായ അരുതുകളും അതിരുകളുമില്ല .രോഗി നേരെ ചെന്ന് മനയിലെ വൈദ്യനായ വലിയ നമ്പൂരിയോട് അദ്ദേഹത്തിന്റെ മകളെ തനിക്ക് വേളി കഴിച്ചു തരുമോ എന്ന് ഒരു മടിയും കൂടാതെ അന്വേഷിക്കും.

ആവാലോ വേലായുധാ ,നെണക്ക് ഒരു പണിയൊക്കെ കിട്ടീട്ട് പോരേ എന്നായിരിക്കും മറുപടി.വേലായുധനും സെയ്തലവിയും രാജുവും ആരുമാവാം . കാത്തിരിക്കാനുള്ള സംതൃപ്തിയോടെ രോഗി സ്വസ്ഥമാവും .

സ്വാസ്ഥ്യം ആവുകയെന്നത് പൂങ്കുടിലിലെ ഒരു ദിനചര്യയാണ് .ചികിത്സകളാൽ അസുഖം മാറി ഇവിടന്നു പോവുന്നവർ വർഷത്തിൽ മനയിൽ നടക്കുന്ന താലപ്പൊലിക്ക് വരും .കാണും .അവർക്ക് കഴിയുന്നത് ചെയ്ത് ആഘോഷങ്ങളിൽ പങ്ക് ചേരും .മനയിൽ വരുന്നവരുടെ സ്വകാര്യത ഇവിടെ അതി ഗൗരവമായി സൂക്ഷിക്കുന്നു .മനയെപ്പറ്റിയുള്ള ഒരു ഫീച്ചറിലും ഷോയിലും രോഗീ മുഖങ്ങൾ കാണില്ല .മാനസികരോഗം തന്നെ പ്രമേയമാക്കിയ വീണപൂവ് ( സംവിധാനം അമ്പിളി ) ഫീച്ചർ സിനിമ മനയിൽ നിന്നും ചിത്രീകരിച്ചിട്ടുണ്ട് .ഷൂട്ടിംഗ് ദിവസങ്ങളിലും മനയിൽ ചികിത്സ അതേപടി നടന്നു .എന്നാൽ പൂങ്കുടിൽ വന്ന രോഗികൾ സിനിമയിൽ ചിത്രീകരിക്കപ്പെട്ടില്ല.രോഗികളാവാൻ നിങ്ങൾ അഭിനേതാക്കളെ കൊണ്ടുവരണം എന്നാണ് അന്നത്തെ പൂങ്കുടിൽ കാരണവർ സിനിമക്കാരോട് പറഞ്ഞത് .

അതെ, പൂങ്കുടീലിൽ രോഗികളില്ല. മനക്കാർക്കും അതിഥികൾക്കും ആഹ്ലാദത്തിന്റെ പൊട്ടിച്ചിരി മാത്രം. ടെൻഷനുകളില്ല. സങ്കടങ്ങളുമില്ല. നിരന്തരസ്വാസ്ഥ്യത്തിന്റെ ജീവിതവഴികളിലേക്ക് പൂങ്കളപ്പടി നിങ്ങളെ കൊണ്ടുപോവുന്നു.

ഹാപ്പിനെസ്സ് അൺലിമിറ്റഡ്. ●




# മുക്കം ആയുർവ്വേദിക് ട്രീറ്റ്മെന്റ് സെന്റർ

മെയിൻ റോഡ്, മുക്കം, ഫോൺ: 9745817379, 9946966361, 0495 - 2294655

**ആയുർവേദ ചികിത്സാ രംഗത്ത് മുക്കത്തിന്റെ ഹൃദയഭാഗത്ത് ഒരു പുതുസംരംഭം.**

**മികച്ച ഡോക്ടർമാരുടെ സേവനം എല്ലാ ദിവസവും ലഭ്യമായിരിക്കും**

## പഞ്ചകർമ്മ





- അഭ്യംഗം (ഉഴിച്ചിൽ)
- സ്റ്റീം ബാത്ത്
- ഉദ്വർത്തനം
- കിഴികൾ
- ധാര, കടിവസ്തി
- പിഴിച്ചിൽ
- നസ്യം
- വസ്തി
- രക്തമോക്ഷം

## കോസ്മറ്റോളജി ക്ലിനിക്

| | |
|---|---|
| BLACK HEADS | (കറുത്ത പാടുകൾ) |
| PIMPLES | (മുഖക്കുരു) |
| DANDRUFF | (താരൻ) |
| HAIR FALL | (മുടികൊഴിച്ചിൽ) |
| MOLES & WARTS | (മുടി വട്ടത്തിൽ പൊഴിയൽ, ചർമ്മ വരൾച്ച) |



| FACE CARE | HAIR CARE |
|---|---|
| HERBAL FACIAL | HOT OIL MASSAGE |
| VEG. FACIAL | HAIR SPA |
| HONEY FACIAL | HENNA |
| FRUIT FACIAL | THALAPOTHICHIL |
| VEG. PEEL | HERBAL HAIRWASH |
| CLEANUP | |

## യോഗ



എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു

മാനേജ്മെന്റ് & സ്റ്റാഫ്








ക്രാഫ്റ്റ് ഇപ്പോൾ പെരിന്തൽമണ്ണയിലും
ജനിതക രോഗങ്ങളില്ലാത്ത
കുഞ്ഞുങ്ങളുടെ ജനനം ഉറപ്പാക്കാം
മെഡിക്കൽ ജനറ്റിക്സും
IVF-ഉം
സംയോജിപ്പിച്ചുള്ള ചികിത്സയിലൂടെ...
ചോലോംകുന്ന്, പട്ടാമ്പി റോഡ്
പെരിന്തൽമണ്ണ
Ph.04933 211111
9446520000
Call: 95444 59000
0480 2808808, 2800200
Argenomics
A unit of:
CRAFT Fertility Centre
Caring Couples
CRAFT Fertility Centre
CRAFT Hospital & Research Centre,
Kodungallur - 680 664, Kerala, India.
www.argenomics.org
www.craftivf.com
Kannur | Muvattupuzha | Coimbatore
Dubai | Doha | Muscat
Perinthalmanna